# പ്രച്ഛന്ന സ്വവർഗ്ഗലൈംഗികത -
# കേരളസമൂഹത്തിലും, മലയാളസാഹിത്യത്തിലും.
## മാതൃകകളെ അവലംബിച്ചുകൊണ്ടുള്ള പഠനം

കോഴിക്കോട് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു വേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

ഷാൻ. പി.എ

ഗവേഷണകേന്ദ്രം
മലയാള വിഭാഗം
ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ.

**2014**

## സാക്ഷ്യപത്രം

ഡോ. എൻ. അനിൽകുമാർ
വകുപ്പ് അദ്ധ്യക്ഷൻ
മലയാള വിഭാഗം
ശ്രീകേരളവർമ്മ കോളേജ്
തൃശ്ശൂർ - 680 011.

കോഴിക്കോട് സർവ്വകലാശാലയിൽ പിഎച്ച്.ഡി ബിരുദത്തിന് സമർപ്പിക്കുന്ന ***"പ്രച്ഛന്ന സ്വവർഗ്ഗലൈംഗികത -കേരളസമൂഹത്തിലും, മലയാളസാഹിത്യത്തിലും - മാതൃകകളെ അവലംബിച്ചുകൊണ്ടുള്ള പഠനം"*** എന്ന പ്രബന്ധം ഷാൻ. പി.എ എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഡോ. എൻ. അനിൽകുമാർ

31 -03 -2014
തൃശ്ശൂർ

## സത്യവാചകം

ഈ പ്രബന്ധം ഇതിനു മുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ ബോധിപ്പിക്കുന്നു

ഷാൻ. പി.എ

31 -03 -2014
തൃശൂർ

# കൃതജ്ഞത

നിസ്സീമമായ പ്രോത്സാഹനത്തിലൂടെയും സ്നേഹപൂർണ്ണമായ നിർദ്ദേശങ്ങളിലൂടെയും ഈ പ്രബന്ധം തയ്യാറാക്കാൻ സഹായിച്ച എന്റെ ഗുരുനാഥനും ഗവേഷണ മാർഗ്ഗദർശിയുമായ ഡോ.എൻ. അനിൽകുമാർ സാറിനും, ആദിമദ്ധ്യാന്തം കൂടെനിന്ന് ഈ ഗവേഷണം സാധ്യമാക്കിയ പ്രേമലതടീച്ചർക്കും അജയൻ സാറിനും, ഗവേഷണ ത്തിന്റെ ഹരിശ്രീ കുറിച്ചുതന്ന സെബാസ്റ്റ്യൻ ജോസഫ് സാറിനും, പരിശ്രമങ്ങൾ കൊണ്ടും പ്രാർത്ഥനകൾ കൊണ്ടും ഒപ്പം നിന്ന ശ്രീരഞ്ജിനും ശ്രീഹരിക്കും, ദത്തശേഖരണത്തിന് ഏറെ സഹായിച്ച റോയ് മാത്യുവിനും ഷിബു തോമസിനും, നിർണ്ണായക ഘട്ടങ്ങളിൽ കൈത്താങ്ങായ ഡോ.എടനാട് രാജൻനമ്പ്യാർക്കും അരുൺകുമാറി നും, മറ്റനേകം സുഹൃത്തുക്കൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

## ഉള്ളടക്കം


**ആമുഖം** **1 - 14**

**അധ്യായം 1** **15 - 61**

**1. സ്വവർഗ്ഗാനുരാഗം - ചരിത്രപരമായ അവലോകനം**

1.1. സ്വവർഗ്ഗാനുരാഗം - പ്രാചീന ഗ്രീസിൽ

1.1.1. നഗ്നത - ഗ്രീക്ക് സംസ്കാരത്തിൽ

1.1.2. ലെസ്ബിയനിസം - പ്രാചീന ഗ്രീസിൽ

1.2. ജൂതസംസ്കാരവും സ്വവർഗ്ഗലൈംഗികതയും

1.3. സ്വവർഗ്ഗാനുരാഗം - റോമാസാമ്രാജ്യത്തിൽ

1.4. സ്വവർഗ്ഗാനുരാഗം - ക്രിസ്തുവിനു ശേഷം

1.5. സ്വവർഗ്ഗാനുരാഗം - ഇരുളടഞ്ഞ നൂറ്റാണ്ടുകളിൽ

1.5.1. പീഡനത്തിന്റെ നൂറ്റാണ്ടുകൾ

1.6. സ്വവർഗ്ഗാനുരാഗം - പത്തൊമ്പതാം നൂറ്റാണ്ടിൽ

1.7. സ്വവർഗ്ഗാനുരാഗം - ഇരുപതാം നൂറ്റാണ്ടിൽ

1.8. സ്വവർഗ്ഗാനുരാഗം - ഇന്ത്യയിൽ

1.9. സംഗ്രഹം

**അധ്യായം 2** **62 - 99**

**2. മനസ്സും ലൈംഗികതയും**

2.1. ലൈംഗികവ്യതിയാനങ്ങൾ-ഉപാധിയുടെ അടിസ്ഥാനത്തിൽ

2.2. വ്യതിയാനങ്ങൾ-ലൈംഗികോന്നത്തിന്റെഅടിസ്ഥാനത്തിൽ

2.3. രതിവൈകൃതങ്ങളെക്കുറിച്ചുള്ള സാമാന്യ നിരീക്ഷണം

2.4. ശൈശവത്തിലെ ലൈംഗിക ചോദനകൾ

2.41. വദനഘട്ടം (Oral Stage)

2.4.2. വിസർജ്ജനഘട്ടം അഥവാ മൂലഘട്ടം (Anal Stage)

2.4.3. ജനനേന്ദ്രിയഘട്ടം (Phallic Stage)
2.4.4. അന്തർലീനഘട്ടം (Latency Stage)
2.4.5. ലൈംഗികഘട്ടം (Genital Stage)
2.5. ഈഡ്, ഈഗോ, സൂപ്പർ ഈഗോ (Id, Ego, Super ego)
2.6. മനസ്സിന്റെ ബോധ, പ്രാഗ്ബോധ, അബോധമണ്ഡലങ്ങൾ
2.7. ആത്മപ്രതിരോധതന്ത്രങ്ങൾ (Self defence mechanisms)
2.8. സ്വവർഗ്ഗലൈംഗികതയെക്കുറിച്ചുള്ള പഠനത്തിൽ ഫ്രോയ്ഡിന്റെ ദർശനങ്ങൾക്കുള്ള സ്ഥാനം

**അധ്യായം 3** **100 - 133**

**3. പ്രച്ഛന്ന സ്വവർഗ്ഗലൈംഗികത -കേരളസമൂഹത്തിലും, മലയാളസാഹിത്യത്തിലും**
3.1. സ്വവർഗ്ഗലൈംഗികത - നിർവ്വചനം
3.1.1. ലൈംഗികാഭിമുഖ്യം (Sexual orientation)
3.1.2. ലിംഗവ്യക്തിത്വം (Gender identity)
3.1.3. ലിംഗപ്രതിനിധാനം (Gender expression)
3.1.4. ആഗോളതലത്തിലെ സംജ്ഞകൾ
3.1.5. അപരലിംഗർ (Transgender)
3.2. സ്വവർഗ്ഗാനുരാഗം - കേരളസമൂഹത്തിൽ
3.3. കേരളത്തിൽ സ്വവർഗ്ഗാനുരാഗികളായി പ്രത്യക്ഷപ്പെട്ടുന്നവർ
3.4. മലയാളത്തിലെ സ്വവർഗ്ഗാനുരാഗ പഠനങ്ങൾ
3.5. ആത്മഹത്യയും സ്വവർഗ്ഗാനുരാഗവും
3.6. ഫീൽഡ് വർക്കും അഭിമുഖങ്ങളും
3.7. തൃശ്ശൂർപൂരം - പ്രച്ഛന്ന സ്വവർഗ്ഗലൈംഗികതയുടെ നേർക്കാഴ്ച
3.8. സ്വവർഗ്ഗാനുരാഗവും സർഗ്ഗാത്മകതയും
3.9. സ്വവർഗ്ഗാനുരാഗം - മലയാളസാഹിത്യത്തിൽ

അധ്യായം 4 134 - 206

**4.സി.വി.രാമൻപിള്ളയുടെ രചനയിലെ പ്രച്ഛന്നസ്വവർഗ്ഗലൈംഗികത- നോവൽത്രയത്തെ ആധാരമാക്കിയുള്ള അന്വേഷണം**

4.1. ചരിത്രഘട്ടവും രചനാകാലവും
4.2. സി.വി.യുടെ ജീവിതം - ഒരു സങ്കീർണ്ണാഖ്യായിക
4.2.1. പ്രവാസകാലം
4.2.2. ഊഷ്മളത - സൌഹൃദത്തിലും ദാമ്പത്യത്തിലും
4.3. കൃതി -കർതൃബന്ധം
4.4. ചരിത്രനോവൽ എന്ന കവചം
4.5. സി.വി.യുടെ രചനയിലെ പ്രച്ഛന്നതന്ത്രങ്ങൾ
4.6. അന്തർലീനമായ സ്വവർഗ്ഗാനുരാഗം - പ്രധാന കഥാപാത്രങ്ങളിൽ
4.7. ആഖ്യാനത്തിലെ സ്വവർഗ്ഗകാമനകൾ
4.8. വാത്സല്യരസം - സി.വി.യുടെ ആഖ്യാനത്തിൽ
4.9. അവലോകനം

അധ്യായം 5 207 - 252

**5.സ്വവർഗ്ഗാനുരാഗത്തിന്റെ പ്രച്ഛന്നാവിഷ്കാരം - കുഞ്ഞുണ്ണിക്കൃതികളിൽ**

5.1. വിശപ്പും കാമവും
5.2. സ്ത്രീവിരുദ്ധത
5.3. ഏകാന്തതയും സ്വയംഭോഗവും
5.4. നല്ല മകനും കുട്ടനും
5.5. അപകർഷത
5.6. സ്വവർഗ്ഗാനുരാഗത്തിന്റെ വേരുകൾ
5.7. സ്വവർഗ്ഗാനുരാഗത്തിന്റെ പരോക്ഷ ചിഹ്നങ്ങൾ
5.8. പാരായണ സാധ്യതകൾ

അധ്യായം 6 253 - 269

6. മുരുകൻ എന്ന പാമ്പാട്ടി - സ്വവർഗ്ഗാനുരാഗത്തിന്റെ ഒഴിയാബാധ
6.1. കഥാവിശകലനം
6.2. സ്ഥിരീകരിക്കപ്പെട്ട നിഗൂഢാനന്ദം

ഉപദർശനങ്ങൾ 270 - 274

ഗ്രന്ഥസൂചി 275 - 278

അനുബന്ധം 1 279 - 286
*Did Homosexuality exists in ancient India?*
http://devdutt.com/blog/did-homosexuality-exist-in-ancient-india.html

അനുബന്ധം 2 287 - 296
*Homosexuality and Hinduism*
http://yajurvedaustralasia-resources.info/wp-content/uploads/2012/04/Homosexuality-and-Hinduism.pdf

അനുബന്ധം 3 297 - 307
LGBT Terms (International)
http://www.lgbt.ucla.edu/documents/LGBTTerminology.pdf

അനുബന്ധം 4 308 - 312
List of common Defence Mechanisms

അനുബന്ധം 5 313 - 320
Thrissur pooram - Part 1, 2 &3 (blog on gay meet)
http://singgle.blogspot.in/

**അനുബന്ധം 6** (സി.ഡി. പ്രബന്ധത്തിന്റെ പുറകിൽ കാണാം)

**ശബ്ദാഭിമുഖങ്ങൾ**

(20 സ്വവർഗ്ഗാനുരാഗികളുമായി ടെലഫോൺ വഴി നടത്തിയ ഇന്റർവ്യൂ- ശരാശരി 21 മിനിട്ട് വീതം, ആകെ ദൈർഘ്യം- 7മണിക്കൂർ 11 മിനിട്ട്. *Audio format-mp3, Clarity - medium*)


**ചിത്രപ്പട്ടിക** **321 - 327**

ചിത്രം. 1 - സ്റ്റോൺവാൾ കലാപം, 1969 ജൂൺ 28

ചിത്രം. 2 - സ്വവർഗ്ഗാനുരാഗത്തിന്റെ പേരിൽ നടന്ന അവസാന വധശിക്ഷ, 2005 ജൂലൈ 19

ചിത്രം. 3 - കേരളത്തിൽ നടന്ന സ്വാഭിമാനഘോഷയാത്ര - പത്രറിപ്പോർട്ടുകൾ, 2010 ജൂലൈ 3

ചിത്രം. 4 - സ്വാഭിമാനയാത്ര 2013ന്റെ ലോഗോ, IPC-377 ന് എതിരെ എറണാകുളം ഗവ. ലോകോളേജിൽ നടന്ന പ്രകടനം, 2014 ഫെബ്രുവരി 14

ചിത്രം. 5 - സി.വി. രാമൻപിള്ള - വിവിധ ഭാവങ്ങളിൽ

ചിത്രം. 6 - കുഞ്ഞുണ്ണി മാഷ് - വിവിധ ഭാവങ്ങളിൽ

ചിത്രം. 7 - എം.പി. നാരായണപിള്ള

ചിത്രം. 8 - സിഗ്മണ്ട് ഫ്രോയ്ഡ്

# ആമുഖം

ആനന്ദമാണ് മനസ്സിന്റെ മതം. ഈ കാഴ്ചപ്പാട് പൌരസ്ത്യ ദർശനങ്ങളെയും പാശ്ചാത്യമനശ്ശാസ്ത്രത്തെയും കാര്യമായി സ്വാധീനിച്ചിട്ടുള്ള ഒന്നാണ്. മനുഷ്യമനസ്സിനെ കേവലാനന്ദത്തിൽ നിന്നും വ്യതിചലിപ്പിക്കുന്ന ഏതു സാഹചര്യത്തെയും മറികടക്കാൻ മനസ്സിന്റെ അബോധതലം ശ്രമിച്ചുകൊണ്ടിരിക്കും. ബോധമനസ്സിന്റെ ആഹ്ലാദവുമായി ഇതിന് നേരിട്ടൊരു ബന്ധവും ഉണ്ടായിരിക്കണമെന്നില്ല. ചിലപ്പോൾ വ്യക്തിബോധത്തെ ക്ലേശിപ്പിച്ചുകൊണ്ടായിരിക്കും അബോധമനസ്സ് അതിന്റെ ആനന്ദം കണ്ടെത്തുക. ഈ അവസ്ഥയിൽ മനുഷ്യന്റെ സാമൂഹിക ജീവിതം സങ്കീർണ്ണമായ ഇച്ഛാപൂരണങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നുപറയാം.

മാനസിക സംഘർഷങ്ങളനുഭവിക്കുന്ന വ്യക്തികളുമായി നിരന്തരം ബന്ധപ്പെടേണ്ടി വന്നിട്ടുള്ള ഒരു സാഹചര്യത്തിലാണ് മേൽസൂചിപ്പിച്ച സംഗതികൾ പ്രായോഗികതലത്തിൽ ഈ ഗവേഷകന് ബോധ്യപ്പെട്ടിട്ടുള്ളത്. മനുഷ്യജീവിതത്തിലെ സങ്കീർണ്ണതകളിൽ പലതിനും ലൈംഗികമണ്ഡലവുമായി ബന്ധമുണ്ടെന്ന തിരിച്ചറിവും ഈ ഗവേഷണത്തിന് പ്രേരണയായിത്തീർന്നു. ആത്മഹത്യാപ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആറുവർഷക്കാലം കൌൺസലിംഗ് രംഗത്ത് പ്രവർത്തിക്കാൻ ഇടവന്നപ്പോൾ ഈ ധാരണകൾ ബലപ്പെടുകയും ചെയ്തു. വ്യക്തികൾ അനുഭവിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും വൈകാരിക

മായ പ്രാധാന്യമുണ്ട്. സംഭവങ്ങളുടെ വെളിച്ചത്തിൽ മാത്രം പ്രശ്നങ്ങളെ അപഗ്രഥിക്കുക സാധ്യമല്ല. ഉദാഹരണമായി, ഉദ്യോഗം നഷ്ടപ്പെട്ട ഒരു യുവാവിന്റെ തീവ്രവികാരങ്ങൾ പെൻസിൽ നഷ്ടപ്പെട്ട ചെറിയ കുട്ടിയുടെ വികാരങ്ങളുമയി താരതമ്യം ചെയ്യുമ്പോൾ, പ്രശ്നങ്ങൾ വ്യത്യ സ്തമാണെങ്കിലും ഇരു വ്യക്തികളും അനുഭവിക്കുന്ന മാനസിക വേദന മിക്കവാറും തുല്യമാണെന്നു വന്നേയ്ക്കാം. ഭീതി, അപമാനം, നഷ്ടബോധം, വിഷാദം,കുറ്റബോധം തുടങ്ങി വ്യക്തികൾ അനുഭവിക്കുന്ന വൈകാരിക പ്രശ്നങ്ങൾക്ക് യുക്തിസഹമായ കാരണങ്ങൾ പലപ്പോഴും പുറത്തുനിന്ന് നോക്കുന്നവർക്ക് കണ്ടെത്താൻ സാധിക്കണമെന്നില്ല. അതായത് പ്രശ്നങ്ങളല്ല, മറിച്ച് അവയെ ചൂഴ്ന്നു നില്കുന്ന വൈകാരികാവസ്ഥ യാണ് വ്യക്തിബോധത്തിൽ സംഘർഷങ്ങൾ സൃഷ്ടിക്കുന്നതെന്നു സാരം. വ്യക്തിയുടെ മാനസികതലത്തിൽ പ്രവർത്തിക്കുന്ന ജൈവ പ്രേരണകൾക്ക് പുറം ജീവിതത്തിലെ വിജയപരാജയങ്ങളെ നിർണ്ണയി ക്കാൻ സാധിക്കും. ഇതര ജീവിവിഭാഗങ്ങളിൽ നിന്ന് പരിണാമത്തിന്റെ ഉന്നത ശ്രേണിയിലെത്തിയ മനുഷ്യവർഗ്ഗത്തിന് മസ്തിഷ്കകേന്ദ്രീകൃതമാ യി ഉണ്ടായ വികാസം ലൈംഗികതയെയും കാര്യമായി സ്വാധീനിച്ചിട്ടു ണ്ട്. അതുകൊണ്ടുതന്നെ മനുഷ്യമനസ്സിന്റെ സങ്കീർണ്ണതകളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ലൈംഗികതലത്തെ ഒട്ടും അവഗണിക്കാവുന്നതല്ല.

സ്വവർഗ്ഗാനുരാഗം മനുഷ്യന്റെ ലൈംഗികതയിലെ സുപ്ര ധാനമായ ഒരു വ്യതിരിക്തഭാവമാണ്. എന്നാൽ ചരിത്രാതീതകാലം മുതൽക്കേ സ്വവർഗ്ഗാനുരാഗത്തെ സമൂഹം ഒരു വ്യതിയാനമായി

പരിഗണിച്ചിരുന്നു എന്നു നിശ്ചയിക്കുന്നത് യുക്തിസഹമായിരിക്കുകയില്ല. വിശക്കുമ്പോൾ ഭക്ഷിക്കുകയും ദാഹിക്കുമ്പോൾ പാനം ചെയ്യുകയും ദഹനാനന്തരം വിസർജ്ജിക്കുകയും ചെയ്യുന്നതുപോലെയുള്ള ജൈവികമായ പ്രതിഭാസമായി ലൈംഗികതയെ പരിഗണിച്ചിരുന്ന ഒരു ചരിത്രഘട്ടം എന്നെങ്കിലും ഉണ്ടായിരുന്നിരിക്കണം. പിന്നീടെപ്പോഴാണ് ലൈംഗികതയ്ക്കുമേൽ സദാചാരപരമായ വിലക്കുകൾ വന്നിട്ടുണ്ടാവുക എന്ന അന്വേഷണം പ്രസക്തമാണെങ്കിലും ഇതു സംബന്ധിച്ച നിഗമനങ്ങൾക്ക് ഊഹങ്ങളായിരിക്കാനേ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ ശാസ്ത്രീയമല്ലാത്ത നിഗമനങ്ങളിലേയ്ക്കെത്തുന്ന ഒരന്വേഷണവും ഈ പ്രബന്ധത്തിന്റെ ഭാഗമാക്കാൻ ഉദ്ദേശിച്ചിട്ടില്ല. സ്വവർഗ്ഗാനുരാഗത്തിന്റെ ചരിത്രമന്വേഷിക്കുക എന്ന വൃഥാ വ്യായാമം ഈ ഗവേഷണത്തിന്റെ ഭാഗമല്ല. അനഭിലഷണീയ പ്രവണതയായി നൂറ്റാണ്ടുകളോളം പരിഗണിക്കപ്പെട്ടുപോന്ന ഒരു സംഗതിയെക്കുറിച്ച് അന്വേഷിക്കുമ്പോൾ നേരിടേണ്ടി വരുന്ന ഉപാദാനങ്ങളുടെ ശുഷ്കതയാണ് ചരിത്രാന്വേഷണത്തിന് പ്രധാന തടസ്സമായിത്തീരുന്നത്.

ഒന്നാമധ്യായത്തിൽ, സ്വവർഗ്ഗാനുരാഗം ലോകത്തെവിടെയെങ്കിലും, എന്നെങ്കിലും, സ്വാഭാവികമായി പരിഗണിക്കപ്പെട്ടിരുന്നോ എന്നാണ് അന്വേഷിക്കുന്നത്. ഈ വിഷയത്തിൽ നടന്നിട്ടുള്ള ഗവേഷണഫലങ്ങളെ വസ്തുതാപരമായി ക്രോഡീകരിക്കാനും ഈ അധ്യായത്തിൽ ശ്രമിച്ചിട്ടുണ്ട്. ചരിത്രാന്വേഷണങ്ങൾ മിക്കവാറും എത്തിനില്ക്കാറുള്ള പ്രാചീനഗ്രീസിൽ തന്നെയാണ് സ്വവർഗ്ഗാനുരാഗത്തിന്റെ ഇന്നലെ

കളെക്കുറിച്ചുള്ള അന്വേഷണവും മുട്ടിനില്ക്കുന്നത്. ബി.സി.800 മുതലുള്ള പ്രാചീനഗ്രീസിന്റെ ചരിത്രം, സ്വവർഗ്ഗാനുരാഗത്തിന് അക്കാലത്തുണ്ടായിരുന്ന പ്രാധാന്യം വെളിവാക്കുന്നു. സ്വവർഗ്ഗാനുരാഗത്തെ പ്രാചീന ഗ്രീസുകാർ മ്ലേച്ഛമായി കണ്ടിരുന്നില്ല എന്നു മാത്രമല്ല, സ്വാഭാവികമായി അതിനെ പരിഗണിക്കുകയും ചെയ്തിരുന്നു. ഗ്രീക്ക് മിഥോളജിയുമായി ബന്ധപ്പെട്ട ദൈവങ്ങളുടെ കഥകളിലും സ്വവർഗ്ഗാനുരാഗത്തിന്റെ വീരോജ്ജ്വലമുഖം ദർശിക്കാം. വീരനായ പുരുഷന് മറ്റൊരു വീരനോടു തോന്നുന്ന പ്രണയം സ്വാഭാവികം മാത്രമാണെന്നും പ്രത്യുല്പാദനപരമായ ആവശ്യങ്ങൾക്കുവേണ്ടി നടത്തിയിരുന്ന സ്ത്രീസംസർഗ്ഗത്തിൽ മാത്രമായി ഒതുങ്ങി നില്ക്കുന്ന പുരുഷൻ വ്യക്തിത്വത്തിൽ ഊനം സംഭവിച്ചവനാണെന്നും ഇക്കാലത്ത് ഗ്രീക്കുകാർ കരുതിയിരുന്നു. സ്ത്രീസ്വവർഗ്ഗാനുരാഗത്തിന്റെ ആരംഭവും പ്രാചീനഗ്രീസിൽത്തന്നെ അടയാളപ്പെടുത്താവുന്നതാണ്. സാഫോ എന്ന കവയിത്രിയുടെ ദ്വീപായ ലെസ്ബോസിൽ നിന്നാണ് ലെസ്ബിയനിസം എന്ന വാക്ക് ഉരുത്തിരിഞ്ഞത്. സ്വവർഗ്ഗാനുരാഗത്തിന്റെ ഈ ഉത്സവകാലം പ്ലാറ്റോയുടെ കാലഘട്ടം വരെയെങ്കിലും നിലനിന്നിരുന്നു എന്നതിന് ഗ്രീക്ക് സാഹിത്യവും കലകളും സാക്ഷ്യം വഹിക്കുന്നുണ്ട്. ബി.സി.550-ൽ ജൂതന്മാർക്കിടയിൽ രചിക്കപ്പെട്ട *ലെവിറ്റിക്കസ്സിന്റെ പുസ്തക*മാണ് സ്വവർഗ്ഗാനുരാഗത്തെ മ്ലേച്ഛമായും ശിക്ഷാർഹമായും പരിഗണിച്ച പ്രഥമഗ്രന്ഥം. പ്രത്യുല്പാദനരഹിതമായ സ്വവർഗ്ഗാനുരാഗം, വംശീയമായ കാരണങ്ങളാൽ ജൂതന്മാർക്ക് പ്രിയങ്കരമായിരുന്നില്ല. *ലെവിറ്റിക്കസ്സിന്റെ പുസ്തക*ത്തിലൂടെ മതപരമായ എതിർപ്പായി അത് ക്രോഡീകരിക്കപ്പെട്ടു. ഇസ്രായേൽ ജനത പാലി

ക്കേണ്ട നിയമങ്ങൾ എന്ന നിലയ്ക്കാണ് പ്രസ്തുത നിയമങ്ങൾ രചിക്കപ്പെട്ടതെങ്കിലും പില്ക്കാലത്ത് ലോകസദാചാരം നിശ്ചയിക്കുന്നതിൽ ഈ നിയമങ്ങൾ കാര്യമായ പങ്കുവഹിച്ചു. ക്രിസ്തുമതം യഹൂദസദാചാരത്തെ അതേപടി കൈക്കൊള്ളുകയും പ്രചരിപ്പിക്കുകയും ചെയ്തു. ക്രിസ്തു സ്വവർഗ്ഗരതിക്കെതിരായി ഒന്നും പറഞ്ഞുകാണുന്നില്ലെങ്കിലും, ക്രിസ്തുമതം എക്കാലത്തും സ്വവർഗ്ഗരതിയെ എതിർത്തുപോന്നിട്ടുള്ളതായി കാണാം. A.D.ഒന്നാംനൂറ്റാണ്ടിനുശേഷം ഈ എതിർപ്പ് ശക്തമാവാൻ തുടങ്ങി. റോമാസാമ്രാജ്യം ക്രിസ്തീയമാവുകയും ലോകരാഷ്ട്രങ്ങൾക്കുമേൽ റോം ആധിപത്യശക്തിയാവുകയും ചെയ്തതോടെ ക്രിസ്തീയ സദാചാരത്തിന് ആഗോളപ്രചാരം ലഭിക്കുകയുണ്ടായി. പുരുഷകേന്ദ്രീകൃതമായ എതിർവർഗ്ഗലൈംഗികത മാത്രമാണ് സ്വാഭാവികമെന്ന് ക്രിസ്തുമതം പ്രചരിപ്പിച്ചു. ലൈംഗികതയ്ക്കപ്പുറത്തുള്ള രാഷ്ട്രീയ-സാമ്പത്തിക-അധികാരവ്യവസ്ഥകൾ ഇത്തരം സദാചാരത്തെ നിർമ്മിക്കുന്നതിൽ സ്വാധീനം ചെലുത്തിയിരിക്കാം. അതെന്തായിരുന്നാലും, A.D.മൂന്നാംനൂറ്റാണ്ടിനുശേഷം, ആയിരത്താണ്ടുകളോളം സ്വവർഗ്ഗാനുരാഗികൾക്കെതിരെ അതിക്രൂരമായ പീഡനങ്ങൾ നടത്തുന്നതിൽ ക്രിസ്തുമതം അതിന്റേതായ പങ്കുവഹിച്ചിട്ടുണ്ട്. ഈ പീഡനങ്ങളുടെ ചരിത്രം ഒന്നാമധ്യായത്തിൽ സംക്ഷേപിച്ചിട്ടുണ്ട്. സമൂഹമനസ്സിൽ സ്വവർഗ്ഗാനുരാഗത്തിനെതിരായി അവബോധം സൃഷ്ടിക്കാനും അത് നിലനിർത്താനും തുടർച്ചയായ ഈ പീഡനങ്ങൾ കൊണ്ട് കഴിഞ്ഞു. അപ്രകാരം പരുവപ്പെട്ട സമൂഹമനസ്സിന്റെ ആഴങ്ങളിലേയ്ക്ക് സ്വവർഗ്ഗാനുരാഗം അടിച്ചമർത്തപ്പെട്ടു. ഈ ദമനപ്രക്രിയ പലപ്രകാരത്തിലും വ്യക്തിബോധങ്ങളിൽ പ്രതിഫലിച്ചു

കൊണ്ടിരുന്നു. ഈ പശ്ചാത്തലത്തിലാണ്, 1858-ൽ ജനിച്ച സിഗ്മണ്ട് ഫ്രോയ്ഡ് മനുഷ്യരുടെ ലൈംഗികജീവിതത്തെ സംബന്ധിച്ച് ശ്രദ്ധേയങ്ങളായ ഒട്ടേറെ പഠനങ്ങൾ നടത്തിയത്.

ലൈംഗികചോദനകളെക്കുറിച്ചും ലൈംഗികതയ്ക്ക് രോഗങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചും ഫ്രോയ്ഡ് നടത്തിയ പഠനങ്ങൾ അക്കാലം വരെയുള്ള മനഃശാസ്ത്രസമീപനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. മനുഷ്യജീവിതത്തിൽ ലൈംഗികോർജ്ജം ചെലുത്തുന്ന സ്വാധീനം മനോ-ലൈംഗിക വികാസ സിദ്ധാന്തത്തിലൂടെ (Psycho-sexual development theory) അദ്ദേഹം വ്യക്തമാക്കി. വളർച്ചയുടെ ഓരോ ഘട്ടത്തിലും ലൈംഗികോർജ്ജത്തിനു സംഭവിച്ചേയ്ക്കാവുന്ന വ്യതിയാനങ്ങളെക്കുറിച്ചും ഫ്രോയ്ഡ് പഠനങ്ങളിൽ പറയുന്നുണ്ട്. സാമൂഹിക വിലക്കുകൾ നിലനിൽക്കുന്നതിനാൽ ഇത്തരം വ്യതിയാനങ്ങൾക്ക് സ്ഥിരീകരണം സംഭവിച്ച്, അത് വ്യക്തിത്വത്തിന്റെ ഭാഗമായിത്തീരുകയും ചെയ്യാം. ഇത് വ്യക്തിയിൽ അനിയന്ത്രിതമായ ഉത്കണ്ഠകൾ സൃഷ്ടിക്കുന്നു. സമൂഹത്തിന് അഭിമതമായ രീതിയിൽ തന്റെ താല്പര്യങ്ങളെ മെരുക്കിയെടുക്കുന്നതിനായി വ്യക്തികൾ ആത്മപ്രതിരോധതന്ത്രങ്ങൾ (Self defence mechanisms)ശീലിക്കുന്നു. എന്നാൽ ആന്തരിക ചോദനകൾക്ക് വിരുദ്ധമായി ജീവിക്കേണ്ടിവരുമ്പോൾ ഉണ്ടാവുന്ന മാനസികപ്രശ്നങ്ങളെക്കുറിച്ചും ഫ്രോയ്ഡ് തന്റെ പഠനങ്ങളിൽ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ *ടോപ്പോഗ്രാഫിക്കൽ തിയറി ഓഫ് മൈന്റ്* മനസ്സിന്റെ ബോധ-ഉപബോധ-അബോധ(Conscious,Preconscious,Unconscious)

തലങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നു. മനസ്സിന്റെ അടിത്തട്ട് മൃഗീയവാസനകളാൽ സജീവമാണെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. മനസ്സിന്റെ ആത്യന്തികലക്ഷ്യം ആനന്ദപ്രാപ്തിയാണ്. ഇതിന് വിഘാതം സൃഷ്ടിക്കുന്ന മൂല്യബോധങ്ങളെക്കുറിച്ച് *മനസ്സിന്റെ ഘടന* (Structures of mind) വിവരിക്കുമ്പോൾ ഫ്രോയ്ഡ് പറയുന്നുണ്ട്. ഈദ്, ഈഗോ, സൂപ്പർ ഈഗോ എന്നീ പരികല്പനകൾ ഉപയോഗിക്കുന്നത് മനസ്സിന്റെ ഘടനയെക്കുറിച്ചുള്ള പഠനത്തിലാണ്. *ലൈംഗികതയെക്കുറിച്ചുള്ള മൂന്ന് പ്രബന്ധങ്ങളിൽ* (Three essays on the theory of sexuality) സ്വവർഗ്ഗരതിയെക്കുറിച്ച് ഫ്രോയ്ഡ് വിശദമായി ചർച്ച ചെയ്യുന്നുണ്ട്. മനസ്സിന്റെ അടിത്തട്ടിൽ നിന്ന് ആവേഗങ്ങളായി രൂപപ്പെടുന്ന ഇച്ഛകളെ പരിമിതമായെങ്കിലും പൂരണം ചെയ്യാൻ ബോധമനസ്സ് ശ്രമിക്കുന്നു. അതിനു സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ പ്രതീകാത്മകമായി പ്രസ്തുത ഇച്ഛകൾ പ്രത്യക്ഷീകൃതമാകുന്നു. ഇത് സ്വപ്നരൂപത്തിലോ കലാസൃഷ്ടികളുടെ രൂപത്തിലോ വ്യക്തിത്വസവിശേഷതകളുടെ രൂപത്തിലോ ആയെന്നിരിക്കാം. ഫ്രോയ്ഡിന്റെ സ്വപ്നവ്യാഖ്യാനം സ്വവർഗ്ഗാനുരാഗത്തെയും സർഗ്ഗാത്മകതയെയും സംബന്ധിച്ചുള്ള ഗവേഷണത്തിൽ പ്രസക്തമാവുന്നത് അതുകൊണ്ടാണ്. പ്രതീകങ്ങളായി പ്രത്യക്ഷപ്പെട്ടുന്ന ഭാഷാചിഹ്നങ്ങളെ സ്വപ്നവ്യാഖ്യാനപദ്ധതിയനുസരിച്ച് നിർദ്ധാരണം ചെയ്താൽ, അവയ്ക്കു പുറകിൽ പ്രവർത്തിച്ച ലൈംഗികോർജ്ജത്തെയും അതിനു നേരിട്ട വ്യതിയാനത്തെയും കണ്ടെത്താൻ കഴിയും. രണ്ടാമധ്യായത്തിൽ ചർച്ചചെയ്തിരിക്കുന്നത് ഫ്രോയ്ഡിന്റെ മനഃശാസ്ത്ര

സമീപനങ്ങളെക്കുറിച്ചും അവ ഈ ഗവേഷണത്തിൽ എപ്രകാരം ഉപ യോഗപ്പെടുന്നു എന്നതിനെക്കുറിച്ചുമാണ്.

മൂന്നാമധ്യായത്തിൽ കേരളത്തിലെ സ്വവർഗ്ഗാനുരാഗ ത്തിന്റെ പ്രത്യേകതകളെക്കുറിച്ച് ചർച്ച ചെയ്യുന്നു. സ്വവർഗ്ഗാനുരാഗിക ളെന്ന രീതിയിൽ അപരലിംഗരെ മാത്രം നോക്കിക്കാണുന്ന രീതിയാണ് ഇപ്പോഴും കേരളത്തിലുള്ളത്. എന്നാൽ യഥാർത്ഥ സ്വവർഗ്ഗാനുരാഗം കേരളത്തിൽ പ്രച്ഛന്നാവസ്ഥയിലാണ് നിലകൊള്ളുന്നത്. ഉള്ളിലുള്ള സ്വവർഗ്ഗാനുരാഗത്തെ അടിച്ചമർത്തുകയും പുറമെ അതിനെ എതിർക്കു കയും ചെയ്യുന്ന ആളുകളുടെ എണ്ണം കേരളത്തിൽ ഒട്ടും കുറവല്ല. ഇങ്ങനെ പല പ്രകാരങ്ങളിൽ മറഞ്ഞിരിക്കുന്നതും പ്രത്യക്ഷത്തിൽ അനുരാഗമെന്നുപോലും പറയാനാവാത്ത വ്യവഹാരങ്ങളിലൂടെ പ്രത്യ ക്ഷമാവുന്നതുമായ സ്വവർഗ്ഗപ്രേമത്തെയാണ് ഈ പ്രബന്ധത്തിൽ പ്രച്ഛന്നസ്വവർഗ്ഗാനുരാഗമെന്ന് വിവക്ഷിച്ചിരിക്കുന്നത്. സ്വാഭാവിക ലൈംഗികജീവിതം പുലർത്തുന്ന വ്യക്തികളിലും സ്വവർഗ്ഗാനുരാഗ ത്തിന്റെ സാധ്യതകൾ മറഞ്ഞിരിക്കുന്നുണ്ടാവാം. ഇത് ആ വ്യക്തി സ്വയമറിഞ്ഞുകൊണ്ടോ അറിയാതെയോ ആവാം. ലൈംഗികക്രിയക ളെ സൂക്ഷ്മമായി വിശകലനം ചെയ്താൽ മാത്രമേ ഓരോരുത്തരിലും അന്തർലീനമായ ലൈംഗികാഭിലാഷങ്ങളെ വേർതിരിച്ചറിയാൻ സാധിക്കുകയുള്ളൂ.

മലയാളിയുടെ വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും സ്വവർഗ്ഗാനുരാഗത്തിന് നേരിടേണ്ടിവന്ന സങ്കോചങ്ങളെല്ലാം മലയാളസാഹിത്യത്തിലും പ്രതിഫലിച്ചിട്ടുണ്ട്. കൃതികളെ വിലയിരുത്തുമ്പോൾ അവയുടെ രതിതലത്തെ അവഗണിക്കുന്ന രീതിയാണ് മലയാളനിരൂപണങ്ങളിൽ പൊതുവെ കാണാൻ കഴിയുന്നത്. ലൈംഗികത ഒരു പരാമർശമായോ പ്രമേയമായോ പ്രത്യക്ഷപ്പെടുമ്പോൾ മാത്രമേ ഈ വിഷയത്തെക്കുറിച്ചുള്ള ചർച്ചകൾ നടക്കാറുള്ളൂ. എന്നാൽ എല്ലാ സൃഷ്ടികളും മാനസികമോ ശാരീരികമോ ആയ രതിപ്രവർത്തനത്തിന്റെ ബാക്കിപത്രമാണെന്ന നിലയ്ക്ക് അതിനു പിന്നിൽ പ്രവർത്തിച്ച ചോദനയെക്കൂടി വിലയിരുത്തിയാൽ മാത്രമേ സൃഷ്ടിയുടെ സമഗ്രാവലോകനം സാധ്യമാവുകയുള്ളൂ. ഇത് പലപ്പോഴും വ്യക്തിയിലേയ്ക്കോ കൃതിയിലേയ്ക്കോ പ്രവേശിക്കാനുള്ള പുതിയൊരു വാതിൽ തുറന്നുതരുന്നു. അതുവരെ കണ്ടതും അറിഞ്ഞതുമായ അനുഭവങ്ങളായിരിക്കില്ല ഈ നൂതനപ്രവേശത്തിലൂടെ ലഭിക്കുന്നത്. സങ്കീർണ്ണമായ ജീവിതത്തിന്റെ പല വിഷമപദപ്രശ്നങ്ങളും ഇതിലൂടെ പരിഹരിക്കപ്പെടാനിടയുണ്ട്. വ്യവഹാരങ്ങളുടെ അതുവരെ ബോധ്യപ്പെട്ടിട്ടില്ലാത്ത കാര്യകാരണബന്ധങ്ങൾ രതിതലത്തെ വിശകലനം ചെയ്യുമ്പോൾ തെളിഞ്ഞുവന്നേയ്ക്കാം. അത്തരം സാധ്യതകളെക്കുറിച്ചാണ് ഈ പ്രബന്ധത്തിന്റെ മൂന്നാമധ്യായത്തിൽ ചർച്ച ചെയ്തിരിക്കുന്നത്.

നാല്, അഞ്ച്, ആറ് അധ്യായങ്ങളിൽ രചനയുടെ രതിതലത്തെ അടിസ്ഥാനപ്പെടുത്തി, ചിലകൃതികളെ പുനർവായിക്കുവാനു

ള്ള ശ്രമമങ്ങളാണ് നടത്തിയിട്ടുള്ളത്. ചരിത്രാഖ്യായികാകാരനായി അറിയപ്പെടുന്ന സി.വി. രാമൻപിള്ളയുടെ നോവൽത്രയത്തെയാണ് നാലാമധ്യായത്തിൽ മാതൃകാപഠനത്തിനായി എടുത്തിരിക്കുന്നത്. സി.വി.യുടെ രചനകളിലെ സ്വവർഗ്ഗാനുരാഗത്തിന്റെ വ്യാപ്തി ബോധ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ജീവചരിത്രത്തെയും ഈ വെളിച്ചത്തിൽ പരിശോധിച്ചിട്ടുണ്ട്. കൃതി-കർതൃബന്ധം സി.വിയുടെ രചനകളെ ആധാരമാക്കി ഇതുപോലെ ഇതിനുമുമ്പ് പറയപ്പെട്ടിട്ടില്ല. സ്വവർഗ്ഗാനുരാഗത്തെ കേന്ദ്രസ്ഥാനത്തു നിർത്തിക്കൊണ്ട് സി.വി.യെ വായിച്ചാൽ അദ്ദേഹത്തിന്റെ രചനകൾക്ക് പുതിയൊരു മാനം ലഭിക്കുന്നതായി കാണാം. രതിതലത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള അന്വേഷണം സി.വി.പാരായണത്തെ അയത്നലളിതവും കൂടുതൽ കാര്യകാരണബന്ധമുള്ളതുമാക്കിത്തീർക്കുന്നുണ്ട്.

ബാലസാഹിത്യകാരനായി പരിഗണിക്കപ്പെട്ടിരുന്ന കുഞ്ഞുണ്ണിയുടെ കൃതികളിലെ സ്വവർഗ്ഗാനുരാഗചിഹ്നങ്ങളെ അപഗ്രഥിക്കാനുള്ള ശ്രമമാണ് അഞ്ചാമധ്യായത്തിൽ നടത്തിയിരിക്കുന്നത്. കുഞ്ഞുണ്ണിയുടെ ആഖ്യാനങ്ങളിൽ ആത്മരതിയുടെയും സ്വവർഗ്ഗാനുരാഗത്തിന്റെയും ചിഹ്നങ്ങൾ ധാരാളമായി കാണാൻ കഴിയും. കുഞ്ഞുണ്ണിക്കൃതികളിലെ ദാർശനിക പശ്ചാത്തലവും നർമ്മബോധവും ലൈംഗികമായ നിരാശയിൽ നിന്ന് ഉരുത്തിരിഞ്ഞതാണെന്ന് പ്രബന്ധം സിദ്ധാന്തിക്കുന്നു. ഈ കാഴ്ചപ്പാടിലൂടെ അദ്ദേഹത്തിന്റെ കൃതികളെ പുനർവായിക്കുമ്പോൾ അവയിലെ അന്തർസംഘർഷങ്ങൾ കൂടുതലായി ബോധ്യപ്പെട്ട

ന്നതാണ്. ഏതൊരു രചയിതാവും തന്റെ കൃതികളുടെ സമഗ്രവായന ആഗ്രഹിക്കുന്നുണ്ടായിരിക്കും. എന്നാൽ കുഞ്ഞുണ്ണിക്കൃതികൾക്ക് ഭാഗികവും സങ്കുചിതവുമായ വായനകൾ മാത്രമേ മലയാളത്തിൽ ഉണ്ടായിട്ടുള്ളൂ. ആന്തരികസംഘർഷം കഠിനമായി അനുഭവിച്ചതിന്റെ അടയാളങ്ങൾ കുഞ്ഞിണ്ണിക്കൃതികളിലുണ്ട്. എന്നാൽ അദ്ദേഹത്തിലെ കാല്പനിക ഭാവങ്ങളെയും ആധുനികചിന്തയെയും ഗ്രഹിക്കണമെങ്കിൽ അവയ്ക്കു പുറകിലെ രതിതലത്തെ വിശകലനം ചെയ്യേണ്ടത് അനിവാര്യമാണ്.

> മനോവിശകലനത്തെ സത്യാന്വേഷണത്തിന്റെ ഒരു മുഖ്യോപാധിയാക്കിക്കൊണ്ട് മനുഷ്യരുടെ പേലവമായ ആന്തരികസത്ത പരിശോധിച്ചു ചെല്ലുമ്പോൾ, സാധാരണക്കാരന് അപ്രിയമോ,അറപ്പോ ഉണ്ടാക്കാവുന്ന വസ്തുതകൾ വെളിപ്പെട്ടുവെന്നു വരാം. ചൈതന്യവത്തും ഉൽകൃഷ്ടവുമായ ജീവിത മാതൃകയെ മനഃപൂർവ്വം കരിപുരണ്ട അപകൃഷ്ടതയിലേയ്ക്ക് വലിച്ചിഴയ്ക്കുവാൻ നടത്തുന്ന ശ്രമമായി അതിനെ ആക്ഷേപിച്ചേയ്ക്കാം. ധന്യാത്മാക്കളുടെ മഹനീയ ജീവിതത്തിന്റെയും സാധാരണക്കാരുടെ അപൂർണ്ണതയുടെയും ഇടയിലുള്ള ആഴം ഈ മാതിരി പഠനം കൊണ്ട് ഒരിക്കലും നികത്തപ്പെടുന്നില്ല. എന്നിരുന്നാലും അന്വേഷണത്തിന് വിധേയമാക്കപ്പെടാവുന്ന ഏത് വിഷയവും പരിശോധിച്ചു നോക്കുന്നതിന് വിഷയത്തിന്റെ മഹനീയത വിലങ്ങുതടി ആയിക്കൂടാ എന്നു മാത്രമല്ല, ഉത്കൃഷ്ടവും അപകൃഷ്ടവുമായ എല്ലാ പെരുമാറ്റങ്ങളെയും ഭരിക്കുന്ന ജീവഗതി നിരൂപണവിഷയമായെടുക്കുമ്പോൾ ഒരുവനും അന്വേഷണ വിഷയമായ സത്യത്തേക്കാൾ വലിയവനായി നിരൂപകദൃഷ്ടിയിൽ കാണപ്പെടുവാനും പാടില്ല. (സിഗ്മണ്ട് ഫ്രോയിഡ്, ലിയനാർഡോ ഡാവിഞ്ചിയെക്കുറിച്ചുള്ള പഠനത്തിൽ)

മനോവിശകലന സമ്പ്രദായത്തെക്കുറിച്ച് ഫ്രോയ്ഡ് പറഞ്ഞ ഇക്കാര്യം സാഹിത്യകൃതികളെ വിശകലനം ചെയ്യുമ്പോൾ ഏറെ പ്രസക്തമാണ്. രചയിതാവിന്റെ സ്വകാര്യതയ്ക്കല്ല, മറിച്ച് രചനാവ്യക്തിത്വത്തിനാണ് ഇത്തരം പഠനങ്ങൾ പ്രാധാന്യം നല്കുന്നത്. വ്യക്തിജീവിതത്തിൽ

ഒരാൾ സ്വവർഗ്ഗാനുരാഗി അല്ലാതിരിക്കുമ്പോൾപോലും അയാളുടെ അബോധത്തിലെ സ്വവർഗ്ഗാനുരാഗചോദനകൾ സൃഷ്ടിയുടെവേളയിൽ പ്രതിഫലിച്ചേയ്ക്കാം. ഏതൊരു സൃഷ്ടിപ്രക്രിയയും അതിന്റെ വൈകാരി കോന്നതിയിൽ നിലനില്ക്കുന്ന സദാചാരവ്യവസ്ഥകൾക്കപ്പുറത്തേയ്ക്ക് സഞ്ചരിക്കുന്നുണ്ട്. സാമൂഹികമായ വിലക്കുകൾ ആ നിമിഷങ്ങളിൽ ദുർബലമാവുകയും ആന്തരികേച്ഛകൾ പ്രതീകാത്മകമായി സൃഷ്ടിപ്രക്രിയ യിൽ വെളിപ്പെടുകയും ചെയ്യുന്നു. ഇത് ഒരു രചയിതാവിൽ എല്ലായ്പോഴും കണ്ടുകൊള്ളണമെന്നില്ല. സ്വപ്നദർശനം പോലെ വല്ല പ്പോഴും വന്നുപോവുന്ന അഭിപ്രേരണകളായും സ്വവർഗ്ഗാനുരാഗത്തെ രചനകളിൽ കണ്ടെത്താൻ കഴിയും. അതായത്, ഒരു കൃതിയിലെ സ്വവർഗ്ഗാനുരാഗത്തെ രചയിതാവിന്റെ ജീവചരിത്രമോ ഇതരകൃതിക ളോ ആയി ബന്ധിപ്പിക്കാതെതന്നെ വിശകലനം ചെയ്യാൻ സാധിക്കും. അത്തരമൊരു സാധ്യതയെ വ്യക്തമാക്കുന്ന മാതൃകാപഠനമാണ് പ്രബന്ധത്തിന്റെ ആറാമധ്യായത്തിൽ നടത്തിയിട്ടുള്ളത്.

എം.പി.നാരായണപിള്ള രചിച്ച *മുരുകൻ എന്ന പാമ്പാട്ടി* എന്ന കഥയെയാണ് ഒറ്റക്കഥാപഠനത്തിന് മാതൃതയാക്കിയത്. ആദ്ധ്യാത്മിക തയും മാസ്മരികതയും ഇഴചേർന്ന, ആധുനികതയുടെ ലക്ഷണങ്ങളൊ ത്ത ഒരു കഥയാണ് *മുരുകൻ എന്ന പാമ്പാട്ടി.* കാക്കനാടന്റെ *ശ്രീചക്രം* പോലെ താന്ത്രികപ്രാധാന്യമുള്ള ഒരു ചെറുകഥയായാണ് *മുരുകൻ എന്ന പാമ്പാട്ടി* വിലയിരുത്തപ്പെട്ടു പോന്നിട്ടുള്ളത്. എന്നാൽ ഇക്കഥയിലെ സ്വവർഗ്ഗരതിതലം സവിശേഷശ്രദ്ധ ആകർഷിക്കുന്ന

ഒന്നാണ്. സ്വവർഗ്ഗരതിയുടെ നാനാവശങ്ങൾ അനാവരണം ചെയ്യുന്ന ഇക്കഥ, പാപബോധവും അപകർഷതയും സ്വവർഗ്ഗാനുരാഗവും സ്വവർഗ്ഗരതിഭീതിയും ഉൾക്കൊള്ളുന്ന സങ്കീർണ്ണമായ ഒരാഖ്യാനമാണ്. ഈ കഥയിലെ ഭാഷാചിഹ്നങ്ങളെ ഫ്രോയ്ഡിന്റെ സങ്കല്പനങ്ങളനുസരിച്ച് നിർദ്ധാരണം ചെയ്താൽ സൃഷ്ടിയുടെ പുറകിൽ പ്രവർത്തിച്ച ഊർജ്ജം സ്വവർഗ്ഗാനുരാഗത്തിന്റേതാണെന്ന് വ്യക്തമാവുന്നതാണ്.

ഈ അന്വേഷണങ്ങളിൽ നിന്ന് കണ്ടെത്തിയ വസ്തുതകൾ ഉപദർശനങ്ങളായി ഒടുവിൽ ചേർത്തിട്ടുണ്ട്. ലിംഗപഠനത്തിന്റെ (Gender studies) അടിസ്ഥാനത്തിൽ ലൈംഗികന്യൂനപക്ഷങ്ങളെ കുറിക്കുന്ന സംജ്ഞകൾ അനുബന്ധമായി നൽകിയിരിക്കുന്നു. ആംഗല ഭാഷയിൽ നിന്നുള്ള സംജ്ഞകളെ വിവർത്തനം ചെയ്യുമ്പോളുണ്ടാകുന്ന അർത്ഥക്ലിഷ്ടത ഒരു പരിധിവരെ മാത്രമേ ഒഴിവാക്കാൻ സാധിച്ചിട്ടുള്ളൂ. Homosexual, Gay, Lesbian, Same sex love എന്നീ സംജ്ഞകളെയെല്ലാം സമാനാർത്ഥത്തിൽ തർജ്ജമ ചെയ്യേണ്ടി വന്നിട്ടുണ്ട്. സ്വവർഗ്ഗപ്രേമം, സ്വവർഗ്ഗാനുരാഗം, സ്വവർഗ്ഗരതി തുടങ്ങിയ പദങ്ങളെല്ലാം സമാനാർത്ഥത്തിലാണ് പ്രബന്ധത്തിൽ ഉപയോഗിച്ചിട്ടുള്ളത്. പ്രധാനപ്പെട്ട ആത്മപ്രതിരോധതന്ത്രങ്ങളെ പരിചയപ്പെടുത്തുന്ന കുറിപ്പ് ഇംഗ്ലീഷ് ഭാഷയിൽ തന്നെ അനുബന്ധമായി കൊടുത്തിട്ടുണ്ട്. പ്രാചീന ഭാരതത്തിൽ സ്വവർഗ്ഗാനുരാഗത്തെ എപ്രകാരമായിരുന്നു കണ്ടിരുന്നതെന്ന് അന്വേഷിക്കുന്ന പഠനങ്ങൾ അനുബന്ധത്തിൽ കാണാം. സ്വവർഗ്ഗരതിയുടെ ആഗോളചരിത്രവും കേരളത്തിലെ അവസ്ഥയും

പരിശോധിക്കുമ്പോൾ സവിശേഷശ്രദ്ധ ആകർഷിക്കുന്ന ചരിത്രസംഭവ ങ്ങളുടെ ഏതാനും ചിത്രങ്ങൾ ഒടുവിൽ ചേർത്തിട്ടുണ്ട്. കേരളത്തിലെ സ്വവർഗ്ഗാനുരാഗത്തിന്റെ സമകാലികാവസ്ഥ വ്യക്തമാക്കാനുതകുന്ന ഇരുപത് ശബ്ദാഭിമുഖങ്ങൾ (ആകെ ദൈർഘ്യം-7മണിക്കൂർ11 മിനിട്ട്) കോംപാക്ട്ഡിസ്കിൽ ആലേഖനം ചെയ്ത് പ്രബന്ധത്തോടൊപ്പം സമർ പ്പിക്കുന്നുണ്ട്. തൃശ്ശൂർ പൂരത്തോടനുബന്ധിച്ച നടക്കുന്ന സ്വവർഗ്ഗകൂട്ടായ്മ യെക്കുറിച്ച് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ബ്ലോഗിന്റെ പകർപ്പുകളും അനുബന്ധമായി ചേർത്തിട്ടുണ്ട്. സി.വി.രാമൻപിള്ള, കുഞ്ഞുണ്ണി, എം.പി.നാരായണപിള്ള എന്നിവരുടെ ചിത്രങ്ങളും ഉൾപ്പെടുത്തിയിട്ടു ണ്ട്. മനഃശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും സങ്കേതങ്ങളാ ണ് പ്രധാനമായും ഈ ഗവേഷണത്തിന് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. സ്വവർഗ്ഗാനുരാഗത്തിന്റെ ആഗോളചരിത്രം സംക്ഷേപിച്ചപ്പോൾ പ്രബ ന്ധഗാത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുതകളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനായി സൈബർ വിവരസാങ്കേതികവിദ്യ ധാരാള മായി പ്രയോജനപ്പെട്ടിട്ടുണ്ട്. സാഹിത്യത്തെ ശാസ്ത്രീയമായി വിശകല നം ചെയ്യുന്ന വിവിധ പദ്ധതികളിൽ, ലൈംഗികവ്യതിയാനത്തിന്റെ പ്രച്ഛന്നാവസ്ഥയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള സമീപനം, ഭാവി യിൽ മലയാളസാഹിത്യപഠന മേഖലയിൽ ഫലപ്രദമായ ഒരു ഉപക രണമായിത്തീരുമെന്ന് പ്രത്യാശിക്കുന്നു.

അധ്യായം - ഒന്ന്

# 1. സ്വവർഗ്ഗാനുരാഗം - ചരിത്രപരമായ അവലോകനം

എഴുതപ്പെട്ട ചരിത്രകാലത്തിനു മുമ്പുതന്നെ മനുഷ്യസമൂഹത്തിൽ സ്വവർഗ്ഗാനുരാഗം നിലനിന്നിരുന്നു എന്നതിന് സൂചനകളും തെളിവുകളും ധാരാളമുണ്ട്. പുരാതന ഗ്രീസിലും ഇറ്റലിയിലും സ്പെയിനിലും ഇന്ത്യയിലും ഈജിപ്റ്റിലും ചൈനയിലും അറേബ്യയിലും ജപ്പാനിലും ഫ്രാൻസിലും ബ്രിട്ടനിലും ആഫ്രിക്കയിലും എന്നുവേണ്ട, അവികസിത ഗോത്രസംസ്കാരങ്ങളിൽവരെ സ്വവർഗ്ഗാനുരാഗവും സ്വവർഗ്ഗലൈംഗികതയും പ്രബലമായിരുന്നു എന്നതിന് സൂചനകൾ അനവധിയാണ്.[1] എന്നാൽ സ്വവർഗ്ഗാനുരാഗത്തെ സവിശേഷമായി പഠിക്കാനോ രേഖപ്പെടുത്താനോ ഉള്ള ശ്രമങ്ങൾ നടന്നിട്ടുള്ളത് ഇരുപതാംനൂറ്റാണ്ടിന്റെ അവസാനദശകത്തിലും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമാണ്. ലോകത്തെ വിവിധ സംസ്കാരങ്ങൾ വിവിധ കാലഘട്ടങ്ങളിൽ, സ്വവർഗ്ഗാനുരാഗത്തെ വീക്ഷിച്ചതെങ്ങനെയെന്ന് 2500 വർഷത്തെ ചരിത്രം സംക്ഷേപിച്ചുകൊണ്ട് ലൂയിസ് ക്രോംപ്റ്റൻ എന്ന പണ്ഡിതൻ പഠനം നടത്തിയിട്ടുണ്ട്.[2] 1970-ൽ നെബ്രാസ്കാ (NEBRASKA) യൂണിവേഴ്സിറ്റിയിൽ സ്വവർഗ്ഗലൈംഗികത ഒരു പഠനവിഷയമാക്കാൻ തുനിഞ്ഞപ്പോൾ, ശക്തമായ എതിർപ്പുകൾ നേരിടേണ്ടിവന്നതിനെ കുറിച്ച് ലൂയിസ് ക്രോംപ്റ്റൺ *Homosexuality and civilization* എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്.[3] വൈദ്യശാസ്ത്രരംഗത്തല്ലാ

തെ ഇത്തരം പഠനം നടത്തിക്കൂടെന്ന് നിയമം നിർമിക്കാൻ പോലും ശ്രമമുണ്ടായി. ഇതേ തുടർന്നാണ് 'പുറത്തു പറയാനരുതാത്ത ഈ പാപത്തിന്റെ' ചരിത്രപശ്ചാത്തലത്തെക്കുറിച്ച് ക്രോംപ്റ്റൺ പഠനം നടത്താൻ നിശ്ചയിച്ചത്. 2003-ൽ ആദ്യപതിപ്പായി പ്രസ്തുതപഠനം പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഒരു പഠന വിഷയമെന്ന നിലയ്ക്കുപോലും പൊതുമണ്ഡലത്തിൽ ചർച്ചചെയ്യാൻ പാടില്ലാത്ത വിഷയമാണ് സ്വവർഗ്ഗാനുരാഗമെന്ന് ഏതാനും ദശാബ്ദങ്ങൾക്കു മുമ്പുവരെ പാശ്ചാത്യനാട്ടുകളിലുള്ളവർ ധരിച്ചിരുന്നു. എന്നാൽ, പ്രാചീനഗ്രീസിൽ സ്വവർഗ്ഗാനുരാഗമാണ് സ്വാഭാവിക അനുരാഗമെന്ന് വിലയിരുത്തപ്പെട്ട കാലമുണ്ടായിരുന്നു. സ്വവർഗ്ഗലൈംഗികതാല്പര്യം പുരുഷന്മാരുടെ വീരത്വത്തിന്റെ ചിഹ്നമായി ഗണിക്കപ്പെട്ടിരുന്നു. സാഹിത്യം, ചിത്രകല, ശില്പകല, തത്ത്വചിന്ത, രാഷ്ട്രീയം, ഭരണക്രമം, വൈദ്യശാസ്ത്രം തുടങ്ങി സംസ്കാരത്തിന്റെ സമസ്തമേഖലകളിലും ഗ്രീക്കുകാർ ലോകജനതയ്ക്ക് നൽകിയ സംഭാവനകളെക്കുറിച്ച് ധാരാളം പറയപ്പെട്ടിട്ടുണ്ട്.[4] എന്നാൽ, സ്വവർഗ്ഗാനുരാഗത്തിന്റെ ഒരായിരമാണ്ടുകൾ ഗ്രീക്ക് സംസ്കൃതിയെക്കുറിച്ചുള്ള പഠനങ്ങളിൽ നിന്ന് ബോധപൂർവ്വം ഒഴിവാക്കിയാണ് ഗ്രീസിന്റെ ആഗോള സംഭാവനകളെക്കുറിച്ച് ആധുനികകാലത്ത് പറയാറുള്ളത്. 1910 വരെയെങ്കിലും ഈ പ്രവണത ശക്തമായിരുന്നു. 1978-ലാണ് ഗ്രീക്ക് സംസ്കാരത്തിൽ ഗൂഢമായിരുന്ന സ്വവർഗ്ഗാനുരാഗത്തെക്കുറിച്ച് ഇംഗ്ലീഷ് ഭാഷയിൽ ശ്രദ്ധേയമായ ഒരു പഠനം പുറത്തു വരുന്നത്.[5]

### 1. 1. സ്വവർഗ്ഗാനുരാഗം - പ്രാചീന ഗ്രീസിൽ

ബി.സി.800-ൽ രചിക്കപ്പെട്ടതെന്നുകരുതുന്ന *ഇലിയഡിൽ* പുരുഷന്മാരുടെ പരസ്പരാനുരാഗത്തെ തീവ്രമായിത്തന്നെ ചിത്രീകരിച്ചിട്ടുണ്ട്. ഇതിഹാസനായകന്മാരായ അക്കില്ലെസും പെട്രോക്ലസും തമ്മിലുണ്ടായിരുന്ന ബന്ധം സ്വവർഗ്ഗാനുരാഗത്തിന്റെ ഉത്തമ മാതൃകയായിത്തന്നെയാണ് ഗ്രീസിൽ കരുതപ്പെട്ടിരുന്നത്. ഇതുകൂടാതെ സ്വവർഗ്ഗാനുരാഗത്തെ പ്രകീർത്തിക്കുന്ന ഗീതങ്ങളും വർണ്ണനകളും പ്രാചീന ഗ്രീക്ക് സാഹിത്യത്തിൽ ധാരാളമായി കാണാം. സവിശേഷശ്രദ്ധ അർഹിക്കുന്ന വിഷയമായി അക്കാലത്ത് സ്വവർഗ്ഗാനുരാഗത്തെ കരുതാതിരുന്നതുകൊണ്ട് മിക്ക കൃതികളിലും സ്വഭാവികമായിത്തന്നെയാണ് ഇവയുടെ വർണ്ണനകൾ കാണുന്നത്. യുവാക്കളുടെ വൈജ്ഞാനികോന്നതിയുടെ ലക്ഷണമായി സ്വവർഗ്ഗാനുരാഗം ഗണിക്കപ്പെട്ടിരുന്നു. അസാധാരണ ധിഷണയും വീര്യവുമുള്ളവരാണ് സ്വവർഗ്ഗാനുരാഗികളാവുക എന്നതായിരുന്നു അക്കാലഘട്ടത്തിൽ ഗ്രീസിലെ കാഴ്ചപ്പാട്.[6]

ഗ്രീക്ക്ദൈവങ്ങളുടെ കാര്യമെടുത്താലും സ്വവർഗ്ഗാനുരാഗത്തിന്റെ തലം വിപുലമാണെന്ന് കാണാം. ഗ്രീക്ക് മിഥോളജി പ്രകാരം അമ്പതിൽ കുറയാത്ത ദൈവങ്ങൾ സ്വവർഗ്ഗാനുരാഗികളാണ്. യുദ്ധദേവനായ ആരിസ് (Ares) മാത്രമാണ് ഈ ഗണത്തിൽപ്പെടാത്ത ഒരു പ്രധാന ദൈവം. ഉത്തമനായ ഒരു പുരുഷന് പ്രണയിതാവായി ഒരു

യുവാവില്ലാതിരിക്കുന്നത് അയാളുടെ വ്യക്തിത്വത്തിലെ പോരായ്മയായി ഗണിക്കപ്പെട്ടിരുന്നു. ഇത്തരം സ്നേഹം ഒരാളെ ഉത്തേജിപ്പിക്കുമെന്ന് കരുതപ്പെട്ടിരുന്നു. യുദ്ധത്തിനു പോവുന്ന ഒരു വീരയോദ്ധാവ് തന്റെ പ്രണയിയായ പുരുഷന്റെ സാമീപ്യത്തിലാണ് യുദ്ധം ചെയ്യുന്നതെങ്കിൽ കൂടുതൽ വീര്യമുള്ളവനാകുമെന്ന് പരക്കെ വിശ്വസിക്കപ്പെട്ടു. സ്വവർഗ്ഗാനുരാഗം സവിശേഷകാര്യമല്ലാതിരുന്നതു കൊണ്ടു തന്നെ ഈ പ്രവണതയെ സൂചിപ്പിക്കാൻ പ്രത്യേക പദമൊന്നും പ്രാചീന ഗ്രീസിൽ ഉണ്ടായിരുന്നില്ല. '*Paiderastia*' എന്ന ഒരു പദം പില്ക്കാലത്ത് ഇതിനെക്കുറിച്ച് പരാമർശിക്കാനായി ഉപയോഗിച്ചു കാണുന്നുണ്ട്.[7] ഇംഗ്ലീഷിൽ ഇതിനെ 'boy love' എന്ന് വിവർത്തനം ചെയ്യാം. പ്രായമുള്ള പുരുഷന് പതിനാലിനും ഇരുപതിനും ഇടയിൽ പ്രായമുള്ള ആൺകുട്ടികളുമായി ബന്ധമുണ്ടാവുക സ്വഭാവിക പ്രക്രിയയായിരുന്നു. പ്രായമുള്ള പുരുഷനെ 'lover' എന്ന അർത്ഥത്തിൽ 'erastes' എന്നും, ആൺകുട്ടിയെ 'beloved' എന്ന അർത്ഥത്തിൽ 'eromenos' എന്നും അറിയപ്പെട്ടു. ആൺകുട്ടിയുടെ രക്ഷകനായും മാർഗദർശിയായും വീരമാതൃകയായും പ്രായമുള്ള പുരുഷൻ വർത്തിക്കുമ്പോൾ, ആൺകുട്ടി സൗന്ദര്യത്തിന്റെയും യുവത്വത്തിന്റെയും വിജ്ഞാനത്തിന്റെയും കായികമികവിന്റെയും പ്രതീകമായി കണക്കാക്കപ്പെട്ടു. ഇവിടെ സവിശേഷമായി ശ്രദ്ധിക്കേണ്ട ഒരു വസ്തുത, തികഞ്ഞ പൗരുഷമുള്ള രണ്ടു വ്യക്തികൾ തമ്മിലുള്ള അനുരാഗത്തെയാണ് പ്രാചീനഗ്രീസിൽ സ്വവർഗ്ഗാനുരാഗമായി അംഗീകരിച്ചിരുന്നത് എന്നതാണ്. അല്ലാതെ, പ്രായവും കായികക്ഷമതയുമുള്ള ഒരാളോട് സ്ത്രൈണതയും സൗന്ദര്യവുമുള്ള ചെറുപ്പക്കാര

ന് തോന്നുന്ന അഭിനിവേശമെന്ന നിലയ്ക്കല്ല ഈ പ്രവണത നിലനിന്നിരുന്നത്. ഇലിയഡിലെ അക്കില്ലെസും പെട്രോക്ലസ്സും തികഞ്ഞ പോരാളികളായിരുന്നു എന്നത് ഇവിടെ പ്രസക്തമാണ്. അക്കില്ലെസും പെട്രോക്ലസ്സും തമ്മിലുണ്ടായിരുന്നത് സ്വവർഗ്ഗാനുരാഗമാണെന്ന് ഹോമർ ഒരിടത്തും വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിൽത്തന്നെയും പ്ലാറ്റോയ്ക്ക് മുമ്പുതന്നെ യേസ്കിലസ് തന്റെ രചനയിൽ അക്കില്ലെസിന്റെയും പെട്രോക്ലസ്സിന്റെയും ബന്ധം സ്വവർഗ്ഗാനുരാഗമാണെന്ന് സൂചിപ്പിക്കുന്നുണ്ട്.[8] പ്ലാറ്റോയുടെ 'അക്കാദമി'യുടെ പിന്തുടർച്ചാവകാശം സ്വവർഗ്ഗപ്രണയികൾക്ക് കൈമാറുന്ന രീതി നിലനിന്നിരുന്നു. '*സിമ്പോസിയ*'ത്തിലെ കഥാപാത്രമായ 'Phaedrus'ഇക്കാര്യം കൂടുതൽ വ്യക്തമായി പറയുന്നുണ്ട്. ഒരു സ്വവർഗ്ഗാനുരാഗി മറ്റൊരു സ്വവർഗ്ഗാനുരാഗിയിൽ നിന്ന് വിദ്യ നേടുന്നത്ര ഉത്തേജിതമായ അവസ്ഥയിൽ മറ്റൊരു മാർഗ്ഗത്തിലൂടെയും അറിവ് സമ്പാദിക്കാനാവില്ലെന്ന് അയാൾ പറയുന്നു. എല്ലാ ഭരണവ്യവസ്ഥയും സ്വവർഗ്ഗാനുരാഗികളുടെ പിന്തുടർച്ചാ ക്രമത്തിലായിരുന്നെങ്കിൽ എന്ന് 'Phaedrus' ആഗ്രഹിക്കുന്നുണ്ട്.[9] സ്വവർഗ്ഗാനുരാഗം ജനപ്പെരുപ്പം കുറയ്ക്കും എന്ന് അരിസ്റ്റോട്ടിലും നിരീക്ഷിച്ചിട്ടുണ്ട്. എപ്രകാരമായിരുന്നാലും ആയിരമാണ്ടുകളോളം ഗ്രീസിൽ ആദരിക്കപ്പെട്ട സ്വവർഗ്ഗാനുരാഗത്തിന്റെ പശ്ചാത്തലം അന്വേഷകരെ അത്ഭുതപ്പെടുത്തും വിധം വിപുലവും ഗ്രീക്ക് സംസ്കാരത്തിന്റെ സമസ്തമേഖലകളെയും സ്പർശിച്ചിട്ടുള്ളതുമായിരുന്നു.

### 1.1.1. നഗ്നത - ഗ്രീക്ക്സംസ്കാരത്തിൽ

കായികക്ഷമതയ്ക്കും ശരീരസൗന്ദര്യത്തിനും ഗ്രീക്ക്സംസ്കാരം എക്കാലത്തും പ്രധാന്യം നൽകിപ്പോന്നിട്ടുണ്ട്. B.C.800-നു മുമ്പുതന്നെ കായികമത്സരങ്ങളിൽ നാമമാത്ര വസ്ത്രങ്ങളുമായി യുവാക്കൾ പങ്കെടുക്കുന്നതും ശരീരപ്രദർശനം നടത്തുന്നതും സാധാരണമായിരുന്നു. മാരത്തോൺയുദ്ധത്തിന്റെ അവസാനം നടന്ന വിജയാഹ്ലാദ പ്രകടനത്തിൽ പതിനാറുകാരനായ സോഫോക്ലിസ് ശരീരത്തിൽ മുഴുവൻ എണ്ണതേച്ച് നഗ്നനായാണ് പങ്കെടുത്തത്.[10] *ജിംനേഷ്യം* എന്ന പദം തന്നെ നഗ്നത എന്നർത്ഥമുള്ള 'Gymnos' എന്ന ഗ്രീക്ക് പദത്തിൽ നിന്നുരുത്തിരിഞ്ഞതാണ്. ഗുസ്തിമത്സരകേന്ദ്രങ്ങൾ പുരുഷന്റെ പേശിബലവും സൗന്ദര്യവും പ്രദർശിപ്പിക്കുന്ന വേദികളായിരുന്നു. കായികപരിശീലന കേന്ദ്രങ്ങളെല്ലാം സംവാദസ്ഥലങ്ങളായും പ്രണയികളുടെ സംഗമസ്ഥാനങ്ങളായും അറിയപ്പെട്ടിരുന്നു. പുരുഷസൗന്ദര്യ മത്സരങ്ങൾ നിലവിലുണ്ടായിരുന്നു. വിജയിക്ക് ആയുധമാണ് സമ്മാനിച്ചിരുന്നത്. ശില്പങ്ങളിലും കൊത്തുപണികളിലും ഭരണികളിൽ വരയ്ക്കുന്ന ചിത്രങ്ങളിലും യുവാക്കളുടെയും യോദ്ധാക്കളുടെയും ദൈവങ്ങളുടെയും ഭാഗികമോ പൂർണ്ണമോ ആയ നഗ്നത ആലേഖനം ചെയ്യപ്പെട്ടിരുന്നു. അപൂർവ്വമായി സ്ത്രീകളുടെ ചിത്രങ്ങൾ വരയ്ക്കുകയാണെങ്കിൽത്തന്നെ കുടുംബിനികളുടെയും യുവതികളുടെയും ചിത്രം ഒഴിവാക്കിയിരുന്നു. എന്നാൽ പുരുഷന്മാരുടെ കാര്യത്തിൽ ഓജസ്സുള്ളവരെയും സൗന്ദര്യമുള്ളവരെയും വീരന്മാരെയും മാത്രം തെരഞ്ഞെടുക്കുകയും ചെയ്തിരു

ന്നു. ഭരണികളിൽ വരയ്ക്കുന്ന ചിത്രങ്ങളുടെ കേന്ദ്രസ്ഥാനത്ത് മിക്കവാറും സുന്ദരനായ യുവാവായിരിക്കും. യുവാവിന്റെ അസാന്നിധ്യമുള്ള ഒരു ഭരണിച്ചിത്രമേ കണ്ടെടുക്കപ്പെട്ടിട്ടുള്ളൂ. അതിലാകട്ടെ ഒരു മധ്യവയസ്കൻ കിടക്കുന്ന ചിത്രത്തിനുമുകളിൽ *'എന്റെ സുന്ദരക്കുട്ടാ'* എന്ന് ഏതോ ചെറുപ്പക്കാരനെ വിളിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. കാമകേളികളുടെ ദൃശ്യങ്ങളും ചിത്രങ്ങളിൽ സുലഭമാണ്. വൈകാരികമായി ചുംബിക്കുന്നതും ചുറ്റിപ്പടരുന്നതും ഉദ്ധൃതമായ ലിംഗങ്ങളിൽ തലോടുന്നതും ഒരു സംഘം യുവാക്കൾ നഗ്നരായി മേൽക്കുമേൽ കിടക്കുന്നതുമായ ചിത്രങ്ങളുടെ വലിയ ശേഖരം തന്നെ 1968-ൽ '*PAESTUM*' എന്ന പ്രാചീനഗ്രീക്ക് നഗരത്തിൽ നിന്ന് കണ്ടെടുക്കുകയുണ്ടായി.[11] അനുരാഗത്തെ ആഘോഷമാക്കുന്ന രീതി പ്രാചീനഗ്രീക്ക് സാഹിത്യത്തിലും കലകളിലും ഏറെ പ്രകടമാണ്.

### 1.1.2. ലെസ്ബിയനിസം - പ്രാചീനഗ്രീസിൽ

സ്ത്രീകളുടെയും അടിമകളുടെയും ജീവിതചിത്രണങ്ങളുടെ കുറവ് ഗ്രീക്ക്സംസ്കാരത്തെക്കുറിച്ചുള്ള അന്വേഷണങ്ങളെ പരിമിതപ്പെടുത്തുന്നുണ്ട്. സ്ത്രീസ്വവർഗ്ഗാനുരാഗികൾ കൂട്ടംചേർന്ന് തങ്ങളുടെ സൗന്ദര്യം വിലയിരുത്തുന്ന രംഗം യേസ്കിലസ് തന്റെ കവിതയിൽ ആവിഷ്കരിച്ചിട്ടുണ്ട്.[12] ലെസ്ബിയനിസം എന്ന പേരിൽ അറിയപ്പെടുന്ന സ്ത്രീസ്വവർഗ്ഗ ലൈംഗികത സാഫോ എന്ന ഗ്രീക്ക് കവയിത്രിയുടെ വീട് സ്ഥിതി ചെയ്തിരുന്ന ദ്വീപായ ലെസ്ബോസ് (Lesbos)ൽ നിന്നും ഉരുത്തിരി

ഞ്ഞതാണ്.[13] സാഫോ സ്ത്രീസ്വവർഗ്ഗ ലൈംഗികതയെ അധികരിച്ച് ഒട്ടേറെ കവിതകൾ രചിച്ചിട്ടുണ്ട്.

**1.2. ജൂതസംസ്കാരവും സ്വവർഗ്ഗലൈംഗികതയും**

ഗ്രീസിൽ സ്വവർഗ്ഗാനുരാഗം കൊടികുത്തി വാണിരുന്ന കാലത്തുതന്നെ പാലസ്തീനിൽ, ജൂതന്മാർക്കിടയിൽ ഹീബ്രുലിപിയിൽ രചിക്കപ്പെട്ട *ലെവിറ്റിക്കസിന്റെ പുസ്തകം* സ്വാധീനം ചെലുത്താൻ തുടങ്ങിയിരുന്നു. ഹീബ്രു ബൈബിളിലെ മൂന്നാമത്തെ ഗ്രന്ഥമായ *ലെവിറ്റിക്കസിന്റെ പുസ്തകം* യഹോവ മോശയ്ക്കു നൽകിയ നിയമാവലികളായി കരുതപ്പെടുന്നവയാണ്. സ്വവർഗ്ഗലൈംഗികതയെ മ്ലേച്ഛമായ ശീലങ്ങളുടെ ഗണത്തിലാണ് ഈ നിയമാവലിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനുമുമ്പുതന്നെ ജൂതന്മാർക്ക് സ്വവർഗ്ഗലൈംഗികതയോട് വംശീയമായ മറ്റൊരെതിർപ്പും ഉണ്ടായിരുന്നു. പ്രത്യുല്പാദനരഹിതമായ ലൈംഗികത തങ്ങളുടെ വംശത്തിന്റെ ജനസംഖ്യ കുറയ്ക്കുമെന്ന ഭീതി പൊതുവെ യുദ്ധപ്രിയരായ ജൂത ജനതയ്ക്ക് ഉണ്ടായിരുന്നു. B.C.550-നോടടുത്താണ് *ലെവിറ്റിക്കസിന്റെ പുസ്തകം* രചിച്ചതെന്ന് കരുതപ്പെടുന്നു. മോശയുടെ നിയമങ്ങളെ ഉപജീവിച്ച് രചിച്ചവയെന്ന് അവകാശപ്പെട്ട ഈ നിയമങ്ങൾ കർക്കശമായിരുന്നു. പ്രസ്തുത ഗ്രന്ഥത്തിന്റെ പതിനെട്ടാം അധ്യായത്തിൽ ലൈംഗിക അരാജകത്വങ്ങളുടെ ഗണത്തിൽ സ്വവർഗ്ഗലൈംഗികതയെയും ഉൾപ്പെടുത്തിയിരുന്നു. പുരുഷനോടൊപ്പം ശയിക്കുന്ന പുരുഷൻ അതീവ നിന്ദ്യനാകയാൽ അവർ ഇരുവരും

വധിക്കപ്പെടേണ്ടവരാണെന്ന് *ലെവിറ്റിക്കസിന്റെ പുസ്തകം* ഇരുപതാം അധ്യായത്തിൽ പതിമൂന്നാം വാക്യമായി പറയുന്നുണ്ട്.

> ഒരുവൻ സ്ത്രീയോട്ടുകൂടെ എന്നപോലെ പുരുഷനോട്ടുകൂടെ ശയിച്ചാൽ ഇരുവരും ഹീനമായ പ്രവൃത്തിയാണു ചെയ്യുന്നത്. അവരെ വധിക്കണം. അവരുടെ രക്തം അവരുടെമേൽ ആയിരിക്കട്ടെ. - ലേവ്യർ 20:13.

ഇസ്രായേൽ ജനതയ്ക്കുവേണ്ടിയുള്ളതായിരുന്നെങ്കിലും, ഈ ജൂത ശാസനം പിന്നീട് നൂറ്റാണ്ടുകളോളം ലോകസംസ്കാരങ്ങളെത്തന്നെ സ്വാധീനിക്കുകയുണ്ടായി. ജൂതന്മാരെ സ്വാധീനിച്ച ഇവ ക്രിസ്തീയ കാഴ്ചപ്പാടുകൾക്ക് അടിത്തറയായി എന്നതായിരുന്നു ഈ വ്യാപന ത്തിന്റെ കാരണം. *ലെവിറ്റിക്കസിന്റെ പുസ്തകം* കുറ്റവും ശിക്ഷയും നിർദ്ധാരണം ചെയ്ത രീതി ക്രിസ്തുമതം പിന്തുടരുകയും, പ്രസ്തുതമതം യൂറോപ്പിൽ ശക്തമാവുകയും, യൂറോപ്പ് ലോകത്തെ മുഴുവൻ അധീനത യിലാക്കുകയും ചെയ്തതോടെ സ്വവർഗ്ഗാനുരാഗത്തെ സ്വാഭാവികമാ യി പരിഗണിച്ചിരുന്ന ഇടങ്ങളിൽക്കൂടി സാംസ്കാരികാധിനിവേശം സംഭ വിക്കുകയും പലരാഷ്ട്രങ്ങൾക്കും തങ്ങളുടെ 'പറയപ്പെടാനരുതാത്ത ഭൂതകാലത്തെ'[14] മറയ്ക്കേണ്ടിവരികയും ചെയ്തു.

A.D.നാലാംനൂറ്റാണ്ടിൽ റോമാസാമ്രാജ്യം ക്രൈസ്തവമായതോ ടെ സ്വവർഗ്ഗാനുരാഗികൾക്കുള്ള മരണശിക്ഷ സാർവ്വത്രികാംഗീകാരം നേടി. ഫ്രാൻസ്, സ്പെയിൻ, ഇറ്റലി, യൂറോപ്യൻകോളനി രാജ്യങ്ങൾ എന്നിവിടങ്ങളിൽ സ്വവർഗ്ഗാനുരാഗം ക്രിമിനൽ കുറ്റമായിത്തീർന്നു. ജനനം കുറയുമ്പോൾ യുദ്ധരംഗത്ത് പടയാളികളുടെ എണ്ണം കുറയുമെ

ന്ന കാരണത്താൽ നാസി ജർമ്മനിയും സ്വവർഗ്ഗാനുരാഗത്തെ കഠിനമായി എതിർക്കുകയും സ്വവർഗ്ഗാനുരാഗികളെ കൊന്നൊടുക്കു കയും ചെയ്തിരുന്നു. അലക്സാൻഡ്രിയയിലെ യഹൂദപണ്ഡിതനായിരുന്ന ഫിലോ, ലെവിറ്റിക്കസിന്റെ നിയമങ്ങളെ കൃത്യമായി പിന്തുടരേണ്ടവർ സ്വവർഗ്ഗാനുരാഗികൾക്ക് പിഴ ചുമത്തിയതിനെ വിമർശിക്കുന്നുണ്ട്. ഫിലോയുടെ അഭിപ്രായത്തിൽ ഏതുതരത്തിൽ പിടിക്കപ്പെടുന്ന സ്വവർഗ്ഗാനുരാഗിയായാലും ഒരു മണിക്കൂർപോലും ജീവിച്ചിരിക്കാൻ അയാൾ അർഹനല്ല. അതുകൊണ്ടുതന്നെ വിചാരണയുടേയോ തെളിവെടുപ്പിന്റെയോ ആവശ്യമില്ലാതെ നീതിനടപ്പാക്കാൻ ആൾക്കൂട്ടത്തോട് ഫിലോ നിർദേശിച്ചു. അത് ദൈവികമായ ഒരു പ്രവൃത്തിയായിരിക്കുമെന്നും അദ്ദേഹം ജനതയെ ഓർമിപ്പിച്ചു.[15] സ്ത്രൈണതയുള്ള പുരോഹിതരും വധ്യരാണെന്ന് ഫിലോ പ്രഖ്യാപിച്ചു. നൂറ്റാണ്ടുകളോളം ഈ വിലക്കുകൾ സെമിറ്റിക്ക് മതവിഭാഗങ്ങളിൽ സ്വാധീനം ചെലുത്തി. എന്നിട്ടും ലോകജനസംഖ്യാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ സെമിറ്റിക്ക് മതവിഭാഗക്കാരിൽ തന്നെയാണ് സ്വവർഗ്ഗലൈംഗികാഭിമുഖ്യം പില്ക്കാലത്ത് പ്രബലമായി നിന്നതെന്ന വസ്തുത കൗതുകമുണർത്തുന്ന ഒന്നാണ്. വിലക്കുകൾ വൈകാരികപ്രവണതകളുടെ സ്ഥിരീകരണത്തിന് കാരണമായിത്തീരുമെന്ന മനഃശാസ്ത്രതത്ത്വവും ഇതിലൂടെ സാധൂകരിക്കപ്പെടുന്നുണ്ട്.

## 1.3. സ്വവർഗ്ഗാനുരാഗം - റോമാസാമ്രാജ്യത്തിൽ

ബി.സി. അവസാന ശതകത്തോടെ റോമാസാമ്രാജ്യത്തിന്റെ സാംസ്കാരികാധിനിവേശം ഗ്രീക്ക് മേഖലയിൽ പൂർണ്ണമാവുന്നുണ്ട്. സ്വവർഗ്ഗാനുരാഗത്തെക്കുറിച്ച് അതുവരെ ഗ്രീസിലുണ്ടായിരുന്ന കാഴ്ചപ്പാടുകളായിരുന്നില്ല റോമർക്കാർക്കുണ്ടായിരുന്നത്. എന്നാൽ ജൂതന്മാർക്കുണ്ടായിരുന്നത്ര വമ്പിച്ച അളവിൽ വിദ്വേഷവും ഉണ്ടായിരുന്നില്ല. പക്ഷേ, സ്വവർഗ്ഗാനുരാഗത്തെ റോമാക്കാർക്ക് സ്വഭാവിക പ്രവണതയായി കണക്കാക്കാൻ കഴിഞ്ഞില്ലെന്നു് മാത്രമല്ല പൗരുഷമുള്ള രണ്ടുപേർ തമ്മിൽ പ്രണയമുണ്ടാകാമെന്ന ധാരണയെ പോലും അവർ തലകീഴ്മറിച്ചു. പുരുഷ പ്രണയജോഡികളിൽ ഒരാൾ കീഴ്പ്പെടുത്തുന്നവനും ഇതരൻ കീഴ്പ്പെടുന്നവനുമായിരിക്കുമെന്ന് അവർ നിശ്ചയിച്ചു. ഇതോടെ അടിമകളോടും വിധേയരോടും സ്ത്രൈണതയുള്ള പുരുഷന്മാരോടും തോന്നുന്ന ശാരീരികാഭിനിവേശമായി സ്വവർഗ്ഗാനുരാഗം മുദ്രകുത്തപ്പെട്ടു. പിന്നീട് നൂറ്റാണ്ടുകളോളം ഈ ധാരണ തന്നെയാണ് പല സംസ്കാരങ്ങളും പിന്തുടർന്നത്.

റോമൻസംസ്കാരം ഇപ്രകാരം സ്വവർഗ്ഗാനുരാഗത്തെ വിലയിരുത്തുമ്പോൾ പോലും റോമൻ ഭരണാധികാരികളിൽ പലരും സ്വവർഗ്ഗാനുരാഗികളായിരുന്നു എന്നതിന് ധാരാളം തെളിവുകൾ ലഭ്യമാണ്. പക്ഷേ, പ്രാചീനഗ്രീസുകാരിൽ നിന്ന് വിഭിന്നമായി സ്വവർഗ്ഗപ്രേമത്തെ വ്യക്തിത്വത്തിലെ ഒരു കുറവായി റോമക്കാർ വിലയിരു

ത്തിയിരുന്നു. കൃതികളിൽ ഇത്തരം ബന്ധങ്ങളെ അവർ കളിയാക്കി പ്പോന്നു. ആക്രമണത്തിന്റെയും കീഴ്പ്പെടുത്തലിന്റെയും യുദ്ധഭാഷ തന്നെ അവർ ഇതിനുപയോഗിച്ചു. 'സീസർ ഗാലിക് കീഴടക്കിയെങ്കിൽ, സീസറെ നിക്കോമഡസ് കീഴടക്കി' എന്ന് പട്ടാളക്കാർക്കിടയിൽ അക്കാലത്തൊരു ചൊല്ലുണ്ടായിരുന്നു.[16] പ്രധാന ഭരണാധികാരികളെ വിമർശിക്കേണ്ടിവരുമ്പോൾ, ഭരണാധികാരികളുടെ സ്വഭാവത്തിലുള്ള സ്വവർഗ്ഗാനുരാഗത്തെ പരാമർശിച്ച് അപമാനിക്കുന്ന രീതിയും ഉണ്ടാ യിരുന്നു. അപമാനകരവും സദാചാര വിരുദ്ധവുമായ ഈ സ്വഭാവം തന്റെ എതിരാളിയിലുണ്ടന്ന് ആരോപിക്കാൻ പലരും ശ്രമിക്കാറുണ്ട്. ഷെക്സ്പിയർ കൃതികളിലൂടെ പില്ക്കാലത്ത് ഉത്തമപുരുഷ മാതൃകയായി അവതരിപ്പിക്കപ്പെട്ട *മാർക്ക് ആന്റണി* പോലും അദ്ദേഹത്തിന്റെ യൗവ നത്തിൽ സ്വവർഗ്ഗപ്രേമിയായിരുന്നു എന്ന് എതിരാളികൾ ആരോപിച്ചി രുന്നതായി കാണുന്നു.[17] ഇത്തരം ആരോപണങ്ങൾ യഥാർത്ഥ മാണോ അല്ലയോ എന്നതിനേക്കാൾ, അക്കാലത്ത് റോമക്കാർ സ്വവർഗ്ഗാനുരാഗത്തെ അപഹാസ്യമായി കണ്ടിരുന്നു എന്നതിന്റെ തെളിവുകളാണ് ഇവയെല്ലാം.

അതേസമയം അടിമകൾ ഉടമയോട് നിർബന്ധമായും അനുഷ്ഠിക്കേണ്ട വിധേയത്വങ്ങളിൽ ഒന്നായി സ്വവർഗ്ഗാനുരാഗത്തെ ക്കുറിച്ച് ഇക്കാലങ്ങളിൽ പരാമർശമുണ്ട്. തന്നെ സ്വതന്ത്രനാക്കുന്ന ഉടമയ്ക്ക് തുടർന്നും അടിമ ലൈംഗികമായി വിധേയനായിരിക്കണമെന്ന് അക്കാലത്ത് അലിഖിത നിയമമുണ്ടായിരുന്നു. പട്ടാളത്തിൽ ഉയർന്ന

റാങ്കിലുള്ളവർക്ക് താഴെയുള്ളവർ ലൈംഗികമായി വിധേയരാവുക എന്നതും സ്വഭാവിക പ്രക്രിയയായി കണക്കാക്കിയിരുന്നു.

### 1.4. സ്വവർഗ്ഗാനുരാഗം - ക്രിസ്തുവിന് ശേഷം

ക്രിസ്തുമതം പ്രാരംഭകാലം തൊട്ടുതന്നെ സ്വവർഗ്ഗപ്രണയത്തെ ഭീതിയോടെയും വെറുപ്പോടെയുമാണ് വീക്ഷിച്ചിട്ടുള്ളത്. ക്രിസ്തുവിന്റെ വചനങ്ങൾ ഈ വിഷയത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിക്കാണുന്നില്ലെങ്കിലും, പഴയനിയമത്തിലെ ദൃഷ്ടാന്തകഥകളുടെ ചുവടുപിടിച്ച്, ജൂത വിഭാഗത്തിന് ഇക്കാര്യത്തിലുണ്ടായിരുന്ന കാഴ്ചപ്പാടു തന്നെയാണ് ക്രിസ്തുമതവും പിന്തുടർന്നത്. ലോത്തിന്റെ നഗരം ചുട്ടെരിച്ചത് സ്വവർഗ്ഗാനുരാഗത്തോടുള്ള ദൈവത്തിന്റെ അഹിതം മൂലമാണെന്ന് പുതിയ നിയമകാലത്ത് വ്യാഖ്യാനിക്കപ്പെട്ടു. സ്വവർഗ്ഗാനുരാഗത്തിന് എതിരായ മറ്റൊരു പരാമർശം പൗലോസ് റോമക്കാർക്കെഴുതിയ ലേഖനമാണ്. അതിലിങ്ങനെ പറയുന്നു:

> ... അതുകൊണ്ട് ദൈവം അവരെ അപമാനരാഗങ്ങളിൽ ഏല്പിച്ചു, അവരുടെ സ്ത്രീകൾ സ്വഭാവികഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷന്മാരും സ്വഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ചു. ആണോട് ആൺ, അവലക്ഷണമായത് പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന് യോഗ്യമായ പ്രതിഫലം തങ്ങളിൽ, തന്നേ പ്രാപിച്ചു. (റോമൻ-26,27)

ഈ വക പ്രവൃത്തികൾ ചെയ്യുന്നവർ മരണയോഗ്യരാണെന്നും പൗലോസ് തുടർന്ന് പറയുന്നുണ്ട്. പൗലോസിന്റെ വാക്കുകളെ

ആധുനിക മനശ്ശാസ്ത്രവീക്ഷണമനുസരിച്ച് പ്രതിക്രിയാപ്രതിരോധമായി (Reaction formation) കാണാവുന്നതാണ്. എങ്കിലും, പ്രസ്തുത വാക്യങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മധ്യകാലഘട്ടത്തിലെ പല പീഡനങ്ങളെയും ക്രിസ്തീയമായി ന്യായീകരിക്കാൻ ഈ വചനങ്ങൾ ഉപയോഗിക്കപ്പെട്ടു. ഗ്രീസിൽ ഇക്കാലങ്ങളിലും സ്വവർഗ്ഗാനുരാഗത്തിന് അനുകൂലമായ രചനകൾ നടന്നിരുന്നു. എങ്കിലും, ക്രിസ്തീയ സദാചാര സങ്കല്പങ്ങൾ സാവധാനം ഗ്രീക്ക് സംസ്കാരത്തെയും ബാധിച്ചുതുടങ്ങി. സ്വവർഗ്ഗാനുരാഗികൾ ദൈവത്താൽ നിന്ദിതരാണെന്ന ബോധം ക്രിസ്തുമതം ഊട്ടിയുറപ്പിച്ചു.

A.D.രണ്ടാം നൂറ്റാണ്ടിൽ ഗ്രീസിൽ ജീവിച്ചിരുന്ന സ്വവർഗ്ഗരതിഭീതനായ (Homophobic) ടൈറ്റസ് ഫ്ലാവിയസ് ക്ലമന്റ് എന്ന മതപണ്ഡിതൻ അലക്സാൻഡ്രിയൻ ലൈംഗികസദാചാരം രൂപപ്പെടുത്തി. ഇദ്ദേഹം 'Clement of Alexandriya' എന്നറിയപ്പെട്ടു.[18] പ്രത്യുൽപ്പാദനത്തിനു വേണ്ടിയല്ലാതെ നടത്തുന്ന എല്ലാ ലൈംഗികക്രിയകളും പാപമാണെന്ന് ക്ലമന്റ് ഉദ്ബോധിപ്പിച്ചു. സ്വവർഗ്ഗാനുരാഗം തികച്ചും പ്രകൃതിവിരുദ്ധമാണെന്ന കാഴ്ചപ്പാടാണ് ക്ലമന്റിനുണ്ടായിരുന്നത്.[19] സ്ത്രൈണമായി നടക്കുന്നതും ക്ഷൗരം ചെയ്യുന്നതും പുരുഷോചിതമല്ലെന്ന് ക്ലമൻറ് വിധിച്ചു. A.D.2-ൽ തന്നെ പ്ലൂട്ടാർക്കിന്റെ *ഇറോട്ടിക്കസ്* എന്ന രചനയിൽ സ്വവർഗ്ഗലൈംഗികതയാണോ എതിർവർഗ്ഗലൈംഗികത (Heterosexuality) യാണോ മെച്ചപ്പെട്ടത് എന്നതിനെക്കുറിച്ച് ഒരു സംവാദം കാണുന്നുണ്ട്. ആ സംവാദത്തിൽ പുരുഷന്മാർതമ്മിലുള്ള

അനുരാഗത്തെ പല ഘട്ടത്തിലും ഉയർത്തിക്കാട്ടുന്നുണ്ടെങ്കിലും അത്തരം ഒരു സംവാദം അനിവാര്യമാകുന്ന അന്തരീക്ഷത്തിലേയ്ക്ക് ഗ്രീക്ക് സംസ്കാരം മാറി എന്നതിന്റെ സൂചനയാണത്.[20] സ്വവർഗ്ഗലൈംഗികതയോട് താരതമ്യം ചെയ്യപ്പെടാൻ മാത്രം എതിർവർഗ്ഗലൈംഗികതയ്ക്ക് ഔന്നത്യം ലഭിക്കുന്ന അവസ്ഥ ഗ്രീസിലും ആയിക്കഴിഞ്ഞിരുന്നു.

A.D.നാലാം നൂറ്റാണ്ടിൽ, ലൂസിയൻ (Lucian) '*The affairs of the heart*' എന്ന ഗ്രന്ഥത്തിൽ ഇതേ അന്വേഷണം നടത്തുന്നുണ്ട്.[21] ഗ്രീക്ക് സംസ്കാരത്തിൽ സ്വവർഗ്ഗലൈംഗികത അതിന്റെ ഔന്നത്യം നിലനിർത്താൻ നടത്തുന്ന അവസാന ശ്രമത്തിന്റെ ഭാഗമായാണ് ചരിത്രകാരന്മാർ ഈ ഗ്രന്ഥത്തിലുള്ള സംവാദത്തെ കാണുന്നത്.[22] നാലാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ സ്വവർഗ്ഗപ്രേമത്തെ സമഭാവത്തോടെ കാണുന്ന രീതിയും സഹിഷ്ണുതയും മിക്ക ലോകരാഷ്ട്രങ്ങളിലും അസ്തമിച്ചിരുന്നു. സ്വവർഗ്ഗാനുരാഗികൾക്കെതിരെ നിയമനടപടികളും ശിക്ഷാവിധികളും സാർവ്വത്രികമായി. റോമൻ ഭരണാധികാരിയായിരുന്ന ജസ്റ്റിനിയൻ പുരുഷോചിതമായി ജീവിക്കാത്ത സകലപുരുഷന്മാരുടെയും ശത്രുവാണ് താനെന്ന് സ്വയം പ്രഖ്യാപിച്ചു. സ്വവർഗ്ഗരതിയിലേർപ്പെടുന്ന പുരുഷന്റെ പാപകരണം ഛേദിക്കുകയോ, മൂർച്ചയുള്ള കമ്പുകൾ ലിംഗത്തിൽ കയറ്റി ശിക്ഷിക്കുകയോ വേണമെന്ന് ജസ്റ്റിനിയൻ വിധിച്ചു.[23] ഇപ്രകാരം ശിക്ഷിക്കപ്പെടുന്നവൻ ശിക്ഷാവേളയിൽ, കുറ്റംസമ്മതിച്ച് മരണശിക്ഷ ഏറ്റുവാങ്ങുകയോ, പീഡനങ്ങൾ ഏറ്റുവാങ്ങി അവരവരുടെ നിരപരാധിത്വം തെളിയിക്കുകയോ വേണമായി

രുന്നു. റോമിന്റെ പതനത്തിനു ശേഷം യൂറോപ്യൻ ചരിത്രത്തിലെ ഇരുളടഞ്ഞ മധ്യകാലഘട്ടത്തിലും സ്വവർഗ്ഗാനുരാഗികളുടെ അവസ്ഥ പരിതാപകരമായിരുന്നു. ഇക്കാലഘട്ടമാകുമ്പോഴേയ്ക്കും 'പുറത്തു പറയാനരുതാത്ത പാപ'മായി സ്വവർഗ്ഗരതി മാറിക്കഴിഞ്ഞിരുന്നു.

### 1.5. സ്വവർഗ്ഗാനുരാഗം - ഇരുളടഞ്ഞ നൂറ്റാണ്ടുകളിൽ

യൂറോപ്പിൽ ക്രിസ്തുമതം ശക്തമായിക്കഴിഞ്ഞ മധ്യകാലഘട്ടത്തിൽ (A.D.അഞ്ചാംനൂറ്റാണ്ട് മുതൽ) സ്വവർഗ്ഗാനുരാഗത്തിൽ മാത്രമല്ല മറ്റെല്ലാ ലൈംഗികപ്രവണതകളിലും ശരിതെറ്റുകൾ നിശ്ചയിക്കപ്പെട്ടു. പുരുഷോചിതമായി പെരുമാറാത്ത പുരുഷന്മാരെ നികൃഷ്ടരായി പരിഗണിച്ചിരുന്നു. വിവിധ സ്ഥലങ്ങളിൽ വിവിധ തോതുകളിൽ ശിക്ഷാസമ്പ്രദായങ്ങളും നിലനിന്നിരുന്നു. പലപ്പോഴും ബലാത്സംഗത്തിനു തുല്യമോ അതിലുപരിയോ ആയ ശിക്ഷകൾ സ്വവർഗ്ഗാനുരാഗികൾക്ക് ലഭിച്ചിരുന്നു. ഈ ശിക്ഷകളെല്ലാം സ്വവർഗ്ഗാനുരാഗികളോടുള്ള ഭയം ജനങ്ങളിലുളവാക്കാൻ പര്യാപ്തമായിരുന്നു. ആറാം നൂറ്റാണ്ടിനും പതിനൊന്നാം നൂറ്റാണ്ടിനും ഇടയിൽ 31 പുരുഷൻമാരും 14 സ്ത്രീകളും സ്വവർഗ്ഗാനുരാഗത്തിന്റെ പേരിൽ വധിക്കപ്പെട്ടിട്ടുള്ളതായി രേഖകളിൽ കാണുന്നു. ആൺകുട്ടികൾക്ക് ഒരിക്കൽ സ്വവർഗ്ഗരതിയിലേർപ്പെട്ടാൽ രണ്ടു വർഷവും, പുരുഷന്മാർക്ക് മൂന്ന് വർഷവും, തുടർച്ചയായി ഏർപ്പെട്ടാൽ ഏഴുവർഷവും തടവുശിക്ഷ ലഭിക്കുമായിരുന്നു. ഇതുകൂടാതെ വദനസുരതത്തിന് മൂന്ന് വർഷവും ഗുദരതിക്ക് പത്ത് വർഷവും ശിക്ഷിക്ക

പ്പെട്ടിരുന്നു. പരസ്പരമുള്ള സ്വയംഭോഗത്തിന് സഹായിച്ചാൽ 45 ദിവസമായിരുന്നു ശിക്ഷ. രേതസ്സുപുറപ്പെടുന്ന രീതിയിൽ രതിപൂർവ്വ ലീലയിലേർപ്പെട്ടാൽ ഒരു വർഷം വരെ ശിക്ഷ ലഭിക്കുമായിരുന്നു. ഒരു ആൺകുട്ടി മറ്റൊരു പുരുഷനാൽ ലൈംഗികമായി ചൂഷണം ചെയ്യപ്പെട്ടാൽ ചൂഷണത്തിനിരയാവുന്ന കുട്ടിയും ശിക്ഷിക്കപ്പെടുമായിരുന്നു. സമ്മതമില്ലാതെയാണ് ചൂഷണമെങ്കിൽ ഒരാഴ്ചയും സമ്മതത്തോടെയാണെങ്കിൽ ഇരുപതുദിവസവും നിർബന്ധ നിരാഹാരമായിരുന്നു ശിക്ഷ. സ്ത്രീകളാണ് പരസ്പരം ലൈംഗികക്രിയയിലേർപ്പെടുന്നതെങ്കിൽ മൂന്ന് വർഷം വരെ തടവിനർഹരായിരുന്നു.

ഇതേ കാലയളവിൽത്തന്നെ അറേബ്യയിലും പേർഷ്യയിലും അഫ്ഗാനിസ്ഥാനിലും കാബൂളിലും മറ്റ ചില ഇസ്ലാം രാഷ്ട്രങ്ങളിലും സ്വവർഗ്ഗപ്രണയത്തെ പ്രകീർത്തിക്കുന്ന കവിതകൾ രചിക്കപ്പെട്ടിട്ടുള്ളതായി കാണുന്നുണ്ട്. ഇസ്ലാം, സ്വവർഗ്ഗാനുരാഗത്തിന് അനുകൂലമായ നിലപാടെടുത്തിരുന്നില്ലെങ്കിലും ജൂതന്മാരും ക്രിസ്ത്യാനികളും എടുത്ത നിലപാടുകളിൽ നിന്ന് ഏറെ ഭിന്നമായി ഈ വിഷയത്തിൽ കുറച്ചുകൂടി സഹിഷ്ണുത കാണിച്ചിട്ടുള്ളതായി കാണാം. യൂറോപ്യൻ സഞ്ചാരികൾ പേർഷ്യയിലും അറേബ്യയിലും തുർക്കിയിലും സ്വവർഗ്ഗാനുരാഗികളോടുള്ള മൃദുസമീപനം കണ്ട് അമ്പരന്നിട്ടുണ്ടത്രെ. നൂറ്റാണ്ടുകൾ പിന്നിടുന്തോറും സ്വവർഗ്ഗപ്രണയത്തിനെതിരെയുള്ള ക്രിസ്തീയനിലപാടുകൾ കൂടുതൽ കർക്കശവും ചിട്ടപ്പെട്ടതുമായി. പത്താം നൂറ്റാണ്ടോടെ കാനോൻ നിയമങ്ങൾ രൂപപ്പെട്ടു. ദൈവഹിതമനുസരിച്ചും ധാർമ്മിക

മായും ജീവിക്കേണ്ടതിനെക്കുറിച്ച് കാനോൻ നിയമത്തിൽ പറയുന്നു. കാനോൻനിയമത്തിന്റെ പിതാവ് എന്നറിയപ്പെട്ട ഇറ്റാലിയൻ പുരോഹിതൻ ഗ്രാഷ്യൻ (Gratian), സ്വവർഗ്ഗലൈംഗികതയെ വർജ്ജിക്കേണ്ടതായ മുഖ്യ പാപമെന്ന് അടയാളപ്പെടുത്തി. സ്വവർഗ്ഗാനുരാഗികൾ യാതൊരു തരത്തിലുള്ള ദാക്ഷിണ്യവും അർഹിക്കാത്ത പാപികളാണെന്ന് അദ്ദേഹം വിധിച്ചു. ഇക്കാലത്തു തന്നെ പീറ്റർ ഡാമിയൻ (Peter Damian) എന്ന പുരോഹിതൻ രചിച്ച *'Book of Gomorrah'* എന്ന കൃതിയിലും സ്വവർഗ്ഗലൈംഗികതയെ നിശിതമായി വിമർശിച്ചിട്ടുണ്ട്.[24] പുരോഹിതന്മാർ ചെറുബാലന്മാരെ സ്വവർഗ്ഗരതിക്കിരയാക്കുന്ന സംഭവങ്ങൾ ഗൗരവത്തോടെ കാണണമെന്നും അവരുടെ പൗരോഹിത്യം ഒഴിവാക്കി ശിക്ഷ നടപ്പിലാക്കണമെന്നും ഡാമിയൻ രേഖപ്പെടുത്തിയിട്ടുണ്ട്. പതിമൂന്നാം നൂറ്റാണ്ടാവുമ്പോഴേയ്ക്കും സ്വവർഗ്ഗരതിക്കുള്ള ശിക്ഷാനടപടികൾ പാശ്ചാത്യനാട്ടുകളിൽ കൂടുതൽ കർക്കശമായി നടപ്പിലാക്കി തുടങ്ങി.

### 1.5.1. പീഡനത്തിന്റെ നൂറ്റാണ്ടുകൾ

1277-ൽ സ്വിറ്റ്സ്വർലാന്റിലെ ബാസെലിൽ (Basel) സ്വവർഗ്ഗരതിയുടെ പേരിൽ കിംഗ് റുഡോൽഫ്, ലോർഡ് ഹാസിസ്പെർക്കിനെ (Lord Haspisperch) ചുട്ടുകൊല്ലുകയുണ്ടായി. 1390-ൽ സ്പെയിനിലും1292-ൽ ബൽജിയത്തിലെ ഗെന്റിലും (Ghent) സമാനമായ ചുട്ടെരിക്കലുകൾ നടന്നു. 1317-ൽ ഫ്രാൻസിലെ ലയോനിലും(Laon) 1327-ൽ ഇംഗ്ലണ്ടിലും 1342-ൽ വെനീസിലും സ്വവർഗ്ഗരതിയുടെ പേരിൽ വധശിക്ഷകൾ

നടപ്പിലാക്കിയിട്ടുണ്ട്. 1344-ൽ ഫ്രാൻസിലെ ലയോനിൽ വീണ്ടും ഒരു സ്വവർഗ്ഗാനുരാഗിയെ ചുട്ടുകൊല്ലുകയുണ്ടായി. 1345-ൽ സ്പെയിനിൽ ഒരു സ്വവർഗ്ഗാനുരാഗിയെ ക്രൂരമായി പീഡിപ്പിച്ചതിനുശേഷം അയാളെ ചങ്ങലകൊണ്ട് ഒരു മരത്തിൽ ബന്ധിച്ച് തീ വെയ്ക്കുകയും, അന്നേരം ആൾക്കൂട്ടം സംഗീതതോപകരണങ്ങൾ വായിച്ച് രസിക്കുകയും ചെയ്ത തിനെപ്പറ്റി ലൂയിസ് ക്രോംപ്റ്റൺ തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.[25] 1346-ൽ സ്പെയിനിലും 1348, 1354, 1357 എന്നീ വർഷങ്ങളിൽ വെനീസിലും സവർഗ്ഗരതിക്കാരെ അഗ്നിക്കിരയാക്കിയിട്ടുണ്ട്. 1365-ൽ ഫ്ലോളോറൻസിൽ ഒരു യുവാവിനെ, മറ്റ് പുരുഷന്മാർക്ക് വിധേയനായതിന്റെ പേരിൽ, ആസനത്തിൽ പഴുപ്പിച്ച ഇരുമ്പുദണ്ഡ് കയറ്റി കൊല്ലുകയുണ്ടായി. 1372-ൽ ഫ്രാൻസിലും 1373-ൽ ബൽജിയത്തിലെ ആന്റ്വെർപ്പിലും (Antwerp) 1373-ൽ മെക്കാനിലും 1373-ൽ സ്പെയിനിലും സ്വവർഗ്ഗാനുരാഗികൾ വധശിക്ഷയ്ക്ക് വിധേയരായി. 1375-ൽ സൈപ്രസിൽ രണ്ടുപേർ വധിക്കപ്പെട്ടു. 1391-ൽ മെക്കാളനിൽ 17 പേരെ ഒരുമിച്ച് വധശിക്ഷയ്ക്ക് വിധേയരാക്കി. ഇതിൽ രണ്ടുപേർ സ്വവർഗ്ഗാനുരാഗികളായ സ്ത്രീകളായിരുന്നു. പ്രസ്തുത 17ൽ ഒരാൾ മാത്രമാണ് കുറ്റസമ്മതം നടത്തിയത്. 1392-ൽ ഇറ്റലിയിലെ ബെസ്സാനോയിൽ സ്വവർഗ്ഗരതിക്ക് വധശിക്ഷ ഏർപ്പെടുത്തി.

പതിനഞ്ചാം നൂറ്റാണ്ടിൽ 22 പേർ വിവിധ രാജ്യങ്ങളിലായി സ്വവർഗ്ഗരതിയുടെ പേരിൽ ക്രൂരപീഡനങ്ങൾക്കൊടുവിൽ വധശിക്ഷയ്ക്ക് വിധേയരാക്കപ്പെട്ടു. പതിനാറാംനൂറ്റാണ്ടിലെ പീഡനങ്ങളുടെ ചരിത്രവും

വ്യത്യസ്തമല്ല. ഇന്ത്യയിലും ഇക്കാലത്ത് സ്വവർഗ്ഗരതിയുടെ പേരിൽ വധശിക്ഷ നടപ്പിലാക്കിയതായി കാണുന്നു. പോർച്ചുഗീസ് കോളനിയായിരുന്ന ഗോവയിൽ സ്വവർഗ്ഗരതിക്കാരായി പിടിക്കപ്പെട്ട യുവാക്കളെ ക്രിസ്ത്യൻമിഷനറിമാരുടെ നിർദ്ദേശാനുസരണം ചുട്ടെരിച്ചതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. 1555-ൽ വെനീസിൽ ഒരാളെ സാന്റക്രോസ് പള്ളിമുതൽ റിയാൽറ്റോ പാലം വരെ കുതിരയുടെ വാലിൽ കെട്ടിയിട്ട് വലിച്ചിഴയ്ക്കുകയും, പിന്നീട് കൈകൾ വെട്ടിമാറ്റുകയും, ഒടുവിൽ ചുട്ടുകൊല്ലുകയും ചെയ്തു. 1574-ൽ ഇറ്റലിയിലെ ട്രവിസോയിൽ (Treviso) സ്വവർഗ്ഗരതിക്ക് മരണശിക്ഷ നടപ്പിലാക്കിത്തുടങ്ങി. ശിക്ഷയ്ക്കിരയാവുന്നവരെ നഗ്നരാക്കി മരത്തിൽ 24മണിക്കൂർ കെട്ടിയിട്ടശേഷം മരണശിക്ഷ നടപ്പാക്കണമെന്നും പുരുഷനാണെങ്കിൽ ലിംഗത്തിൽ ആണിയടിക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നു. സ്വവർഗ്ഗരതിക്കാരെ കൂട്ടത്തോടെ കൊന്നൊടുക്കുന്ന രീതിയും ഇക്കാലത്ത് ധാരാളമായി കാണപ്പെട്ടു. സ്പെയിനിന്റെ തലസ്ഥാനമായ മാഡ്രിഡിൽ (Madrid) മാത്രം ഒരു നൂറ്റാണ്ടിൽ 150 പേരെ ഇപ്രകാരം വധിച്ചതായി രേഖകളിൽ കാണുന്നു. 14 വയസ്സുള്ള ആൺകുട്ടിയെ പോലും 200 ചാട്ടവാറടികൾക്കുശേഷം, സ്പെയിനിൽ ഇക്കാലത്ത് വധിച്ചിട്ടുണ്ട്. പതിനേഴാം നൂറ്റാണ്ടിലും സ്വവർഗ്ഗരതിക്കാർക്കുള്ള വധശിക്ഷകൾ നിർബാധം തുടർന്നു പോന്നു. 1260-നും 1634-നും ഇടയിൽ പോർച്ചുഗലിൽ മാത്രം മുപ്പതോളംപേർ ചുട്ടെരിക്കപ്പെട്ടു. പതിനെട്ടാംനൂറ്റാണ്ടിൽ ലോകത്തിന്റെ പലഭാഗങ്ങളിലായി 270-ൽ ഏറെ സ്വവർഗ്ഗാനുരാഗികൾ കൊല്ലപ്പെട്ടിട്ടുണ്ട്.

### 1.6. സ്വവർഗ്ഗാനുരാഗം - പത്തൊമ്പതാം നൂറ്റാണ്ടിൽ

പത്തൊമ്പതാംനൂറ്റാണ്ടിൽ കുറെക്കൂടി വിചാരണകൾക്കു ശേഷമാണ് ഇത്തരം ശിക്ഷകൾ വിധിയ്ക്കപ്പെട്ടിട്ടുള്ളതെന്ന് കാണാം. നെതർലാൻഡ്സിൽ സ്വവർഗ്ഗരതിക്കുറ്റം ചുമത്തി അവസാനത്തെ വധശിക്ഷ നടന്നത് 1803-ലാണ്. 1810-ൽ ഇംഗ്ലണ്ടിൽ നാലുപേരെ വധശിക്ഷയ്ക്ക് വിധേയരാക്കിയെങ്കിലും, അതിലേറെപേർക്ക് ചാട്ടവാറടി പോലുള്ള ശിക്ഷകളാണ് വിധിച്ചത്. എണ്ണത്തിൽ കുറവാണെങ്കിലും ലോകത്തിലെ പല ഭാഗങ്ങളിലും പിന്നീടും സ്വവർഗ്ഗരതിക്കാർക്ക് മരണശിക്ഷ ലഭിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യകാലമെത്തുമ്പോഴേയ്ക്കും മരണശിക്ഷ ലഭിക്കുന്നതിനേക്കാൾ അപമാനകരമാണ് സ്വവർഗ്ഗരതിക്കാരായി അറിയപ്പെടുന്നത് എന്ന അവസ്ഥ പാശ്ചാത്യ സമൂഹങ്ങളിൽ സംജാതമായിരുന്നു. നൂറ്റാണ്ടുകളോളം തുടർന്നു വന്ന പീഡനങ്ങളുടെയും ശിക്ഷകളുടെയും ചരിത്രം സമൂഹമനസ്സിൽ സ്വവർ ഗ്ഗാനുരാഗത്തിനെതിരെ ശക്തമായ ചലനങ്ങൾ സൃഷ്ടിച്ചു. 1833-ൽ ഇംഗ്ലണ്ടിൽ ക്യാപ്റ്റൻ ഹെൻറി നിക്കോളസിനെ സ്വവർഗ്ഗരതിയുടെ പേരിൽ തൂക്കിലേറ്റിയപ്പോൾ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ആ സംഭവത്തെ ഏറ്റവും വലിയ നാണക്കേടായി കരുതുകയും, മൃതദേഹം ഏറ്റുവാങ്ങാൻ തയ്യാറാവാതിരിക്കുകയും ചെയ്തു. 1835 നവംബറിലാണ് ഇംഗ്ലണ്ടിൽ സ്വവർഗ്ഗരതിക്കാരെ അവസാനമായി തൂക്കിലേറ്റിയത്. ജോൺസ്മിത്ത്, ജയിംസ് പ്രാറ്റ് എന്നിവർ വാടക വീട്ടിൽ സ്വവർഗ്ഗരതി

യിലേർപ്പെട്ടുന്നത് താക്കോൽദ്വാരത്തിലൂടെ കണ്ട വീട്ടുടമയും ഭാര്യയും കതക് തല്ലിപ്പൊളിച്ച് അകത്തുകയറുകയും ഇരുവരെയും പോലീസി ലേല്പിക്കുകയുമായിരുന്നു. 1835 ആഗസ്റ്റ് 26നു നടന്ന പ്രസ്തുതസംഭവ ത്തിൽ, സെപ്റ്റംബറിൽ വിചാരണ നടത്തുകയും നവംബറിൽ വിധി നടപ്പാക്കുകയും ചെയ്തു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ വിവിധ ലോകരാഷ്ട്ര ങ്ങൾ സ്വവർഗ്ഗരതിക്ക് വധശിക്ഷ നൽകുന്നതിൽനിന്ന് പുറകോട്ട് നീങ്ങാൻ തുടങ്ങി. നെതർലാന്റ്സ് ഈ വിഷയത്തിൽ വർഷങ്ങൾക്ക് മുമ്പുതന്നെ നിലപാടിൽ മാറ്റം വരുത്തിയിരുന്നു. 1852-ൽ ആസ്ത്രിയയും പീനൽ കോഡിൽ മാറ്റങ്ങൾ വരുത്തി. സ്ത്രീകളുടെസ്വവർഗ്ഗരതി കുറ്റ കരമായിത്തന്നെ തുടർന്നെങ്കിലും, പുരുഷസ്വവർഗ്ഗരതിക്കുള്ള ശിക്ഷ യിൽ ഓസ്ത്രിയ ഇളവുകൾ വരുത്തി. 1861-ൽ ഇംഗ്ലണ്ട് സ്വവർഗ്ഗ രതിക്കുള്ള ശിക്ഷ പത്ത് വർഷത്തെ തടവായി ചുരുക്കുകയുണ്ടായി. 1864-ൽ മൃഗരതിക്കും സ്വവർഗ്ഗരതിക്കുമുള്ള ശിക്ഷ 2 വർഷത്തെ കഠിന തടവായി സ്വീഡൻ നിജപ്പെടുത്തി. 1866-ൽ ഡെന്മാർക്കും മരണ ശിക്ഷയിൽനിന്ന് സ്വവർഗ്ഗരതിയെ മോചിപ്പിച്ചു. 1868-ൽ പോപ്പ് ലിയോ മൂന്നാമൻ പള്ളികളിലെ ഗായകസംഘത്തിലെ ആൺകുട്ടികളുടെ വരിയുടയ്ക്കൽ (castration) സമ്പ്രദായം നിർത്തലാക്കി. 1886-ൽ നെതർ ലാന്റ്സ് പാർലമെൻറ് 14 വയസ്സിനു മുകളിലുള്ളവർ ഉഭയസമ്മത പ്രകാരം നടത്തുന്ന സ്വവർഗ്ഗരതി കുറ്റകരമല്ലെന്ന് പ്രഖ്യാപിച്ചു. ഇക്കാലത്തും ജർമ്മനി സ്വവർഗ്ഗരതി ഗുരുതരമായ ക്രിമിനൽ കുറ്റമായി

ത്തന്നെ പരിഗണിച്ചു. 1891-ൽ ജെ.എ.സൈമണ്ട് (J.A.Symond) ഇംഗ്ലീഷ് ഭാഷയിൽ ആദ്യമായി Homosexual എന്ന വാക്ക് ഉപയോഗിച്ചു.[26] *A problem in modern ethics* എന്ന പുസ്തകത്തിലാണ് ഈ വാക്ക് അദ്ദേഹം ഉപയോഗിച്ചത്.

1895-ൽ ലോകപ്രശസ്ത കവിയായ ഓസ്കാർ വൈൽഡ് സ്വവർഗ്ഗാനുരാഗത്തിന്റെ പേരിൽ വിചാരണ നേരിട്ടതോടെ യൂറോപ്പിൽ സ്വവർഗ്ഗനുരാഗത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് മറ്റൊരുമാനം കൈവന്നു. എന്നിരുന്നാലും, സ്വവർഗ്ഗാനുരാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ അക്കാലത്തും കാര്യമായ വിലക്കുകൾ നിലവിലുണ്ടായിരുന്നു. *സൈന്റിഫിക് ഹ്യൂമാനിറ്റേറിയൻ കമ്മിറ്റി* എന്ന പേരിൽ സ്വവർഗ്ഗാനുരാഗികളുടെ അവകാശങ്ങൾക്കുവേണ്ടി ലോകത്താദ്യമായി ഒരു സംഘടന 1897ൽ ജർമ്മനിയിൽ രൂപീകരിക്കപ്പെട്ടു. ജർമ്മനിയിൽ സ്വവർഗ്ഗാനുരാഗം ക്രിമിനൽ കുറ്റമാക്കുന്ന നിയമം (ജർമ്മൻ പീനൽകോഡ് ഖണ്ഡിക-175) ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ഈ സംഘടന ഏറെ വർഷങ്ങൾ പ്രയത്നിക്കുകയുണ്ടായി. 1922-ൽ ആറായിരത്തോളം വരുന്ന പ്രമുഖ വ്യക്തികളുടെ ഒപ്പോടുകൂടി ഇതേ ആവശ്യം ഉന്നയിച്ച് സർക്കാരിന് നിവേദനം സമർപ്പിച്ചെങ്കിലും തിരസ്കരിക്കപ്പെട്ടു. 1933-ൽ നാസികൾ ഈ സംഘടനയെ പാടെ നശിപ്പിക്കുകയും ചെയ്തു.

## 1.7. സ്വവർഗ്ഗാനുരാഗം - ഇരുപതാം നൂറ്റാണ്ടിൽ

1901-ൽ ഫ്രാൻസിൽ വെച്ച് ഓസ്കാർവൈൽഡ് അന്തരിച്ചു. സ്വവർഗ്ഗാനുരാഗത്തിന്റെ പേരിൽ ജയിൽശിക്ഷ അനുഭവിച്ചിട്ടുള്ള അദ്ദേഹത്തോടൊപ്പം, കാമുകനായിരുന്ന ആൽഫ്രഡ് ഡൌഗൽസും അവസാന നാളുകളിൽ ഉണ്ടായിരുന്നു. സ്വവർഗ്ഗാനുരാഗികളോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് 1902-ൽ 'The special' എന്ന പേരിൽ ഒരു സംഘടനയും പ്രസിദ്ധീകരണവും ജർമ്മനിയിൽ ആവിർഭവിച്ചു. 1903-ൽ ജർമ്മനിയിൽ സൈന്റിഫിക് ഹ്യൂമാനിറ്റേറിയൻ കമ്മിറ്റി, മൂന്നാം ലിംഗപദവിക്കുവേണ്ടി ശബ്ദമുയർത്തി. 1905-ൽ ജർമ്മൻ പാർലമെന്റ് പീനൽകോഡ് ഖണ്ഡിക 175-നെക്കുറിച്ച് സംവാദത്തിന് തയ്യാറായി. മറ്റു ലോകരാഷ്ട്രങ്ങൾ സ്വവർഗ്ഗാനുരാഗത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ തയ്യാറായപ്പോൾ ജർമ്മനിയാണ് പഴയ നിലപാടുകളിൽത്തന്നെ ഉറച്ചുനിന്നിരുന്നത്. അതുകൊണ്ടുതന്നെ അവിടെയാണ് നിയമത്തിനെതിരെ ആദ്യമായി സംഘടിത പ്രക്ഷോഭമുണ്ടായത്. 1902 മുതൽ തുടർച്ചയായി 20 വർഷം ഈ സംഘടനകൾ നിയമ പോരാട്ടങ്ങൾ നടത്തിയിട്ടുണ്ട്.

1911-ൽ നെതർലാന്റ്സിൽ ക്രിസ്ത്യൻ ഡെമോക്രാറ്റിക്കുകൾക്ക് ഭൂരിപക്ഷം ലഭിച്ചതോടെ സ്ത്രീ-പുരുഷ ലൈംഗികക്രിയകൾക്കുള്ള

കുറഞ്ഞപ്രായം 16ഉം, സ്വവർഗ്ഗ ബന്ധങ്ങൾക്കുള്ള പ്രായം 21ഉം ആയി ഉയർത്തി. ക്രിമിനൽകോഡ്, ആർട്ടിക്കൾ-248.ബി പ്രകാരം ഭേദഗതി വരുത്തി. 1914-ൽ ഇംഗ്ലണ്ടിൽ രൂപീകൃതമായ ലൈംഗികമനശ്ശാസ്ത്ര പഠനവിഭാഗത്തിൽ സ്വവർഗ്ഗലൈംഗികത പ്രത്യേക ഉപവിഭാഗമായി പരിഗണിക്കപ്പെട്ടു. ആസ്ട്രിയയിലും നെതർലാന്റ്സിലും സൈന്റിഫിക് ഹ്യുമാനിറ്റേറിയൻ കമ്മിറ്റികൾ ആവിർഭവിച്ചതും ഇക്കാലയളവിലാണ്.

1916-ൽ *The wings* (VINGARNE) എന്ന പേരിൽ മൗറിസ് സ്റ്റില്ലർ (Mauritz Stiller) പുറത്തിറക്കിയ സ്വീഡിഷ് ചിത്രം ആദ്യമായി സ്വവർഗ്ഗാനുരാഗം കൈകാര്യം ചെയ്ത ചലച്ചിത്രമാണ്.[27] സ്വവർഗ്ഗാനുരാഗികളെ പ്രത്യേകമായി പരിഗണിച്ചു വരുന്ന രീതിയിലേയ്ക്ക് ലോകരാഷ്ട്രങ്ങളുടെ നിലപാടുകൾ മാറിത്തുടങ്ങുന്നത് ഇക്കാലത്താണ്. പീഡനങ്ങളുടെ ഇരുണ്ട നൂറ്റാണ്ടുകൾക്കുശേഷമുണ്ടായ ഈ മാറ്റം സ്വവർഗ്ഗാനുരാഗികൾക്ക് ആശ്വാസപ്രദമായിരുന്നുവെങ്കിലും, പ്രത്യേക പരിഗണന അർഹിക്കുന്ന ന്യൂനപക്ഷമായി സ്വവർഗ്ഗാനുരാഗികളെ കാണുന്ന രീതി ഇവിടം മുതൽ ആരംഭിച്ചു എന്നുപറയാം. നിയമപരമായ ഇളവുകൾ ശിക്ഷകളിൽ ഉണ്ടായി. എങ്കിലും സാമൂഹ്യമായി വെറുക്കപ്പെട്ടതായിത്തന്നെ സ്വവർഗ്ഗാനുരാഗം കണക്കാക്കപ്പെട്ടു. സ്വാഭാവികമായ ലൈംഗിക വ്യതിയാനമായി സ്വവർഗ്ഗാനുരാഗത്തെ ഇരുപതാം നൂറ്റാണ്ടിൽ ഒരിടത്തും പരിഗണിച്ചിരുന്നതായി തെളിവുകൾ ഇല്ല. അനഭിലഷണീയമായ സ്വഭാവ മാതൃകയായും ഒഴിവാക്കപ്പെടേണ്ട ദുശ്ശീലമായും സ്വവർഗ്ഗാനുരാഗം തുടർന്നും പരിഗണിക്കപ്പെട്ടു. നിയമനടപടികൾ

കുറഞ്ഞെങ്കിലും ആൾക്കൂട്ടങ്ങളും വിവിധ സാമുദായിക സംഘടനകളും സ്വവർഗ്ഗാനുരാഗികളെ വേട്ടയാടുകയും ശിക്ഷിക്കുകയും ചെയ്തു പോന്നു.

1919 ഏപ്രിൽ മാസത്തിൽ അമേരിക്കയിൽ ഇരുപതോളം നാവികരെയും ജൂലൈ മാസത്തിൽ 16 പൗരന്മാരെയും സ്വവർഗ്ഗരതിയുടെ പേരിൽ അറസ്റ്റു ചെയ്തതായി കാണുന്നു. ജർമ്മനിയിൽ ഈ വിഷയത്തിൽ നടന്ന പഠനങ്ങളെയും കണ്ടെത്തലുകളെയും USSR, ഇംഗ്ലണ്ട്, ഡെന്മാർക്ക് തുടങ്ങിയ രാഷ്ട്രങ്ങൾ പിന്തുടരാൻ ശ്രമിക്കുന്നതായും ഇക്കാലത്ത് സൂചനകളുണ്ട്. 1923-ൽ സോവിയറ്റ് റഷ്യ സ്വവർഗ്ഗലൈംഗികത ഒരു രോഗാവസ്ഥയല്ലെന്ന് അംഗീകരിച്ചു. സ്വവർഗ്ഗലൈംഗികത ഓരോരുത്തരുടെയും സ്വകാര്യവിഷയമാണെന്നും, അതിൽ അസ്വാഭാവികത കണക്കാക്കാനാവില്ലെന്നും അക്കാലത്ത് പുറത്തിറങ്ങിയ *The sexual revolution in Russia* എന്ന ലഘുലേഖനത്തിൽ കാണുന്നു.[28] അതേസമയം 1927-ൽ അമേരിക്കയിൽ സ്ത്രീസ്വവർഗ്ഗസ്നേഹം പ്രമേയമാക്കി അവതരിപ്പിക്കപ്പെട്ട ഒരു നാടകത്തിന് അവതരണാനുമതി നിഷേധിക്കപ്പെട്ടതായും കാണാം.[29] 1930-ൽ ഡെന്മാർക്കും 1931-ൽ പോളണ്ടും സ്വവർഗ്ഗരതിയെ കുറ്റവിമുക്തമാക്കി.

1933-ൽ ജർമ്മനിയിൽ നാസികൾ സ്വവർഗ്ഗാനുരാഗികൾക്ക് നേരെ തിരിയുകയും സ്വവർഗ്ഗരതിപോലുള്ള ലൈംഗിക അപഭ്രംശങ്ങൾക്ക് ശിക്ഷയായി ലിംഗച്ഛേദം നടത്താൻ തിരുമാനിക്കുകയും ചെയ്തു. സ്റ്റാലിന്റെ ഭരണത്തിനു കീഴിൽ, സോവിയറ്റ് റഷ്യയും നിലപാട്ടു

കളിൽ മാറ്റം വരുത്തുകയും, പീനൽകോഡുകളിൽ മാറ്റം വരുത്തി സ്വവർഗ്ഗാനുരാഗത്തെ കുറ്റകരമാക്കുകയും ഒട്ടേറെ പ്രഗത്ഭമതികളെ സ്വവർഗ്ഗാനുരാഗത്തിന്റെ പേരിൽ ജയിലിലടയ്ക്കുകയും ചെയ്തു. സ്വവർ ഗ്ഗാനുരാഗത്തിന് 8വർഷം വരെ ജയിൽവാസം വിധിക്കുന്നതായിരുന്നു 1934-ലെ റഷ്യൻ നിയമഭേദഗതി. ഹിറ്റ്ലറുടെ സ്വവർഗ്ഗപ്രണയവിരോ ധം ജർമ്മനിയിൽ സ്വവർഗ്ഗാനുരാഗികൾക്ക് പീഡനകാലം സൃഷ്ടിച്ചു. 1935-ൽ ജർമ്മൻ പീനൽകോഡിന്റെ ഖണ്ഡിക 175-ൽ ചുംബനവും, സ്വവർഗ്ഗലൈംഗികതയുമായി ബന്ധപ്പെട്ട ഭാവനകളും കുറ്റകരമാക്കു ന്നതായി കൂട്ടിച്ചേർത്തു. എന്നാൽ സ്വവർഗ്ഗലൈംഗികതയുമായി ബന്ധ പ്പെട്ട് സിഗ്മണ്ട് ഫ്രോയ്ഡ് നടത്തിയ പഠനങ്ങൾ ശ്രദ്ധേയമാകുന്നതും ഇക്കാലഘട്ടത്തിൽത്തന്നെയാണ്.

1940-45 കാലയളവിൽ അമേരിക്കയിൽ സ്വവർഗ്ഗാനുരാഗികൾ ക്ക് നേരെ നിയമനടപടികൾ തുടർന്നുപോന്നു. 1942-ൽ അമേരിക്കൻ സ്റ്റേറ്റ് അണ്ടർസെക്രട്ടറിയായിരുന്ന സംനർവെല്ലിസ് (SumnerWelles) തന്റെ സ്വവർഗ്ഗാനുരാഗം വെളിപ്പെട്ടതിനെ തുടർന്ന് തൽസ്ഥാനം രാജിവെച്ചിട്ടുണ്ട്.

ആധുനികകാലത്തെ സ്വവർഗലൈംഗികാവകാശ പ്രക്ഷോഭങ്ങ ളിൽ പ്രതീകമായുപയോഗിക്കുന്ന പിങ്ക് നിറത്തിലുള്ള ത്രികോണത്തിന്റെ ഉത്ഭവം രണ്ടാം ലോകമഹായുദ്ധക്കാലത്തെ നാസിക്യാമ്പുകളിൽ നിന്നായിരുന്നു. സ്വവർഗ്ഗരതിയുടെ പേരിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ

കഴിയുന്നവരെ തിരിച്ചറിയാനുള്ള അടയാളമായിരുന്നു അത്. ക്രൂരമായ സഹനങ്ങളുടെ പ്രതീകമെന്ന നിലയ്ക്കാണ് പ്രസ്തുത ചിഹ്നം സ്വവർഗ്ഗാനുരാഗികളുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന സംഘടനകൾ ഉപയോഗിക്കാൻ തുടങ്ങിയത്. 1945-ൽ ന്യൂയോർക്കിൽ സ്വവർഗ്ഗാനുരാഗത്തിന്റെ പേരിൽ പീഡനങ്ങൾ അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി ഒരു നിയമസഹായവേദി രൂപംകൊണ്ടു. സ്വവർഗ്ഗരതിയോടുള്ള അസഹിഷ്ണുത കൊണ്ടുമാത്രം അറസ്റ്റ് ചെയ്യപ്പെട്ട പതിനയ്യായിരത്തിലേറെ പേരെ സഹായിക്കാൻ ഈ സംഘടനയ്ക്ക് കഴിഞ്ഞിട്ടുള്ളതായി അവർ അവകാശപ്പെടുന്നു.

1946-ൽ ആദ്യത്തെ ഹോമോഫൈൽ സൊസൈറ്റി (Homophile Society) നെതർലാന്റ്സിൽ രൂപീകൃതമായി. 1950-ൽ ഡെന്മാർക്കിലും ഇത്തരം ഒരു സൊസൈറ്റി രൂപമെടുത്തു. 1950-ൽ പൌരസ്ത്യ ജർമ്മനി, പീനൽകോഡിൽ നാസികൾ കൂട്ടിച്ചേർത്ത ഭാഗങ്ങൾ ഒഴിവാക്കാൻ തയ്യാറായി. 1950-ൽ അമേരിക്കയിലും ഹോമോഫയൽ കൂട്ടായ്മ രൂപമെടുത്തു. 1958-ൽ ഹോമോസെക്ഷ്വൽ ലോ റിഫോം സൊസൈറ്റി (Homosexual Law Reform Society) ഇംഗ്ലണ്ടിൽ രൂപം കൊണ്ടു. 1960 മുതൽക്കുള്ള രണ്ട് ദശകങ്ങളിൽ ഹംഗറി, ഇസ്രയേൽ, അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങി ഒട്ടേറെ രാജ്യങ്ങൾ സ്വവർഗ്ഗരതി കുറ്റകരമല്ലാതാക്കി. 1967-ൽ Homo sexual behavior among males എന്ന പേരിൽ Wainwright ശാസ്ത്രീയമായി സ്വവർഗ്ഗരതിയെ പഠിച്ച് ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി.[30] പ്രസ്തുതപഠനത്തിലാണ് സ്വവർഗ്ഗരതിഭീതി

(Homo erotic phobia) എന്ന സങ്കേതികസംജ്ഞ ആദ്യമായി ഉപയോഗിച്ചത്. 1968-ൽ പശ്ചിമ ജർമ്മനി പീനൽകോഡിൽനിന്നും സ്വവർഗ്ഗാനുരാഗവിരുദ്ധത ഒഴിവാക്കി. ഇക്കാലഘട്ടത്തിൽത്തന്നെ കാനഡയിൽ സ്വവർഗ്ഗാനുരാഗം കുറ്റകരമല്ലാതാക്കി. 1969-ൽ ന്യൂയോർക്ക്സിറ്റിയിൽ കുപ്രസിദ്ധമായ സ്റ്റോൺവാൾ കലാപം (Stone wall riots) നടന്നു. ഏതാനും വർഷങ്ങളായി നിലനിന്ന സംഘർഷങ്ങളുടെ തുടർച്ചയായിരുന്നു പ്രസ്തുത കലാപം. സ്വവർഗ്ഗാനുരാഗം കുറ്റകരമല്ലാതാക്കിയെങ്കിലും അമേരിക്കയിൽ പലയിടത്തും സ്വവർഗ്ഗാനുരാഗികൾക്ക് പ്രവേശനം ഇല്ലാതിരുന്ന സ്ഥലങ്ങൾ ഉണ്ടായിരുന്നു. പ്രവേശനം ലഭിച്ചിരുന്ന ചില ബാറുകളിലും മറ്റും പോലീസുകാർ വ്യഭ്യചാരത്തിന്റെ പേരിൽ റെയ്ഡുകളും പീഡനങ്ങളും നടത്തിയിരുന്നു. 1969-ൽ stone wall inn എന്ന ബാറിൽ നടന്ന റെയ്ഡിനെ തുടർന്ന് പോലീസും സ്വവർഗ്ഗാനുരാഗികളും തമ്മിൽ ഏറ്റുമുട്ടൽ നടന്നു. ജൂൺ 28-ന് രാവിലെ മുതൽ തുടങ്ങിയ സംഘട്ടനം കലാപമായി മാറുകയായിരുന്നു. ഈ കലാപത്തെ തുടർന്ന് അവകാശപ്രക്ഷോഭങ്ങൾക്ക് പുതിയൊരുമാനം കൈവന്നു. തൊട്ടടുത്ത വർഷം 1970 ജൂൺ 28-ന് സ്വവർഗ്ഗാനുരാഗികൾ ചരിത്രത്തിലെ ആദ്യത്തെ സ്വാഭിമാനഘോഷയാത്ര (Gay Pride) നടത്തി. ലോസ് ആഞ്ചൽസിലും ഇതരനഗരങ്ങളിലും തുടങ്ങിവെച്ച ഇത്തരം ഘോഷയാത്രകൾ പില്ക്കാലത്ത് ലോകത്തിന്റെ പലഭാഗങ്ങളിലേയ്ക്കും വ്യാപിക്കുകയുണ്ടായി. സ്വവർഗ്ഗാനുരാഗത്തിന്റെ ഗണത്തിലുൾപ്പെടുത്തിയിരുന്ന അപരലിംഗവിഭാഗത്തിന് (Transgender) പ്രത്യേക ശ്രദ്ധലഭിക്കുന്നതും ഇക്കാലത്താണ്. 1972-ൽ സ്വീഡൻ ആദ്യമായി ലിംഗമാറ്റ ശസ്ത്രക്രിയ

യ്ക്ക് നിയമസാധുത നൽകി. അമേരിക്കയിൽ അതേ വർഷം തന്നെ സ്വവർഗ്ഗാനുരാഗികളുടെ അവകാശങ്ങൾക്കുവേണ്ടി ഓർഡിനൻസ് പാസ്സായി.

1974-ൽ Kathy kozachenko എന്ന സ്വവർഗ്ഗാനുരാഗി അമേരിക്കയിലെ Ann arbor Michigan സിറ്റി കൗൺസിലിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ചു. പാശ്ചാത്യനാട്ടുകളിൽ ലൈംഗികന്യൂനപക്ഷം രാഷ്ട്രീയമായി ശക്തിപ്രാപിക്കുന്നതിന്റെ ആദ്യസൂചനയാണിത്. (രണ്ടായിരത്തിപ്പത്ത് ആവുമ്പോഴേയ്ക്കും അമേരിക്കയിൽ മാത്രമല്ല വത്തിക്കാൻസഭയിൽപോലും സ്വവർഗ്ഗാനുരാഗികൾക്കുള്ള നിർണ്ണായക സ്വാധീനത്തെക്കുറിച്ച് വാർത്തകൾ പുറത്തുവന്നിട്ടുണ്ട്.)[31] എൺപതുകളിലും തൊണ്ണൂറുകളിലും പാശ്ചാത്യനാട്ടുകളിൽ 'പുറത്തുവരലുകൾ' (ComingOut) ധാരാളമായി സംഭവിച്ചു. സ്വവർഗ്ഗാനുരാഗിയായ ഒരാൾ തന്റെ ലൈംഗികാഭിമുഖ്യം തിരിച്ചറിയുകയും, തന്റെ ചുറ്റുപാട്ടുകളിൽ അത് തുറന്നുപറയുകയും ചെയ്യുന്നതിനെയാണ് 'പുറത്തുവരൽ' എന്ന സാങ്കേതികസംജ്ഞകൊണ്ട് ഉദ്ദേശിക്കുന്നത്. 'In the closet' (അകത്തൊതുങ്ങൽ) എന്ന സാങ്കേതിക സംജ്ഞകൊണ്ട് അർത്ഥമാക്കുന്നത് ഒരാൾ തന്റെ ലൈംഗികാഭിമുഖ്യം പല കാരണങ്ങൾകൊണ്ടും വെളിവാക്കാതെ രഹസ്യമാക്കി വെയ്ക്കുന്നതിനെയാണ്. ചുറ്റുമുള്ള സാമൂഹിക, സാംസ്കാരിക അവസ്ഥയാണ് യഥാർത്ഥത്തിൽ ഈ പ്രക്രിയകളെ നിയന്ത്രിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഒട്ടേറെ പ്രമുഖ വ്യക്തികൾ പാശ്ചാത്യനാട്ടുകളിൽ പുറത്തുവരൽ

നടത്തിയിട്ടുണ്ട്. 1990-കളിൽ എയ്ഡ്സ് രോഗത്തെക്കുറിച്ചുള്ള ബോധവത്കരണ പ്രവർത്തനങ്ങളിൽ പലരാഷ്ട്രങ്ങളും സ്വവർഗ്ഗാനുരാഗികളെ കാര്യമായി പങ്കെടുപ്പിച്ചിട്ടുണ്ട്. 1994-ൽ ജർമ്മനി പീനൽകോഡിലെ ഖണ്ഡിക-175 പൂർണ്ണമായും പിൻവലിച്ചു. ആ വർഷം തന്നെ ഇസ്രയേൽ സുപ്രീംകോടതി സ്ത്രീ-പുരുഷദമ്പതിമാർക്ക് ലഭ്യമായ എല്ലാ അവകാശങ്ങളും സ്വവർഗ്ഗദമ്പതികൾക്ക് അനുവദിച്ചുകൊണ്ട് വിധി പ്രസ്താവിച്ചു. 1995-ൽ സ്വീഡൻ സ്വവർഗ്ഗവിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ അനുമതി നൽകി. 1997-ൽ ഇംഗ്ലണ്ട് സ്വവർഗ്ഗവിവാഹിതർക്ക് കുടിയേറിപ്പാർക്കാനുള്ള നിയമതടസ്സങ്ങൾ ഒഴിവാക്കി. ഫിജിയും ദക്ഷിണാഫ്രിക്കയും ഭരണഘടനാപരമായി സ്വവർഗ്ഗാനുരാഗത്തെ അംഗീകരിച്ചു. 1999-ൽ കാലിഫോർണിയായും ഫ്രാൻസും സ്വവർഗ്ഗ ദമ്പതികളെ അംഗീകരിക്കുംവിധം, നിയമങ്ങളിൽ ഭേദഗതി വരുത്തി. സുപ്രീംകോടതി വിധിപ്രകാരം ഇസ്രായേൽ, ലെസ്ബിയൻ ദമ്പതിമാരിൽ ഒരാളുടെ മറ്റു ബന്ധത്തിലുള്ള കുട്ടിയുടെ നിയമപരമായ മാതാവായി പങ്കാളിയെക്കൂടി ഉൾപ്പെടുത്തി. നാസി കാലഘട്ടത്തിൽ സ്വവർഗ്ഗാനുരാഗികൾക്കുനേരെ നടന്ന പീഡനങ്ങളിൽ, രണ്ടായിരാമാണ്ടിൽ ജർമ്മനി ഔദ്യോഗികമായി ഖേദം പ്രകടിപ്പിച്ചു. ഇതേ കാലയളവിൽ, വിദേശികളായ സ്വവർഗ്ഗപങ്കാളികൾക്ക് പൗരത്വം നൽകി കുടിയേറിപ്പാർക്കാൻ ഇസ്രയേൽ അനുമതി നൽകി. രണ്ടായിരാമാണ്ടിൽ സ്വീഡൻ സ്വവർഗ്ഗദമ്പതികൾക്ക് കുട്ടികളെ ദത്തെടുക്കാൻ അനുമതി നൽകി. 2003-ൽ ജർമ്മൻ സുപ്രീംകോടതി സ്വവർഗ്ഗ

പങ്കാളികൾക്ക് മറ്റു വിവാഹിതർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഉറപ്പാക്കുംവിധം പൗരാവകാശങ്ങളിൽ ഭേദഗതി വരുത്തി.

2004 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ കൂടുതൽ രാഷ്ട്രങ്ങൾ സ്വവർഗ്ഗാനുരാഗത്തെയും സ്വവർഗ്ഗവിവാഹത്തെയും അംഗീകരിച്ചതായിക്കാണുന്നു. 2014 മാർച്ച് മാസത്തെ സ്ഥിതിവിവര കണക്കുകൾ പ്രകാരം അർജൻറീന, ബൽജിയം, ബ്രസീൽ, കാനഡ, ഡെന്മാർക്ക്, ഫ്രാൻസ്, പോർച്ചുഗൽ, ദക്ഷിണാഫ്രിക്ക, സ്പെയ്ൻ, സ്വീഡൻ, ഉറുഗ്വേ, അമേരിക്ക എന്നീ രാഷ്ട്രങ്ങൾ നിയമം മൂലം സ്വവർഗ്ഗവിവാഹങ്ങൾക്ക് നിയമസാധുത കല്പിച്ചിട്ടുണ്ട്. സ്വവർഗ്ഗവിവാഹത്തിന്റെ നിയമപ്രാബല്യം പരിഗണിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രങ്ങൾ ചൈന, കൊളംബിയ, ഫിൻലാൻറ്, ലക്സംബർഗ്, അയർലാന്റ്, നേപ്പാൾ, നൈജീരിയ, തായ്ലാന്റ്, ടർക്കി, വിയറ്റ്നാം തുടങ്ങിയവയാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ലോകരാഷ്ട്രങ്ങളിൽ ഒട്ടുമിക്കയിടങ്ങളിലും സ്വവർഗ്ഗാനുരാഗത്തെ നിയമപരമായെങ്കിലും പരിഗണിക്കുന്ന അവസ്ഥ സംജാതമായി. എങ്കിലും ഒറ്റപ്പെട്ട ചില സംഭവങ്ങൾ സ്വവർഗ്ഗാനുരാഗികൾക്ക് പ്രതികൂലമായും ഉണ്ടായിട്ടുണ്ട്. 2005 ജൂലായ് 19-ന് ഇറാനിൽ പതിനാറും പതിനെട്ടും വയസ്സുള്ള രണ്ട് യുവാക്കളെ സ്വവർഗ്ഗരതിയുടെ പേരിൽ പരസ്യമായി തൂക്കിക്കൊല്ലുകയുണ്ടായി. 2012-ൽ ഉഗാണ്ട പാർലമെൻറ് Anti-homosexuality bill തയ്യാറാക്കി. 2013 ഡിസംബർ 17ന് പാർലമെന്റും 2014 ഫെബ്രുവരി 25ന് ഉഗാണ്ട

പ്രസിഡണ്ടും പ്രസ്തുതബിൽ പാസ്സാക്കി. സ്വവർഗ്ഗാനുരാഗവും സ്വവർഗ്ഗരതിയും സ്വവർഗ്ഗവിവാഹവും ജീവപര്യന്തം ശിക്ഷവിധിക്കാവുന്ന കുറ്റങ്ങളായി പ്രസ്തുതബിൽ വിവക്ഷിക്കുന്നു. ഈ രണ്ട് സംഭവങ്ങൾക്കെതിരെയും ആഗോളതലത്തിൽ പ്രതിഷേധങ്ങൾ ഉണ്ടായി. 2013 ഡിസംബർ 12ന് ആസ്ത്രേലിയൻ സുപ്രീംകോടതി സ്വവർഗ്ഗവിവാഹങ്ങളെ നിയമവിധേയമല്ലാതാക്കി. 2014 ഫെബ്രുവരി 4 ന് സ്കോട്ട്ലാൻഡ് പാർലമെന്റ് സ്വവർഗ്ഗവിവാഹങ്ങളെ അംഗീകരിച്ചു. എന്നാൽ സ്വവർഗ്ഗാനുരാഗം അംഗീകരിക്കപ്പെട്ട സമൂഹങ്ങളിലടക്കം സ്വവർഗ്ഗരതിഭീതിയും വെറുപ്പും നിലനിൽക്കുന്ന സാഹചര്യമാണ് രണ്ടായിരത്തിപ്പത്തുകളിലും ഉള്ളത്. പരിമിതമായ നിലയ്ക്കുപോലും വെളിവാക്കപ്പെടാൻ സാഹചര്യമില്ലാത്ത നാട്ടുകളിലെ വ്യക്തികളിൽ ലൈംഗികാഭിമുഖ്യം അബോധപൂർവ്വമായി അടിച്ചമർത്തപ്പെട്ടുകയും പ്രസ്തുതചോദന മറ്റുപലപ്രകാരത്തിലും സ്വയം പ്രകാശിതമാവുകയും ചെയ്യും. സ്വവർഗ്ഗാനുരാഗത്തിന്റെ സാന്നിധ്യത്തെ നിഷേധിക്കുകയും അത് സ്വന്തം സംസ്കൃതിയുടെ ഭാഗമല്ലെന്ന് പറയുകയും ചെയ്യുന്ന പൌരസ്ത്യ നാട്ടുകളിൽ ഇന്ത്യയും പെടുന്നു. ഇന്ത്യയിലെ വിവിധ സമൂഹങ്ങൾ സ്വവർഗ്ഗാനുരാഗത്തിന്റെ സാധ്യതകളെ ഹിജഡകൾ തുടങ്ങിയ ഏതാനും വിഭാഗങ്ങളിലേയ്ക്കുമാത്രമായി പരിമിതപ്പെടുത്തി. ബാക്കി മേഖലകളെല്ലാം സ്വവർഗ്ഗാനുരാഗമുക്തമെന്ന് കാലാകാലങ്ങളായി ഭാരതീയർ സ്വയം വിശ്വസിക്കുകയോ മറ്റുള്ളവരെ വിശ്വസിപ്പിക്കുകയോ ചെയ്തുപോന്നു.

## 1.8. സ്വവർഗ്ഗാനുരാഗം - ഇന്ത്യയിൽ

ഇന്ത്യൻ സംസ്കാരം വിശാലാർത്ഥത്തിൽ ചൈനീസ്, പാക്കിസ്ഥാൻ, ടിബറ്റൻ സംസ്കാരങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒന്നാണ്. ഇന്ത്യയിൽത്തന്നെ അജഗജാന്തരമുള്ള സംസ്കൃതികളും വിശ്വാസ സംഹിതകളും പ്രാചീനകാലത്ത് നിലവിലിരുന്നു. മുഗൾ, ആര്യൻ, ദ്രാവിഡസംസ്കാരങ്ങൾ മുതൽ പ്രാചീനഗോത്ര സംസ്കൃതികൾ വരെ ഇവിടെ നിലനിൽക്കുന്നുണ്ട്. അവയെല്ലാം ജീവിതശീലങ്ങളിലും വിശ്വാസങ്ങളിലും തികഞ്ഞ വൈവിധ്യമാണ് പുലർത്തുന്നത്. ഈ വൈപുല്യവും വ്യതിരിക്തതയും ഭാരതീയന്റെ ലൈംഗികതയിലും ദർശി ക്കാനാവും. ലൈംഗികവ്യതിയാനങ്ങളെ ആനന്ദദായകങ്ങളായി കരുതിയിരുന്ന പ്രാചീനസമൂഹം ഭാരതത്തിൽ ഉണ്ടായിരുന്നു എന്ന് ഇവിടത്തെ കലയും സാഹിത്യവും വ്യക്തമാക്കുന്നുണ്ട്.[32] പൗരസ്ത്യ ലോകത്തെ അയൽ സംസ്കാരങ്ങളുമായി ഇന്ത്യയ്ക്കുണ്ടായിരുന്ന വിനിമ യങ്ങളും ഇതിനുകാരണമായിട്ടുണ്ടാവാം.

പ്രാചീന ചൈനയിൽ സ്വവർഗ്ഗാനുരാഗം ശക്തമായിരുന്നു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഉത്തരേന്ത്യയിൽ മുഗൾഭരണ കാലത്ത് സ്വവർഗ്ഗാനുരാഗം മറനീക്കി പുറത്തുവന്നിരുന്നു. ദക്ഷിണേന്ത്യ യിൽ ദ്രാവിഡർ എല്ലാ വൈവിധ്യങ്ങളെയും നിലനിർത്താൻ ശ്രമിച്ച

ജനവിഭാഗമായിരുന്നു. B.C.1500 വരെ പഴക്കം പറയുന്ന *മനുസ്മൃതി* യിൽ സ്വവർഗ്ഗഭോഗത്തെക്കുറിച്ച് പറയുന്നുണ്ട്. വർജ്ജ്യമായ രതിക്രിയ കളുടെ ഗണത്തിൽ ഒന്നെന്ന നിലയ്ക്കാണ് *മനുസ്മൃതി* സ്വവർഗ്ഗഭോഗ ത്തെ നിരീക്ഷിച്ചിട്ടുള്ളത്.[33] B.C.400-നോടടുത്ത് രചിക്കപ്പെട്ടതെന്നു കരുതുന്ന *കാമസൂത്ര*ത്തിൽ സ്വവർഗ്ഗാനുരാഗത്തെക്കുറിച്ച് സ്വാഭാവിക മെന്ന നിലയ്ക്കുള്ള പരാമർശങ്ങളുണ്ട്. 'തൃതീയാപ്രകൃതി' എന്നാണ് വാത്സ്യായനൻ ഇതിനെ വിശേഷിപ്പിക്കുന്നത്.[34] കൗമാരപ്രായക്കാരാ യ ആൺകുട്ടികൾ പരസ്പരം ചെയ്യുന്ന വദനസുരതത്തെക്കുറിച്ച് കാമസൂത്രത്തിൽ പറയുന്നുണ്ട്.[35] ഇതിഹാസകാവ്യങ്ങളിൽ സ്വവർഗ്ഗാ നുരാഗത്തിന്റെ സാധ്യതകൾ പല കഥാപാത്രങ്ങളുടെ കാര്യത്തിലും പറയപ്പെട്ടിട്ടുണ്ട്.[36]

മിത്തും വിശ്വാസവും ജീവിതരീതികളും വേർപിരിക്കാനാവാത്ത വിധം കലർന്നുകിടക്കുന്ന പ്രാചീനഭാരതത്തിലെ ലൈംഗീകജീവിത ത്തെക്കുറിച്ച് സമഗ്രമായ പഠനങ്ങൾ നടന്നിട്ടുണ്ടെന്ന് പറയാനാവില്ല. ഉപാദാനങ്ങളുടെ പരിമിതിയും ഇതിനൊരു കാരണമാണ്. ശില്പകലയേ യും ചുവർച്ചിത്രങ്ങളെയും അധികരിച്ചുണ്ടായിട്ടുള്ള മിക്ക പഠനങ്ങളും ഊഹങ്ങൾക്കപ്പുറം ശാസ്ത്രീയവുമല്ല. എങ്കിലും പ്രാചീന കാലത്തു തന്നെ ഭാരതത്തിൽ സ്വവർഗ്ഗലൈംഗികത നിലവിലുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാനുള്ള തെളിവുകൾ ധാരാളമാണ്.[37] പാശ്ചാത്യനാടുക ളിലുണ്ടായിരുന്നത്ര വിലക്കുകൾ ഈ വിഷയത്തിൽ ഭാരതത്തിലുണ്ടാ

യിരുന്നില്ല എന്ന നിഗമനവും യുക്തിസഹമാണ്. മറിച്ച കരുതാവുന്ന തെളിവുകളൊന്നും ലഭ്യമല്ല.

പാശ്ചാത്യഭരണത്തിൻ കീഴിലാണ് ഇന്ത്യയുടെ ഇപ്പോഴത്തെ സദാചാരം രൂപപ്പെട്ടതെന്ന് ന്യായമായും കരുതാവുന്നതാണ്. മത പരവും പ്രാദേശികവുമായ ചിട്ടകൾക്കും കീഴ്വഴക്കങ്ങൾക്കും അതീതമാ യി ഇന്ത്യയിൽ പൊതുനിയമങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തുടങ്ങിയത് ബ്രിട്ടീഷുകാരാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യ ത്തോടെ ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ രൂപീകരണവും പൂർത്തിയാ യി. ബ്രിട്ടീഷ് നിയമങ്ങൾക്കനുരൂപമായ വിധത്തിലായിരുന്നു ഇന്ത്യൻ ശിക്ഷാനിയമവും രൂപപ്പെടുത്തിയത്. സ്വവർഗ്ഗരതിക്ക് ജീവപര്യന്തം കഠിനതടവും പിഴയും വിധിക്കാൻ പര്യാപ്തമായ നിയമങ്ങളായിരുന്നു ഇന്ത്യൻപീനൽ കോഡ് 377 വകുപ്പപ്രകാരം രൂപപ്പെടുത്തിയിരുന്നത്. 148 വർഷത്തോളം നിലനിന്ന ഈ വകുപ്പ് സ്വവർഗ്ഗലൈംഗികതയെ കുറ്റകൃത്യമായി നിർവചിച്ചു. ബ്രിട്ടീഷ്സർക്കാരും ബ്രിട്ടീഷ്കോളനികളാ യിരുന്ന രാഷ്ട്രങ്ങളും സ്വവർഗ്ഗരതിയെ ഇതിനിടയിൽത്തന്നെ കുറ്റ വിമുക്തമാക്കിയിരുന്നു. 1973-ൽ മനോരോഗങ്ങളുടെ പട്ടിക പുനർവചി ച്ച DSM ക്ലാസ് 4 മാന്വലിലും സ്വവർഗ്ഗലൈംഗികതയെ രോഗങ്ങളുടെ പട്ടികയിൽ നിന്നൊഴിവാക്കിയിരുന്നു. എന്നാൽ, ഇന്ത്യയിൽ 2009 ജൂലായ് 2-ന് ഡൽഹി ഹൈക്കോടതി വിധി വരും വരെ സ്വവർഗ്ഗ രതിയെ പ്രകൃതിവിരുദ്ധ ലൈംഗികക്രിയയായി പരിഗണിച്ച് ശിക്ഷിച്ചു പോന്നു. ഡൽഹി ഹൈക്കോടതി വിധിപ്രകാരം അതുവരെ പ്രകൃതി

വിരുദ്ധമായി നിർവ്വചിച്ചിരുന്ന സ്വവർഗ്ഗരതി, പതിനെട്ടുവയസ്സ് തികഞ്ഞവർ ഉഭയസമ്മത പ്രകാരം ഏർപ്പെടുന്നതാണെങ്കിൽ, കുറ്റകരമല്ലാതാക്കി. എന്നാൽ നിയമപരമായി സ്വവർഗ്ഗാനുരാഗത്തിന് ലഭിച്ച സമത്വാവസ്ഥ സമൂഹത്തിൽ പ്രതിഫലിക്കുകയുണ്ടായില്ല. മാധ്യമചർച്ചകളിലും പൊതുവേദികളിലും അപരലിംഗപദവി വഹിക്കുന്ന വരും പൊതുപ്രവർത്തകരും വിധിയെ സ്വാഗതം ചെയ്യുകയും ക്രിസ്തീയ സഭയും മുസ്ലീംസംഘടനകളും ഹിന്ദുക്കളിലെ ചില വിഭാഗങ്ങളും വിധിയെ അപലപിക്കുകയും ചെയ്തു. 2013 ഡിസംബർ 11 ന് സുപ്രീം കോടതി, ഈ വിധി അസാധുവാക്കുകയും സ്വവർഗ്ഗരതിയെ ക്രിമിനൽ കുറ്റമായി നിലനിർത്തുകയും ചെയ്തു.

സാമൂഹികമായ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ പരിശോധി ച്ചാൽ 1990-കൾക്കുശേഷം ഇന്ത്യയിൽ ലൈംഗികന്യൂനപക്ഷാവകാശ ങ്ങൾക്കുവേണ്ടി കാര്യമായ പ്രവർത്തനങ്ങൾ നടന്നതായി കാണാം. ഉത്തരേന്ത്യയിലും മെട്രോനഗരങ്ങളിലും സ്വവർഗ്ഗാനുരാഗികളുടെ ചെറുകൂട്ടായ്മകൾ രൂപപ്പെട്ടുവരികയുണ്ടായി. മിക്കവാറും ഇടങ്ങളിൽ LGBT[38] കൂട്ടായ്മയായി പ്രത്യക്ഷപ്പെട്ട ഇവയിലൂടെ പൊതുജനമദ്ധ്യ ത്തിൽ വരുന്നവരിലേറെയും ട്രാൻസ്ജെൻഡർ ലിംഗപദവി വഹിക്കു ന്നവരാണ്. ഈ വിഭാഗം മുമ്പും ഹിജഡകളായി ഇന്ത്യയിൽ പലയിടത്തും ഉണ്ടായിരുന്നവരുമാണ്. ഹിജഡകൾ മാനസികമായി അപരലിംഗവ്യക്തിത്വം വഹിക്കുന്നവരാകയാൽ (Transgenders) ഇവരു ടെ ലൈംഗികതയെ എതിർവർഗ്ഗ ലൈംഗികത (Heterosexuality)

എന്നാണ് കണക്കാക്കേണ്ടത്. സ്വവർഗ്ഗാനുരാഗികളെന്നാൽ ഇത്തരം അപരലിംഗരാണെന്ന് തെറ്റിദ്ധരിക്കുന്ന രീതി ഇന്ത്യൻ സാഹചര്യ ത്തിൽ അടുത്തകാലംവരെ നിലനിന്നിരുന്നു.2009-ലെ ഹൈക്കോടതി വിധിക്കുശേഷം മെട്രോനഗരങ്ങളിൽ നടന്ന പ്രകടനങ്ങളിലും പൊതുയോഗങ്ങളിലും ലെസ്ബിയൻ പദവി വഹിക്കുന്നവർ ചെറിയ അളവിൽ സാന്നിധ്യമറിയിച്ചിട്ടുണ്ട്. അപരലിംഗ പദവിയിലുള്ളവരോ ടൊപ്പം ചേർന്ന് പോകാൻ സ്വവർഗ്ഗാനുരാഗികൾ പലപ്പോഴും താല്പര്യം കാണിക്കാറില്ലെന്നത് ഗേ-ലെസ്ബിയൻ സോഷ്യൽനെറ്റ്വർക്കുകൾ പരിശോധിച്ചാൽ വ്യക്തമാവുന്നതാണ്. 2009-ലെ കോടതിവിധിയെ തുടർന്ന് കേരളത്തിലും 'ഗേ-പ്രൈഡുകൾ'[39] സംഘടിപ്പിക്കപ്പെട്ടെങ്കിലും യഥാർത്ഥ സ്വവർഗ്ഗാനുരാഗികളുടെ അസാന്നിധ്യം ഇവയിൽ ശ്രദ്ധേയമായിരുന്നു. ഈ സാഹചര്യത്തിലാണ് കേരളസമൂഹത്തിലെ സ്വവർഗ്ഗലൈംഗികതയുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ചുള്ള സവി ശേഷാന്വേഷണം പ്രസക്തമാകുന്നത്.[40]

**1.9. സംഗ്രഹം**

അതിപുരാതനകാലം മുതൽക്കേ മനുഷ്യർക്കിടയിൽ സ്വവർഗ്ഗ ലൈംഗികതാല്പര്യം നിലവിലുണ്ടായിരുന്നു. ലൈംഗികസദാചാരം ഇന്ന ത്തേതുപോലെ കർക്കശമല്ലാതിരുന്ന കാലഘട്ടങ്ങളിൽ മറ്റേതൊരു ജൈവികാവശ്യവും പോലെ ലൈംഗികചോദനയും പരിഗണിക്കപ്പെട്ടി

രുന്നു. ലൈംഗികാവേഗങ്ങളുടെ പ്രശമനവും ആഹ്ലാദവും ആയിരുന്നു പ്രധാന ലൈംഗികലക്ഷ്യങ്ങൾ. പ്രകൃതിവിധേയമെന്നോ പ്രകൃതിവിരുദ്ധമെന്നോ ഉള്ള വേർതിരുവുകൾ മനുഷ്യപരിണാമത്തിന്റെ ആദ്യഘട്ടങ്ങളിൽ ഉണ്ടായിരിക്കുക സാധ്യമല്ല. പില്ക്കാല സമൂഹങ്ങളുടെ ശീലങ്ങളെ സംബന്ധിച്ച ചരിത്രപരാമർശങ്ങൾ പരിശോധിക്കുമ്പോൾ വ്യക്തമാവുന്ന ഒരു വസ്തുത, പല പ്രാചീന സമൂഹങ്ങളും സ്വവർഗ്ഗലൈംഗിക താല്പര്യങ്ങളെ സ്വാഭാവികമായിത്തന്നെ കണക്കാക്കിയിരുന്നു എന്നതാണ്. ഗ്രീക്കുസംസ്കൃതിപോലുള്ള ഉൽകൃഷ്ട സംസ്കാരങ്ങളിൽ സ്വവർഗ്ഗാനുരാഗമാണ് മികച്ചതെന്ന ധാരണപോലും ഉണ്ടായിരുന്നു. ജൈവികമായ നിലനില്പിനുവേണ്ടി ചെയ്യുന്ന സ്വാഭാവികക്രിയയായി എതിർവർഗ്ഗരതിയും, വീരത്വത്തിന്റേയും വൈജ്ഞാനികോന്നതിയുടേയും ഭാഗമായി കണക്കാക്കിയിരുന്ന സ്വവർഗ്ഗരതിയും ഗ്രീക്ക് സംസ്കാരത്തിന്റെ ഭാഗമായിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും ആദ്യകാലങ്ങളിൽ സ്വവർഗ്ഗാനുരാഗത്തെ തെറ്റായി പരിഗണിച്ചിരുന്നില്ല. ബി.സി.അഞ്ചാം നൂറ്റാണ്ടിൽ ജൂതന്മാർക്കിടയിലാണ് സ്വവർഗ്ഗാനുരാഗത്തിനെതിരെയുള്ള ആദ്യ പ്രതികരണങ്ങൾ കാണാൻ കഴിയുന്നത്.[41] പിന്നീട് ക്രിസ്തുമതം ജൂതസംഹിതകളെ പിന്തുടരുകയും, റോമാസാമ്രാജ്യം ക്രിസ്തീയമാവുകയും ചെയ്തതോടെ, അധികാരകേന്ദ്രങ്ങൾക്കെതിരെയുള്ള പ്രവണതയായി സ്വവർഗ്ഗാനുരാഗം ചിത്രീകരിക്കപ്പെട്ടു. അനുരാഗം പുരുഷനിൽ കേന്ദ്രീകരിക്കപ്പെടുന്ന അവസ്ഥയിൽ അധികാര കൈമാറ്റങ്ങൾ സങ്കീർണ്ണമാവുമെന്നതും ഇതിനൊരു കാരണമായിട്ടുണ്ടാവാം.

ക്രിസ്തുവിന്റെ വചനങ്ങൾ സ്വവർഗ്ഗാനുരാഗത്തിനെതിരെ യാതൊന്നും പറയുന്നില്ലെങ്കിലും ക്രിസ്തുവിനുശേഷം സ്വവർഗ്ഗാനുരാഗി കളോടുള്ള ക്രിസ്തീയസമീപനം നിശിതമാവുകയുണ്ടായി. A.D.അഞ്ചാം നൂറ്റാണ്ടുമുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെ മതപരവും സാംസ്കാരികവു മായി നിലനിന്ന ഇത്തരം എതിർപ്പുകൾ, പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടുവരെ സ്വവർഗ്ഗരതിക്കാരെ വേട്ടയാടിക്കൊല്ലുന്ന തരത്തിലുള്ളതായിമാറി. മതപരമോ വംശീയമോ ആയ വ്യത്യാസങ്ങ ളില്ലാതെ ലോകവ്യാപകമായിത്തന്നെ സ്വവർഗ്ഗാനുരാഗത്തിനെതിരെ യുള്ള നിലപാടുകൾ ഈ നൂറ്റാണ്ടുകളിൽ നിലനിന്നതായി കാണാം. അനേകം തലമുറകളോളം നീണ്ടുനിന്ന അടിച്ചമർത്തലുകളിലൂടെ ധാർമികവും ചിന്താപരവുമായ വിലക്കും പാപബോധവും ഇക്കാര്യത്തിൽ ദൃഢമായിത്തീർന്നു. അനേകകാലങ്ങളിലെ സമൂഹമനസ്സിനെ സ്വവർ ഗ്ഗരതിക്കെതിരായി രൂപപ്പെടുത്താൻ പീഡനങ്ങളുടെ നൂറ്റാണ്ടുകൾക്ക് സാധിച്ചു. എന്നാൽ ജൈവികമായ ഒരു ചോദനയുടെ വ്യതിരിക്ത ഭാവങ്ങളെ പൂർണ്ണമായും ഇല്ലാതാക്കാൻ അവയ്ക്ക് കഴിഞ്ഞതുമില്ല. ഇത് വ്യക്തിമനസ്സും സമൂഹമനസ്സും തമ്മിലുള്ള സംഘർഷങ്ങൾക്ക് കാരണ മായിത്തീരുകയും അനഭിലഷണീയമായ താല്പര്യങ്ങളെ വ്യക്തിബോധ ത്തിൽ നിന്നു മറയ്ക്കാനാവശ്യമായ പ്രതിരോധതന്ത്രങ്ങൾ സാംസ്കാരിക പരിസരങ്ങൾക്കനുസരിച്ച് വ്യക്തികൾക്ക് അബോധതലത്തിൽതന്നെ കൈക്കൊള്ളേണ്ടതായി വരികയും ചെയ്തു. പല സമൂഹങ്ങളിലും ഇത് പലപ്രകാരത്തിലാണ് പ്രകാശിതമായത്. ലൈംഗികോർജ്ജപ്രവാഹം

തടസ്സപ്പെടുമ്പോൾ അത് എപ്രകാരം അസ്വാഭാവികമാകുന്നുവെന്നും, ആയത് വ്യക്തിത്വത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുമെന്നുമുള്ള അന്വേഷണമാണ് അടുത്ത അധ്യായത്തിൽ നടത്തുന്നത്.

**കുറിപ്പുകൾ**

---

[1] Gwen J. Broude and Sarah J. Greene, *Cross-Cultural Codes on Twenty Sexual Attitudes and Practices* , Ethnology, Vol. 15, No. 4 (Oct., 1976), pp. 409-429.

[2] Louis Crompton. *Homosexuality and Civilization* (Belknap press of Harvard University, London, 2003)

[3] ibid. p. xi-xv

[4] Finley Moses. *Democracy-Ancient and Modern* (Rutgers Uty Press, London, 1985)
Copleston, Frederick. *History of Philosophy*, vol.1 (Library edn, NewYork,2003)
Thomas Heath. *A History of Greek Mathematics* (Courier Dover Publi., NY, 1981)
Brockett, Oscar G. *History of the theatre*, 6th edn. (Allyn & Bacon, Inc., USA, 1991)
'Hellenistic Age' : Online Encyclopeadia Britanica (http://www.britannica.com/)

[5] Kenneth Dover. Greek Homosexuality (Harvard University press, 1978)
ടി പുസ്തകത്തിനു മുമ്പ്, 1873 ൽ John Addington *The problem of Greek ethics and other writings* എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചിരുന്നുവെങ്കിലും, അത് ഗ്രീക്ക്സ്വവർഗ്ഗാനുരാഗത്തെ കുറിക്കുന്ന സമഗ്രപഠനമായിരുന്നില്ല. ഈ വിഷയത്തിലെ മറ്റൊരു ശ്രദ്ധേയമായ പഠനം David M Halperin രചിച്ച *One hundred years of Homosexuality and other essays on Greek love* (Routledge, NewYork, 1990) എന്ന ഗ്രന്ഥമാണ്.

[6] Wohl, Victoria. *Love among the Ruins - The erotics of democracy in classical Athens* (Princeton University press, 2002) p.6-7

[7] Louis Crompton. 'Early Greece-776-480.BCE', *Homosexuality and Civilization* (London, 2003) p.3

[8] ibid. p.4

[9] ibid. 'The Phaedrus and the Laws'. p.60-61

[10] ibid. 'Early Greece-776-480.BCE', p.10

[11] ibid. p.15

[12] Bowra.C.M. *Greek Lyric poetry from Alcman to Simonides* (Clarendon press, Oxford, 1961) p.178

[13] 'Lesbian', Origin-" late 19th century: via Latin from Greek Lesbios, from LESBOS, home of Sappho, who expressed affection for women in her poetry"- Oxford English Dictionary, 2nd edn. 1989.

[14] " ഈ മ്ലേച്ഛത ഒക്കെയും നിങ്ങൾക്കുമുമ്പേ ഈ ദേശത്തുണ്ടായിരുന്നവർ ചെയ്തു, ദേശം അശുദ്ധമായിത്തീർന്നു. നിങ്ങൾക്കു മുമ്പെ ഉണ്ടായിരുന്ന ജാതികളെ ദേശം ഛർദ്ദിച്ചുകളഞ്ഞതുപോലെ നിങ്ങളെയും ഛർദ്ദിച്ചു കളയാതിരിപ്പാൻ നിങ്ങൾ എന്റെ ചട്ടങ്ങളും വിധികളും പ്രമാണിക്കണം., ഈ മ്ലേച്ഛതകളിൽ യാതൊന്നും സ്വദേശിയാകട്ടെ നിങ്ങളുടെ ഇടയിൽ പാർക്കുന്ന പരദേശിയാകട്ടെ ചെയ്യരുത്. ആരെങ്കിലും ഈ സകലമ്ലേച്ഛതകളിലും ഏതെങ്കിലും ചെയ്താൽ അങ്ങനെ ചെയ്യുന്നവരെ അവരുടെ ജനത്തിൽ നിന്നും ഛേദിച്ചുകളയണം. ആകയാൽ നിങ്ങൾക്ക് മുമ്പെ നടന്ന ഈ മ്ലേച്ഛമര്യാദകളിൽ യാതൊന്നും ചെയ്യാതെയും അവയാൽ അശുദ്ധരാകാതെയും ഇരിപ്പാൻ നിങ്ങൾ എന്റെ പ്രമാണങ്ങളെ പ്രമാണിക്കേണം. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു" - ലേവ്യർ 18: 26-30

[15] Louis Crompton. 'Philo of Alexandria', *Homosexuality and Civilization* (London, 2003) p.43-46

[16] "Caesar conquered the Gauls, but Nicomedes conquered Caesar"-Suetonius 1:69, *Suetonius,* Vol.2, Trans. Rolfe.J.C (Harvard University press, Cambridge, 1913)

[17] Eyben, Emiel. *Restless youth in ancient Rome* (Routledge, NewYork, 1993) p.235-236

[18] Ferguson, John. *Clement of Alexandria* (Twayne Publishers, NewYork, 1994) p.12-48
[19] ibid. p.87

[20] Martin, Hubert. *Plutarch, Plato and Eros* (illinois classicalbulletin 60, 1984) p.82-88
[21] A.D രണ്ടാം നൂറ്റാണ്ടിൽ ഗ്രീസിൽ ജീവിച്ചിരുന്ന Lucian of Samosataയുടെ കാലത്തിനു ശേഷമാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടത്. Source: www.ipce.info/library_3/files/foucault_6/ch_2.htm

[22] Louis Crompton. 'The Lucianic Affairs of the Heart', *Homosexuality and Civilization* (2003) p.124-125

[23] ibid.'The presecutions of Justinian', *Homosexuality and Civilization* (2003) p.142-149

[24] ibid. 'The book of Gomorrah', *Homosexuality and Civilization* (2003) p.175-177

[25] ibid. 'The Harvest begins' *Homosexuality and Civilization* (2003) p.201-202
പീഡനങ്ങളുടെ ചരിത്രം സംക്ഷേപിച്ചിരിക്കുന്നത്, *Homosexuality and Civilization* എന്ന ഗ്രന്ഥത്തിൽ നിന്നും, www.webcitation.org/5knsbJ2KF, www.queeringthechurch.com/2009/07/15/burned-for-sodomy, www.en.wikipedia.org/wiki/Violence_against_LGBT_people എന്നീ വെബ്സൈറ്റുകളിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ ആധികാരികത പരിശോധിച്ചുകൊണ്ടുമാണ്

[26] 1869-ൽ ആസ്ട്രിയൻ നോവലിസ്റ്റായ Karl-Maria-Kertbeng ഈ വാക്ക് ഒരു കയ്യെഴുത്തുപ്രതിയിൽ ഉപയോഗിച്ചതായി കാണുന്നുണ്ട്. 1886-ൽ Richard Von Krafft Ebing ഒരു സംജ്ഞയായി *'Psychopathia Sexualis'* എന്ന ഗ്രന്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ ഈ വാക്കിന് വ്യാപകമായ പ്രചാരം ലഭിച്ചത് J.A.Symond പ്രയോഗിച്ചതിനുശേഷമാണ്.

[27] Directed by Mauritz Stiller, Written byAxel Esbensen, Mauritz Stiller, Cinematography-Julius Jaenzon, Distributed by Svenska Biografteatern, Release date-1916,Running time-69 minutes,Country-Sweden

[28] Grigorii Batki .'The Sexual Revolution in Russia',1923 (A pamphlet by Grigorii Batki, the director of the Moscow Institute of Social Hygiene is published. In it he states, "Concerning homosexuality...Soviet legislation treats these exactly the same as so-called "natural" intercourse. All forms of sexual intercourse are a private matter.")

[29] Bourdet, Edouard. 'The Captive' (Play, adapted from *La Prisonniere*, NewYork,1927)

[30] Wainwright Churchill. *Homosexual behavior among males-A cross cultural and cross species investigation* (Prism paper back edn., Prentice Hall, 1971)

[31] *"Pope Francis reportedly confirmed the existence of a 'gay lobby' within the Roman Curia, in a candid conversation with visiting religious from Latin America"* ( https://www.catholicculture.org/news/headlines/index.cfm?storyid=18120)

[32] അനുബന്ധം ഒന്നും, രണ്ടും കാണുക

[33] *Manusmriti*. XI-175 "A twice-born man who commits an unnatural offence with a male, or has intercourse with a female in a cart drawn oxen, in water, or in day time, shall bath, dressed in his clothes"

[34] വാത്സ്യായനൻ. *കാമസൂത്രം* (ഗായത്രി പബ്ലിക്കേഷൻസ്, കോട്ടയം, 2011) പു.132-134

[35] അതിൽത്തന്നെ, പു.136-137

[36] Morgan, Peggy; Lawton, Clive. *Ethical issues in six religious traditions* (Edinburgh University press, 2006) p.15
Vanita, Ruth; Kidwai, Saleem. *Same-sex love in India: Reading from literature and history* (Palgrave Macmillan, UK, 2001) p.18,68-98

മഹാഭാരതത്തിലെ കൃഷ്ണാർജ്ജുനബന്ധത്തിൽ, ഗാഢമായ സ്വവർഗ്ഗാനുരാഗ ചിഹ്നങ്ങളുണ്ടെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ശിവ-വിഷ്ണു സംഗമവും അർദ്ധനാരീശ്വര സങ്കൽപ്പവും സുഗ്രീവ-ഹനുമൽ ബന്ധവുമെല്ലാം പുനർഭാവനയ്ക്ക് വിഷയീഭവിച്ചിട്ടുണ്ട്.

വാല്മീകി രാമായണം (സുന്ദരകാണ്ഡം, സർഗ്ഗം 9, 63-66 ശ്ലോകങ്ങൾ) സ്ത്രീസ്വവർഗ്ഗലൈംഗികതയുടെ ചിഹ്നങ്ങളുള്ളവയാണ്. മഹാഭാരതത്തിലെ കർണ്ണപർവ്വത്തിൽ കർണ്ണ-ശല്യ വാദങ്ങൾക്കിടയിൽ സ്വവർഗ്ഗസ്നേഹത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട് (*ഭാഷാഭാരതം* -വിവ. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ. ഡി.സി.ബുക്സ്, കോട്ടയം, 2007. പു-148, ശ്ലോകം 41 മുതൽ 47 വരെ)

വിഷ്ണുവിന്റെ മോഹിനിവേഷകഥയെ ആസ്പദമാക്കി, അപരലിംഗരതിക്കാർ ഇപ്പോഴും ഉത്സവമാഘോഷിച്ചുവരുന്നുണ്ട്, തമിഴ്നാട്ടിലെ കൂവഗത്ത്.

***'ഹിജഡകളുടെ ആഘോഷങ്ങൾ'***

"ഹിജഡകൾക്കുമാത്രമായി ഒരു ആഘോഷം തന്നെയുണ്ട്. ഇസ്ലാമുകൾ ഹജ്ജിനു പോകാനാഗ്രഹിക്കുന്നതുപോലെ, ഹിന്ദുക്കൾ ശബരിമലയിലും കാശിയിലുമൊക്കെ പോകാനാഗ്രഹിക്കുന്നതുപോലെ, ഒരോ ഹിജഡയുടേയും നിർവൃതിപകരുന്ന മോഹമാണ് ചിത്രപൂർണ്ണിമദിവസം തമിഴ്നാട്ടിലെ വില്ലുപുരം ജില്ലയിലെ ഉളുന്തൂർ പേട്ട താലൂക്കിലെ കൂവഗം എന്ന സ്ഥലത്തു നടക്കുന്ന ആഘോഷത്തിൽ പങ്കെടുക്കുക എന്നത്. അറവാണദേവന്റെ (കൂത്താണ്ടവർ) ക്ഷേത്രത്തിലാണ് ഈ ആഘോഷങ്ങൾ നടക്കുന്നത്. വിവാഹവും വൈധവ്യവും ഒന്നിച്ചു നടത്തപ്പെടുന്ന വിപുലമായ ഈ ആഘോഷത്തിൽ പങ്കെടുക്കാനായി വർഷങ്ങളായുള്ള സമ്പാദ്യം സൂക്ഷിച്ചുവെക്കുന്നവർ പോലും ഇവരുടെ ഇടയിലുണ്ട്. ഈ ആഘോഷത്തിന്റെ പിന്നിലെ കഥയും രസാവഹമാണ്. മഹാഭാരതയുദ്ധത്തിനിടയിൽ ഒരു പ്രത്യേക ദശാസന്ധിയിൽ കൗരവരെ ജയിക്കാൻ പാണ്ഡവസേനയിൽ നിന്നു ഒരാളുടെ ദേഹത്യാഗം ആവശ്യമായി വന്നു. ദേഹത്യാഗം ആരു ചെയ്യുമെന്നതായി അടുത്ത പ്രശ്നം. അർജ്ജുനനു വനവാസകാലത്തുണ്ടായ അരവണൻ എന്ന മകൻ ദേഹത്യാഗത്തിനു തയ്യാറായി മുന്നോട്ടു വന്നു. (തമിഴ് വംശജർ ആത്മാഹുതിക്ക് എന്നും പ്രസിദ്ധരാണല്ലോ). അരവണനു ഒരു ആഗ്രഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മരിക്കുന്നതിനുമുന്നേ വിവാഹം കഴിക്കണം. പക്ഷേ നാളെ മരിക്കാൻ പോകുന്ന യുവാവിനെ ആരു വിവാഹം കഴിക്കാൻ? എല്ലാത്തിനും ഉപാധി കണ്ടെത്തുന്ന ശ്രീകൃഷ്ണൻ ഇതിനും ഉപാധി കണ്ടെത്തി. കൃഷണൻ തന്നെ മോഹിനീവേഷം ധരിച്ചു അരവണനെ വിവാഹം കഴിച്ചു. ഒരുദിവസം മാത്രം മോഹിനിയുടെ കൂടെക്കഴിഞ്ഞ അരവണൻ പിറ്റേദിവസം ദേഹത്യാഗം ചെയ്തു. ഈ കഥയുടെ പിൻതുടർച്ചയായി എല്ലാ വർഷവും ചിത്രപൂർണ്ണിമ നാളിൽ ഓരോ ഹിജഡകളും കൃഷ്ണന്റെ അവതാരമായ മോഹിനിയായി മാറുന്നു . കൂവഗത്തെ ക്ഷേത്രപൂജാരി ഈ ആഘോഷദിവസം അരവണനായി സങ്കൽപ്പിച്ചു ഹിജഡകളെ താലികെട്ടി വിവാഹം കഴിക്കുന്നു. ഒരു ദിവസം അവർ സുമംഗലികളായി ജീവിക്കുന്നു. പിറ്റേ ദിവസം ആ പൂജാരി തന്നെ അവരുടെ

താലി അറുത്തു മാറ്റി അവരെ വിധവകളാക്കുന്നു. കരച്ചിലും ബഹളവുമായി അവരുടെ ദാമ്പത്യം ഒരു ദിവസം കൊണ്ടു അവസാനിക്കുന്നു. അരവണന്റെ ഭാര്യയായതിനാൽ ഹിജഡകളെ അരവാണി എന്നാണു വിളിക്കാറ്. ആഘോഷത്തിന്റെ അവസാനം സ്ത്രീകളുടെ സൌന്ദര്യമത്സരത്തിലേതു പോലുള്ള പരേഡുകൾ അവിടെ അരങ്ങേറും. അവിടെ വെച്ച് ഹിജഡകളെ തെരഞ്ഞെടുക്കാനും അവരോടൊത്തു ശരീരസുഖം പങ്കിടാനും നിരവധി പേരുണ്ടാകുന്നുണ്ടെന്നുള്ളത് ഏതു ലൈംഗിക സമവാക്യങ്ങൾ കൊണ്ടാണു നിർവചിക്കേണ്ടത് !!"

(അവലംബം : http://krishnathrishna.blogspot.in/2008/10/blog-post_26.html)

37 അനുബന്ധം -1 കാണുക

38 LGBT-Lesbian, Gay, Bisexual, Transgender എന്നതിന്റെ ചുരുക്കരൂപം. ലൈംഗികവ്യക്തിത്വത്തിന്റെ കാര്യത്തിൽ വ്യക്തതകൈവരിക്കാത്ത Questioning എന്ന വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി LGBTQ എന്നും, വ്യതിരിക്ത തല്പരരായ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് Queer എന്നും അറിയപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അനുബന്ധം -3 കാണുക

39 ലൈംഗികന്യൂനപക്ഷം നടത്തുന്ന പ്രദർശനപരതയുള്ള റാലികളെ ആഗോളതലത്തിൽ ഗേ-പ്രൈഡ് അഥവാ, 'സ്വവർഗ്ഗാനുരാഗികളുടെ സ്വാഭിമാനയാത്ര' എന്നാണ് അറിയപ്പെടുന്നത്.

"Gay pride or LGBT pride is the positive stance against discrimination and violence toward lesbian, gay, bisexual, and transgender (LGBT) people to promote their self-affirmation, dignity, equality rights, increase their visibility as a social group, build community, and celebrate sexual diversity and gender variance. Pride, as opposed to shame and social stigma, is the predominant outlook that bolsters most LGBT rights movements throughout the world. Pride events are typically held during the month of June or some other period that commemorates a turning point in a country's LGBT history, for example Moscow Pride in May for the anniversary of Russia's 1993 decriminalization of homosexuality. Some pride eveninclude LGBT pride parades and marches, rallies, commemorations, community days, dance parties, and large festivals. Common symbols of pride are the rainbow or pride flag, the lowercase Greek letter lambda (λ), the pink triangle and the black triangle, these latter two reclaimed from use as badges of shame in Nazi concentration camps. Christopher

Street Liberation Day on June 28, 1970 marked the first anniversary of the Stonewall riots with an assembly on Christopher Street and the first Gay Pride march in U.S. history. The next year, Gay Pride marches took place in Boston, Dallas, Milwaukee, London, Paris, West Berlin and Stockholm. By 1972 the participating cities included Atlanta, Buffalo, Detroit, Washington, Miami, and Philadelphia as well as San Francisco." (www.en.wikipedia.org/wiki/Gay_pride)
2009-ലെ ഡൽഹി ഹൈക്കോടതിവിധിയെത്തുടർന്ന് കേരളത്തിലും എല്ലാവർഷവും ജൂലൈ 2-ന് ഗേ-പ്രൈഡ് നടക്കാറുണ്ട്. തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിലാണ് ഇവ നടക്കാറുള്ളത്.

[40] മൂന്നാമധ്യായത്തിൽ പ്രധാനമായും ചർച്ചചെയ്യുന്നത് ഈ വിഷയമാണ്

[41] മതപരമായ വിലക്കിന്റെ രൂപത്തിലാണ് ഇതാദ്യം പ്രത്യക്ഷപ്പെടുന്നതെങ്കിലും, ജൂതന്മാരുടെ വംശീയമായ ചില വിഹ്വലതകൾ സ്വവർഗ്ഗാനുരാഗത്തിനെതിരെ തിരിയാൻ ഇടവരുത്തിയിട്ടുണ്ട്. സ്വവർഗ്ഗാനുരാഗത്തെ അംഗീകരിച്ചാൽ സ്വന്തം വംശത്തിന്റെ ജനസംഖ്യ കുറയുമെന്ന പേടിയായിരുന്നു അതിൽ പ്രഥമസ്ഥാനത്തുണ്ടായിരുന്നത്. പിന്നീട് ഓരോ ജനപഥവും ഇതേറ്റുപിടിച്ചതിനു പിന്നിൽ സാമൂഹികവും സാമ്പത്തികവും മതപരവും രാഷ്ട്രീയവുമായ ഒട്ടനേകം കാരണങ്ങൾ കണ്ടെത്താൻ കഴിയും. അത്തരം ഒരന്വേഷണം ഈ പ്രബന്ധത്തിന്റെ ലക്ഷ്യമല്ല.

# അധ്യായം - രണ്ട്

## 2. മനസ്സും ലൈംഗികതയും

ലൈംഗികതയെക്കുറിച്ചും ലൈംഗികമനശ്ശാസ്ത്രത്തെക്കുറിച്ചും തുറന്ന് ചർച്ചചെയ്യാൻ മടികാണിക്കുന്ന സമൂഹമാണ് ഇപ്പോഴും കേരളത്തിൽ നിലനിൽക്കുന്നത്. ലൈംഗികതയടക്കമുള്ള ഏതു വിഷയത്തെ കുറിച്ചും ശാസ്ത്രീയവും വിശകലനാത്മകവും സത്യസന്ധവുമായ പഠനങ്ങൾ നടക്കേണ്ടത് സാമൂഹ്യപുരോഗതിക്ക് അത്യാവശ്യമാണ്. സിഗ്മണ്ട് ഫ്രോയ്ഡ് (A.D.1856-1939) അദ്ദേഹം ജീവിച്ചിരുന്ന കാലത്തു തന്നെ മനശ്ശാസ്ത്രരംഗത്ത് വിപ്ലവകരമായ ചലനങ്ങൾ സൃഷ്ടിച്ച വ്യക്തിയാണ്. ലൈംഗികതയെയും ലൈംഗികവ്യതിയാനത്തെയും സംബന്ധിച്ച് ഫ്രോയ്ഡ് നടത്തിയിട്ടുള്ള പഠനങ്ങൾ പില്ക്കാലത്ത് ഒട്ടേറെ തിരുത്തലുകൾക്കും വിമർശനങ്ങൾക്കും വിധേയമായിട്ടുണ്ട്. എങ്കിലും, അടിസ്ഥാനപരമായ ആശയങ്ങളിൽ കാര്യമായ തിരുത്തലുകളൊന്നും ഇപ്പോഴും സംഭവിച്ചിട്ടില്ല. സ്വാഭാവികമായ രതിജീവിതത്തെക്കാൾ ഉപരിയായി രതിവൈകൃതങ്ങളെക്കുറിച്ചാണ് ഫ്രോയ്ഡ് പഠനം നടത്തിയിട്ടുള്ളത് എന്നൊരാക്ഷേപം നിലവിലുണ്ട്. എന്നാൽ, ഈ വിഷയത്തിൽ ഫ്രോയ്ഡ് നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ കുറെക്കൂടി സൂക്ഷ്മമായി പരിശോധിക്കുമ്പോഴാണ് മനുഷ്യജീവിതത്തിൽ ലൈംഗിക വ്യതിയാനങ്ങൾക്കുള്ള സ്ഥാനം വ്യക്തമാവുക.

മനുഷ്യരുടെയും മറ്റുജന്തുക്കളുടെയും ലൈംഗികാവശ്യത്തെ ജീവശാസ്ത്രം *ലൈംഗിക ചോദന* (Sexual instinct)[1] എന്നാണ് വിളിക്കുന്നത്. വിശപ്പിന് ഭക്ഷണം എന്നതുപോലെയാണ് ജീവശാസ്ത്രം ലൈംഗിക ചോദനയ്ക്ക് പരിഹാരമാകുന്ന കാമപൂരണത്തെ കണക്കാക്കുന്നത്. ലത്തീൻ ഭാഷയിൽ *അഭിലാഷത്തിന്* സമാനമായ പദം *ലിബിഡോ* (Libido) എന്നാണ്.[2] ഈ പദത്തെയാണ് ഫ്രോയ്ഡ് തന്റെ പഠനങ്ങളിൽ ലൈംഗികചോദനയെ കുറിക്കാൻ ഉപയോഗിച്ചിക്കുന്നത്. ലൈംഗികചോദനയെക്കുറിച്ച് നിലനിൽക്കുന്ന കാഴ്ചപ്പാട് ഫ്രോയ്ഡ് ഇങ്ങനെ സംക്ഷേപിക്കുന്നു:

> "ലൈംഗികചോദനയെക്കുറിച്ചുള്ള ജനസാമാന്യത്തിന്റെ ധാരണയെ ഏതാണ്ട് ഇങ്ങനെ സംഗ്രഹിയ്ക്കാം. ബാല്യത്തിൽ അനുഭവപ്പെടാത്തതും, പ്രായപൂർത്തിയാവുന്നതിനോടനുബന്ധിച്ച് ഉളവായിത്തുടങ്ങുന്നതുമായ ഒരു ചോദനയാണത്. പെൺകുട്ടികൾ ഋതുമതിയാവുന്നതു മുതലും ആൺകുട്ടികൾക്ക് സ്ഖലനശേഷി കൈവരുന്നതു മുതലും ആ ചോദന അനുഭവപ്പെട്ടുതുടങ്ങുന്നു. എതിർലിംഗക്കാരോട് അടക്കാനാവാത്ത ആകർഷണമായി അതു പ്രകടമാകുന്നു. സംഭോഗമാണ് ആ ആകർഷണത്തിന്റെ അന്തിമ ലക്ഷ്യം. എതിർലിംഗക്കാരോട് അടുപ്പം തോന്നുന്നതും ആ ഒരു ലക്ഷ്യത്തെ ലാക്കാക്കിയാണ്. സത്യത്തിൽ തെറ്റായ ധാരണയാണ് ഇതെല്ലാം. ഇവ വസ്തുതാവിരുദ്ധവും പെട്ടെന്ന് എത്തിച്ചേരുന്ന ചില നിഗമനങ്ങളുമാണ്."[3]

നിലനിൽക്കുന്ന ധാരണകളെ വിശകലനം ചെയ്യാൻ, ഫ്രോയ്ഡ് ഈ ഘട്ടത്തിൽ രണ്ട് സാങ്കേതിക സംജ്ഞകളെ ഉപയോഗിക്കുന്നു. ലൈംഗികാകർഷണത്തിന് വിധേയമാകുന്ന വ്യക്തിയെ *ലൈംഗികോപാധി* (Sexual object) എന്നും, അതിലൂടെ ലക്ഷ്യംവെയ്ക്കുന്ന ഇച്ഛാപൂര

ണത്തെ *ലൈംഗികോന്നം* (Sexual aim) എന്നും വിളിക്കുന്നു. ഈ രണ്ടു ഘടകത്തിലും സംഭവിക്കുന്ന വ്യതിയാനങ്ങൾ ലൈംഗിക ജീവിതത്തെയും വ്യക്തി ജീവിതത്തെയും സാമൂഹ്യബന്ധങ്ങളെയും ബാധിക്കുന്നതായി ഫ്രോയ്ഡ് സിദ്ധാന്തിക്കുന്നു.

## 2.1. ലൈംഗിക വ്യതിയാനങ്ങൾ - ഉപാധിയുടെ അടിസ്ഥാനത്തിൽ

മനുഷ്യരെ പൊതുവിൽ ആണും പെണ്ണുമായി വിഭജിച്ചിരിക്കുന്നു എന്നും, വിഭജനം ചെയ്യപ്പെട്ട ഘടകങ്ങൾ പരസ്പരം പൂരണം ചെയ്യാൻ ശ്രമിക്കുന്നതാണ് ലൈംഗികപ്രക്രിയയെന്നും കാവ്യാത്മകമായ ചില വിവരണങ്ങൾ മതഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്.[4] എന്നാൽ ഈ സമവാക്യത്തിന് വിരുദ്ധമായി ജീവിക്കുന്ന ആളുകളെ ലോകത്തെല്ലാ കാലത്തും ഗണ്യമായ തോതിൽ കാണാൻ കഴിഞ്ഞിരുന്നു. ഇത്തരം ആളുകൾ പെരുമാറ്റത്തിൽ ഭിന്നതകൾ പുലർത്തുന്നവരാണ്. അവർ സമ്പൂർണ്ണ സ്വവർഗ്ഗരതിക്കാരോ ഭാഗിക സ്വവർഗ്ഗരതിക്കാരോ ഉഭയരതിപ്രവണത പ്രദർശിപ്പിക്കുന്നവരോ അനിശ്ചിത ലൈംഗിക പ്രകൃതിക്കാരോ അലൈംഗികരോ ആയിരിക്കാം. സമ്പൂർണ്ണ സ്വവർഗ്ഗ രതിക്കാരുടെ ഉപാധി എല്ലായ്പ്പോഴും സ്വന്തം ലിംഗപദവിയിലുള്ളവർ തന്നെയായിരിക്കും. എതിർലിംഗക്കാർ ഒരിക്കലും അവരുടെ

ലൈംഗികോപാധികളാവില്ല. എതിർലിംഗക്കാർ അവരിൽ മടുപ്പും ലൈംഗിക താൽപ്പര്യക്കുറവും സൃഷ്ടിക്കുകയാവും ചെയ്യുക. ഇത്തരം താൽപ്പര്യക്കുറവിന്റെ ഫലമായി പുരുഷൻമാർക്ക് സ്ത്രീകളുമായി ലൈംഗികവേഴ്ച നടത്താൻ ശേഷിയില്ലാതാവുകയും സ്ത്രീകൾക്ക് പുരുഷ ന്മാരൊത്തുള്ള സംഭോഗം ആസ്വാദ്യകരമല്ലാതാവുകയും ചെയ്യും. ഭാഗികമായി സ്വവർഗ്ഗരതിക്കാരായ ആളുകൾ സാഹചര്യാനുസ രണം സ്വവർഗ്ഗരതി താല്പര്യം പ്രദർശിപ്പിച്ചെന്ന് വരാം. ലൈംഗിക താല്പര്യത്തിൽ അനിശ്ചിതത്വം പുലർത്തുന്നവർ സ്വവർഗ്ഗലൈംഗിക താല്പര്യം പ്രദർശിപ്പിക്കുമ്പോൾ തന്നെ എതിർലിംഗക്കാരോടും താല്പര്യം പുലർത്തുകയും തങ്ങളുടെ യഥാർത്ഥ ലൈംഗികതാല്പര്യം എന്തെന്ന് നിർണയിക്കാൻ പറ്റാത്തവരുമായിരിക്കും. തങ്ങളുടെ ലൈംഗിക ചോദനയെക്കുറിച്ചുള്ള സ്വവർഗ്ഗരതിക്കാരുടെ വീക്ഷണങ്ങളും വ്യത്യസ്ത മായിരിക്കും. ഒരു വിഭാഗമാളുകൾ തങ്ങളുടെ സ്വവർഗ്ഗതാല്പര്യത്തെ അപരാധമായി പരിഗണിക്കുന്നവരല്ല. സ്വാഭാവിക ലൈംഗിക പ്രക്രിയയായി അവരതിനെ കാണുന്നു. എന്നാൽ മറ്റുചിലരാകട്ടെ ഇതിനെ വെറുപ്പോടെയും, വേറെ ചിലർ രോഗമായും പരിഗണിക്കുന്നു.

സ്വവർഗ്ഗലൈംഗികതാല്പര്യം ചിലർ ബാല്യത്തിലേ തിരിച്ച റിയും. എന്നാൽ അധികമാളുകളും കൗമാരത്തിലായിരിക്കും ഈ പ്രവണതയെക്കുറിച്ച് ബോധവാന്മാരാവുക. എതിർലിംഗക്കാരുമായുള്ള

ലൈംഗികവേഴ്ച നിരാശാജനകമായതിനുശേഷം തങ്ങളിലെ സ്വവർഗ്ഗ താല്പര്യം തിരിച്ചറിയുന്നവരുമുണ്ട്. സ്വവർഗ്ഗാനുരാഗത്തെ സിരാസംബ ന്ധിയായ അസുഖമായി ആദ്യഘട്ടങ്ങളിൽ പരിഗണിച്ചിരുന്നു. സിഗ്മണ്ട് ഫ്രോയ്ഡ് ഈ വിഷയത്തിലുള്ള ഗവേഷണങ്ങൾ ആരംഭിക്കുന്ന പത്തൊമ്പതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ ഈ കാഴ്ചപ്പാട് പ്രബലമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ രോഗ തുല്യമായ അപകർഷമായി സ്വവർഗ്ഗരതിയെ പരിഗണിക്കുമ്പോൾ തന്നെ പ്രാചീന സംസ്കാരങ്ങളിൽ വിപുലമായി നിലനിന്നിരുന്ന പ്രവണതയായിരുന്നു സ്വവർഗ്ഗാനുരാഗമെന്ന വസ്തുത മറക്കാവുന്ന തല്ല. സ്വവർഗ്ഗാനുരാഗം ജന്മസിദ്ധമോ ആർജ്ജിതമോ എന്ന് കണ്ടെ ത്താനുള്ള ശ്രമങ്ങൾ ഫ്രോയ്ഡിന്റെ പഠനങ്ങളിൽ കാണാമെങ്കിലും ഇക്കാര്യത്തിൽ തീർപ്പുകല്പിക്കാനാവുന്ന വ്യക്തത ഇന്നും ഉണ്ടായി കഴിഞ്ഞിട്ടില്ല. സഹജമെന്നോ ആർജിതമെന്നോ ഉള്ള പരികല്പന കൊണ്ട് സ്വവർഗ്ഗാനുരാഗ പ്രകൃതത്തെ വ്യാഖ്യാനിക്കാനാവില്ല. സഹജമെന്ന് പറയുകയാണെങ്കിൽ, ഏതുകാരണം കൊണ്ടാണ് സഹ ജമാകുന്നതെന്ന് പറയേണ്ടിവരും. ആർജ്ജിതമാണെന്ന് പറഞ്ഞാൽ, സ്വവർഗ്ഗരതി പരിശീലിപ്പിക്കാവുന്നതാണ് എന്ന് സമ്മതിക്കേണ്ടതായും വരും. സ്വന്തമായ ഏതെങ്കിലും സ്വഭാവവിശേഷത്തിന്റെ സഹകരണം കൂടാതെ ബാഹ്യപ്രേരണകൾക്ക് ഒരാളെ സ്വവർഗ്ഗാനുരാഗിയാക്കാനാ കും എന്നനുമാനിക്കുന്നത് ശരിയാവുകയില്ല.

സാധാരണവ്യക്തികളുടെ ലൈംഗികോപാധിയിൽനിന്നും വ്യതിരിക്തമാണ് സ്വവർഗ്ഗാനുരാഗികളുടെ ലൈംഗികോപാധി. എന്നാൽ, പുരുഷനായ ഒരു സ്വവർഗ്ഗാനുരാഗി തന്റെ പങ്കാളിയിൽ സ്ത്രൈണത ആഗ്രഹിക്കുന്നു എന്നോ അയാൾ സ്വയമേവ സ്ത്രൈണതയുള്ള ആളായിരിക്കാമെന്നോ നിഷ്കമായി പറയാൻ സാധിക്കുകയില്ല. സ്വവർഗ്ഗരതിക്കാരായിരിക്കുമ്പോൾ തന്നെ തികവുറ്റ പുരുഷത്വം പ്രകടിപ്പിക്കുകയും ചെയ്ത ധാരാളം ആളുകളെ പ്രാചീന ഗ്രീസിന്റെ ചരിത്രം പരിശോധിച്ചാൽ കാണാൻകഴിയും. പുരുഷന്റെ ദ്വിലിംഗഭാവം അവരുടെ ലൈംഗികജീവിതത്തിൽ ഏറെ പ്രകടമായിരുന്നു. സ്വവർഗ്ഗപ്രേമികളെ വിശേഷിച്ചൊരു വിഭാഗമായി വേർതിരിക്കുന്നതിന് ഫ്രോയ്ഡ് ശ്രമിച്ചിട്ടില്ല. പ്രകടമാകാത്ത ലൈംഗികോദ്ദീപനങ്ങളെ പഠനവിധേയമാക്കിക്കൊണ്ട് ഫ്രോയ്ഡ് പറയുന്നതിപ്രകാരമാണ്.

> "ഏതൊരു വ്യക്തിയും സ്വവർഗ്ഗത്തിൽപെട്ട ഒരാളെ ലൈംഗികോപാധിയാക്കാൻ ഇടയുണ്ട്. അബോധത്തിലെങ്കിലും അതു ചെയ്യാത്തവർ വളരെ വിരളമാണ്. സ്വവർഗ്ഗക്കാരോടുള്ള പ്രണയം സമാന്യ മാനസിക ജീവിതത്തിൽ അനല്പമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. വ്യക്തിയുടെ ബാല്യത്തിലും, സമൂഹത്തിന്റെ പ്രാകൃതാവസ്ഥയിലും, ചരിത്രത്തിന്റെ ആദ്യ കാലങ്ങളിലും നിലനിന്ന പോലെ ലിംഗബോധം കണക്കിലെടുക്കാതെ ഉപാധിയെ തെരഞ്ഞെടുക്കുന്ന ശീലമാണ് സ്വവർഗ്ഗരതിയുടെ ഉത്ഭവത്തിന്റെ അടിസ്ഥാനമെന്ന് മാനസികാപഗ്രഥനം കരുതുന്നു."[5]

സ്വവർഗ്ഗരതിയുടെ കാര്യത്തിൽ, ഏതെങ്കിലും ഒരൊറ്റ ഉന്നം മാത്രമേ പ്രായോഗികമാകുന്നുള്ളൂ എന്നുപറയാനാവില്ല. പുരുഷന്മാരെ സംബ

ന്ധിച്ചിടത്തോളം ഗുദരതിക്ക് സംഭോഗരതിയുടേതായ ഉന്നമല്ല ഉള്ളത്. മുഷ്ടിമൈഥുനത്തിന്റേതായ ഉന്നമാണ് അതിനുള്ളത്. സ്ത്രീകളെ സംബന്ധിച്ച്, സ്വവർഗ്ഗരതിക്കാരുടെ ഉന്നങ്ങൾ വിഭിന്നങ്ങളാണ്. വായ്ക്കകത്തെ ശ്ലേഷ്മപാളിയുമായി ബന്ധപ്പെട്ട് ഇവർ വിശേഷതാല്പര്യം പ്രകടിപ്പിക്കുന്നതായി കാണുന്നു. ലൈംഗികചോദനയും ലൈംഗികോപാധിയും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ടെന്ന സാമാന്യ ധാരണകളെയാണ് ഇക്കാര്യങ്ങൾ അപ്രസക്തമാക്കുന്നത്. ലൈംഗികോപാധികളുടെ അടിസ്ഥാനത്തിൽ ലൈംഗികോന്നത്തെ അടയാളപ്പെടുത്താനോ, ലൈംഗികോന്നത്തെ അടിസ്ഥാനപ്പെടുത്തി ലൈംഗികോപാധികളെ പരിമിതപ്പെടുത്താനോ സാധിക്കുകയില്ല. സാധാരണ രതിപ്രക്രിയയിൽപോലും ഒരു ഉപാധിയ്ക്ക് എല്ലായ്പ്പോഴും ഒരേ ഉന്നമായിരിക്കണമെന്നില്ല. ഒരു ഉന്നത്തിന് എല്ലാവരും ഒരേ ഉപാധി സ്വീകരിക്കണമെന്നുമില്ല.

## 2.2. വ്യതിയാനങ്ങൾ-ലൈംഗികോന്നത്തിന്റെഅടിസ്ഥാനത്തിൽ

എതിർലിംഗങ്ങളുടെ സംയോഗമാണ് സാധാരണയായി ലൈംഗികോന്നമായി കാണക്കാക്കുന്നത്. സംഭോഗമെന്ന് വിളിക്കുന്ന പ്രസ്തുത പ്രക്രിയയിലൂടെ ലൈംഗികപിരിമുറുക്കം അയയുകയും രതിചോദന താല്ക്കാലികമായി ശമിക്കുകയും ചെയ്യുന്നു. എന്നാൽ, സ്വാഭാവികമെന്ന് വിളിക്കപ്പെടുന്ന സ്ത്രീ-പുരുഷമൈഥുനത്തിൽ പോലും വൈകൃ

തമെന്ന് കണക്കാക്കാറുള്ള ലൈംഗികവിപര്യയങ്ങളുടെ പൊട്ടുകൾ കാണാനാകും. സംഭോഗത്തിനു മുമ്പുനടക്കുന്ന പ്രാഥമിക ലീലകൾക്ക് (foreplays) അവയുടേതായ ലക്ഷ്യങ്ങളുണ്ട്. ലൈംഗികാനന്ദം വൈകാരികമൂർച്ചയ്ക്ക് ഉപയുക്തമാകുന്നു. ഇത്തരത്തിൽ ആത്യന്തിക ലക്ഷ്യത്തിന് ബാഹ്യമായിരിക്കുന്ന പ്രാഥമികോന്നങ്ങളിൽ ഒന്നാണ് ചുംബനം. ഒരാളുടെ ചുണ്ടോ നാവോ മറ്റൊരാളുടെ ജനനേന്ദ്രിയവുമായി സമ്പർക്കം സ്ഥാപിക്കുന്നതായ ലൈംഗികപ്രവൃത്തി രതിവൈകൃതമായാണ് പരിഗണിക്കപ്പെടുന്നത്.[6] വൈകൃതങ്ങളെക്കുറിച്ചുള്ള ധാരണകൾ പൊതുവെ അറപ്പുമായി ബന്ധപ്പെട്ടിരിക്കുന്നു. വൈകൃതത്തെക്കുറിച്ചു പറയുന്നവർ പൊതുവെ ഒരുതരം അറപ്പിനടിമപ്പെടുകയാണ് ചെയ്യുന്നത്. ആ അറപ്പിന്റെ പരിധി പലപ്പോഴും മാമൂൽ പ്രകാരമുള്ളതാണ്. കാണാൻ കൊള്ളാവുന്ന ഒരു പെൺകുട്ടിയുടെ ചുണ്ടുകളെ അത്യാവേശപൂർവ്വം ചുംബിക്കുന്ന ഒരാൾക്ക് പക്ഷേ, അവളുടെ ടൂത്ത്ബ്രഷ് ഉപയോഗിക്കുന്നതിനോട് അറപ്പ് തോന്നിയേക്കാം. അറപ്പ് എന്ന വികാരം ലൈംഗികചോദനയെ നിർവ്വീര്യമാക്കുന്ന ഒന്നാണ്. പക്ഷേ, ഗുദം വിസർജ്ജനാവയവമാകയാൽ ഗുദമൈഥുനം വൈകൃതമാണെന്ന് പറയുന്നവരും, പുരുഷലിംഗം മൂത്രവിസർജ്ജനം നടത്തുന്നതാകയാൽ വെറുക്കപ്പെടേണ്ടതാണെന്ന് വാദിക്കുന്ന അപസ്മാരരോഗിണികളും ഒരേ മാനസികാവസ്ഥയാണ് പ്രകടിപ്പിക്കുന്നതെന്ന് ഫ്രോയ്ഡ് നിരീക്ഷിച്ചിട്ടുണ്ട്. ലൈംഗികാവയവങ്ങളെ കൂടാതെ ശരീരത്തിലെ വിവിധ ഭാഗങ്ങൾ ലൈംഗികക്രിയയിൽ ഏർപ്പെടുന്നതിനെക്കുറിച്ചും

ഫ്രോയ്ഡ് തന്റെ പഠനത്തിൽ വിശദമായി പറയുന്നുണ്ട്. അചേതന വസ്തുക്കളോടുള്ള അഭിനിവേശവും ഈ ഘട്ടത്തിൽ തന്നെയാണ് ഫ്രോയ്ഡ് വിശകലനം ചെയ്തിട്ടുള്ളത്. ലൈംഗികോപാധിക്ക് പകരമായി, എതിർവ്യക്തിയുടെ മുടിയോ നഖമോ ആഭരണമോ വസ്ത്രശകലമോ അടിയുടുപ്പുകളോ ചിലർ ഉപയോഗിച്ചെന്നുവരാം. എന്നാൽ, ചില ഘട്ടങ്ങളിൽ ചിലർക്ക് അറപ്പ് തന്നെ ലൈംഗികോത്തേജകമായി പ്രവർത്തിച്ചെന്നുംവരാം. ചില വ്യക്തികളാകട്ടെ, ഇണകൾക്ക് സവിശേഷമായ ചില പ്രത്യേകതകൾ വേണമെന്ന് നിർബന്ധമുള്ളവരായിരിക്കും. ഈ താല്പര്യം ഇണയ്ക്ക് ശാരീരികവൈകല്യമുണ്ടാവണമെന്ന നിലയിലേക്കുവരെ നീണ്ടുപോയെന്നുവരാം.

ഇത്തരം വ്യതിരിക്തതാല്പര്യങ്ങളുടെ അടിവേരുകൾ ബാല്യത്തിലാണ് അന്വേഷിക്കേണ്ടതെന്ന് ഫ്രോയ്ഡ് അദ്ദേഹത്തിന്റെ പഠനത്തിൽ പറയുന്നുണ്ട്. ബാഹ്യമോ ആന്തരികമോ ആയ വ്യതിയാനങ്ങൾ പില്ക്കാലത്ത് ലൈംഗികജീവിതത്തിൽ കാര്യമായ മാറ്റങ്ങൾ സൃഷ്ടിക്കും. ബാല്യത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾക്ക് ദർശനവും സ്പർശനവും  വലിയൊരളവോളം കാരണമാകുന്നതായി ഫ്രോയ്ഡ് നിരീക്ഷിക്കുന്നു.

മനുഷ്യരെ സംബന്ധിച്ചിടത്തോളം ലൈംഗികോന്നം നേട്ടുന്നതിനു മുമ്പായി കുറച്ചൊക്കെ സ്പർശനം സ്വഭാവികമാണ്. ഇണയുടെ മേനിയിൽ സ്പർശിക്കുന്നത് നിർവൃതിജനകമായി അധികപേരും കരുതുന്നു. ഈയർത്ഥത്തിൽ സ്പർശനവും തഴുകലുമൊന്നും രതിവൈകൃതമല്ല. എന്നാൽ, ഇവ ആത്യന്തികമായി സംഭോഗത്തിൽ പര്യവസാനിക്കുന്നില്ലെങ്കിൽ അവയെയെല്ലാം ലൈംഗികവ്യതിയാനമായിത്തന്നെ കരുതേണ്ടിവരും. പ്രാരംഭലീലകൾതന്നെ ലക്ഷ്യമായിത്തീരുകയും തുടർന്നങ്ങോട്ടുള്ള ലൈംഗികപ്രവർത്തനങ്ങളിൽ വിരക്തരാവുകയും ചെയ്യുന്നതാണ് ഇതിന്റെ ലക്ഷണം. ദർശനവും  ഈ ഗണത്തിൽപ്പെട്ടുന്ന ലൈംഗികപ്രവൃത്തിയാണ്. കാഴ്ചയിലൂടെ ലൈംഗികചോദന ഉണരും. ഇത് പ്രകൃതിയുടെ ഒരു ഉപായം കൂടിയാണ്. ലൈംഗികോപാധിക്ക് സൗന്ദര്യം നൽകിയിരിക്കുന്നതും ഈ ഉദ്ദേശ്യത്തിലായിരിക്കണം. നാഗരികത വികസിച്ചതോടെ, ശരീരം മറച്ചുപിടിക്കുന്ന പ്രവണത കൂട്ടുകയും  തദ്വാരാ ലൈംഗികകൗതുകങ്ങൾ വർദ്ധിക്കുകയും ചെയ്തു. ലൈംഗികോപാധിയെ പൂർണ്ണമായി കാണുവാനുള്ള കൗതുകമാണത്. മറച്ചുവെച്ചിട്ടുള്ളവ കാണാനും അന്തിമമായി മൈഥുനത്തിൽ ചെന്നുചേരാനും ഉള്ള ആഗ്രഹമായി അതിനെക്കാണാം. ഈ ആഗ്രഹം ജനനേന്ദ്രിയം കാണാനുള്ള ആഗ്രഹം മാത്രമാകാതെ ശരീരത്തിന്റെ ആകൃതി അപ്പാടെ കണ്ടാസ്വദിക്കാനുള്ള താൽപ്പര്യമാകുമ്പോൾ, ഉദാത്തീകരിക്കപ്പെട്ട ലൈംഗികതയായി മാറുന്നു. കാമം പ്രേമമാകുന്നത് ഇപ്രകാരമാണ്. ലൈംഗികാനന്ദം നേരിട്ട് സാധ്യമാകാതെ വരുന്ന

സന്ദർഭങ്ങളിലെല്ലാം പ്രണയത്തിന്റെ രൂപത്തിൽ അത് പ്രത്യക്ഷപ്പെട്ടു ന്നു. സാമൂഹികമായ വിലക്ക് എത്ര ശക്തമാണോ അത്രമാത്രം ശക്തമായിരിക്കും പ്രണയഭാവങ്ങൾ. എന്നാൽ ലൈംഗികോന്നത്തി ലേയ്ക്ക് എത്തിച്ചേരാതെ പ്രണയത്തിൽ സ്ഥിരീകരിക്കപ്പെട്ടുമ്പോൾ അതിനെയും വൈകൃതമായി കാണേണ്ടതു തന്നെ.

ആത്മപീഡാരതിയും (masochism) പരപീഡാരതിയും (sadism) ലൈംഗികവ്യതിയാനങ്ങളുടെ മറ്റൊരുതരത്തിലുള്ള പ്രത്യക്ഷ ലക്ഷണ ങ്ങളാണ്. ഇണയോടുള്ള ഹിംസാത്മക സമീപനം ഇണയെ വേദനിപ്പി ക്കുന്നതിലും, അതിൽനിന്ന് നിർവൃതി നേടുന്നതിലും ചെന്നെത്തിയേ ക്കാം. എന്നാൽ സ്വാഭാവിക രതിപ്രക്രിയയിൽത്തന്നെ ഇത്തരം പ്രവർത്തനങ്ങൾ ആസ്വദിക്കുന്ന ഇണകളെ കാണാൻ സാധിക്കും. ആത്മപീഡാരതി ചിലപ്പോൾ നിഷ്ക്രിയരതിയായും മാറാവുന്നതാണ്. ഇണയ്ക്ക് വികാരശമനം നൽകുന്ന പ്രക്രിയയിൽ താൻ ഇടപെടാതിരി ക്കുക എന്നത് മറ്റൊരർത്ഥത്തിൽ പരപീഡാരതിയുമാണ്. ഇവ രണ്ടും അന്യോന്യം കൂടിച്ചേർന്ന അവസ്ഥയിലാണ് പലപ്പോഴും കാണാറുള്ള ത്.[7] ഫ്രോയ്ഡിന്റെ നിരീക്ഷണങ്ങളിൽ സക്രിയതയും നിഷ്ക്രിയതയും രണ്ടാകുന്നില്ല.

## 2.3. രതിവൈകൃതങ്ങളെക്കുറിച്ചുള്ള സാമാന്യ നിരീക്ഷണം

പ്രകടമായ ലൈംഗികവ്യതിയാനങ്ങളെ പരിശോധിച്ച ആദ്യകാല വൈദ്യശാസ്ത്രജ്ഞന്മാർ സ്വവർഗ്ഗരതിയെ അപകർഷമായും രോഗമായും ചിത്രീകരിച്ചിരുന്നു. എന്നാൽ, ഇത്തരം വ്യതിയാനങ്ങളിൽ ഏറിയപങ്കും സാധാരണ ലൈംഗികക്രിയകളിൽ കാണാനാവുമെന്നാണ് പില്ക്കാലത്ത് വ്യതിയാനങ്ങളെ അധികരിച്ചുണ്ടായ പഠനങ്ങൾ സൂചിപ്പിക്കുന്നത്. ലൈംഗികവ്യതിയാനങ്ങളുടെ മാനദണ്ഡം പോയ നൂറ്റാണ്ടുകളിൽ കാര്യമായി പരിവർത്തനപ്പെട്ടിട്ടുണ്ട്. വിസർജ്ജ്യത്തെ നക്കുക, ശവവുമായി ഇണചേരുക തുടങ്ങിയ ഗുരുതരമായ വ്യതിയാനങ്ങളിൽപോലും ലജ്ജ, അറപ്പ്, ബീഭത്സത, വേദന, തുടങ്ങിയ ചെറുത്തുനിൽപ്പുകളെ മറികടന്ന് വ്യക്തികൾ വിസ്മയകരമായ അനുഭൂതിയിൽ എത്തിച്ചേരുന്നു. ഇത്തരം വ്യതിയാനങ്ങൾ ഉന്മാദം ബാധിച്ചവരിൽ മാത്രമല്ല, ലൈംഗികവികാരം ഉൽക്കടമാവുമ്പോൾ സാധാരണക്കാരിലും പ്രകടമായെന്നുവരാം. ഉൽക്കടമായ ലൈംഗികവികാരം ഏതാനും പ്രതിരോധങ്ങളെ ചെറുത്തു തോൽപ്പിച്ചാണ് പ്രകാശിതമാകുന്നതെന്ന് ഫ്രോയ്ഡ് തന്റെ പഠനത്തിൽ സമർത്ഥിക്കുന്നു.[8] ഏതൊരു ലൈംഗികവ്യതിയാനത്തിന്റെയും മൂലകാരണം ശൈശവത്തിലാണ് തിരയേണ്ടതെന്നും അദ്ദേഹം പറയുന്നു.

## 2.4. ശൈശവത്തിലെ ലൈംഗിക ചോദനകൾ

ശൈശവത്തിൽ ലൈംഗികചോദന അനുഭവപ്പെടാറില്ലെന്നും കൗമാരത്തോടു കൂടിയാണ് അത് അനുഭവപ്പെട്ടുതുടങ്ങുന്നതെന്നുമാണ് ലൈംഗികതയെക്കുറിച്ചുള്ള പൊതുവായ ധാരണ. ഫ്രോയ്ഡിന്റെ അഭി പ്രായത്തിൽ, ഇതൊരു ചെറിയ തെറ്റല്ല. ഇത്തരം വീക്ഷണം നില നിന്നു പോന്നതുകൊണ്ടാണ് ലൈംഗികപ്രവണതകളുടെ സൂക്ഷ്മപഠന ത്തിന് തടസ്സങ്ങൾ നേരിടുന്നതെന്ന് ഫ്രോയ്ഡ് പറയുന്നു. പ്രായ പൂർത്തിയായവരുടെ സ്വഭാവവിശേഷങ്ങളും ജീവിതരീതികളും വ്യാഖ്യാ നിക്കാൻ ശ്രമിക്കുന്ന എഴുത്തുകാർ പൂർവികരുടെ ജീവിതത്തിലാണ് മനുഷ്യസ്വഭാവങ്ങളുടെ അടിവേരുകൾ തേടുന്നത്. പാരമ്പര്യത്തിലാണ് എറെപേർക്കും താല്പര്യം. വ്യക്തികളുടെ ബാല്യകാലം വ്യക്തിത്വത്തിൽ ചെലുത്തുന്ന സ്വാധീനത്തിന് അധികമാരും പ്രാധാന്യം നൽകാറില്ല. കുട്ടികളുടെ രതിപ്രവർത്തനങ്ങളെക്കുറിച്ച് പരാമർശിക്കുന്ന അപൂർവ്വം സാഹിത്യകൃതികളിൽപോലും കഥാപാത്രത്തിന്റെ വ്യക്തിത്വത്തെ പൂർവ രതികാലഘട്ടം സ്വാധീനിച്ചതെങ്ങനെയെന്ന് പറയാറില്ല. കുട്ടികളുടെ ലിംഗോദ്ധാരണം, സ്വയംഭോഗം തുടങ്ങിയ ലൈംഗികപ്രവൃത്തികൾ പ്രായം തികയുന്നതിനു മുമ്പുള്ള ധാർമിക ഭ്രംശങ്ങളായാണ് പരാമർശി ക്കപ്പെടാറുള്ളത്. ശിശുക്കൾ മുതിർന്നവരുടേതിനു സമാനമായ ലൈം ഗികാനുഭൂതി നന്നേ ചെറുപ്പത്തിൽത്തന്നെ അനുഭവിക്കുന്നുണ്ടെന്നും,

രണ്ടു കാരണങ്ങളാൽ അത് ഓർമയിൽ നിന്ന് മായ്ക്കപ്പെടുന്നതാണെന്നും ഫ്രോയ്ഡ് സിദ്ധാന്തിക്കുന്നു. ആദ്യകാരണം സാഹചര്യങ്ങളുടെ സമ്മർദ്ദം തന്നെ. കുട്ടികളിലെ ലൈംഗികക്രിയകളുടെ ഓർമ്മകളെ മായ്ച്ചുകളയാൻ അന്തരീക്ഷത്തിലുള്ള സാമൂഹ്യമായ വിലക്ക് കാരണമാവുന്നുണ്ട്. എന്നാൽ അതിനേക്കാൾ പ്രധാനം വിശേഷഭാവമാർന്ന ഒരു സ്മൃതിഭ്രംശം (amnesia) ആണെന്ന് ഫ്രോയ്ഡ് പറയുന്നു ഇക്കാര്യത്തെക്കുറിച്ച് അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്.

> ജീവിതത്തിന്റെ തുടക്കം മുതൽ ആറോ ഏഴോ വയസ്സുവരെയുള്ള കാര്യങ്ങൾ മിക്കവരും ഓർത്തെന്നു വരില്ല. വളരെ ശ്രദ്ധേയമായ ഈയൊരു വസ്തുതയെക്കുറിച്ച് നാം ഇപ്പോൾ മാത്രമാണ് ചിന്തിയ്ക്കുന്നത്. പിള്ളാലത്ത് അങ്ങുമിങ്ങുമായി അല്പം ചില കാര്യങ്ങൾമാത്രം ഓർമ്മയിൽ വരുമ്പോൾ ആദ്യകാല ജീവിതത്തിൽ നാം വികാരങ്ങളോട് സജീവമായി പ്രതികരിച്ചിരുന്നതായി മറ്റുള്ളവരുടെ കഥനത്തിലൂടെ നമുക്കറിയാൻ കഴിയും. മുതിർന്നവരോളം തന്നെ വേദനയും ആനന്ദവും സ്നേഹവും വിദ്വേഷവുമൊക്കെ പ്രകടിപ്പിക്കാൻ നമുക്ക് കഴിഞ്ഞിരുന്നതായി മനസ്സിലാകും. എന്നാൽ ഇതെക്കുറിച്ചൊന്നും പിള്ളാലത്ത് നമുക്ക് സ്വയം അറിവുണ്ടായി എന്നു വരില്ല. ഈ അന്വേഷണം വ്യക്തമാക്കുന്നത് പ്രധാനമായും ഒരു കാര്യമാണ്. വികാരങ്ങൾ സ്വീകരിക്കാനും പുനഃസൃഷ്ടിക്കാനുമുള്ള കഴിവിന്റെ കാര്യത്തിൽ കുട്ടികൾ മുതിർന്നവരേക്കാൾ ഒട്ടും പിന്നിലല്ല എന്നാണ്. മനസ്സിന്റെ അഗാധതലങ്ങളെ സ്പർശിക്കുന്ന വികാരങ്ങളും അവ്യക്തബോധങ്ങളുമൊക്കെയാണ് നാം അധികമായി മറന്നു പോവുന്നത് എന്നും കാണാൻകഴിയും. എന്നാൽ, പ്രധാന സംഭവത്തോട് ചേർന്നുള്ള ചില ഉപ ഓർമ്മകൾ നമുക്കുണ്ടാവുകയും, അതാണ് പ്രാഥമിക ഓർമ്മകളെന്ന് തെറ്റിദ്ധരിക്കുകയും ചെയ്യും. പിള്ളാല വളർച്ചയുടെ ഗതിയെ നിർണ്ണായകമായി സ്വാധീനിക്കുന്ന തരത്തിലുള്ള പ്രശമനപ്രക്രിയയാണ് (repression) ഇത്. പിന്നീടത് അതിജീവനതന്ത്രമായി പരിണമിക്കുകയും ചെയ്യുന്നു.[9]

ഏതൊരാളുടെയും ശൈശവത്തെ ചരിത്രപൂർവ്വഘട്ടത്തിന് സമാനമാക്കുകയും സ്വന്തം ലൈംഗിക ജീവിതത്തിന്റെ തുടക്കത്തെ തന്നിൽ നിന്നുതന്നെ മറച്ചു പിടിക്കുകയും ചെയ്യുന്ന സ്മൃതിഭ്രംശം നിമിത്തമാണ് ലൈംഗികതയുടെ വികാസത്തിൽ പൊതുവെ ശൈശവത്തിന് യാതൊരു പങ്കും കല്പിക്കപ്പെടാതിരിക്കുന്നത്. നവജാതശിശുവിൽ ലൈംഗികാവേഗങ്ങളുടെ വിത്തുകളുണ്ടെന്ന് ഫ്രോയ്ഡിന്റെ പഠനങ്ങൾ വ്യക്തമാക്കുന്നു.[10] അവ കുറച്ചുനാൾ വികസിച്ചു വരികയും പിന്നീട് അടിച്ചമർത്തലിന് വിധേയമാവുകയും ചെയ്യുന്നു. ഈ അടിച്ചമർത്തൽ പ്രക്രിയയ്ക്ക് ഭംഗം സംഭവിക്കുമ്പോഴെല്ലാം ലൈംഗികാവേഗങ്ങൾ *(Sexual impulses)* പ്രകടമാകാറുണ്ട്. ഇങ്ങനെ പ്രകടമാവുന്ന സന്ദർഭങ്ങളിൽ ശിശു അനുഭവിക്കുന്ന അത്ഭുതവും അനുഭൂതിയും നിഗൂഢതയും പുറമെനിന്നു നേരിടുന്ന വിലക്കുകളും സങ്കീർണ്ണമായ വൈകാരികാവസ്ഥ ശിശുവിൽ സൃഷ്ടിക്കുന്നു. ലൈംഗികതയെ ചൂഴ്ന്നു നിൽക്കുന്ന വിവിധ വികാരങ്ങളുടെ ശക്തിക്കനുസരിച്ച് നൂതനാനുഭൂതികളെ ശിശു സ്വയം അടിച്ചമർത്തുകയോ മറച്ചുവെയ്ക്കുകയോ ചെയ്യും. ഭാഗികമായോ പൂർണ്ണമായോ അന്തർലീനമാകുന്ന ഈ ലൈംഗികതയാണ് പില്ക്കാലത്ത് ലൈംഗികജീവിതത്തിന്റെ ഗതിനിയന്ത്രിക്കുന്ന മാനോനിലയായി രൂപപ്പെടുന്നത്. ഒഴുക്കിനെ തടയുന്ന ഒരു അണക്കെട്ടെന്ന പോലെ, ലൈംഗികാവേഗങ്ങളുടെ ഒഴുക്കിനെ നിയന്ത്രിക്കുന്ന ഘടകങ്ങൾ അറപ്പ്, നാണം, സൗന്ദര്യശാസ്ത്രപരവും സാന്മാർഗികവുമായ ആശയങ്ങളുടെ സ്വാധീനം എന്നിവയാണ്. ഇപ്രകാരം ചിന്തിക്ക

മ്പോൾ ശൈശവ ലൈംഗിക ചോദനയുടെ പ്രവർത്തനഫലമാണ് പില്ക്കാല വ്യക്തിത്വമെന്ന് നിസ്സംശയം പറയാൻ കഴിയും. സാംസ്കാരിക നേട്ടങ്ങളെല്ലാം തന്നെ ലൈംഗിക പ്രേരണകളെ മറ്റുദ്ദേശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിൽ നിന്ന് ലഭിക്കുന്നതാണ്. ഈയൊരു പ്രക്രിയയ്ക്ക് ഉദാത്തീകരണം (sublimation) എന്ന പേരാണ് ഫ്രോയ്ഡ് നൽകുന്നത്.[11] ഉദാത്തീകരണപ്രക്രിയയുടെ പ്രവർത്തനരീതി അദ്ദേഹം വിശദീകരിക്കുന്നതിങ്ങനെയാണ് :

> ഒരു വശത്ത് ഉല്പാദനപ്രക്രിയയുടെ തടഞ്ഞുവെയ്ക്കൽ നിമിത്തം ശൈശവഘട്ടത്തിൽ ലൈംഗികാവേഗങ്ങളെ വിനിയോഗിക്കാനാവില്ല. മറുവശത്ത് ലൈംഗികാവേഗങ്ങൾതന്നെ പ്രകൃതിവിരുദ്ധമെന്ന രീതിയിൽ ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു. ശൈശവ ലൈംഗികപ്രവൃത്തി പലർക്കും അരോചകവും നിന്ദ്യവുമായി അനുഭവപ്പെടുന്നു. ഈ രണ്ട് അസംതൃപ്തികളുടെയും ഫലമായി ലൈംഗികചോദനയെ എതിർക്കുന്നതായ ഒരു മനോശേഷി ഉണരുകയും അസന്തോഷകരമായ ലൈംഗികാവേഗങ്ങളുടെ പ്രവാഹങ്ങളെ തടയുന്ന തരത്തിലുള്ള അണക്കെട്ടായി തീരുകയും ചെയ്യുന്നു.[12]

ശിശു അനുഭവിക്കുന്ന ലൈംഗികചോദനയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഫ്രോയ്ഡ് അതിനെ പല ഘട്ടങ്ങളായി വേർതിരിച്ചിട്ടുണ്ട്. മനോ-ലൈംഗിക വികാസ ഘട്ടങ്ങളെന്ന് (Psycho Sexual Developmental Stages) അറിയപ്പെടുന്ന പ്രസ്തുത ഘട്ടങ്ങളെ ഇനി പറയും പ്രകാരം സംഗ്രഹിക്കാം.

### 2.4.1. വദനഘട്ടം (Oral Stage)

ഫ്രോയ്ഡിന്റെ *മനോ-ലൈംഗികവികാസ സിദ്ധാന്ത*മനുസരിച്ച് ഒരു വ്യക്തിയുടെ ലൈംഗികസ്വഭാവം കൗമാരത്തോടെ പൊടുന്നനെ ആവിർഭവിക്കുന്ന ഒന്നല്ല. ജനിച്ചുവീഴുന്ന ഓരോ കുഞ്ഞും ലൈംഗികോർജ്ജത്തോടുകൂടിയാണ് പിറക്കുന്നതെന്നും എന്നാൽ ലൈംഗികാവയവ വികാസം പൂർത്തിയായിട്ടില്ലാത്തതിനാൽ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലായി ലൈംഗികോർജ്ജം കേന്ദ്രീകരിക്കപ്പെടുകയാണെന്നും ഫ്രോയ്ഡ് പറയുന്നു. ജനനം മുതൽ ഒന്നരവയസ്സ് വരെയുള്ള കാലഘട്ടത്തിൽ ഒരു കുഞ്ഞിന്റെ ലൈംഗിക ശക്തികേന്ദ്രം വായയാണെന്നും ഈ പ്രദേശവുമായി ബന്ധപ്പെട്ട് കുഞ്ഞ് ലൈംഗികാനന്ദം കണ്ടെത്തുന്നുവെന്നും ഫ്രോയ്ഡിന്റെ പഠനം പറയുന്നു. നേർത്തതും ശ്ലേഷ്മപാളിയോടു കൂടിയതുമായ വായയുടെഉൾവശം കുട്ടിയിൽ ഇക്കിളി സൃഷ്ടിക്കുന്നു. ജനിച്ചുവീണ ഉടനെ ആഹാരപാനീയങ്ങൾ ആവശ്യമില്ലാത്ത ഘട്ടത്തിൽത്തന്നെ കുഞ്ഞ് തന്റെ വിരലുകൾ വായ്ക്കകത്താക്കുന്നത് സഹജമായ ഉൾപ്രേരണയാലാണ്. കൈവിരലുകൾ മാത്രമല്ല കാൽവിരലുകളും, മാതാവിന്റെ മാറിടവും, കൈയിൽ കിട്ടുന്നതെന്തും കുട്ടി വായ്ക്കകത്തേക്ക് കൊണ്ടുപോവുന്നു. ഇടവിട്ടുള്ള ആവേഗങ്ങളായി കുഞ്ഞിൽ പ്രത്യക്ഷപ്പെടുന്ന ലൈംഗികോർജ്ജം തന്നെയാണ് ഈ പ്രക്രിയകളുടെ അടിസ്ഥാനം. കുട്ടി വളരുന്നതോടെ സ്വന്തം ശരീര

ഭാഗങ്ങൾ തന്നെ എവിടെയെങ്കിലും ഉരസുകയും അതിലൂടെ ആനന്ദം അനുഭവിക്കുകയും ചെയ്യുന്നു. ഇതിനെ പൂർവ്വഘട്ട സ്വയംഭോഗമായി കണക്കാക്കാവുന്നതാണ്. ഇടവിട്ട് പ്രത്യക്ഷപ്പെടുന്ന ഈ ആവേഗങ്ങളെ ബാഹ്യമായ ഇടപെടൽ മൂലം നിരോധിക്കാൻ ശ്രമിക്കുന്നത് ആനന്ദപ്രാപ്തിയുടെ നിഗൂഢതയിലേയ്ക്ക് കുട്ടിയെ നയിക്കുകയും ഈ മേഖല അനുഭൂതിയുടെ മുഖ്യസ്രോതസ്സായി നിലകൊള്ളുകയും ചെയ്യുന്നു. അളവിൽ കവിഞ്ഞ് ഈ മേഖലയുമായി ബന്ധപ്പെട്ട് ആനന്ദമനുഭവിക്കാനിടവരുന്നതും ലൈംഗിക താല്പര്യത്തിന്റെ സ്ഥിരീകരണത്തിന് വഴിവെച്ചേക്കാം. ഇത് ലൈംഗിക ജീവിതത്തെ മാത്രമല്ല ഒരു വ്യക്തിയുടെ സ്വഭാവഘടനയെയും കാര്യമായി സ്വാധീനിക്കുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. അധരോഷ്ഠങ്ങൾ അനുഭൂതി മണ്ഡലങ്ങളായി വരുന്നതിനാൽ ഈ ഘട്ടത്തിൽ സ്ഥിരീകരണം സംഭവിക്കുന്നവർക്ക് മദ്യപാനത്തിലും പുകവലിയിലും താല്പര്യമുണ്ടായി എന്നു വരാം. ഇവർ അമിതമായ ഭക്ഷണതാല്പര്യമോ വിരക്തിയോ പ്രദർശിപ്പിച്ചെന്നു വരാം. അമിതമായി സംസാരിക്കുന്നവരോ സംസാരത്തിൽ നിന്നകന്നു നിൽക്കുന്നവരോ ആകാം. ഇക്കൂട്ടർ ധാരാളമായി തമാശകൾ പറയുന്നവരുമാവാറുണ്ട്. ഇവർ ലൈംഗികക്രിയകളിൽ ചുംബനാദികൾക്ക് അമിത പ്രാധാന്യം നൽകിവരാറുണ്ട്. വദനരതി ഇത്തരക്കാരിൽ ഒരുവിഭാഗത്തിന് താല്പര്യമുള്ളതായും മറ്റൊരു വിഭാഗത്തിന് വെറുപ്പുള്ളതായും കണ്ടു വരുന്നു. അളവിൽ കവിഞ്ഞ താല്പര്യമോ വെറുപ്പോ സ്ഥിരീകരണത്തിന്റെ സൂചനയാണെന്ന് ഫ്രോയ്ഡ് പറയുന്നു.[13]

ഇത്തരക്കാർ ലൈംഗിക ജീവിതത്തിൽ മാത്രമല്ല വ്യക്തിജീവിതത്തിലും സ്വാർത്ഥതയോടടുത്ത സ്വയംപര്യാപ്തത പ്രദർശിപ്പിക്കാറുണ്ട്. ഇത് ആത്മരതിയുടെ തലം വരെ എത്തിച്ചേരാവുന്നതാണ്. പ്രഭാഷകർ, അദ്ധ്യാപകർ, അഭിഭാഷകർ, സുവിശേഷകർ, കവികൾ തുടങ്ങിയവർ വദനരതിഘട്ടത്തിന്റെ ഉദാത്തീകൃത മാതൃകകളായി വരാവുന്നതാണ്.

### 2.4.2. വിസർജ്ജനഘട്ടം അഥവാ മൂലഘട്ടം (Anal Stage)

ഒന്നര വയസ്സുമുതൽ മൂന്ന് വയസ്സുവരെയുള്ള വളർച്ചയുടെ ഘട്ടത്തിനെയാണ് ഫ്രോയ്ഡ് വിസർജ്ജനഘട്ടം എന്ന് വിളിക്കുന്നത്. ലൈംഗികതയുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ വായയ്ക്കുള്ളതി നേക്കാൾ പ്രാധാന്യം വിസർജ്ജനാവയവമായ ഗുദത്തിനുണ്ട്. പില്ക്കാല ലൈംഗികാവയവങ്ങളോട് ഏറ്റവും ചേർന്നിരിക്കുന്ന ഭാഗം കൂടിയാണി ത്. ലൈംഗികോർജ്ജം ഈ ഭാഗത്ത് കേന്ദ്രീകരിക്കപ്പെടുന്നതോടെ വിസർജ്ജനാവയവത്തിന്റെ ഉൾഭാഗത്തെ ശ്ലേഷ്മപാളികൾക്ക് ലൈം ഗികാനുഭൂതി ഉണ്ടാക്കത്തക്ക മൃദുത്വവും മുറുക്കവും കൈവരുന്നു. മല വിസർജ്ജനം കുട്ടിയുടെ ഒരു വൈകാരിക പ്രശ്നമായി വരുന്നതും ഈ ഘട്ടത്തിലാണ്. വിസർജ്ജനം സ്വേച്ഛാപരമായി തീരുന്നതോടെ അതിനെ യഥേഷ്ടം പുറപ്പെടുവിക്കുന്നതിൽ കുഞ്ഞ് സന്തോഷം അനുഭവിക്കുന്നു. കുഞ്ഞിനാദ്യമായി പുറംതള്ളാവുന്ന ഒരു സമ്മാനമാ

ണത്. അഥവാ കുഞ്ഞിൽ നിന്ന് പുറപ്പെടുന്ന മറ്റൊരു കുഞ്ഞാണത്.[14] ഈ പുറംതള്ളൽ അനുഭൂതി ആവുന്നതോടെ ഇതുമായി ബന്ധപ്പെട്ട് നിഷേധപ്രവണതയും വളർന്നു വരുന്നു. തന്നിഷ്ടമുള്ളിടത്തോളം പിടിച്ചു നിർത്തുക എന്നതാണ് ഈ നിഷേധം. ലൈംഗികാനുഭൂതി ഈ ഘട്ടത്തിൽ സ്ഥിരീകരിക്കപ്പെട്ടു പോകാൻ സാധ്യതകളേറെയാണ്. അത്തരം സ്ഥിരീകരണങ്ങൾ പിൽക്കാല ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ച് ഫ്രോയ്ഡ് പറയുന്നുണ്ട്.[15] വിസർജ്ജനാനന്ദമാണ് കുട്ടിയിൽ സ്ഥിരീകരിക്കപ്പെട്ടതെങ്കിൽ ഭാവിയിൽ അടുക്കും ചിട്ടയും ഇല്ലാത്ത ജീവിതം നയിക്കാനുള്ള സാധ്യതകൾ ഏറെയാണ്. അലങ്കോലമായ അന്തരീക്ഷം അവർ ആസ്വദിക്കുന്നു. മഞ്ഞനിറത്തോടും ചിത്രകലയോടും താല്പര്യമുള്ളവരാവാനും സാധ്യതയുണ്ട്. ഇവയോടുള്ള അതിരു കവിഞ്ഞ അപ്രതിപത്തിയും ഈ താല്പര്യം തന്നെ. വിസർജ്ജന നിരോധത്തിൽ സ്ഥിരീകരിക്കപ്പെട്ടവർ പിശുക്കന്മാരും വിമർശന ബുദ്ധിയുള്ളവരും സംശയരോഗികളും, എന്തും വൈകിച്ചെയ്യുന്നവരും അടുക്കും ചിട്ടയും ഏറിയവരും മുൻകോപക്കാരും ആയിത്തീരാം. പുരീഷം, ഗുദരതി തുടങ്ങിയവയോട് താല്പര്യമോ ശക്തമായ വെറുപ്പോ ഇവർ പ്രകടിപ്പിച്ചേക്കാം. ഫ്രോയ്ഡിന്റെ സിദ്ധാന്തമനുസരിച്ച് അഭിനിവേശവും വിരക്തിയും മിക്കവാറും ഒരേ താല്പര്യത്തിന്റെ വിരുദ്ധ ഭാവങ്ങളാണ്.

### 2.4.3. ജനനേന്ദ്രിയഘട്ടം (Phallic Stage)

മൂന്ന വയസ്സുമുതൽ ആറുവയസ്സുവരെയുള്ള കാലഘട്ടത്തിൽ ലൈംഗികോർജ്ജം കേന്ദ്രീകരിക്കപ്പെടുന്നത് ജനനേന്ദ്രിയത്തിലാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട് അനുഭൂതികൾ ഉണ്ടാവുമ്പോൾ കുട്ടി ജനനേന്ദ്രിയത്തിൽ പിടിച്ച് വികാരശമനം നേടുന്നു. ലൈംഗികോന്നം ഈ ആനന്ദം തന്നെയാണ്. ഈ ഘട്ടത്തിൽ കുട്ടി മറ്റു വ്യക്തികളുടെ ലൈംഗികാവയവങ്ങളുമായി തന്റെ പ്രകൃതിയെ താരതമ്യം ചെയ്യുന്നു. പെൺകുട്ടികൾക്ക് ലിംഗമില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെടുന്നതും ഈ കാലഘട്ടത്തിലാണ്. ആൺകുട്ടികൾക്ക് അമ്മയോട് സവിശേഷ താല്പര്യം ഉണ്ടാവുകയും അമ്മയോടുള്ള സ്നേഹത്തിന് വിഘാതമാണ് അച്ഛന്റെ സാന്നിധ്യമെന്ന് തിരിച്ചറിയുകയും അച്ഛനോട് ശത്രുത ഉണ്ടാവുകയും ചെയ്യുന്നു. *ഈഡിപ്പസ് കോംപ്ലക്സ്* (Oedipus Complex) എന്നാണ് ഫ്രോയ്ഡ് ഇതിനെ വിളിക്കുന്നത്. പിന്നീട് തന്റെ അവസ്ഥ യെ അച്ഛനോട്ട് തദാത്മ്യപ്പെടുത്തിയാണ് ആൺകുട്ടി ഈ ശത്രുതയിൽ നിന്ന് മോചനം നേടുന്നത്. അതുവരെയും അവൻ *വൃഷണച്ഛേദഭീതി* (castration complex) അനുഭവിക്കും എന്നും ഫ്രോയ്ഡ് സിദ്ധാന്തിക്കുന്നു ണ്ട്. ഇതിനു സമാനമായ അവസ്ഥയിലൂടെ പെൺകുട്ടിയും കടന്നു പോകുന്നുണ്ട്. തനിക്ക് ലിംഗമില്ല എന്ന അറിവ് ലിംഗമുള്ളവരോടുള്ള അസൂയയായി രൂപാന്തരപ്പെടുന്നു. അമ്മയോട് വിപ്രതിപത്തിയും അച്ഛ

നോട് അനുരാഗവും പെൺകുട്ടിയിലങ്കുരിക്കുന്നു. *ഇലക്ട്രാകോംപ്ലക്സ്* (Electra complex) എന്നാണ് ഫ്രോയ്ഡ് ഇതിനെ പറയുന്നത്.[16] സ്വന്തം അവസ്ഥയെ മാതാവിന്റെ അവസ്ഥയോട് താദാത്മ്യപ്പെടുത്തിയാണ് പെൺകുട്ടി സ്വന്തം സ്ത്രൈണത പിന്നീട് അംഗീകരിക്കുന്നത്. ജനനേന്ദ്രിയഘട്ടത്തിൽ ലൈംഗികാനുഭൂതി സ്ഥിരീകരിക്കപ്പെട്ടുപോയാൽ സ്വവർഗ്ഗാനുരാഗത്തിലേയ്ക്ക് വ്യതിചലിക്കാനുള്ള സാധ്യത ഏറെയാണ്. പില്ക്കാലത്ത് കർക്കശമായ നീതിബോധം, ധാർമികത എന്നിവ ഇവരുടെ മുഖംമൂടികളാവാറുണ്ട്. വ്യക്തിബന്ധങ്ങളിലും ഇവ പ്രതിഫലിക്കാറുണ്ട്. സ്വവർഗ്ഗത്തിൽ ഉൾപ്പെടുന്ന വ്യക്തികളോട് മാത്സര്യം കുറഞ്ഞ മനോഭാവം പ്രദർശിപ്പിക്കുക വഴി ഇവർ സമാധാന കാംക്ഷികളായി അറിയപ്പെടാറുണ്ട്. അധികാര കേന്ദ്രങ്ങളോടുള്ള കലഹം അല്ലെങ്കിൽ വിധേയത്വം എന്നിവയും കാണാൻ കഴിയും. ഏതു കാര്യത്തിലും സാമാന്യത്തിൽ നിന്നു വ്യതിരിക്തമായ വീക്ഷണങ്ങൾ ഇവർ പുലർത്തുന്നതായി കാണാം.

### 2.4.4. അന്തർലീനഘട്ടം (Latency Stage)

ആറുവയസ്സുമുതൽ പതിമൂന്നു വയസ്സുവരെയുള്ള കാലഘട്ടത്തിൽ ലൈംഗികോർജ്ജം ശരീരത്തിൽ വിവിധ ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നതുകൊണ്ട് ഈ ഘട്ടത്തിലെ ലൈംഗികതയെ നിദ്രാവസ്ഥയായി

പരിഗണിക്കുന്നവരുണ്ട്. എന്നാൽ പേശികളിലേക്കും കൈകാലുകളിലേക്കും വ്യാപിക്കുന്ന ലൈംഗികോർജ്ജം മറ്റൊരു കേന്ദ്രീകരണത്തിന്റെ പൂർവ്വാവസ്ഥയെ ആണ് സൂചിപ്പിക്കുന്നത്. ഈ ഘട്ടത്തിൽ കായിക വിനോദങ്ങളിൽ കുട്ടികൾ താല്പര്യം പ്രകടിപ്പിക്കുന്നു. നീന്തൽ, ഓട്ടം, ചാട്ടം, സൈക്കിൾ സവാരി തുടങ്ങിയ കായിക കാര്യങ്ങളെല്ലാം പരിശീലിപ്പിക്കാൻ കഴിയുന്ന കാലഘട്ടമാണിത്. എന്നാൽ, മുമ്പുള്ള ഘട്ടങ്ങളിൽ സ്ഥിരീകരിക്കപ്പെടാതെ കടന്നു വന്നവരിൽ മാത്രമേ ഈ ഘട്ടത്തിൽ ലൈംഗികോർജ്ജം കായികോർജ്ജമായി പ്രത്യക്ഷപ്പെടുകയുള്ളൂ. കുട്ടികൾ സ്വന്തം വർഗ്ഗവുമായി കൂടുതൽ ഇണങ്ങിക്കഴിയാനാഗ്രഹിക്കുന്ന കാലഘട്ടമാണിത്. ഇവിടെയും സ്ഥിരീകരണങ്ങൾക്ക് സാധ്യതയുണ്ട്. ഈ ഘട്ടത്തിൽ സ്ഥിരീകരിക്കപ്പെടുന്ന ലൈംഗികോർജ്ജം ശരീരകേന്ദ്രിതമായ കാര്യങ്ങളിലേയ്ക്ക് വ്യക്തിയുടെ ശ്രദ്ധയപ്പാടെ മാറ്റിയെടുത്തേയ്ക്കാം. ഭാരോദ്വഹനം, ഗുസ്തി, സാഹസികകൃത്യങ്ങൾ എന്നിവയിൽ താല്പര്യം പ്രദർശിപ്പിക്കുന്ന ഒരുവിഭാഗം ആളുകൾ ഇത്തരം സ്ഥിരീകരണത്തിന്റെ പ്രത്യക്ഷങ്ങളാണ്. ബാഹ്യമായി നോക്കുമ്പോൾ ലൈംഗികാകർഷണത്തിന് പാത്രമാകത്തക്ക ശരീര സൌന്ദര്യമുള്ളപ്പോഴും ഇവരിലെ ലൈംഗികോർജ്ജം പലപ്പോഴും അപരവ്യക്തിയോടുള്ള ലൈംഗിക താല്പര്യമായി പരിണമിക്കാത്തത് അന്തർലീന ഘട്ടത്തിലെ സ്ഥിരീകരണം മൂലമാണ്.

### 2.4.5. ലൈംഗികഘട്ടം (Genital Stage)

13 വയസ്സ മുതൽ മേലോട്ടുള്ള ഘട്ടത്തെയാണ് ഫ്രോയ്ഡ് ലൈംഗികഘട്ടമെന്ന് വിളിക്കുന്നത്. പെൺകുട്ടികൾ പ്രായപൂർത്തിയാവുന്ന ഘട്ടം ആൺകുട്ടികളേക്കാൾ നേരത്തെ ആവാറുണ്ട്. അന്തർലീന ഘട്ടത്തിൽ ലൈംഗികോർജ്ജം കായികോർജ്ജമായി മാറുന്നത് പെൺകുട്ടികളിൽ കുറവാകുന്നതായിരിക്കാം ഇതിനു കാരണമെന്ന് ഫ്രോയ്ഡ് പറയുന്നുണ്ട്. ഈ ഘട്ടത്തിൽ ലൈംഗികത കേന്ദ്രീകരിക്കപ്പെടുന്നത് വ്യക്തിയുടെ മസ്തിഷ്കത്തിലാണ്. അനുഭൂതി മണ്ഡലം ലൈംഗികാവയവങ്ങളുമാണ്. ഇതര വ്യക്തിയെ ആദ്യമായി ലൈംഗികോപാധിയായി കാണുന്നതും ഈ ഘട്ടത്തിലാണ്. ആൺകുട്ടികൾ പെൺകുട്ടികളോട്ടും പെൺകുട്ടികൾ ആൺകുട്ടികളോട്ടും ആകർഷണമുള്ളവരായിത്തീരുന്നു. പ്രാഥമികഘട്ടങ്ങളിൽ ലൈംഗികോർജ്ജത്തിന്റെ വിന്യാസത്തിൽ ഏതെല്ലാം വിധത്തിലുള്ള ഉൾപ്പിരിവുകൾ ഉണ്ടായിട്ടുണ്ടോ അതെല്ലാം ഈ ഘട്ടത്തിൽ പല പ്രകാരത്തിൽ വീണ്ടും പ്രകാശിതമാകുന്നു. ഉദാഹരണമായി വദനഘട്ടത്തിൽ ലൈംഗികോപാധിയായി ബാഹ്യവസ്തുക്കളെ ഉപയോഗിച്ചിട്ടുള്ള പുരുഷന് അചേതന വസ്തുക്കളോടോ, കാമുകിയുടെ വിരൽ, കാൽ, മുടി, വസ്ത്രം മുതലായവയോടോ താല്പര്യമുണ്ടായി എന്നുവരാം. ലൈംഗിക ഉണർവ് നൽകുന്നതിൽ സൂക്ഷ്മമായി ഓരോ ശരീരഭാഗവും വഹിക്കുന്ന പങ്ക് പൂർവഘട്ടങ്ങളിലെ

ലൈംഗികാനുഭൂതികളുമായി ബന്ധപ്പെട്ടിരിക്കുന്നു. പൂർവഘട്ടങ്ങളിൽ സ്ഥിരീകരണം സംഭവിച്ച വ്യക്തികൾക്ക് പ്രസ്തുത ഘട്ടങ്ങളിൽ അനുഭവിച്ച അനുഭൂതിയുടെ തുടർച്ചയായി ലൈംഗികതയുടെ ദ്വിതീയഘട്ടം (Secondary Sexual Stage) പ്രത്യക്ഷമാവുന്നു. വദനഘട്ടത്തിൽ സ്ഥിരപ്പെട്ടവർക്ക് ചുംബനാദി ക്രിയകളിലും വദനസുരതത്തിലും താല്പര്യമുണ്ടാവാനിടയുണ്ട്. വിസർജ്ജനഘട്ടത്തിലെ സ്ഥിരീകരണത്തിന്റെ നേർരേഖയിലുള്ള പ്രത്യക്ഷണം ഗുദരത്യാഭിമുഖ്യമാണ്. ജനനേന്ദ്രിയഘട്ടത്തിന്റെ വിപുലീകൃതരൂപം സ്വവർഗ്ഗരത്യാഭിമുഖ്യമാണ്. എന്നാൽ ഇവയെല്ലാം ഇതേവിധത്തിൽ പ്രത്യക്ഷപ്പെടണമെന്നില്ല. കാലഘട്ടത്തിന്റെയും സാഹചര്യങ്ങളുടെയും സമ്മർദ്ദവും, വ്യക്തി ആർജ്ജിച്ച സാന്മാർഗിക ബോധവും അടിസ്ഥാനപ്പെടുത്തി ലൈംഗികോർജ്ജം പ്രകാശിതമാവുന്നതിൽ അതിശയകരമായ വിപരിണാമങ്ങൾ ഉണ്ടാകാറുണ്ട്. ഈ വസ്തുത വ്യക്തമാകണമെങ്കിൽ മനസ്സിന്റെ ഘടനയെ സംബന്ധിച്ച ഫ്രോയ്ഡിന്റെ പഠനങ്ങൾ കൂടി പരിശോധിക്കേണ്ടതുണ്ട്.

## 2.5. ഈദ്, ഈഗോ, സൂപ്പർ ഈഗോ (Id, Ego, Super ego)

ഫ്രോയ്ഡിന്റെ ഘടനാസിദ്ധാന്തമനുസരിച്ച് മനസ്സിന്റെ സ്വയം പ്രകാശിതമായ ബാഹ്യമേഖലയാണ് *ഈഗോ.* നിലനിൽക്കുന്ന സാംസ്കാരികാവസ്ഥകൾക്കനുസരിച്ച് പരുവപ്പെട്ടിരിക്കുന്ന ഒന്നായിരി

ക്കും ഇത്. ആനന്ദം മാത്രം അടിസ്ഥാനമാക്കി നിലകൊള്ളുന്ന *ഈദ്* എന്ന മണ്ഡലം വിപുലമാണ്. പ്രാകൃതവാസനകളോട് സമമാണത്. ശരിതെറ്റുകളോ നന്മതിന്മകളോ വിലക്കുകളോ സദാചാരസങ്കല്പങ്ങളോ ഈ മണ്ഡലത്തിൽ സ്പർശിക്കുന്നില്ല. ആനന്ദം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ ചോദനകൾ വ്യക്തിത്വത്തിന്റെ അടിസ്ഥാനമാണെങ്കിലും, സാമൂഹികവിലക്കുകളുടെയും വ്യക്തി സ്വാംശീകരിച്ച ധാർമികബോധത്തിന്റെയും അരിപ്പയിലൂടെയാണ് (filter) ഈ അന്തർ ചോദനകൾ, ഈഗോയിൽ എത്തിച്ചേരുന്നത്. ഈദിനും ഈഗോയ്ക്കും മധ്യേയുള്ള ഈ അരിപ്പയെ *സൂപ്പർഈഗോ* എന്നാണ് ഫ്രോയ്ഡ് വിളിച്ചത്. നിലനിൽക്കുന്ന മൂല്യങ്ങൾക്കനുസരിച്ച് വ്യക്തി സ്വാംശീകരിക്കുന്ന സദാചാരവ്യവസ്ഥയാണത്. കാലത്തിനും ദേശത്തിനും പൊതുവായി സൂപ്പർഈഗോ ഉണ്ടായിരിക്കുമെങ്കിലും ഓരോ വ്യക്തിയിലും സൂക്ഷ്മതലത്തിൽ അതു വ്യത്യസ്തമായിരിക്കും. കർക്കശമായ മൂല്യബോധത്താൽ ആന്തരിക ചോദനകളെ പ്രതിരോധിക്കുന്ന വ്യക്തിയിൽ വ്യക്തിത്വത്തിന്റെ മേൽത്തട്ട് ആകർഷമായിരിക്കും. ഇത് സമൂഹാഭിലാഷങ്ങൾക്ക് അനുരൂപമായിരിക്കുകയും ചെയ്യും. എന്നാൽ ആന്തരികാഭിലാഷങ്ങളെ അളവിൽ കവിഞ്ഞ് അടിച്ചമർത്തുമ്പോൾ അന്തർസംഘർഷങ്ങൾ ഏറുകയും അത് പ്രതീകാത്മകമോ സ്ഫോടനാത്മകമോ ആയ വിധത്തിൽ പുറംതള്ളപ്പെടുകയും ചെയ്യും. ആന്തരികവും ബാഹ്യവുമായ അഭിലാഷങ്ങളുടെ സമതുലനത്തിനായി വ്യക്തിത്വത്തിൽ ഒട്ടേറെ സുരക്ഷാകവാടങ്ങൾ (safety valves) നില

നിർത്തേണ്ടതായും വരും. സൂപ്പർഈഗോ ദുർബലമായിരിക്കുന്ന വ്യക്തി ഉന്മാദത്തോളമെത്തുന്ന ആന്തരികാഭിലാഷങ്ങളാൽ പ്രചോദിതനായി രിക്കും. നിലനിൽക്കുന്ന സമൂഹത്തിന് യാതൊരു പ്രകാരത്തിലും അംഗീകരിക്കാനാകാത്ത പ്രകാരത്തിലുള്ള കവിയോ, കാമുകനോ, ഭ്രാന്തനോ, കുറ്റവാളിയോ ആയി അയാൾ ഗണിക്കപ്പെടുന്നു. എന്നാൽ ഇത്തരക്കാർക്ക് ബോധതലത്തിൽ സമ്മർദ്ദങ്ങളേറുമെങ്കിലും ആന്തരി കമായ സംഘർഷങ്ങൾ കുറവായിരിക്കും. അഭിലാഷങ്ങളുടെ ബോധ പൂർവ്വമായ അടിച്ചമർത്തൽ കുറവായതിനാലാണ് ഇങ്ങനെ സംഭവി ക്കുന്നത്. ഇപ്രകാരം അഭിലാഷങ്ങൾക്കു നേരിടേണ്ടി വരുന്ന അടിച്ചമർത്തലുകളെ കുറിച്ച് മനസ്സിന്റെ വിവിധ മണ്ഡലങ്ങളെ വിശദീകരിക്കുമ്പോൾ ഫ്രോയ്ഡ് പറയുന്നുണ്ട്.

### 2.6. ബോധ, പ്രാഗ്ബോധ, അബോധ മണ്ഡലങ്ങൾ

**(Pre-conscious, Conscious, Unconscious levels of mind)**

മനസ്സിന്റെ വിവിധ മണ്ഡലങ്ങളെ കുറിച്ച് വിശദമാക്കുമ്പോൾ വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന മഞ്ഞുകട്ടയെയാണ് ഫ്രോയ്ഡ് ഉദാഹരിക്കുന്നത്. മുക്കാൽ ഭാഗവും അബോധമായിരിക്കുന്ന മനോ മണ്ഡലത്തെയാണ് ഈ മഞ്ഞുകട്ട പ്രതിനിധാനം ചെയ്യുന്നത്. ഉണർന്നിരിക്കുന്ന അവസ്ഥയിലെ ബോധമണ്ഡലം, സ്വപ്നാവസ്ഥയ്ക്ക്

തുല്യമായ പ്രാഗ്ബോധമണ്ഡലം, വ്യാഖ്യാനക്ഷമമല്ലാത്ത അബോധ മണ്ഡലം, എന്നിങ്ങനെയാണ് മനസ്സിന്റെ തലങ്ങൾ.[17] അബോധ മണ്ഡലത്തിൽ ഭാഷാതീതമായ വികാരങ്ങളുടെ പ്രവാഹമാണ് ഉണ്ടാ യിരിക്കുക. ആനന്ദം കൈവരിക്കുക മാത്രമാണ് അത്തരം ചോദനകളു ടെ ആത്യന്തിക ലക്ഷ്യം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അവ സ്വയമേവ ആനന്ദമാണ്. ഭാഷകൊണ്ട് വിശദീകരിക്കാൻ സാധ്യമല്ലാ ത്ത അനുഭൂതികേന്ദ്രങ്ങളുടെ മണ്ഡലമാണിത്. ജനിക്കുമ്പോൾ തന്നെ മസ്തിഷ്കത്തിൽ രൂപപ്പെട്ടു കഴിഞ്ഞിട്ടുള്ള ഏക മനോമണ്ഡലവും ഇതുത ന്നെ. ബോധമണ്ഡലത്തിലെ എല്ലാ ക്രിയകൾക്കും അബോധമണ്ഡല ത്തിലെ ആഗ്രഹപൂർത്തീകരണവുമായി ബന്ധമുണ്ട്. ഈ മോഹപ്രാപ്തി ബോധതലത്തിലെ വിശകലനങ്ങൾക്ക് വഴങ്ങുന്നതായിരിക്കണമെന്നി ല്ല. ഉദാഹരണമായി, ഉണർന്നിരിക്കുന്ന അവസ്ഥയിൽ വ്യക്തിയെ കഠിനമായി വേദനിപ്പിക്കുന്ന ഒരനുഭവത്തിൽ അബോധമനസ്സ് ചിലപ്പോൾ ആഹ്ലാദിക്കുകയായിരിക്കും ചെയ്യുന്നുണ്ടാവുക. സിരാരോഗി കളുടെ രോഗാവസ്ഥയെ വിശകലനം ചെയ്തുകൊണ്ട് ഫ്രോയ്ഡ് ഇക്കാര്യം സ്ഥാപിച്ചിട്ടുണ്ട്.[18] ഹിപ്നോട്ടിക് നിദ്രയിലൂടെ പ്രാഗ്ബോധാവ സ്ഥയിലേക്ക് വ്യക്തിയെ കൊണ്ടുപോവുകയും ബോധതലത്തിലെ വൈഷമ്യങ്ങളുടെ കാരണം തേടുകയുമാണ് ഫ്രോയ്ഡ് ചെയ്തത്. ബോധമണ്ഡലത്തിലെ ഇച്ഛാഭംഗങ്ങളെയും അപമാനങ്ങളെയും കുറ്റ ബോധങ്ങളെയും പരിഹരിക്കാൻ അബോധമനസ്സ് വ്യക്തിയെ പീഡിപ്പിച്ചുകൊണ്ടുതന്നെ സാഹചര്യമൊരുക്കുന്നു. ഇവ അസുഖങ്ങളാ

യും ദുരന്തങ്ങളായും അപകടങ്ങളായും വ്യക്തിയേൽക്കേണ്ടി വരുന്നു. അപകടങ്ങളിലേറെയും വ്യക്തികൾ ക്ഷണിച്ചുവരുത്തുന്നതാണെന്ന ആശയവും ഫ്രോയ്ഡ് മുന്നോട്ട് വെയ്ക്കുന്നുണ്ട്. ആന്തരിക താല്പര്യങ്ങൾ സ്വപ്നങ്ങളായും പ്രതീകാത്മകമായ പ്രവൃത്തികളായും ബോധമണ്ഡല ത്തിലേക്ക് പ്രവേശിക്കാറുണ്ട്. *സ്വപ്നങ്ങളുടെ വ്യാഖ്യാനം* എന്ന പ്രബന്ധ ത്തിൽ ഇക്കാര്യം ഫ്രോയ്ഡ് ഉദാഹരണ സഹിതം വിശദമാക്കുന്നുണ്ട്. ഭാഷാതീതമായ അബോധമണ്ഡലം ബോധമണ്ഡലവുമായി ഇടപെടു ന്നത് സാമാന്യയുക്തികൾക്ക് അതീതമായോ വിപരീതമായോ ആണ്. അതുകൊണ്ടുതന്നെ വ്യക്തിത്വത്തിലെ സവിശേഷസ്വഭാവങ്ങളെ നിർ ദ്ധാരണം ചെയ്യാൻ അവയ്ക്കടിയിലെ ചോദനകളെ തിരയുന്ന പ്രക്രിയ ആവശ്യമായി വരും. മനോവിശ്ലേഷണം (psychoanalysis) എന്ന സാങ്കേതിക സംജ്ഞയിലൂടെ ഫ്രോയ്ഡ് ഉദ്ദേശിക്കുന്നത്, നിലനിൽക്കു ന്ന ഭാഷയും മൂല്യങ്ങളും ഒരു വ്യക്തിയിലുണ്ടാക്കിയ ചിഹ്നങ്ങൾക്കപ്പുറ ത്തേക്ക് ഓർമകളെ കൊണ്ടുപോവുക എന്നതാണ്. ഇതിനുവേണ്ടി അനിയന്ത്രിതമായി സംസാരിപ്പിക്കലാണ് ഒരു മാർഗം. എല്ലാ വിലക്കു കൾക്കും അതീതമായി ഉള്ളിൽ തോന്നുന്നതെന്തും പറയാൻ ഒരു വ്യക്തിയെ പ്രേരിപ്പിക്കുകയും, ഏതു വിഷയം സംസാരിക്കുമ്പോഴാണ് ആന്തരികഘർഷണം (Internal resistance) നേരിടുന്നതെന്ന് ശ്രദ്ധിക്കുക യും ചെയ്താൽ ആ വ്യക്തി അനുഭവിക്കുന്ന കുറ്റബോധം, നാണക്കേട് ഭീതി, അപകർഷത, സങ്കോചം, തുടങ്ങിയവ മനസ്സിലാക്കാൻ കഴിയും. അതിലൂടെ യഥാർത്ഥ അഭിലാഷങ്ങളെ കണ്ടെത്തി അഭിസംബോധന

ചെയ്യുക എന്നതായിരുന്നു. *ഫ്രീ-അസോസിയേഷൻ* കൊണ്ട് ലക്ഷ്യമാക്കിയിരുന്നത്. ഈ ഘട്ടത്തിൽ തന്നെയാണ് വ്യക്തി നേരിടുന്ന ആന്തരിക സംഘട്ടനങ്ങളെക്കുറിച്ചും (Internal conflict) ഇതുമൂലം ഉണ്ടാകുന്ന അമിതമായ ഉത്കണ്ഠകളെക്കുറിച്ചും (Anxiety) അതിൽനിന്ന് രക്ഷപ്പെടാനായി വ്യക്തി കൈക്കൊള്ളുന്ന പ്രതിരോധതന്ത്രങ്ങളെ കുറിച്ചും (Defence Mechanisms) ഫ്രോയ്ഡ് ചർച്ചചെയ്യുന്നത്. മനോവിശകലന സിദ്ധാന്തപ്രകാരം (Psycho analytical theory) വ്യക്തിത്വ ഘടനയിൽ ആത്മപ്രതിരോധതന്ത്രങ്ങൾക്ക് ഏറെ പ്രധാന്യമുണ്ട്.

## 2.7. ആത്മപ്രതിരോധതന്ത്രങ്ങൾ (Self defence mechanisms)

നിലനിൽക്കുന്ന സാമൂഹികസാഹചര്യങ്ങൾക്ക് അനുരൂപമല്ലാത്ത അഭിലാഷങ്ങൾ പുലർത്തേണ്ടിവരുമ്പോഴോ, ബോധമണ്ഡലം (ego level) വെല്ലുവിളികൾ നേരിടുമ്പോഴോ സ്വാഭാവികമായുണ്ടാകുന്ന ഭീതിയെ ചെറുക്കുന്നതിന് മനസ്സിന്റെ അബോധമണ്ഡലത്തിൽ ചില പ്രവർത്തനങ്ങൾ നടക്കുന്നു. അസന്തുഷ്ടമായ സാഹചര്യങ്ങളെ ഒഴിവാക്കുന്നതിനായി ആന്തരികമനസ്സ് സ്വീകരിക്കുന്ന ഇത്തരം അടവുകളെ *ആത്മപ്രതിരോധതന്ത്രങ്ങൾ* എന്ന് വിളിക്കാം. ഉൽകണ്ഠകളെ അതിജീവിക്കാൻ വ്യക്തികൾ നടത്തുന്ന പ്രതിരോധതന്ത്രങ്ങളെക്കുറിച്ച് ഫ്രോയ്ഡ് പറയുന്നുണ്ടെങ്കിലും ഇവയെക്കുറിച്ച് കൂടുതലായി പഠിച്ചതും

വർഗ്ഗീകരിച്ചതും അന്നാഫ്രോയ്ഡ് ആണ്.[19] ബോധമണ്ഡലം നേരിടുന്ന ഭീതികളെ അതിജീവിച്ച് സമതുലിതാവസ്ഥ പുലർത്തുന്നതിന് മനസ്സ് സ്വയം സ്വീകരിക്കുന്ന പ്രതിരോധതന്ത്രങ്ങൾ ഭൂരിഭാഗവും അബോധ മണ്ഡലത്തിലാണ് നടക്കുന്നത്. അനിഷ്ടകരമായ സാഹചര്യങ്ങളെ പൂർണ്ണമായി നിഷേധിക്കൽ (Denial) മുതൽ, ഇഷ്ടമില്ലാത്ത സംഭവങ്ങൾ സ്വയമറിയാതെ മറന്നുപോകുന്നതു (Repression) വരെ ആത്മപ്രതിരോ ധ തന്ത്രങ്ങളാണ്. സാമൂഹ്യമായി അംഗീകരിക്കപ്പെടാത്ത അഭിലാഷ ങ്ങളെ വ്യക്തികൾ പ്രതിരോധതന്ത്രങ്ങളുപയോഗിച്ച് അടിച്ചമർത്തുക യോ മറ്റൊന്നായി രൂപപ്പെടുത്തുകയോ ചെയ്യുന്നു. ലൈംഗികവ്യതിയാ നത്തെക്കുറിച്ചുള്ള പഠനത്തിൽ പ്രതിരോധതന്ത്രങ്ങൾക്ക് ഏറെ പ്രാധാ ന്യമുണ്ട്. വൈകല്യങ്ങളായോ കുറവുകളായോ സമൂഹം വിലയിരുത്തു ന്ന പല വ്യതിയാനങ്ങളും സാമൂഹികമായി ബഹുമാനിക്കപ്പെടുന്ന സ്വഭാവ മാതൃകകളായി പരിവർത്തനപ്പെടുന്നു. ഈ സംസ്കരണം വ്യക്തിത്വത്തിന്റെ രൂപപ്പെടലിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ്. ശരാശരിക്കു മുകളിൽ നിൽക്കുന്ന ഏതൊരു കഴിവും ഉദാത്തീകരണ പ്രക്രിയയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യപ്പെടേണ്ടതാണ്.

നിലനിൽക്കുന്ന സാമൂഹികമൂല്യങ്ങൾക്ക് തീർത്തും ഉൾകൊള്ളാ നാവാത്ത വ്യക്ത്യഭിലാഷങ്ങൾ ബോധമണ്ഡലത്തിൽ എത്താതെ തന്നെ മായ്ക്കപ്പെട്ടുപോവുന്ന സവിശേഷവിസ്മൃതി, ദമനമെന്ന് അറിയ

പ്പെടുന്ന പ്രതിരോധതന്ത്രമാണ്. അബോധപൂർവ്വമായ ഈ അടിച്ചമർത്തൽ, ചോദനകളുടെ പ്രതീകാത്മകമായ പ്രത്യക്ഷണങ്ങൾക്ക് കാരണമാവുന്നു. ലൈംഗിക വ്യതിയാനങ്ങളെക്കുറിച്ചുള്ള പഠനത്തിൽ പ്രസക്തമാവുന്ന മറ്റൊരു പ്രതിരോധക്രിയ മിഥ്യാരോപമാണ്.[20] തന്റെ ഉള്ളിലുള്ള സവിശേഷതകളെ അന്യ വ്യക്തിയിലോ സംഭവങ്ങളിലോ ആരോപിക്കുന്നതാണ് ഇതിന്റെ രീതി. പ്രതീകാത്മകമായ ഇത്തരം ആരോപണങ്ങളിലൂടെ വ്യക്തി ഒരുതരം ലൈംഗികാനുഭൂതിയിൽ എത്തിച്ചേരുന്നു. ഇതിനേക്കാൾ സങ്കീർണമായ പ്രവർത്തനമാണ് പ്രതിക്രിയാ പ്രതിരോധത്തിൽ (Reaction formation) കാണാനാവുക. അനഭിലഷണീയമായ സ്വഭാവം വ്യക്തി അറിയാതെ തന്നെ വിപരീത മാതൃകയായി മാറുന്നതാണിതിന്റെ രീതി. ഉദാഹരണമായി മദ്യാസക്തിയുള്ള ഒരാൾ മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തകനാവുന്നതും, താൻ പോലുമറിയാതെ ഉള്ളിൽ രൂഢമായ ഹനനാസക്തിയെ പ്രതിരോധിക്കാൻ ഒരാൾ അഹിംസാവാദിയാവുന്നതും ഇത്തരം പ്രതിരോധപ്രക്രിയയിലൂടെയാണ്. മറ്റൊരു പ്രധാന ആത്മപ്രതിരോധം  ന്യായീകരണത്തിലൂടെയാണ് സാധ്യമാവുന്നത്. യുക്തീകരണം (Rationalization) എന്നു വിളിക്കപ്പെടുന്ന  ഈ പ്രതിരോധം, *കിട്ടാത്ത മുന്തിരി പുളിക്കും* എന്ന നാടൻ ചൊല്ലിന്റെ സിദ്ധാന്തരൂപമാണ്. ഭാഷാപരമായ സങ്കീർണ്ണതകൾ, അമിതമായ വൈകാരിക പ്രകടനം, ജ്ഞാനിയുടെയും തത്ത്വചിന്തകന്റെയും ബാഹ്യാവരണം സ്വീകരിക്കൽ, അതിരുകവിഞ്ഞ സദാചാരം, ഏറിയ ധർമ്മനിഷ്ഠ, കഠിനമായ

വാത്സല്യം തുടങ്ങി ഒട്ടേറെ പ്രതിരോധതന്ത്രങ്ങളുണ്ട്. ഇവയിൽ ഏറ്റവും അതിശയകരമായ പ്രതിരോധതന്ത്രം ഉദാത്തീകരണം (Sublimation) തന്നെയാണ്. അന്തർലീനമായ അസ്വസ്ഥതകളെ ആകർഷകമായ സ്വഭാവ സവിശേഷതകളായി മാറ്റുന്ന മനസ്സിന്റെ ഇന്ദ്രജാലമാണത്. അടിത്തട്ടിൽ അടിഞ്ഞു കിടക്കുന്ന ചോദനകളുമായി യാതൊരു പ്രകാരത്തിലും സാമ്യപ്പെടുത്താനാവാത്ത വിധം ഉജ്ജ്വല ങ്ങളായിരിക്കും ഇത്തരം ഉദാത്തീകൃത മാതൃകകൾ. ഇവയെ അപ നിർമ്മിച്ചുകൊണ്ടു മാത്രമേ വ്യക്തിത്വത്തിന്റെ ആന്തരഘടനയിലേക്ക് പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ. സർഗ്ഗാത്മകമായ ഉദാത്തീകരണ ങ്ങൾ ഇക്കൂട്ടത്തിൽ സവിശേഷ ശ്രദ്ധ ആകർഷിക്കുകയും ചെയ്യുന്നു.

## 2.8. സ്വവർഗ്ഗലൈംഗികതയെക്കുറിച്ചുള്ള പഠനത്തിൽ ഫ്രോയ്ഡിന്റെ ദർശനങ്ങൾക്കുള്ള സ്ഥാനം

രതിക്രിയ ലൈംഗികപിരിമുറുക്കം ഇല്ലാതാക്കി ആനന്ദം അനു ഭവിക്കാനുള്ള മാർഗ്ഗമാണെന്ന് ഫ്രോയ്ഡിന്റെ പഠനങ്ങൾ പറയുന്നു. ഇതരജീവജാലങ്ങളിൽ നിന്ന് മനുഷ്യനിലേയ്ക്കുള്ള പരിണാമത്തിൽ മസ്തിഷ്കവളർച്ചയോടൊപ്പം തന്നെ ലൈംഗികതയിലും കാര്യമായ മാറ്റം സംഭവിച്ചിട്ടുണ്ട്. ജൈവികമായ വൈകാരിക ശമനത്തിനപ്പുറത്ത് മാന സികമായ ഉല്ലാസം കൂടി മനുഷ്യവർഗത്തിന്റെ ലൈംഗികതയിൽ

ഉൾച്ചേർന്നിരിക്കുന്നു. കാലാവസ്ഥകളെയും നിശ്ചിത പ്രജനനവേളക ളെയും ഉല്ലംഘിക്കുന്നതാണ് മനുഷ്യന്റെ ലൈംഗികജീവിതം. ലൈംഗിക തയ്ക്കുമേൽ വിലക്കുകളില്ലാത്ത ആനന്ദമാർഗ്ഗത്തിന്റെ കാലം പല സംസ്കാരങ്ങളുടെയും പൂർവ്വഘട്ടങ്ങളിലുണ്ടായിരുന്നു എന്ന് ഈ പ്രബ ന്ധത്തിന്റെ ഒന്നാമധ്യായത്തിൽ പരാമർശിച്ചിട്ടുണ്ട്. വിശ്വാസവും രാഷ്ട്രീയവും അധികാര ക്രമവുമനുസരിച്ച് പില്ക്കാലങ്ങളിൽ ഓരോ സംസ്കാരവും ലൈംഗികതയെ പുനർനിർവചിച്ചു. പല കാലഘട്ടങ്ങളി ലായി വന്നുചേർന്ന വിലക്കുകൾ സംസ്കാരത്തിന്റെ ഭാഗമാവുകയും അത്തരം സംസ്കാരങ്ങളിൽ ജനിച്ചു വീഴുന്ന ഓരോ കുഞ്ഞും സാമൂഹികമൂല്യങ്ങളെന്ന നിലയ്ക്ക് പ്രസ്തുത വിലക്കുകളെ സ്വാംശീകരിക്കു കയും ചെയ്തു. നൂറ്റാണ്ടുകളോളം നിലനിന്ന സെമറ്റിക് സദാചാരം ആഗോളമായിത്തന്നെ സ്വവർഗ്ഗലൈംഗികതയെ വിലക്കപ്പെട്ടതാക്കി ത്തീർത്തു. പതിമൂന്നാം നൂറ്റാണ്ടുമുതൽ പതിനെട്ടാം നൂറ്റാണ്ടുവരെ നില നിന്ന പീഡനകാലഘട്ടം സ്വവർഗ്ഗലൈംഗികതയെ പുറത്തുപറയാന രുതാത്തൊരു പാപവുമാക്കി. ആ സാഹചര്യത്തിലാണ് ഫ്രോയ്ഡിന്റെ ലൈംഗികശാസ്ത്രപഠനങ്ങൾ രൂപപ്പെട്ടത്. സമൂഹമനസ്സിന്റെ അടിത്ത ട്ടിലെ ലൈംഗികാഭിനിവേശങ്ങൾ രോഗങ്ങളായും ഉദാത്തീകരിക്കപ്പെട്ട രൂപങ്ങളായും പ്രത്യക്ഷപ്പെടുന്നതിനെ സംബന്ധിച്ച് ഫ്രോയ്ഡ് നടത്തി യ പഠനങ്ങൾ ഈ മേഖലയിൽ വിപ്ലവകരമായ പരിവർത്തനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. സാമൂഹികമായി ഏറ്റവും മഹത്വമാർന്ന ചിഹ്നങ്ങ ളെ ലൈംഗികതയുടെ പാശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ

ആന്തരികചോദനകൾ ബാഹ്യലോകവുമായി പ്രതിപ്രവർത്തിച്ചതിന്റെ ഉപോല്പന്നങ്ങളായി അവയെ കാണാൻ കഴിയും. വിരുദ്ധ ദ്വന്ദ്വങ്ങളുടെ സമന്വയം അബോധതലത്തിൽ സ്വാഭാവികമാണെന്ന് ഫ്രോയ്ഡ് തെളിയിച്ചു. അതായത്, സ്ഥലകാലവസ്തു ബോധത്തോടുകൂടിയ മനോ മണ്ഡലത്തിൽ മാത്രമേ ദ്വന്ദ്വകല്പന സാധ്യമാവുകയുള്ളൂ. ഈയർത്ഥ ത്തിൽ അങ്ങേയറ്റത്തെ വെറുപ്പ് അതിരുകവിഞ്ഞ അഭിനിവേശമാ ണെന്നും വിരക്തി, ആസക്തി ആകാമെന്നും വിശദമാക്കപ്പെട്ടു. സ്വവർ ഗ്ഗരതിഭീതി സ്വവർഗ്ഗതാല്പര്യം തന്നെയാകാമെന്നും പത്തൊമ്പതാം നൂറ്റാണ്ടിൽ ഫ്രോയ്ഡ് നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നു. ഇപ്രകാരം, പ്രകാശനം തടസ്സപ്പെട്ട സ്വവർഗ്ഗരത്യാഭിമുഖ്യം ലോകത്താ കമാനം പലരൂപങ്ങളിലും ഭാവങ്ങളിലും സമൂഹജീവിതത്തിൽ മാത്രമല്ല, സർഗ്ഗാത്മക മണ്ഡലത്തിലും പ്രതിഫലിക്കുകയുണ്ടായി. സാഹിത്യ പഠനത്തിന്റെ സമഗ്രതയ്ക്ക് മനശ്ശാസ്ത്രത്തെ പ്രധാന ഉപകരണമാക്കേ ണ്ടതുണ്ടെന്ന ധാരണ വ്യാപകമായതും ഫ്രോയ്ഡിന്റെ പഠനങ്ങൾക്ക് ശേഷമാണ്. ഫ്രോയ്ഡിന്റെ പഠനങ്ങളെ ഉപകരണമായി സ്വീകരിച്ചു കൊണ്ട് കേരള സമൂഹത്തിലും സാഹിത്യത്തിലുമുള്ള സ്വവർഗ്ഗ ലൈംഗിക ചിഹ്നങ്ങളെ നിർദ്ധാരണം ചെയ്യാനുള്ള ശ്രമമാണ് ഈ പ്രബന്ധത്തിൽ തുടർന്നു നടക്കുന്നത്.

## കുറിപ്പുകൾ

---

[1] Freud,Sigmund. 'Three essays on the theory of Sexuality' (1905), *Freud- Complete works* (Ivan Smith, 2011) p.1464

[2] ibid

[3] ibid

[4] ഉല്പത്തി പുസ്തകം 2:18-24 , അർദ്ധനാരീശ്വരസങ്കല്പം മുതലായവ

[5] *Freud - Complete works*, p.1527

[6] ibid, p.1475 -1478

[7] ibid, p.1475 -1484

[8] ibid, p.1475 -1483

[9] 'INFANTILE AMNESIA' ibid, p-1497 -98

[10] 'Infantile Sexuality', ibid, p-1496

[11] 'Reaction formation and Sublimation', ibid, p.1500

[12] ibid

[13] 'Fixation' ibid, p.1552

[14] 'The contents of the bowels, which act as stimulating mass upon a sexually sensitive portion of mucous membrane, behave like forerunners of another organ, which is destined to come in to action after the face of childhood. But they have other important meanings for the infant. They are clearly treated as a part of the infant's own body and represent his first *gift* by producing them he can express his active compliance with his environment and, by with holding them, his disobedience. From being a *gift* they later come to acquire the meaning of *baby* - for babies, according to one of the sexual theories of children, are acquired by eating and are born though the bowels'

*Freud - Complete works*, p.1507

'അപ്പി' എന്ന വാക്കിന് മലയാളത്തിൽ കുഞ്ഞെന്നും വിസർജ്ജ്യമെന്നും അർത്ഥമുണ്ട്

[15] **Psychosexual Development Stages :** Freud advanced a theory of personality development focusing on the effects of the sexual pleasure drive on a person's emerging personality. According to his theory, parts of the personality develop as we move through a series of psychosexual stages. Each stage is characterized by different

demands for sexual gratification and different ways of achieving that gratification. If as growing humans, we do not receive an appropriate amount of gratification - receiving either too little or too much - we may become fixated in a particular stage. That is, we continue to have the same demand for gratification that we had at that stage throughout the rest of our lives. This condition is thought to produce a variety of adult behaviors.

**Oral stage drives (birth to about 15 months)** A newborn is governed only by its drives. Only the id is present at this stage, so the infant seeks immediate gratification, achieved through its mouth - feeding, crying, and oral exploration of the world.

**Result of oral stage disturbance** According to Freud, disturbance of the oral stage may result in a permanent fixation on the oral channel for gratification. Examples of resulting adult behaviors include smoking, overeating, thumb-sucking, and pencil chewing. Typical resulting personality traits include impatience, passivity, greediness, dependence and a preoccupation with giving and taking.

**Anal stage drives (15 months to about 3 years)** The focus of gratification shifts from the mouth to the anus. The child experiences pleasure from the elimination of faeces. According to Freud, this brings them into conflict with their parents. Random elimination (as demanded by the id) incurs parental displeasure, yet withholding elimination (as requested by the parents) is denying the demands of the id, which until this point has been the source of all motivation. The resolution of this conflict requires the development of the ego, and as such has important implications for behaviors later in life.

**Result of anal stage disturbance** Freud suggests that fixations may be caused by either exceptionally strict toilet training or intense pleasure associated with taboos such as smearing faeces on the wall. Too little gratification in this stage results in an 'anal' or obsessive character who has a wish to make a terrible mess and therefore must build defenses against this, such as orderliness, rigidity, and hatred of waste. They are also obstinate, stingy, punctual and possessive. Too much gratification will result in opposite behaviors, untidiness, a hot temper and destructiveness.

**Phallic stage drives(3 years to about 5 years)** According to Freud, the focus of gratification is now on the genitals, although this gratification is not the same as that experienced by adults. Children take an increasing interest in their own genitals, and show a curiosity about other people's bodies. Freud implies that the major conflict faced during this stage is the Oedipal/Electra conflict. Resolution of this conflict should result in the attachment to the parents, most notably the same sex parent and the development of a superego. Freud suggests that an Oedipus conflict applies to boys. A boy wants his mother and therefore is jealous of his father and wants to remove him. The fear that his father will discover the son's feelings are expressed in terms of fear of castration, but is finally resolved through identifying with the father. For girls, the Freudian Electra

complex describes the events leading up to gender resolution. The young girl has 'penis envy' and resents the mother for not providing her with one.

**Result of phallic stage disturbance** According to Freud, the conflicts may result in homosexuality, authority problems, and rejection of appropriate gender roles if not resolved.

**Latency stage drives (around five years until puberty)** The drives that have been responsible for gratification in the previous stages appear relatively inactive. This is partly due to the repression of sexual drives that is accomplished during the Oedipal stage.

**Result of latency stage disturbance** Freud suggests that these repressed drives may be redirected into other activities, such as the formation of friendships, or hobbies.

**Genital stage drives (puberty onwards)** With puberty there is re-emergence of the earlier drives. Drive energy is focused on the genitals once more, but this time with an adult expression of sexuality. Although the term 'genital' suggests that gratification during this stage must inevitably be sexual, Freud emphasized the importance of secondary process thinking as a form of symbolic gratification in this stage. Thus, forming loving relationships or assuming the responsibilities of adult life may all be seen as symbolic ways of satisfying the drive energy of this stage.

**Result of genital stage disturbance** If too much libidinal energy is taken up in the first three stages, the individual cannot reach maturity, cannot shift the focus from their own body, their own parents and their immediate needs to larger responsibilities involving others. (http://www.makingthemodernworld.org.uk/learning_modules/psychology/02.TU.04/?section=12)

[16] ഫ്രോയ്ഡ്, സിഗ്മണ്ട്. *ലൈംഗിക മനശ്ശാസ്ത്രം*, (വിവ-ജി.ജയൻ, ഐ.എ.പി പബ്ലിക്കേഷൻസ്, ന്യൂഡൽഹി, 2003) പുറം - 344 - 355

[17] 'The Ego and the Id', *Freud - Complete works*, p.3946

[18] 'The sexual instinct in neurotics', Three essays on the theory of sexuality (1905), *Freud - Complete works*, p.1408

[19] Anna Freud. *The ego and the Mechanisms of defence* (Hogarth Press,London,1948)

[20] Projection. അനുബന്ധം - 4. (Common defense mechanisms) കാണുക

## അധ്യായം - മൂന്ന്

# 3. പ്രച്ഛന്ന സ്വവർഗ്ഗലൈംഗികത - കേരളസമൂഹത്തിലും മലയാള സാഹിത്യത്തിലും

സ്വവർഗ്ഗലൈംഗികതയെ സംബന്ധിച്ച് കേരളസമൂഹത്തിൽ നടന്നിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതുമായ ചർച്ചകൾക്കെല്ലാം അടിസ്ഥാനപരമായ ചില പ്രശ്നങ്ങളുണ്ട്. സ്വവർഗ്ഗലൈംഗികത എന്ന പേരിൽ മാധ്യമങ്ങളിലും കലാരൂപങ്ങളിലും പ്രത്യക്ഷപ്പെടുന്നത് അപരലൈംഗികതയാണ്. സ്ത്രൈണപ്രകൃതികളായ പുരുഷന്മാരും പൗരുഷമുള്ള സ്ത്രീകളുമാണ് സ്വവർഗ്ഗാനുരാഗികൾ എന്ന പേരിൽ കേരളത്തിൽ മുന്നോട്ടു വന്നിട്ടുള്ളത്. കേരളത്തിനു പുറത്ത് ഈ വിഭാഗത്തിലുള്ളവർ ഹിജഡകളെന്നോ കോത്തികളെന്നോ നപുംസകങ്ങളെന്നോ അറിയപ്പെടുന്നു. തൃതീയാപ്രകൃതി എന്നാണ് വാത്സ്യായനൻ ഇവരെ വിശേഷിപ്പിച്ചിട്ടുള്ളത്.[1] ഭാരതസർക്കാർ ഏകീകൃത തിരിച്ചറിയൽ കാർഡിൽ (ആധാർ) മൂന്നാം ലിംഗവിഭാഗം ഉൾപ്പെടുത്തിയത് ഇത്തരക്കാരെ ഉദ്ദേശിച്ചാണ്.[2] എന്നാൽ കേരളത്തിന്റെ സവിശേഷ പശ്ചാത്തലത്തിൽ ഈ വിഭാഗം എക്കാലത്തും സമൂഹത്തിന് അനഭിമതരായിരുന്നു. കർണ്ണാടകത്തിലും മറ്റും ഇത്തരക്കാരുടെ അനുഗ്രഹം ഐശ്വര്യദായകമായി പരിഗണിക്കുമ്പോൾ കേരളത്തിൽ ഇവരുടെ മുന്നിൽ പെടുന്നത് അപശകുനമായി കരുതുന്നവരാണ് ഏറെയും. ത്രേതായുഗത്തിൽ ശ്രീരാമനാൽ അനുഗ്രഹിക്കപ്പെട്ടവരാണ് തൃതീയലിംഗ

രെന്ന് *രാമായണ*ത്തിൽ കാണുന്നു. കേരളത്തിൽ തൃതീയലിംഗരായി ജനിക്കുന്ന വ്യക്തികൾ അന്യദേശങ്ങളിലേയ്ക്ക് കുടിയേറുകയോ കുറച്ചു പേർ ഇവിടെത്തന്നെ ലൈംഗികവൃത്തികളിലേർപ്പെട്ട് ജീവിക്കുകയോ ചെയ്തുപോരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ എയ്ഡ്സ് രോഗത്തെക്കുറിച്ചുള്ള ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി അപരലിംഗർ സംഘടിതരായി മാറി. ലൈംഗികക്രിയയിലൂടെ വ്യാപിക്കുന്ന രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ലൈംഗികവൃത്തി ഉപജീവന മാർഗ്ഗമാക്കിയവരുടെ സഹകരണം അനിവാര്യമാണെന്ന തിരിച്ചറിവ് സർക്കാരുകൾക്കും സന്നദ്ധ സംഘടനകൾക്കും ഉണ്ടായതോടെ ഇവർ നേരിടുന്ന പ്രശ്നങ്ങൾ പൊതുജന സമക്ഷം അവതരിപ്പിക്കപ്പെട്ടു. ഇതോടെ, ഇത്തരത്തിൽ മുന്നോട്ടുവന്ന അപരലിംഗരാണ് സ്വവർഗ്ഗാനുരാഗികളെന്ന ധാരണ പൊതുസമൂഹത്തിനുണ്ടായി. ഈ ധാരണ ബലപ്പെടുത്തുന്നതിൽ മാധ്യമങ്ങളും ഒരു വലിയ പങ്കുവഹിച്ചിട്ടുണ്ട്. മറച്ചുവെയ്ക്കാൻ സാധ്യമല്ലാത്ത വിധം സ്വയംപ്രകാശിതമാണ് ഇത്തരം വ്യക്തികളുടെ ഭാവഹാവങ്ങളെന്ന നിലയ്ക്ക് മറഞ്ഞിരിക്കാൻ ഇവരാരും ശ്രമിക്കാറുമില്ല. പൊതുസമൂഹം ഇത്തരം കൂട്ടായ്മകളെ കൌതുകത്തോടെയും തെല്ല പരിഹാസത്തോടെയുമാണ് വീക്ഷിച്ചുപോന്നിട്ടുള്ളത്. എന്നാൽ ഈ വിഭാഗമാളുകൾ സ്വവർഗ്ഗാനുരാഗികൾ അല്ല എന്ന തിരിച്ചറിവ് കേരളസമൂഹത്തിൽ ഇനിയും ഉണ്ടായിട്ടില്ല. ആഗോളതലത്തിൽ ലൈംഗിക ന്യൂനപക്ഷങ്ങളുടെ കൂട്ടത്തിൽ അപര

ലിംഗരെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും LGBT[3] യിലെ 'T' ലൈംഗികാഭിമുഖ്യത്തിന്റെ കാര്യത്തിൽ സ്വവർഗ്ഗാനുരാഗികളല്ല എന്ന തിരിച്ചറിവ് ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്.

ജീവശാസ്ത്രപരമായി പുരുഷനും മാനസികമായി സ്ത്രീയുമായിരിക്കുന്ന ഒരു വ്യക്തിക്ക് മറ്റൊരു പുരുഷനോട്ട തോന്നുന്ന ലൈംഗിക താല്പര്യം സ്വവർഗ്ഗലൈംഗികതയാണെന്നു പറയുന്നത് വസ്തുതാപരമായി ശരിയാവുകയില്ല. ലൈംഗികാഭിമുഖ്യത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ അത് എതിർവർഗ്ഗലൈംഗികത തന്നെയാണ്. ഇതുപോലെ പുരുഷവ്യക്തിത്വം മാനസികമായി വഹിക്കുകയും ജീവശാസ്ത്രപരമായി സ്ത്രീ ആയിരിക്കുകയും ചെയ്യുന്ന വ്യക്തിക്ക്, ഇതര സ്ത്രീകളോട്ട തോന്നുന്ന അനുരാഗം നര-നാരീബന്ധം തന്നെയാണ്. ഈ വിഭാഗങ്ങളെ സ്വവർഗ്ഗാനുരാഗികളായി ചിത്രീകരിക്കുന്നതിലൂടെ യഥാർത്ഥ സ്വവർഗ്ഗാനുരാഗം അഭിസംബോധന ചെയ്യപ്പെടാതെ പോകുന്നു. അങ്ങനെ കേരളത്തിലെ സ്വവർഗ്ഗാനുരാഗ മണ്ഡലത്തെ കുറിച്ചുള്ള ചർച്ചകളെല്ലാം വഴിപിഴച്ചതാവുകയും ചെയ്യുന്നു. അതുകൊണ്ട് കേരളത്തിലെ മുഖ്യധാരാ മണ്ഡലങ്ങളിൽ സ്വവർഗ്ഗാനുരാഗമെന്ന പേരിൽ അവതരിപ്പിക്കപ്പെടുന്ന അനുരാഗം യഥാർത്ഥത്തിൽ സ്വവർഗ്ഗാനുരാഗമല്ലെന്നും, യഥാർത്ഥ സ്വവർഗ്ഗാനുരാഗം പ്രച്ഛന്നരൂപങ്ങളിലൂടെയാണ് കേരളസമൂഹത്തിൽ പ്രത്യക്ഷപ്പെടുന്നതെന്നും ഈ പ്രബന്ധം സിദ്ധാന്തിക്കുന്നു.

### 3.1. സ്വവർഗ്ഗലൈംഗികത – നിർവ്വചനം

തന്റെ ലിംഗപദവി വഹിക്കുന്ന വ്യക്തിയോ വ്യക്തികളോ ആയി ഒരു വ്യക്തി ശാരീരികവും വൈകാരികവും ലൈംഗികവുമായി ആഭിമുഖ്യം പുലർത്തുന്നുണ്ടെങ്കിൽ ആ വ്യക്തിയെ സ്വവർഗ്ഗാനുരാഗി അഥവാ സ്വവർഗ്ഗപ്രേമി എന്നു വിളിക്കാം. സ്വവർഗ്ഗാനുരാഗത്തിന്റെ കാരണങ്ങൾ മറ്റേതൊരനുരാഗത്തിന്റെ കാരണങ്ങൾ പോലെയും സ്വാഭാവികം എന്നാണ് ഈ വിഷയത്തിലുള്ള സമകാലിക വീക്ഷണം.

ഏതെങ്കിലും തരത്തിലുള്ള ശാരീരിക വേഴ്ചകളില്ലാതെ തന്നെ യാണ് ഭൂരിപക്ഷം വ്യക്തികളും തങ്ങളുടെ മനസ്സിൽ കുടികൊള്ളുന്ന ലൈംഗികാകർഷണം ആദ്യമായി തിരിച്ചറിയുന്നത്. സ്വവർഗ്ഗലൈംഗി കത പരിതസ്ഥിതികളാൽ ഉടലെടുക്കുന്നതാണെന്നും അല്ലെന്നുമുള്ള വാദങ്ങൾ പ്രബലമാണ്. സ്വവർഗ്ഗലൈംഗികതയുടെ വേരുകളെക്കുറി ച്ചും പഴമയെക്കുറിച്ചും ഭിന്നാഭിപ്രായങ്ങളുണ്ട്.

ലിംഗപഠനശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ ആൺ, പെൺ സംജ്ഞകളുടെ ദ്വന്ദ്വാത്മകത സമൂഹത്തിൽ വ്യവഹരി ക്കും പോലെ കേവലം ജീവശാസ്ത്രപരമല്ലെന്ന് മനസ്സിലാകും. പൗരുഷം, സ്ത്രൈണം എന്നീ അവസ്ഥകളെ സ്വാധീനിക്കുന്ന പല ഘടകങ്ങളുണ്ട്.

സ്ത്രീ, പുരുഷൻ എന്നീ ലിംഗവിഭാഗങ്ങളെ ഒരു ജൈവരൂപം ഉൾക്കൊള്ളുന്ന ഒരു കൂട്ടം ഗുണങ്ങളുടെ അടിസ്ഥാനത്തിലാണ് നിർണ്ണയിക്കുന്നത്. അതുകൊണ്ടുതന്നെ കേവലം ദ്വന്ദ്വങ്ങൾക്കപ്പുറത്ത് അനേകസാധ്യതകൾ ഇത്തരം വർഗ്ഗീകരണത്തിനുണ്ട്. ഒരു പേരിട്ട് ഏതെങ്കിലും ഒന്നിലോ തൃതീയപ്രകൃതിയിലോ (Third gender) ഒതുക്കാവുന്ന വിധമല്ല ലിംഗവിഭാഗങ്ങളെന്ന് ലിംഗശാസ്ത്രപഠനങ്ങൾ (Gender Studies) വ്യക്തമാക്കുന്നു. സ്വവർഗ പ്രണയത്തെക്കുറിച്ച് മലയാളത്തിലുള്ള ഏതു ചർച്ചയിലും സഭ്യമായ, കൃത്യമായ സാങ്കേതികപദങ്ങളുടെ അഭാവം ഒരു പ്രശ്നം തന്നെയാണ്. എങ്കിലും ഇവയെ കുറിച്ച് പറയുന്നതിനായി ലിംഗശാസ്ത്രപഠനമേഖല ഉപയോഗിക്കുന്ന സാങ്കേതിക സംജ്ഞകളിൽ ചിലത് താഴെ പറയുന്നു.[4]

3.1.1. **ലൈംഗികാഭിമുഖ്യം (sexual orientation)**: ഒരു വ്യക്തിക്ക് ശാരീരികവും വൈകാരികവും ലൈംഗികവുമായി നിലനിൽക്കുന്ന താല്പര്യം. ഇതിന് ആ വ്യക്തി പുറത്തേക്ക് പ്രകടിപ്പിക്കുന്ന ലൈംഗിക സ്വഭാവങ്ങളുമായി ബന്ധമുണ്ടാകണമെന്നില്ല.

3.1.2. **ലിംഗവ്യക്തിത്വം (gender identity)**: ഒരു വ്യക്തിയിലുള്ള പൗരുഷമോ സ്ത്രൈണമോ ഇവയ്ക്കിടയിലുള്ള അവസ്ഥയോ, രണ്ടും ചേർന്ന അവസ്ഥയോ സൂചിപ്പിക്കാൻ ഈ സംജ്ഞ ഉപയോഗിച്ചു വരുന്നു. അവയവാസ്പദമായി ഒരു വ്യക്തി ഏത് ലിംഗവർഗ്ഗത്തിൽ പെടുന്നു എന്നതുമായി ഇതിനൊരു ബന്ധവുമില്ല.

3.1.3. **ലിംഗപ്രതിനിധാനം (gender expression)**: ഒരു വ്യക്തി സ്വന്തം ലൈംഗികാഭിമുഖ്യത്തെ തിരിച്ചറിഞ്ഞ് ഉൾക്കൊള്ളുന്നുണ്ട് അതിനനുസരിച്ച് പെരുമാറുന്നുണ്ടെങ്കിൽ അതിനെ കുറിക്കാൻ ഈ പദം ഉപയോഗിക്കാം.

ലിംഗാവസ്ഥകളെ ലിംഗപഠനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ധാരണം ചെയ്യുമ്പോൾ വാത്സ്യായനകൃതിയിലും *മനുസ്മൃതി*യിലും പറയും പ്രകാരമുള്ള തൃതീയാപ്രകൃതി അല്ല, മറിച്ച് ഭൂരിപക്ഷ ലൈംഗികതകൂടി ഉൾപ്പെടുന്ന അനേകവിഭാഗങ്ങളിൽ ഒന്നു മാത്രമാണ് സ്വവർഗ്ഗലൈംഗികത എന്നു വ്യക്തമാകും. ഈ വ്യക്തത സ്വവർഗ്ഗാനുരാഗികളല്ലാത്ത ആളുകളെ ആ പേരിട്ട് വിളിക്കുന്നതില്ലാതാക്കുകയും അതിലൂടെ യഥാർത്ഥ സ്വവർഗ്ഗലൈംഗികതയെ തിരിച്ചറിയാൻ കാരണമാവുകയും ചെയ്യും.

### 3.1.4. ആഗോളതലത്തിലെ സംജ്ഞകൾ

സ്വവർഗ്ഗലൈംഗികതയെ *homosexuality* എന്ന സാങ്കേതിക സംജ്ഞകൊണ്ട് വിവക്ഷിക്കാമെങ്കിലും, പ്രസ്തുതപദം ഒരു പരിധിവരെ വൈദ്യശാസ്ത്രപരവും തികച്ചും ശാരീരികവുമാണ്. ഓരോ ദേശത്തും വ്യത്യസ്ത പേരുകളിലാണ് സ്വവർഗ്ഗലൈംഗികത അറിയപ്പെടുന്നത്. ഇംഗ്ലീഷിൽ വ്യാപകമായി ഉപയോഗിച്ചു വരുന്ന *ഗേ/ലെസ്ബിയൻ* പദങ്ങൾപോലും സവിശേഷ സന്ദർഭങ്ങളിൽ അപര്യാപ്തമാണെന്ന് തിരിച്ചറിയപ്പെട്ടിട്ടുണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടിൽ പഴയ ഫ്രഞ്ചുഭാഷയിൽ നിന്ന് ഇംഗ്ലീഷിലെത്തിയ *gay* എന്ന വാക്കിന് joyful, carefree, bright and showy എന്നിങ്ങനെ ആഹ്ലാദം വ്യക്തമാക്കുന്ന അർത്ഥങ്ങളാണ് ഉണ്ടായിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യഘട്ടം വരെ ഈ

അർത്ഥങ്ങളിലുപയോഗിച്ചു വന്നിരുന്ന 'ഗേ' എന്ന വാക്ക് പിന്നീട് അവിവാഹിതരായ പുരുഷന്മാരെ സൂചിപ്പിക്കാനും ഉപയോഗിച്ചു പോന്നു. സങ്കോചരഹിതരും, പ്രകടനപരതയുള്ളവരും സ്വതന്ത്രേച്ഛുക്കളുമായ ആളുകളെ കുറിക്കുന്ന ഈ ഒറ്റവാക്കിന്റെ വിപരീതാർത്ഥം, ഗൗരവപ്രകൃതികളെയും ബഹുമാന്യരെയും പരമ്പരാഗത രീതിക്കാരെയും കുറിക്കുന്നതാവുകയും, അതെല്ലാം *heterosexual* ആയ ഭൂരിപക്ഷത്തിനു ചേരുന്ന വിശേഷങ്ങളാകയാൽ 'ഗേ' എന്നവാക്ക് കാലാന്തരത്തിൽ 'ഹോമോസെക്ഷ്വാലിറ്റി'ക്ക് പകരം നിൽക്കുകയാണുണ്ടായത്. ലൈംഗികന്യൂനപക്ഷങ്ങളെ പൊതുവെ 'ഗേ' എന്ന് അഭിസംബോധന ചെയ്യുന്നതിന്റെ യുക്തിരാഹിത്യം ബോധ്യപ്പെട്ടപ്പോഴാണ് LGBT എന്ന് ഒരു കുടക്കീഴിൽ പല വിഭാഗങ്ങളെ ചേർത്തു വിളിക്കാൻ തുടങ്ങിയത്. ന്യൂനപക്ഷമെന്ന സാമാന്യ ഘടകം മാത്രമാണ് ഈ ക്രോഡീകരണത്തിലുള്ളത്. സ്വവർഗപ്രേമികളായ സ്ത്രീകളെ 'ലെസ്ബിയൻ' എന്നും സ്വവർഗ്ഗപ്രേമികളായ പുരുഷന്മാരെ 'ഗേ' എന്നും വേർതിരിച്ചു കാണിക്കുന്നു. ഒരു വ്യക്തി സ്ത്രീകളോടും പുരുഷന്മാരോടും വൈകാരികമായും ശാരീരികമായും ആകർഷണത്തിൽ വർത്തിക്കുമ്പോൾ ആ വ്യക്തിയെ *ഉഭയവർഗ്ഗാനുരാഗി* (Bisexual) എന്ന് വിളിക്കുന്നു. അതിന്റെ ആദ്യ അക്ഷരമാണ് LGBT യിലെ 'B' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നാലാമത്തെ അക്ഷരത്തെ പ്രതിനിധാനം ചെയ്യുന്ന Transgender അഥവാ അപരലിംഗർ പ്രത്യേക പരാമർശം അർഹിക്കുന്നു.

### 3.1.5. അപരലിംഗർ (Transgender)

പ്രാചീനകാലം മുതൽക്കേ നംപുസകമെന്നും ശിഖണ്ഡിയെന്നും തൃതീയപ്രകൃതിയെന്നും, ഇന്ത്യയിൽ പിൽക്കാലത്ത് ഹിജഡയെന്നും കോത്തിയെന്നുമെല്ലാം വിളിക്കപ്പെട്ടുപോന്ന അപരലിംഗർ തങ്ങളുടെ ലിംഗവ്യക്തിത്വത്തെ ശാരീരികമായ ലിംഗാവസ്ഥയിൽ നിന്ന് വ്യതി രിക്തമെന്ന് തിരിച്ചറിയുന്നവരാണ്. ഉദാഹരണമായി ലൈംഗികാവയ വത്തെ ആസ്പദമാക്കി പുരുഷനെന്നു വിളിക്കപ്പെടുന്ന ഒരാൾ തന്റെ യഥാർത്ഥ ലിംഗവ്യക്തിത്വം സ്ത്രീയുടേതാണെന്ന് തിരിച്ചറിയുമ്പോൾ അയാളെ ട്രാൻസ്ജൻഡർ എന്നു വിളിക്കാം. അപരലിംഗരായവരുടെ ലൈംഗികാഭിമുഖ്യം ഏതുവിധേനെയും ആവാം. ലൈംഗികവ്യക്തിത്വം തിരിച്ചറിയുന്ന അപരലിംഗർ പുരുഷന്റെ ജൈവരൂപത്തോടെ ജനിച്ചാ ലും സ്ത്രീയുടെ സ്വഭാവസവിശേഷതകൾ പ്രകടിപ്പിച്ച എന്നുവരാം. എന്നാൽ അതെല്ലായ്പ്പോഴും ലൈംഗികാഭിമുഖ്യത്തിന്റെ സൂചനയാവ ണമെന്നില്ല അപരലിംഗരെ ലിംഗപ്രതിനിധാനത്തിന്റെ അടിസ്ഥാന ത്തിൽ വ്യതിരിക്തവേഷക്കാർ, കോത്തി എന്നെല്ലാം വേർത്തിരിക്കാറു ണ്ട്. അപരലിംഗരിൽത്തന്നെ ലൈംഗിക വ്യക്തിത്ത്വത്തിന്റെ അടി സ്ഥാനത്തിൽ പിന്നെയും ഉൾപ്പിരിവുകളുണ്ട്.

LGBT-യെക്കൂടാതെ ലിംഗവ്യക്തിത്വത്തിന്റെ കാര്യത്തിൽ സന്ദേഹികളായവരും (Questioning) ജീവശാസ്ത്രപരമായോ ജനിതക പരമായോ ദ്വിലിംഗരായവരും (Inter sexual) ശൂന്യമായ ലിംഗാവസ്ഥ

യോടു കൂടിയ നിർലിംഗരും (Asexual) എല്ലാം ചേർന്ന് *queer* എന്ന കൂട്ടായ്മയായും അറിയപ്പെടുന്നു. 'strange' അഥവാ 'different' എന്ന അർത്ഥമാണ് queer എന്ന വാക്കിന് ഇംഗ്ലീഷിലുള്ളത്. നിസ്സാരമായി കണ്ടിരുന്ന പദങ്ങൾ സംജ്ഞകളായി മാറിയപ്പോൾ അവയ്ക്ക് കൂടുതൽ പ്രാധാന്യം ലഭിച്ച ചരിത്രമാണ് വിദേശങ്ങളിലുള്ളതെങ്കിൽ നേരെ മറിച്ചാണ് കേരളത്തിൽ സംഭവിച്ചത്. സഭ്യമായ ജനകീയ സംജ്ഞക ളൊന്നും ലൈംഗിക ന്യൂനപക്ഷത്തെ കുറിക്കുന്നതിനായി ഇന്നും മലയാ ളത്തിലുണ്ടായിട്ടില്ല. ഒരു സമൂഹം ഒരു പ്രവണതയെ വീക്ഷിക്കുന്ന രീതി തീർച്ചയായും സംജ്ഞകളിലും പ്രതിഫലിക്കും. പൊതുവായതും സഭ്യമാ യതുമായ വാക്കുകളുടെ അഭാവം, ചില അവസ്ഥകളെ ബോധപൂർവ്വം വിസ്മരിക്കാനോ അവയുടെ സാന്നിധ്യം ഇല്ലെന്ന് വരുത്താനോ ഉള്ള ശ്രമമായി കാണാവുന്നതാണ്.

### 3.2. സ്വവർഗ്ഗാനുരാഗം - കേരളസമൂഹത്തിൽ

അതിപ്രാചീനകാലം മുതൽ തന്നെ കേരളസംസ്കാരം ഇതര സംസ്ഥാനങ്ങളിലെ സംസ്കാരങ്ങളിൽ നിന്ന് കാര്യമായ ഭിന്നത പുലർത്തിപ്പോന്നിട്ടുണ്ട്. തെന്നിന്ത്യയിലെ ദ്രാവിഡ പാരമ്പര്യത്തിൽ നിന്നുപോലും സവിശേഷമായ അകൽച്ചകൾ കേരളസംസ്കാരത്തിനു ള്ളതായി കാണാൻ കഴിയും. ക്രിസ്തുവിനു മുമ്പുതന്നെ പല വിദേശ രാജ്യങ്ങളുമായി വാണിജ്യപരവും സാംസ്കാരികവുമായ വിനിമയങ്ങൾ കേരളത്തിനുണ്ടായിരുന്നു. ഇത്തരം സാംസ്കാരിക സമന്വയങ്ങൾ

മലയാളിയുടെ സദാചാരബോധത്തെയും മൂല്യങ്ങളെയും ബാധിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ ഇന്ത്യയിലേക്കെത്തിയ വിദേശികളെല്ലാം കേരളത്തിലൂടെയാണ് കടന്നുപോയിട്ടുള്ളത്. ഇവരിൽ പലരും കേരളത്തിൽ താമസിക്കുകയും ഇവിടത്തെ സാമൂഹിക ജീവിതവുമായി ഇടകലരുകയും ചെയ്തിട്ടുള്ളവരാണ്. വൈദേശികമായ സാംസ്കാരിക ചിഹ്നങ്ങൾ സ്വാഭാവികമായും കേരളത്തിന്റെ സമൂഹമനസ്സിൽ മുദ്രിതങ്ങളായിട്ടുണ്ട്. ആര്യന്മാരുടെ അധിനിവേശം കേരളത്തിലെ ഉന്നതകുലജാതരുടെ വിശ്വാസങ്ങളേയും ജീവിതരീതിയേയും നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ബൌദ്ധിക ജീവിതത്തെ അത് കാര്യമായി സ്പർശിക്കുകയുണ്ടായില്ല. കേരളത്തിലെ ഫ്യൂഡൽ പാരമ്പര്യം ഈ അസ്പർശ്യതയുടെ അടിസ്ഥാനത്തിലാണ് നിലകൊണ്ടിരുന്നത്. ഇസ്ലാം, ക്രിസ്തു മതവിഭാഗങ്ങളുടെ അധിനിവേശത്തോടെയാണ് കേരളത്തിൽ സാധാരണ ജനവിഭാഗം ആദ്യമായി അഭിസംബോധന ചെയ്യപ്പെട്ടത്. മതപരിവർത്തനം മുഖ്യലക്ഷ്യമാക്കി നടന്ന മിഷണറി പ്രവർത്തനങ്ങൾ കേരളത്തിന്റെ സാമൂഹിക ജീവിതത്തെ കാര്യമായി സ്വാധീനിക്കുകയുണ്ടായി. മതവിശ്വാസത്തെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട് വിദ്യാഭ്യാസം, ആരോഗ്യം, സമ്പത്ത്, അധികാരം, ദായക്രമം, കുടുംബബന്ധങ്ങൾ, പുരോഗതി എന്നിവയെ കുറിച്ചെല്ലാം അതുവരെയുണ്ടായിരുന്ന കാഴ്ചപ്പാടുകൾ പുനർനിർവചിക്കപ്പെട്ടു. ഇതോടൊപ്പം സദാചാരപരമായ ശരിതെറ്റുകളിലും മാറ്റങ്ങൾ സംഭവിച്ചു. ബഹുഭാര്യത്വം, ബഹുഭർതൃത്വം, ബഹുദൈവാരാധന, അയഞ്ഞതും സ്വതന്ത്രവുമായ ലൈംഗികജീവിതം എന്നിവയെല്ലാം അനഭില

ഷണീയമായി വിലയിരുത്തപ്പെട്ടു. ബന്ധങ്ങളുടെ വാർപ്പ് മാതൃകകൾ സൃഷ്ടിക്കപ്പെടുകയും അതിനു പുറത്തുള്ളതെല്ലാം അഗമ്യഗമനങ്ങളായി ചിത്രീകരിക്കപ്പെടുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി വിക്ടോറിയൻ സദാചാരം കേരളത്തിൽ പ്രചരിപ്പിക്കപ്പെട്ടു. ലൈംഗികജീവിതത്തിലെ മിഷണറി സമ്പ്രദായങ്ങൾ ഉയർന്ന സാംസ്കാരിക ജീവിതത്തിന്റെ അടയാളങ്ങളായി പരിഗണിക്കപ്പെട്ടു. ലൈംഗികതയുടെ അടക്കം അഥവാ ബ്രഹ്മചര്യം, വിവാഹജീവിതത്തേക്കാൾ മഹത്തരമായി വാഴ്ത്തപ്പെട്ടു. ലൈംഗികജീവിതത്തിന്റെ തുടക്കം തിന്മയുടെ ഫലമാണെന്ന് വിശ്വസിച്ചിരുന്ന ക്രിസ്തുമതം, സ്വതന്ത്രമായ ലൈംഗിക ജീവിതത്തെ ഒരു കാലത്തും അംഗീകരിച്ചിട്ടില്ല. ലൈംഗികജീവിതത്തിൽ നിഷ്കർഷിക്കപ്പെട്ട ശരിതെറ്റുകൾ പില്ക്കാലത്ത് നിയമങ്ങളായി രൂപപ്പെട്ടു. ബ്രിട്ടീഷ് ശിക്ഷാനിയമത്തെ പിന്തുടർന്നുകൊണ്ടാണ് ഇന്ത്യൻ പീനൽ കോഡ് നിർമ്മിച്ചത്. വിദേശികൾ പില്ക്കാലത്ത് തങ്ങളുടെ നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും ഇന്ത്യൻ നിയമവ്യവസ്ഥ നൂറ്റാണ്ടുകൾക്കു മുമ്പുള്ളതു തന്നെയായി തുടരുകയാണുണ്ടായത്. ഇന്ത്യ നേരിട്ട സാംസ്കാരികാധിനിവേശങ്ങൾ ഏറ്റവും തീവ്രമായി അനുഭവിക്കാനിടയായ ഒരു സംസ്ഥാനം കേരളമായിരുന്നു.

ലൈംഗികന്യൂനപക്ഷങ്ങളെക്കുറിച്ചുള്ള പഠനത്തിൽ മേല്പറഞ്ഞ പശ്ചാത്തലങ്ങൾക്ക് കാര്യമായ പ്രാധാന്യമുണ്ട്. ഇതരസംസ്ഥാനങ്ങളിൽ നാമമാത്രമായെങ്കിലും ലൈംഗികന്യൂനപക്ഷങ്ങൾ അംഗീകരിക്ക

പ്പെടുന്നുണ്ട്. തമിഴ്നാട്ടിൽ അപരലിംഗർക്ക് ഭിന്നലൈംഗികത രേഖപ്പെടുത്തിക്കൊണ്ടുതന്നെ റേഷൻകാർഡ് അനുവദിച്ചിട്ടുണ്ട്. ബംഗളൂരുവിലും കൊൽക്കത്തയിലും മുംബൈയിലും ഉത്തരേന്ത്യയിൽ ചിലയിടങ്ങളിലും ലൈംഗിക ന്യൂനപക്ഷങ്ങൾ കൂട്ടമായി താമസിക്കുന്ന സാഹചര്യങ്ങളുണ്ട്. വേശ്യാവൃത്തിയും ദേവദാസി സമ്പ്രദായവും സമൂഹത്തിന്റെ അറിവോടെ നിലനില്ക്കുന്ന പ്രദേശങ്ങളും ഇന്ത്യയിൽ പലയിടത്തുമുണ്ട്. എന്നാൽ കേരളത്തിൽ *ദേവദാസി* എന്ന പദത്തിന്റെ തത്ഭവ രൂപമായ *തേവടിശ്ശിയും, കൂത്തച്ചിയും* അസഭ്യപദങ്ങളാണ്. ഭിന്നലൈംഗികതയെ യാതൊരു പ്രകാരത്തിലും അംഗീകരിക്കാനാവില്ലെന്ന കേരളീയന്റെ നിലപാട് മലയാളഭാഷയിലും പ്രതിഫലിക്കുന്നുണ്ട്. ലൈംഗിക ന്യൂനപക്ഷങ്ങളെ സംബന്ധിച്ച ചരിത്രനിർമ്മാണം തികച്ചും അസാധ്യമാകുന്ന വിധത്തിൽ വസ്തുതകളുടെ മറച്ചുപിടിക്കൽ കേരളസമൂഹത്തിൽ പ്രകടമാണ്. സ്വവർഗ്ഗാനുരാഗവുമായി ബന്ധപ്പെട്ട് ആകസ്മികമായി ഉണ്ടാവുന്ന ചില സംഭവങ്ങൾ (ആത്മഹത്യ, കൊലപാതകം, ഒളിച്ചോട്ടം ...) പത്രവാർത്തകൾ ആകാറുണ്ടെങ്കിലും അവയെക്കുറിച്ചന്വേഷിച്ചു ചെല്ലുന്ന ഗവേഷകന് സഹായകമായ വിവരങ്ങളൊന്നും ലഭിക്കാത്ത സാഹചര്യമാണ് ഇപ്പോഴുമുള്ളത്. ഇത്തരത്തിൽ വളരെ ഗോപ്യമായ ലൈംഗികജീവിതമാണ് മലയാളി അനുവർത്തിക്കുന്നത്. സ്ത്രീപുരുഷ ലൈംഗികതയ്ക്കപ്പുറത്ത് മറ്റൊരു ലൈംഗികപ്രവണതയും കേരളത്തിൽ പ്രബലമല്ലെന്ന വിശ്വാസമാണ് കേരളസമൂഹം പൊതുവെ പുലർത്തിപോരുന്നത്. 1990-കളിൽ ലോകവ്യാപകമായി നടന്ന എയ്ഡ്സ് പ്രതിരോധപ്രവർത്തനങ്ങൾ കേരളത്തിലെ ലൈംഗിക സദാചാര

ബോധത്തെ ചെറിയ തോതിൽ പ്രകോപിപ്പിക്കുകയുണ്ടായി. കേരള ത്തിൽ ലൈംഗികവൃത്തി തൊഴിലായി സ്വീകരിച്ചവരുടെയും സ്വവർഗ്ഗ രതിക്കാരുടെയും എണ്ണം വൻനഗരങ്ങളിലേതിനു സമാനമാണെന്ന സർവ്വേ റിപ്പോർട്ടുകൾ തൊണ്ണൂറുകളിൽ പുറത്തുവരികയുണ്ടായി. എച്ച്.ഐ.വി ബാധിതരായ വ്യക്തികളുടെ എണ്ണവും ജനസംഖ്യാനു പാതികമായി പരിശോധിക്കുമ്പോൾ ഉയർന്നതായിരുന്നു. ഇതെത്തുടർ ന്ന് എയ്ഡ്സ്രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ലോകാരോ ഗ്യ സംഘടനയുടെ ധനസഹായം കേരളത്തിന് ധാരാളമായി ലഭിക്കു കയുണ്ടായി. എയ്ഡ്സ് ബോധവല്ക്കരണപ്രവർത്തനങ്ങളുടെ മൂന്നാം ഘട്ടത്തിൽ, ലൈംഗികവൃത്തി ഉപജീവനമാർഗ്ഗമാക്കിയവരുടേയും സ്വവർഗ്ഗരതി ശീലമാക്കിയവരുടേയും കൂട്ടായ്മകൾ രൂപീകരിക്കപ്പെട്ടു. ഈ കൂട്ടായ്മകളിലൂടെ ഇവർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ചകളാവുകയും മാധ്യമശ്രദ്ധ നേടുകയും ചെയ്തു. Commercial Sex Workers (CSW), Men having Sex with Men (MSM) ഗ്രൂപ്പുകൾ മാധ്യമ ചർച്ചകളിൽ സജീവ സാന്നിധ്യമാവുകയും ജനശ്രദ്ധ ആകർഷിക്കുകയും ചെയ്തു. ഇപ്രകാരം മുന്നോട്ടു വന്നവരുടെ ആത്മകഥകളും ജീവചരിത്രങ്ങളുമെല്ലാം മലയാള ത്തിലെ വിറ്റുവരവുള്ള പുസ്തകങ്ങളായി മാറി. മാധ്യമശ്രദ്ധ ആകർഷിച്ച അപരലിംഗരുടെ വിവാഹങ്ങളും ഇക്കാലയളവിൽ നടക്കുകയുണ്ടായി.[5] ഇതേത്തുടർന്ന് ലൈംഗികന്യൂനപക്ഷങ്ങളുടെ അംഗീകൃത പ്രതിനിധിക ളായി അപരലിംഗർ പൊതുമണ്ഡലത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. സഹയാത്രിക, വാതിലകം, സ്നേഹതീരം, ജ്വാലാമുഖി, ക്വിയർ കേരള തുടങ്ങി ഒട്ടേറെ സംഘടനകൾ അപരലിംഗരെ മുൻനിർത്തി റാലികളും

കൺവെൻഷനുകളും സംഘടിപ്പിക്കുകയുണ്ടായി. *'ജീവശാസ്ത്രപരമായ പാകപ്പിഴകൾ കൊണ്ട് സ്ത്രൈണപ്രകൃതികളായിത്തീർന്ന ഒരു കൂട്ടം പുരുഷന്മാർ'* എന്ന് പൊതുസമൂഹം സഹതാപപൂർവ്വം ഇവരെ അംഗീ കരിക്കാൻ തുടങ്ങി. ഇപ്രകാരം സ്വവർഗ്ഗാനുരാഗികളെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ കേരളസമൂഹത്തിൽ ദൃഢമൂലമായിരിക്കുന്ന കാലയളവിലാണ് ഈ പ്രബന്ധം രചിക്കുന്നത്.

### 3.3. കേരളത്തിൽ സ്വവർഗ്ഗാനുരാഗികളായി പ്രത്യക്ഷപ്പെടുന്നവർ

സ്വവർഗ്ഗലൈംഗികതയെക്കുറിച്ച് കേരളത്തിലെ പൊതുവേദി കളിൽ ചർച്ച ചെയ്യാൻ തുടങ്ങിയിട്ട് രണ്ട് ദശാബ്ദത്തോളമേ ആയിട്ടു ള്ളൂ. വിവിധ കൂട്ടായ്മകളിൽ സ്വവർഗ്ഗ ലൈംഗികതയെ കുറിക്കാൻ പലതരം വാക്കുകളാണ് നിലനിൽക്കുന്നത്. തുറന്ന ചർച്ചകളുടെ അഭാവത്തിൽ പാഠാന്തരങ്ങളോടെ ഇവ നിലനിൽക്കുന്നു. കുണ്ടൻ, ഫ്ലൂട്ട്, ഒമ്പത്, പതിനൊന്ന്, കശ്മലൻ, തരികിട, ശിഖണ്ഡി, സാതനം, വണ്ട്, ചാന്തുപൊട്ട് എന്നെല്ലാമാണ് സ്വവർഗ്ഗലൈംഗികതയെ വിശേ ഷിപ്പിക്കാൻ മലയാളി കണ്ടെത്തുന്ന പദങ്ങൾ. ഈ പേരുകളെ പ്രതി നിധാനം ചെയ്യുന്നവരാകട്ടെ യഥാർത്ഥത്തിൽ അപരലിംഗരാണ്. ടി.വി.ചാനൽ ചർച്ചകളിലും പൊതുവേദികളിലുമെല്ലാം സ്വവർഗ്ഗരതി ക്കാരായി ചിത്രീകരിക്കപ്പെടുന്ന ഇവരുടെ അഭിമുഖങ്ങളും പുസ്തക രൂപത്തിലിറങ്ങിയിട്ടുള്ള ജീവചരിത്രങ്ങളുമെല്ലാം, *'സ്വവർഗ്ഗലൈംഗികത*

*സമം അപരലൈംഗികത '* എന്ന ഒരു സമവാക്യം സൃഷ്ടിച്ചിട്ടുണ്ട്. ഇതിലൂടെ യാഥാർത്ഥ്യം തമസ്കരിക്കപ്പെടുക മാത്രമല്ല, മറ്റൊരു അബദ്ധ ധാരണ തൽസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്നു. ഹിജഡകളും, സ്ത്രൈണതയുള്ളവരും, നർത്തകന്മാരും ലൈംഗികത്തൊഴിൽ ചെയ്യുന്ന പുരുഷന്മാരും സ്വവർഗ്ഗപ്രേമികളായി കണക്കാക്കപ്പെടുന്നു. എല്ലാവരിലുമെന്ന പോലെ ഇവരിലും സ്വവർഗ്ഗപ്രേമികളുണ്ടാവാം. ഇവരിൽ ഒരു വിഭാഗം ശാരീരികമായ അവരുടെ ലിംഗപദവിയിൽ അസംതൃപ്തരും, ശസ്ത്രക്രിയയിലൂടെ ലിംഗമാറ്റം വരുത്താൻ ആഗ്രഹിക്കുന്നവരും, കഴിയാവുന്നിടത്തെല്ലാം എതിർലിംഗത്തിലെ ആളുകളെപ്പോലെ പെരുമാറാനും വസ്ത്രം ധരിക്കാനും ആഗ്രഹിക്കുന്നവരുമാണ്. ജൈവരൂപപരമായല്ലാതെ മറ്റൊരർത്ഥത്തിൽ ചിന്തിച്ചാൽ അവർ അനുഭവിക്കുന്നത് എതിർവർഗ്ഗാനുരാഗം തന്നെയാണ്. ഇത്തരത്തിലുള്ള അപരലിംഗരെ സ്വവർഗ്ഗാനുരാഗികളായി ചിത്രീകരിക്കുന്നതിലൂടെ സ്വവർഗ്ഗാനുരാഗമെന്ന സംജ്ഞ തന്നെ തെറ്റിദ്ധരിക്കപ്പെടുകയും സ്ത്രീകളടക്കമുള്ള വലിയൊരു വിഭാഗം യഥാർത്ഥ സ്വവർഗ്ഗപ്രണയികൾ തിരിച്ചറിയപ്പെടാതെ പോവുകയും ചെയ്യുന്നു.

സ്വവർഗ്ഗലൈംഗികാഭിമുഖ്യം ഉള്ളവർ സാധാരണക്കാരായ ഭൂരിപക്ഷത്തിൽനിന്ന് വേറിട്ട് നിൽക്കുന്നത് അവർക്ക് സ്വലിംഗത്തിൽപ്പെട്ട ആളുകളോട് ശാരീരികവും വൈകാരികവുമായ ആകർഷണം തോന്നുന്നു എന്ന കാര്യത്തിൽ മാത്രമാണ്. സ്വവർഗ്ഗപ്രണയിയായ പുരുഷന് പുരുഷനോട് ആകർഷണം തോന്നുമെങ്കിലും

അയാൾ സ്ത്രീയായി മാറാൻ ആഗ്രഹിക്കുന്നില്ല. ശാരീരികമായും മാനസികമായും അയാൾ ഒരു പുരുഷനായിത്തന്നെയാണ് സ്വയം വീക്ഷിക്കുന്നത്. അതുപോലെ സ്ത്രീയെ പ്രേമിക്കുന്നു എങ്കിലും സ്വവർഗ്ഗ പ്രണയിനികൾ പുരുഷനായി മാറാൻ ആഗ്രഹിക്കുന്നില്ല. യഥാർത്ഥ സ്വവർഗ്ഗാനുരാഗികളെ കാഴ്ചകൊണ്ടോ പെരുമാറ്റംകൊണ്ടോ മനസ്സി ലാക്കുവാൻ സാധ്യമല്ല. സ്വവർഗ്ഗപ്രണയികൾക്ക് തങ്ങളുടെ പ്രണയ ത്തിലുള്ള വ്യത്യാസം സമൂഹത്തിൽ നിന്ന് പൂർണ്ണമായി മറച്ചുവെച്ച് അദൃശ്യരായി നിലനിൽക്കാൻ കഴിയും. അദൃശ്യന്യൂനപക്ഷം എന്നറിയ പ്പെടുന്ന ഇവരുടെ അവസ്ഥയെ പാശ്ചാത്യനാടുകളിൽ *In the closet* എന്നാണ് വിശേഷിപ്പിക്കുന്നത്. *Coming out* എന്ന സാങ്കേതിക സംജ്ഞയിലറിയപ്പെടുന്ന *പുറത്തുവരൽ* നടത്തുംവരെ ഇവർ അദൃശ്യ ന്യൂനപക്ഷമായി തുടരുന്നു. എന്നാൽ അപരലിംഗർക്ക് സമൂഹത്തിൽ നിന്ന് സ്വയം മറഞ്ഞുനിൽക്കുക പ്രയാസമാണ്. അതുകൊണ്ടുതന്നെ യാണ് സമൂഹം ഇവരെ പെട്ടെന്ന് തിരിച്ചറിയുന്നതും സ്വവർഗ്ഗലൈം ഗികത എന്ന ബൃഹത് അവസ്ഥയെ അപരലിംഗരുടെ മാത്രം അവ സ്ഥയായി സങ്കോചിപ്പിക്കുന്നതും.

## 3.4. മലയാളത്തിലെ സ്വവർഗ്ഗാനുരാഗ പഠനങ്ങൾ

വാർത്താറിപ്പോർട്ടുകൾ, മാധ്യമങ്ങളിലെ ഫീച്ചറുകൾ, ഒറ്റപ്പെട്ട ലേഖനങ്ങൾ, ചർച്ചകൾ എന്നിവ ഒഴിവാക്കിയാൽ കാര്യമായ പഠന ങ്ങളൊന്നും മലയാളത്തിൽ സ്വവർഗ്ഗാനുരാഗത്തെ സംബന്ധിച്ച്

ഉണ്ടായിട്ടില്ല. വ്യക്തിപരമായ അനുഭവകഥകളും ജീവചരിത്രങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ശാസ്ത്രീയമായ വിശകലനരീതി അനു വർത്തിച്ചുകൊണ്ട് ഏറെ പഠനങ്ങളൊന്നും ഈ മേഖലയിൽ നടന്നിട്ടു ള്ളതായി കാണുന്നില്ല. ഹിജഡകളുടെ ജീവിതത്തെ അധികരിച്ച് പി.സുരേന്ദ്രൻ രചിച്ച *ഹിജഡകളുടെ പൊരുൾ* എന്ന ഗ്രന്ഥവും ഒരു ട്രാൻസ്ജൻഡറുടെ അനുഭവക്കുറിപ്പുകൾ എന്ന നിലയ്ക്ക് ശ്രീനന്ദു രചിച്ച *ഇടം* എന്ന പുസ്തകവും രണ്ടായിരത്തിനുശേഷം പ്രസിദ്ധീകരിക്കപ്പെട്ടവ യാണ്. *സ്വവർഗ്ഗരതി - നേർവഴികളും നേർകാഴ്ചകളും* എന്ന പേരിൽ വി.ആർ.ഗോവിന്ദനുണ്ണി എഡിറ്റുചെയ്ത പുസ്തകം 2010-ൽ പ്രസിദ്ധീകരി ക്കപ്പെട്ടു. *പ്രണയം ഒരു മനുഷ്യാവകാശപ്രശ്നമാണ്* എന്ന പേരിൽ കിഷോർകുമാർ രചിച്ച ലേഖനവും *മൃഗങ്ങളിൽ അത് സത്യമോ മിഥ്യ യോ* എന്ന ശീർഷകത്തിൽ പി.ടി. ദിനേശ് രചിച്ച ലേഖനവും ഒഴിച്ചു നിർത്തിയാൽ പ്രസ്തുത ഗ്രന്ഥത്തിൽ ശാസ്ത്രീയ ലേഖനങ്ങളുടെ അഭാ വം പ്രകടമാണ്. 2004-ൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച *മിഥ്യകൾക്ക പ്പുറം - സ്വവർഗ്ഗലൈംഗികത കേരളത്തിൽ* എന്ന പുസ്തകം കേരളത്തി ലെ സ്വവർഗ്ഗാനുരാഗത്തിന്റെ വർത്തമാനത്തെ ശാസ്ത്രീയമായിത്ത ന്നെ വിശകലനം ചെയ്തിട്ടുണ്ട്. രേഷ്മഭരദ്വാജ് എഡിറ്റു ചെയ്തിരിക്കുന്ന പ്രസ്തുത പുസ്തകത്തിൽ ആത്മഹത്യകൾക്കുപുറകിലെ സ്വവർഗ്ഗാനുരാഗ പശ്ചാത്തലത്തെക്കുറിച്ച് വസ്തുതാപരമായ അന്വേഷണം നടത്തിയിട്ടു ണ്ട്.[6]

### 3.5. ആത്മഹത്യയും സ്വവർഗ്ഗാനുരാഗവും

1984-ൽ തൃശ്ശൂർ ജില്ലയിലെ ഒരു സിനിമാതിയ്യറ്ററിനു മുമ്പിൽ, വൈകീട്ട് സിനിമ കഴിഞ്ഞ് ഇറങ്ങുന്നവരുടെ മുന്നിൽ വെച്ച് രണ്ടു ചെറുപ്പക്കാർ പരസ്പരം കുത്തി, കൊലപാതകത്തിലൂടെ ആത്മഹത്യ ചെയ്തത് അക്കാലത്ത് പത്രവാർത്തയായിരുന്നു.[7] സ്വവർഗ്ഗാനുരാഗികളായിരുന്നു ആ ചെറുപ്പക്കാരെന്ന് വീട്ടുകാർ തുറന്നു സമ്മതിക്കുകയും ചെയ്തിരുന്നു. ഈ സംഭവം ഒറ്റപ്പെട്ട ഒരുദാഹരണമല്ല. ആഗോളവ്യാപകമായി തന്നെ ആത്മഹത്യകൾക്കു പിന്നിൽ സ്വവർഗ്ഗാനുരാഗവുമായി ബന്ധപ്പെട്ട വൈകാരിക കാരണങ്ങളുണ്ടെന്ന് ഈ രംഗത്തു പ്രവർത്തിക്കുന്നവർ വിശദമായ പഠനങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.[8] അരനൂറ്റാണ്ടിലേറെയായി ആത്മഹത്യാപ്രതിരോധരംഗത്ത് ലോകവ്യാപകമായി പ്രവർത്തിക്കുന്ന 'ബിഫ്രണ്ടേഴ്സ് ഇന്റർനാഷണൽ' (www.befrienders.org) തങ്ങളുടെ വെബ്സൈറ്റിന്റെ ആമുഖപേജിൽ തന്നെ സ്വവർഗ്ഗാനുരാഗവും ആത്മഹത്യയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പറയുകയും അതുമായി ബന്ധപ്പെട്ട മാനസികപ്രശ്നങ്ങൾ പരിഹരിക്കാനുള്ള പോംവഴികൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. സദാചാരപരമായി കർക്കശവും നിയമപരമായി പ്രതികൂലവുമായ സാഹചര്യങ്ങൾ നിലവിലുള്ള ദേശങ്ങളിൽ സ്വവർഗ്ഗാനുരാഗ ബദ്ധമായ ആത്മഹത്യകൾ വർദ്ധിച്ചിരിക്കും. കേരളത്തിലെ ഇത്തരം ആത്മഹത്യകളെ സംബന്ധിച്ച് ലൈംഗിക ന്യൂനപക്ഷപ്രവർത്തകയായ ദേവകി മേനോന്റെ നേതൃത്വത്തിൽ *സഹയാത്രിക* സംഘം അന്വേഷ

ണം നടത്തുകയുണ്ടായിട്ടുണ്ട്. 1990-നു ശേഷം 2000-വരെയുള്ള കാലയളവിൽ നടന്ന, സ്വവർഗ്ഗാനുരാഗം നിമിത്തമെന്നു സംശയിക്കപ്പെട്ടുന്ന, മുപ്പത്തിയൊന്നോളം പെൺകുട്ടികളുടെ ആത്മഹത്യകളെക്കുറിച്ച് ഈ സംഘം അന്വേഷണം നടത്തുകയുണ്ടായി. കൃത്യമായി വസ്തുതകൾ ഇക്കാര്യത്തിൽ ശേഖരിക്കാൻ കഴിയാതെ വന്നതിനെക്കുറിച്ചും പറയപ്പെട്ടുന്നതിലേറെ ആത്മഹത്യകൾ സ്വവർഗ്ഗാനുരാഗം നിമിത്തം നടന്നിട്ടുള്ളതായി അറിയാൻ കഴിഞ്ഞതിനെക്കുറിച്ചും പ്രസ്തുതസംഘാംഗങ്ങൾ വെളിപ്പെടുത്തുകയുണ്ടായി. പുരുഷ സ്വവർഗ്ഗാനുരാഗികളുടെ ആത്മഹത്യാനിരക്ക് ഇതിലും ഏറെയാണ്. സ്ത്രീകൾക്ക് സ്വന്തം ലൈംഗികാഭിമുഖ്യം അടിച്ചമർത്താനും മറ്റൊന്നായി അവതരിപ്പിക്കാനും പുരുഷനേക്കാൾ സൌകര്യങ്ങളുള്ളതു നിമിത്തം സമൂഹത്തിൽ മറഞ്ഞിരിക്കാൻ സ്ത്രീ സ്വവർഗ്ഗാനുരാഗികൾക്ക് കൂടുതലായി സാധിക്കും. പൌരുഷഭാവത്തോടെ പെരുമാറുന്ന പെൺകുട്ടികളെ സമൂഹം സമർത്ഥകളായി പരിഗണിക്കുമ്പോൾ, സ്ത്രൈണഭാവത്തോടെ പെരുമാറുന്ന പുരുഷന്മാരെ പരിഹസിക്കുകയാണ് ചെയ്യാറുള്ളത്. ലൈംഗികക്രിയയുടെ നിർവ്വാഹകത്വം പുരുഷകേന്ദ്രീകൃതമായിരിക്കുകയും നിർബന്ധിത വിവാഹബന്ധങ്ങളിലധിഷ്ഠിതമായ കുടുംബവ്യവസ്ഥ നിലനില്ക്കുകയും ചെയ്യുന്ന കേരളീയ സാഹചര്യത്തിൽ സ്വവർഗ്ഗാനുരാഗികളായ യുവാക്കളുടെ ആത്മഹത്യാനിരക്കിന്റെ യഥാർത്ഥ കണക്കുകൾ ഇനിയും കണ്ടെത്തപ്പെടേണ്ടതുണ്ട്.

### 3.6. ഫീൽഡ് വർക്കും അഭിമുഖങ്ങളും

പഠനങ്ങളുടെയും കണ്ടെത്തലുകളുടെയും ശുഷ്കമായ അവസ്ഥയാണ് ഈ ഗവേഷണത്തിന്റെ ഭാഗമായി സാമൂഹികാന്വേഷണങ്ങൾ അനിവാര്യമാക്കിയത്. സ്വവർഗ്ഗാനുരാഗികളായ ഇരുന്നൂറോളം പേരുമായി നേരിട്ടും ഫോൺവഴിയും അഭിമുഖങ്ങൾ നടത്തുകയുണ്ടായി. ഇരുപതോളം ടെലഫോൺ അഭിമുഖങ്ങൾ മാതൃകയായി ഈ പ്രബന്ധത്തോടൊപ്പം സമർപ്പിക്കുന്നുണ്ട്.[9] ഈ അഭിമുഖങ്ങൾ വിശകലനം ചെയ്യുമ്പോൾ വ്യക്തമാകുന്ന കാര്യങ്ങൾ ഇനി പറയുന്നു:

- കേരളത്തിൽ സ്വവർഗ്ഗാനുരാഗികളായി അറിയപ്പെടുന്ന അപരലിംഗർ സ്വവർഗ്ഗാനുരാഗികളല്ല; മറിച്ച് എതിർലിംഗ തല്പരരാണ്.
- യഥാർത്ഥ സ്വവർഗ്ഗാനുരാഗികൾ സ്വാഭാവികമായ സാമൂഹിക ജീവിതം നയിക്കുന്നവരും, പലരും സാമൂഹികാഭിമതമനുസരിച്ച് കുടുംബജീവിതം പുലർത്തുന്നവരുമാണ്
- ഒരു ചെറുവിഭാഗം സ്വവർഗ്ഗാനുരാഗികൾ മാത്രമേ ജീവിതാന്ത്യം വരെ അവിവാഹിതരായി തുടരുന്നുള്ളൂ.
- സ്വവർഗ്ഗാനുരാഗികളെ സ്വഭാവം കൊണ്ടോ പെരുമാറ്റം കൊണ്ടോ വേർതിരിച്ചറിയാൻ സാധ്യമല്ല.
- ബാലരതി, ലൈംഗിക പീഡനം, അസാന്മാർഗ്ഗിക ലൈംഗിക വൃത്തികൾ എന്നിവയിൽ ഏർപ്പെടുന്ന സ്വവർഗ്ഗാനുരാഗികളുടെ

എണ്ണം ഇതേ പ്രവൃത്തികളിൽ ഏർപ്പെടുന്ന എതിർവർഗ്ഗാനുരാഗി കളേക്കാൾ കുറവാണ്.

- കേരളത്തിലെ സ്വവർഗ്ഗാനുരാഗികളിൽ ഭൂരിപക്ഷവും സ്വവർഗ്ഗ ബന്ധങ്ങളിൽ ഏകപങ്കാളി ബന്ധം ആഗ്രഹിക്കുന്നവരാണ്.
- കേരളത്തിലെ സാഹചര്യത്തിൽ സ്വവർഗ്ഗലൈംഗിക ബന്ധങ്ങ ളുടെ വിജയകരമായ കാലയളവ് വിദേശരാജ്യങ്ങളെ അപേക്ഷി ച്ച് നോക്കുമ്പോൾ വളരെ കുറവാണ്.
- ഇതരപ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം സ്വവർഗ്ഗാനുരാഗത്തിന് ഏറെ പ്രതികൂലമായ പ്രദേശമാണെന്ന് സ്വവർഗ്ഗാനുരാഗികൾ തിരിച്ചറിയുകയും, സാധ്യമാണെങ്കിൽ അന്യദേശങ്ങളിലേയ്ക്ക് കുടിയേറിപ്പാർക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.
- സ്വവർഗ്ഗാനുരാഗം ബാല്യകാലം തൊട്ടേ ഉണ്ടായിരുന്നതായി ഏറെപ്പേരും ഓർത്തെടുക്കുന്നുണ്ട്. സ്വവർഗ്ഗാനുരാഗത്തിന്റെ കാരണമായി ലൈംഗിക പീഡനങ്ങളുടെ ഭൂതകാലത്തെക്കുറിച്ച് പറയാറുള്ളത് ശരിയല്ലെന്ന് അവർ പറയുന്നു.

അഭിമുഖങ്ങളിൽ പങ്കെടുത്തവരിൽ ഏറെപ്പേരും തങ്ങളുടെ കർമ്മരംഗത്ത് ശ്രദ്ധേയമായ രീതിയിൽ പ്രവർത്തിക്കുന്നവരാണ്. ലൈംഗികവിഷയങ്ങളിൽ മാത്രമല്ല, സാമൂഹിക വിഷയങ്ങളിലെ ല്ലാം ഇവർ തുറന്ന കാഴ്ചപ്പാടുകൾ നിലനിർത്തുന്നതായി കാണാൻ

സാധിച്ചു. Marriage Of Convenience (MOC) ബന്ധങ്ങൾ കേരളത്തിലും നിലനിൽക്കുന്നുണ്ടെന്ന് ഇവരിൽ നിന്ന് അറിയാൻ കഴിഞ്ഞു. സാമൂഹികമായ അംഗീകാരത്തിനുവേണ്ടി മാത്രമായി സ്ത്രീപുരുഷ സ്വവർഗ്ഗാനുരാഗികൾ വിവാഹ ഉടമ്പടിയിലേർപ്പെട്ട് ഒരുമിച്ച് കഴിയുന്നതിനെയാണ് MOC എന്നറിയപ്പെടുന്നത്. ഒന്നിലേറെ ജോഡികൾ പരസ്പരം സഹകരിച്ചും കുടുംബസംവിധാനം ഇപ്രകാരം നിലനിർത്താറുണ്ട്. കേരളത്തിലെ ലെസ്ബിയൻ ബന്ധങ്ങൾ കുറെക്കൂടി ഗാഢവും വൈകാരികവും ഗൂഢവുമാണെന്ന് അഭിമുഖങ്ങളിൽ പങ്കെടുത്തവർ അഭിപ്രായപ്പെടുന്നു. അഭിമുഖങ്ങളിൽ പങ്കെടുത്ത യുവാക്കളിൽ ഭൂരിപക്ഷവും തങ്ങളുടെ ലൈംഗികാഭിമുഖ്യത്തെ Gay എന്നാണ് നിർവ്വചിച്ചതെങ്കിലും പലരും ഭാവിയിൽ വിവാഹത്തെ ഒരു സാധ്യതയായി കാണുന്നവരാണ്.

കേരളത്തിന്റെ വിവിധപ്രദേശങ്ങളിൽ സ്വവർഗ്ഗാനുരാഗികളുടെ സംഗമസ്ഥാനങ്ങളുണ്ട്. എല്ലാ ജില്ലകളിലും രണ്ടോ മൂന്നോ ഇടങ്ങൾ സ്ഥിരമായി ഇത്തരം കൂടിച്ചേരലുകൾക്ക് വേദിയാവുന്നുണ്ട്. ചില മൈതാനങ്ങൾ, പാർക്കുകൾ, സിനിമാതിയ്യറ്ററുകൾ, ഹോട്ടലുകൾ, പൊതുശൌച്യാലയങ്ങൾ തുടങ്ങി ഒട്ടേറെ സ്ഥലങ്ങൾ സ്വവർഗ്ഗാനുരാഗികളുടെ സംഗമസ്ഥാനങ്ങളായി അറിയപ്പെടുന്നവയാണ്. വർഷത്തിലൊരിക്കലോ വിശേഷദിനങ്ങളിലോ മാത്രമായി കണ്ടുമുട്ടുന്ന പ്രദേശങ്ങളുമുണ്ട്. ചരിത്രപ്രസിദ്ധമായ തൃശ്ശൂർപൂരം ഇത്തരത്തിൽ സ്വവർഗ്ഗസ്നേഹികളുടെ ഉത്സവമായി മാറുന്നുണ്ട്.

### 3.7. തൃശ്ശൂർപൂരം - പ്രച്ഛന്ന സ്വവർഗ്ഗലൈംഗികതയുടെ നേർക്കാഴ്ച

കേരളത്തിലെ ഇതര ജില്ലകളിലെ ഉത്സവാഘോഷങ്ങളുമായി തൃശ്ശൂർപൂരത്തിന് കാര്യമായ വ്യത്യാസങ്ങളുണ്ട്. പരമ്പരാഗതമായിത്തന്നെ വമ്പിച്ച ജനാവലി അണിനിരക്കുന്ന ഈ പൂരം അന്യാദൃശമാണ്. ക്ഷേത്രങ്ങളോടനുബന്ധിച്ചു നടക്കുന്ന മറ്റു പൂരങ്ങളിൽ നിന്നും തൃശ്ശൂർ പൂരത്തെ വ്യത്യസ്തമാക്കുന്നത് നാനാജാതി മതസ്ഥരായ ജനങ്ങളുടെ സാന്നിധ്യവും മതാത്മകമല്ലാത്ത അന്തരീക്ഷവുമാണ്. ഭക്തിനിർഭരമായ ചടങ്ങുകളോടെയല്ല, മറിച്ച് ആഘോഷത്തിന്റെയും മത്സരത്തിന്റെയും അന്തരീക്ഷത്തിലാണ് തൃശ്ശൂർ പൂരം നടക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ ഈ പൂരത്തിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ധാരാളം ജനങ്ങൾ പങ്കെടുത്തിരുന്നതായി കാണാം. സംസ്ഥാനത്തിന്റെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന തൃശ്ശൂരിലേയ്ക്ക് പൂരത്തോടനുബന്ധിച്ച് സന്ദർശകരുടെ എണ്ണം വർദ്ധിക്കുന്നത് സ്വാഭാവികമാണ്. സാംസ്കാരിക പ്രദർശനം, ആനച്ചമയം, ഇലഞ്ഞിത്തറമേളം, കുടമാറ്റം, വെടിക്കെട്ട് തുടങ്ങിയവയൊക്കെയാണ് തൃശ്ശൂർ പൂരത്തിന്റെ മുഖ്യ ആകർഷണങ്ങൾ. വർഷങ്ങളായി പൂരത്തോടനുബന്ധിച്ച് സ്വവർഗാനുരാഗികളുടെ കൂട്ടായ്മകൾ തൃശ്ശൂരിൽ രൂപം കൊള്ളുകയും ശക്തിപ്രാപിക്കുകയും ചെയ്യുന്നുണ്ട്. ഏതുവർഷം മുതലാണിത് ആരംഭിച്ചതെന്നു പറയാൻ തെളിവുകളില്ല. എങ്കിലും അതിശക്തമായ സാന്നിധ്യം കൊണ്ട് സമകാലിക പൂരക്കാഴ്ചകളിൽ സ്വവർഗ്ഗരതി മുഖ്യ

ഘടകമാകുന്നു. സംസ്ഥാനത്തിനു പുറത്തുനിന്നു പോലും ധാരാളമാളു കൾ ഈ കൂട്ടായ്മയിൽ പങ്കെടുക്കുവാൻ എത്തിച്ചേരുന്നുണ്ട്. എന്നാൽ ഇതെല്ലാം അതീവ രഹസ്യസ്വഭാവത്തോടെയാണ് നടന്നുപോരുന്നത്.

കുടമാറ്റ വേദിക്കരികിൽ മൂത്രപ്പുരകൾ കേന്ദ്രീകരിച്ച് നടക്കുന്ന അനാശാസ്യ പ്രവർത്തനമെന്ന രീതിയിലാണ് ആദ്യകാലങ്ങളിൽ ഇത്തരം സ്വവർഗ്ഗകൂട്ടായ്മകളെ വിലയിരുത്തിയിരുന്നത്. എന്നാൽ ഈ താല്പര്യവുമായി വന്നെത്തുന്നവരുടെ എണ്ണം വർദ്ധിച്ചതോടെ പൂരം നഗരി പോലീസിന്റെ സവിശേഷശ്രദ്ധയ്ക്ക് പാത്രമായി. രണ്ടായിരമാ ണ്ടാവുമ്പോഴേയ്ക്കും പൂരം നടക്കുന്ന സ്ഥലങ്ങളുടെ പ്രാന്ത പ്രദേശങ്ങളി ലേയ്ക്ക് സ്വവർഗ്ഗാനുരാഗികളുടെ കൂട്ടായ്മ നീങ്ങിത്തുടങ്ങി. നഗരത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങളിലാണ് ഇത് ശക്തമായിരിക്കുന്നത്. പ്രധാനമായും തൃശ്ശൂർ കോർപ്പറേഷൻസ്റ്റേഡി യം, ശക്തൻബസ്റ്റാന്റ്, വടക്കേച്ചിറ, തോപ്പ് സ്റ്റേഡിയം തുടങ്ങിയ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് ഇത്തരം പല സംഘങ്ങളും രൂപം കൊണ്ടി ട്ടുണ്ട്. തൃശ്ശൂരിലെ ഈ പൂരസംഗമത്തിന് സൈബർ ലോകത്ത് വൻ പ്രചാരം സിദ്ധിച്ചു. പ്രമുഖ ഗേ പോർട്ടലുകളിലെല്ലാം തൃശ്ശൂർപൂരം ചർച്ചാവിഷയമാവുകയും വന്നെത്തുന്നവർ മുൻകൂട്ടിത്തന്നെ വിവരങ്ങൾ പരസ്പരം കൈമാറുന്ന രീതി നിലവിൽ വരികയും ചെയ്തു. തൃശ്ശൂർപൂര ത്തോടനുബന്ധിച്ച് ലോഡ്ജുകളിൽ മുറി ബുക്കുചെയ്യുന്നവരിൽ വലി യൊരു ശതമാനം സ്വവർഗ്ഗാനുരാഗികളാണെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.

സ്വവർഗ്ഗാനുരാഗികളെ കുറിച്ച് സമൂഹത്തിനുള്ള മുൻധാരണകളെയെല്ലാം തീർത്തും അസ്ഥാനത്താക്കുന്നതാണ് തൃശ്ശൂരിലെ സ്വവർഗ്ഗാനുരാഗികളുടെ സംഗമം.സ്വവർഗ്ഗാനുരാഗികളെന്ന പേരിൽ പൊതുജനമധ്യത്തിലവതരിക്കപ്പെടുന്ന അപരലിംഗർ (transgender), സ്ത്രൈണതയുള്ള പുരുഷന്മാർ (cross dressers) ഇവരാരും തന്നെ ഈ സംഗമത്തിലെ മുഖ്യ കണ്ണികളല്ല. സമൂഹത്തിൽ മാന്യമെന്ന് പറയപ്പെടുന്ന ഉദ്യോഗത്തിലിരിക്കുന്നവരും, ഉന്നത വിദ്യാഭ്യാസവുമുള്ള വൻജനാവലിയാണ് സ്വവർഗ്ഗാനുരാഗികളായി വന്നു ചേരുന്നത്. കാഴ്ചയിലും പെരുമാറ്റത്തിലും ഒരു സവിശേഷതയും പ്രദർശിപ്പിക്കാത്ത ഇവർ ആൾക്കൂട്ടം നൽകുന്ന സ്വകാര്യതകളും നഗരത്തിലെ ഇരുൾ മറവുകളും അനുരാഗസാഫല്യത്തിനുള്ള വേദികളാക്കുന്നു. മുൻപരിചയമില്ലാത്തവർ ചിരപരിചിതരെപ്പോലെ ലൈംഗികാകർഷണത്താൽ കൂടിക്കഴിയുന്നു. കൗമാരപ്രായക്കാർ മുതൽ എഴുപതുവയസ്സു തോന്നിക്കുന്നവർ വരെ സംഗമത്തിൽ പങ്കെടുക്കുന്നു. ആർക്കും ആരോടും പ്രേമചേഷ്ടകൾ പ്രകടിപ്പിക്കാനും വൈമനസ്യമുണ്ടെങ്കിൽ അകന്നു പോകാനുമുള്ള അവസരം ഈ സംഗമത്തിൽ കാണുകയുണ്ടായി. ജോഡികളായും ചെറുസംഘങ്ങളായും ഇഷ്ടമുള്ള ഇണകളെ തെരഞ്ഞെടുത്ത് സ്വകാര്യതകളിലേയ്ക്ക് മടങ്ങുന്നവരേയും കാണാൻ കഴിഞ്ഞു. പൊതുസ്ഥലത്തുവെച്ചുതന്നെ ലൈംഗികക്രിയയിൽ ഏർപ്പെടുന്നവരും വിരളമല്ല. ഈ വാർത്തകൾ സംസ്ഥാനത്തിനകത്തും പുറത്തും പ്രചരിക്കുകയും ഇതിൽ പങ്കെടുക്കുന്നവരുടെ എണ്ണം ക്രമാതീതമാവുകയും ചെയ്തതോടെ പരിസ

രവാസികളുടെയും സ്വവർഗ്ഗരതിഭീതരായ ആളുകളുടെയും എതിർപ്പ കൾ വർദ്ധിക്കുകയുണ്ടായി. ഇതേത്തുടർന്ന് 2013-ലെ പൂരത്തിന് ജില്ലാ ഭരണാധികാരികൾ, കോർപ്പറേഷൻ സ്റ്റേഡിയം പോലുള്ള സ്ഥല ങ്ങൾ അടച്ചിടുകയും കാവലേർപ്പെടുത്തുകയുംചെയ്തു. 2011, 2012 വർഷ ങ്ങളിൽ നടന്ന കൂട്ടായ്മകളെക്കുറിച്ചുള്ള വിവരങ്ങൾ ബ്ലോഗുകളിലൂടെയും പ്രചരിച്ചിരുന്നു. ഇതേത്തുടർന്ന് മുൻവർഷങ്ങളെപ്പോലെ തന്നെ ആയിരിക്കണക്കിന് സ്വവർഗ്ഗാനുരാഗികൾ 2013-ലും പൂരനഗരിയിലെ ത്തുകയുണ്ടായി.

പൂരദിനത്തൽ വൈകീട്ട് ഏഴുമണിയോടുകൂടി തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിന്റെ കിഴക്കുഭാഗത്തുള്ള മൈതാനത്തിൽ വാഹനങ്ങൾ പാർക്കു ചെയ്തതിനിടയിൽ ചെറുസംഘങ്ങൾ രൂപപ്പെ ടാൻ തുടങ്ങി. അരമണിക്കൂറിനുള്ളിൽ ആയിരത്തിൽ കുറയാത്ത പുരുഷാവലി മൈതാനം കീഴടക്കി. നിശബ്ദമായ പശ്ചാത്തലത്തിൽ ഇരുളിൽ പുരുഷദേഹങ്ങളുടെ ലൈംഗികാഘോഷത്തിന് അപ്രദേശം അപ്പാടെ വേദിയായി. വാഹനങ്ങളിലും മദനോത്സവം കാര്യമായിത്ത ന്നെ നടക്കുന്നുണ്ടായിരുന്നു. വദനസുരതം, ഗുദരതി, അതിതീവ്രമായ ചുംബനങ്ങൾ, സംഘരതി തുടങ്ങി പുരുഷലൈംഗികതയുടെ സാധ്യത കളെല്ലാം ഏതാനും മണിക്കുറുകൾക്കിടയിൽ ആ പ്രദേശത്തു നടക്കുക യുണ്ടായി. സ്വന്തം മുഖം സമൂഹമധ്യത്തിൽ വെളിപ്പെടുമോ എന്ന ഭയം സംഘം ചേർന്നവരിൽ ഭൂരിപക്ഷത്തിനും ഉള്ളതായി അനുഭവപ്പെട്ടു. ഈ പ്രദേശം കൂടാതെ തൃശ്ശൂർ വടക്കേ ബസ്സ്റ്റാന്റിനു പുറകുവശം

കൈരളി, ശ്രീ തിയ്യറ്ററിനു പുറകിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രദേശം, കുറ്റിക്കാട്ടുകൾ എന്നിവിടങ്ങളിലെല്ലാം അതിസാഹസികമായി ചെറുസംഘങ്ങൾ ചേർന്ന് ലൈംഗികചേഷ്ടകളിൽ ഏർപ്പെട്ടുന്നുണ്ടായിരുന്നു. പ്രസിദ്ധീകരിക്കില്ല എന്ന ഉറപ്പോടെ അഭിമുഖം തരാൻ തയ്യാറായ ചില വ്യക്തികൾ പറഞ്ഞ കണക്കുകൾ ഇക്കാഴ്ചകളെ നിസ്സാരമാക്കും വിധമായിരുന്നു. വൻകിട ലോഡ്ജുകൾ മുതൽ ചെറുകിട വാടകമുറികൾ വരെ സ്വവർഗ്ഗാനുരാഗികളുടെ സംഘരതിക്ക് അന്ന് വേദിയായിത്തീർന്നു. അഭിഭാഷകർ, ഡോക്ടർമാർ, അധ്യാപകർ, എഞ്ചിനീയർമാർ, വിദ്യാർത്ഥികൾ, വിവരസാങ്കേതികരംഗത്ത് പ്രവർത്തിക്കുന്നവർ, തൊഴിൽരഹിതർ തുടങ്ങി സമൂഹത്തിലെ സമസ്തമേഖലകളെയും പ്രതിനിധീകരിയ്ക്കുന്നവർ ഈ സംഗമത്തിൽ ഉൾപ്പെട്ടിരുന്നു.

യഥാർത്ഥത്തിൽ സ്വവർഗ്ഗാനുരാഗികൾ ആരെന്ന ചോദ്യത്തിന് നേർ ഉത്തരമാണ് തൃശ്ശൂർ പൂരത്തിനെത്തുന്ന, സ്വകാര്യതകളിൽ മാത്രം സ്വന്തം താല്പര്യം പ്രദർശിപ്പിക്കുന്ന, ഈ വിഭാഗം ആളുകൾ. അംഗവിക്ഷേപങ്ങൾ കൊണ്ടോ, പെരുമാറ്റരീതികൾ കൊണ്ടോ അണുമാത്രപോലും സംശയത്തിനിടനൽകാത്ത ഇവർ കേരളത്തിലെ യഥാർത്ഥ സ്വവർഗ്ഗാനുരാഗികളുടെ പ്രതിനിധികളാണ്. അതായത്, കേരളത്തിലെ സ്വവർഗ്ഗലൈംഗികത പ്രച്ഛന്നമായ അവസ്ഥയിലാണ് നിലകൊള്ളുന്നത്. ഇവർ പ്രത്യക്ഷമായി ഈ താല്പര്യം വെളിപ്പെടുത്തുന്നവരല്ല. ലൈംഗികന്യൂനപക്ഷത്തിന്റെ അവകാശങ്ങൾക്കായി ഇവരിലൊരാൾ പോലും മുൻനിരയിൽ പ്രത്യക്ഷപ്പെട്ടുകയില്ല. സാമൂഹിക സദാചാരം

നിലനിർത്തിക്കൊണ്ടു തന്നെ നിഴലുകളിൽ, ലൈംഗിക സ്വത്വാവിഷ്കാരം നടത്തുന്നവരാണ് ഇവർ. ഒട്ടും ചെറുതല്ലാത്ത ഈ വിഭാഗത്തെ പരിഗണിക്കാതെ കേരളത്തിലെ സ്വവർഗ്ഗലൈംഗികതയെക്കുറിച്ചുള്ള ഒരു പഠനവും പൂർണ്ണമാവുകയില്ല. പഠനവിധേയരാവാൻ തയ്യാറല്ലാത്ത ഒരു വിഭാഗം ആളുകളാണിവർ എന്നതാണ് അന്വേഷണങ്ങളെ ദുഷ്കരമാക്കുന്നത്. വ്യക്തമായി അവതരിപ്പിക്കാവുന്ന തെളിവുകളോടെ ഒരഭിമുഖം നൽകാൻപോലും ഇവരാരും തയ്യാറായിരുന്നില്ല. സ്വന്തം സ്വവർഗ്ഗതാല്പര്യത്തെ തെറ്റായി കണക്കാക്കുന്നവരും സ്വവർഗ്ഗാനുരാഗത്തെ പുറമേയ്ക്ക് കുറ്റപ്പെടുത്തുന്നവരും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഇവരിൽ പലരും അവരവരുടെ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകുന്നവരാണ് എന്ന്, സ്വകാര്യ അന്വേഷണങ്ങളിലൂടെ അറിയാൻ കഴിഞ്ഞു. സിഗ്മണ്ട് ഫ്രോയ്ഡ് പറയുന്ന ഉദാത്തീകരണത്തിന് കൃത്യമായ ഉദാഹരണമാകാൻ പ്രച്ഛന്നാവസ്ഥയിലുള്ള ഈ സ്വവർഗ്ഗാനുരാഗികൾക്ക് കഴിയും. ലൈംഗികസ്വത്വത്തിന്റെ നേരിട്ടുള്ള എല്ലാ പ്രകടനവും അടിച്ചമർത്തപ്പെട്ടുപോയ ഒരു വിഭാഗത്തിൽനിന്നാണ് ഉദാത്തീകൃതരൂപങ്ങളെക്കുറിച്ചുള്ള അന്വേഷണം തുടങ്ങേണ്ടത്.

തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് കാണുന്ന വിപുലമായ കൂട്ടായ്മയെ കുറിച്ച് ബ്ലോഗുകളിൽ പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത രചനകൾ നടത്തുന്നവരും സ്വന്തം സ്വത്വത്തെ മറച്ചുപിടിക്കാൻ ശ്രമിക്കുന്നുണ്ട്. *Single and lovin it* എന്ന പേരിൽ എഴുതിയിട്ടുള്ള മൂന്ന് ബ്ലോഗുകൾ തൃശ്ശൂർ പൂരത്തിലെ സ്വവർഗ്ഗാനുരാഗികളുടെ കൂട്ടായ്മയെക്കുറിച്ചുള്ള

താണ്. ശ്രദ്ധേയമായ നിരീക്ഷണങ്ങളും ആഖ്യാനത്തിലെ സവിശേഷതകളും ചോർന്നുപോകാതിരിക്കാൻ പ്രസ്തുത ബ്ലോഗുകൾ വിവർത്തനം ചെയ്യാതെ ഇംഗ്ലീഷ് ഭാഷയിൽത്തന്നെ അനുബന്ധമായി ചേർത്തിട്ടുണ്ട്.[10]

മേല്പറഞ്ഞ വസ്തുതകളെല്ലാം സമഗ്രമായി പരിശോധിക്കുമ്പോൾ കേരളത്തിലെ സ്വവർഗ്ഗാനുരാഗം പുറത്തുനിന്നു കാണുന്നതിനേക്കാൾ വ്യാപകവും നിഗൂഢവുമാണെന്ന് വ്യക്തമാണ്. എന്നാൽ അനുകൂല സാഹചര്യങ്ങളിൽ മാത്രമേ അത് ലൈംഗികമായ ഇടപെടലുകളായി മാറ്റപ്പെടുന്നുള്ളൂ. സൈബർ രംഗത്ത് നിലനില്ക്കുന്ന സോഷ്യൽ നെറ്റ്‌വർക്കുകളിൽ കേരളീയരായ സ്വവർഗ്ഗാനുരാഗികളുടെ എണ്ണം 2014 മാർച്ച് മാസത്തിൽ ഏകദേശം പതിനായിരത്തിനു മുകളിലാണ്. വിദ്യാഭ്യാസപരവും സാമ്പത്തികവുമായി ഉയർന്നു നില്ക്കുന്ന ഒരു വിഭാഗത്തെ മാത്രം പരിഗണിക്കുന്ന കണക്കാണിത്. ഇതുകൂടാതെ, പലഗ്രൂപ്പുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. അനുകൂലമായ സാഹചര്യങ്ങളിൽ മാത്രം ലൈംഗികചോദന പ്രദർശിപ്പിക്കുകയും മറ്റു സന്ദർഭങ്ങളിൽ തങ്ങളുടെ ലൈംഗിക പ്രേരണകളെ വ്യക്തിത്വത്തിലെ സവിശേഷതകളായി മാറ്റിത്തീർക്കുകയും ചെയ്യുന്നവരാണ് സാമാന്യേന കേരളത്തിലെ സ്വവർഗ്ഗാനുരാഗികൾ എന്ന നിഗമനത്തിലേക്കാണ് ഈ അന്വേഷണം എത്തിച്ചേരുന്നത്.

### 3.8. സ്വവർഗ്ഗാനുരാഗവും സർഗ്ഗാത്മകതയും

ഒരു വ്യക്തി സർഗ്ഗോന്മുഖമാവുന്ന മുഹൂർത്തങ്ങളിലെല്ലാം അയാളിൽ സാമൂഹികമായ വിലക്കുകളും നിയന്ത്രണങ്ങളും ദുർബലമാവുക സ്വാഭാവികമാണ്. വ്യക്തിബോധത്തിന്റെ അടിത്തട്ടിലുള്ള ഇച്ഛകൾ സമൂഹത്തിന്റെ സദാചാരവ്യവസ്ഥകൾക്കു വിധേയമായി പരിവർത്തനപ്പെട്ട് പ്രതീകഭാവങ്ങൾ കൈക്കൊണ്ട് സുന്ദരരൂപങ്ങളിൽ സൃഷ്ടികളായി മാറുന്നു. സ്വപ്നങ്ങളിലും സമാനമായ പ്രക്രിയയാണ് നടക്കുന്നത്. വൈകാരിക ആവേഗങ്ങളുടെ രൂപത്തിൽ ദൃശ്യമാവുന്ന സ്വപ്നങ്ങൾ അങ്ങേയറ്റം പ്രതീകഭാവത്തോടു കൂടിയവയാണെന്ന് ഫ്രോയിഡിന്റെ സ്വപ്നവ്യാഖ്യാനങ്ങൾ തെളിയിക്കുന്നു. സ്വപ്നങ്ങളെ അപഗ്രഥിക്കുമ്പോൾ ഓരോ വ്യക്തിയുടെയും വ്യതിരിക്തമായ അനുഭവമണ്ഡലങ്ങൾക്ക് കാര്യമായ പ്രാധാന്യമുണ്ട്. ചെറിയ സ്വപ്നങ്ങളിൽ പോലും വ്യക്തിയുടെ അതുവരെയുള്ള ജീവിതാവബോധം സങ്കീർണ്ണമായ വിധത്തിൽ പ്രതിഫലിച്ചുവെന്നുവരാം. അതുകൊണ്ടുതന്നെ സ്വപ്നത്തിലെ പ്രതീകങ്ങളുടെ അപഗ്രഥനം ഒരർത്ഥത്തിൽ വ്യക്തിത്വവിശകലനമായും മാറുന്നു. കലാസൃഷ്ടികളിലും സദാചാരവ്യവസ്ഥകളോട് സംഘർഷത്തിലേർപ്പെടുന്ന സ്രഷ്ടാവിന്റെ അബോധമനസ്സിലെ അഭിലാഷങ്ങളുടെ സജീവചിഹ്നങ്ങൾ കണ്ടെത്താൻ കഴിയും. എല്ലാ സൃഷ്ടിയും ഒരർത്ഥത്തിൽ രതിപ്രവർത്തനത്തിന്റെ ആകെത്തുകയാണ്. അതുകൊണ്ടുതന്നെ രചനകൾക്കു പുറകിലെ രതിതലം സർഗാത്മകതയുടെ വിശകലനത്തിൽ പരമപ്രധാനമാണ്.

വിവിധ കാലഘട്ടങ്ങളിലെ സംസ്കാരികാന്തരീക്ഷത്തിൽ നിന്ന് രൂപപ്പെടുന്ന കലാസൃഷ്ടികൾ ആ കാലഘട്ടവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കാലഘട്ടത്തിന്റെ മൂല്യബോധം രചനകളിൽ നിന്ന് കണ്ടെത്താൻ സാധിക്കും. കൃതികളിൽ പ്രകടമാവുന്നത് രചയിതാവിന്റെ സദാചാരസങ്കല്പങ്ങൾ തന്നെയാവണമെന്നില്ല. സമൂഹാവബോധമനസ്സ് സർഗ്ഗപ്രക്രിയയ്ക്കുമേൽ തീവ്രമായി പ്രവർത്തിക്കുന്നതുകൊണ്ട് സമൂഹത്തിന് അഭിലഷണീയ തരത്തിൽ കൃതിയിലെ മൂല്യങ്ങളിൽ മാറ്റം വന്നേയ്ക്കാം. രചനകളിൽ ആദിമധ്യാന്തം ഒരേ ചോദന പ്രകടമായിക്കൊള്ളണമെന്നില്ല. എന്നാൽ സൃഷ്ടിപ്രക്രിയയിൽ മിന്നിമായുന്ന എല്ലാ ചിഹ്നങ്ങളും പാഠവിശകലനത്തിൽ പ്രസക്തമാണ്. സമൂഹമനസ്സും സ്രഷ്ടാവിന്റെ ആന്തരികചോദനകളും പ്രതിപ്രവർത്തിക്കുമ്പോൾ ഒട്ടേറെ ആത്മപ്രതിരോധതതന്ത്രങ്ങൾ സ്രഷ്ടാവ് കൈക്കൊണ്ടെന്നിരിക്കും. ഇവയെ മനഃശാസ്ത്രദൃഷ്ട്യാ വിലയിരുത്തിയാൽ രചനകൾക്കു പുറകിൽ പ്രവർത്തിച്ച ലൈംഗികോർജ്ജത്തിലേയ്ക്ക് നേരിട്ട് പ്രവേശിക്കാനാവും. സദാചാര നിഷ്ഠമായ വിലക്കുകൾ ധാരാളമായി നിലനില്ക്കുന്ന കേരളസമൂഹത്തിൽ ഉത്തമ കലാസൃഷ്ടികളെ ഇത്തരത്തിൽ കൂടി വിലയിരുത്തേണ്ടത് അനിവാര്യമാണ്.

### 3.9. സ്വവർഗ്ഗാനുരാഗം - മലയാളസാഹിത്യത്തിൽ

കേരളസമൂഹത്തിലെന്നതുപോലെ മലയാളസാഹിത്യത്തിലും സ്വവർഗ്ഗാനുരാഗം പ്രച്ഛന്നാവസ്ഥയിലാണ് സ്ഥിതിചെയ്യുന്നത്. സ്വവർഗ്ഗാനുരാഗകൃതികളുടെ കണക്കെടുക്കുമ്പോൾ സ്വാഭാവികമായും കടന്നുവരുന്ന കുറെ കൃതികളുണ്ട്. വൈക്കം മുഹമ്മദ് ബഷീർ, ഒ.വി. വിജയൻ, എം.മുകുന്ദൻ, മാധവിക്കുട്ടി, കാക്കനാടൻ, സി.വി.ശ്രീരാമൻ, കെ.പി.രാമനുണ്ണി, ചന്ദ്രമതി, എൻ.എസ്.മാധവൻ, സാറാജോസഫ്, ഇന്ദുമേനോൻ, പ്രമോദ് രാമൻ തുടങ്ങി ഒട്ടേറെപേർ സ്വവർഗ്ഗാനുരാഗത്തെ ഒരു പ്രമേയമായി സ്വീകരിച്ചിട്ടുള്ളവരാണ്. മരണം, പ്രണയം, പട്ടിണി, രോഗം എന്നിവയെപ്പോലെ ഒരു പ്രമേയമായി സ്വവർഗ്ഗപ്രേമത്തെ കൈകാര്യം ചെയ്തിട്ടുള്ള കൃതികളാണിവർ രചിച്ചിട്ടുള്ളത്. അപരലിംഗരെക്കുറിച്ച് എഴുതിയിട്ടുള്ളതിനെയും സ്വവർഗ്ഗാനുരാഗത്തിന്റെ പട്ടികയിൽ പെടുത്തി പറയാറുണ്ട്. സർഗ്ഗപ്രക്രിയയിൽ എപ്രകാരമാണ് സ്വവർഗ്ഗാനുരാഗം പ്രവർത്തിക്കുന്നതെന്ന അന്വേഷണങ്ങളെ ഇത്തരം പ്രമേയവിശകലനരീതി പ്രതികൂലമായി സ്വാധീനിച്ചു. പ്രമേയത്തിൽ സ്വവർഗ്ഗാനുരാഗം കടന്നുവരാത്ത, സ്വവർഗ്ഗാനുരാഗത്തിന്റെ പ്രത്യക്ഷചിഹ്നങ്ങളെ പ്രതിരോധതന്ത്രങ്ങൾ കൊണ്ടു മറച്ചുപിടിച്ച രചനകളെയൊന്നും തന്നെ ഇക്കാലമത്രയും സ്വവർഗ്ഗാനുരാഗസാഹിത്യമായി ആരും അടയാളപ്പെടുത്തുകയുണ്ടായില്ല. ഇതു കണ്ടെത്തണമെങ്കിൽ കാലഘട്ടത്തിന്റെ മൂല്യബോധവുമായി രചയിതാവിന്റെ ആന്തരികചോദനകൾ പ്രതിപ്രവർത്തിച്ചതെങ്ങനെയെന്ന് അന്വേഷി

ക്കേണ്ടതുണ്ട്. അത്തരം അന്വേഷണത്തിലൂടെ മാത്രമേ രചനകളുടെ സമഗ്രമായ ജൈവഭാവം വെളിവാവുകയുള്ളൂ. കഥാസാഹിത്യത്തിന്റെ അപഗ്രഥനോപകരണങ്ങളായി ഇക്കാലമത്രയും പരിഗണിച്ചുപോന്ന ഇതിവൃത്തം, കഥാപാത്രങ്ങൾ, സ്ഥലം, കാലം, അന്തരീക്ഷം, ശൈലി, ജീവിതവീക്ഷണം തുടങ്ങിയവയെല്ലാം സൃഷ്ടിയുടെ ബാഹ്യസ്വഭാവത്തെ, അഥവാ സൃഷ്ടിക്കപ്പെട്ടതിനു ശേഷമുള്ള അവസ്ഥയെയാണ് അപഗ്രഥിക്കുവാൻ ശ്രമിച്ചിട്ടുള്ളത്. സൃഷ്ടിപ്രക്രിയയെ മനസ്സിലാക്കുവാൻ ഈ അപഗ്രഥനരീതി പോരാതെ വരും. ഏതൊരു ചോദനയാണ് സൃഷ്ടിക്കുള്ള ഊർജ്ജമായി പരിണമിച്ചതെന്ന് കണ്ടെത്തുമ്പോൾ മാത്രമേ സൃഷ്ടിയുടെ നിഗൂഢരഹസ്യങ്ങൾ വെളിപ്പെടുകയുള്ളൂ. പ്രമേയത്തിൽ മുഴുകിപ്പോവുന്ന വായനാശീലത്തെ ഉല്ലംഘിക്കുകയാണ് ഇതിനുള്ള ആദ്യപടി. *'പറഞ്ഞതന്തെന്ത്'* എന്നതിനേക്കാൾ *'പറയുന്നതെന്തുകൊണ്ട്'* എന്ന അന്വേഷണം, അതുവരെ വ്യക്തമാകാതിരുന്ന മണ്ഡലങ്ങളിലേയ്ക്ക് വായനയെ നയിക്കും. വിപ്ലവാഭിമുഖ്യം, താത്വിക പ്രശ്നങ്ങൾ, അസ്തിത്വവാദം തുടങ്ങിയ പ്രമേയപരമായ പല സങ്കീർണ്ണതകൾക്കു പിന്നിലും വ്യക്തിയുടെ അബോധത്തിലെ ഇച്ഛാപൂരണങ്ങളുമായി ബന്ധപ്പെട്ട, താരതമ്യേന ലളിതമായ കാരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞേയ്ക്കും. ഉദാഹരണമായി, *ഖസാക്കിന്റെ ഇതിഹാസ*ത്തിലെ രവി അനുഭവിച്ച ജീവിതം പ്രമേയപരമായി വായിക്കുമ്പോൾ സങ്കീർണ്ണമായി തോന്നാമെങ്കിലും, അതിനു പിന്നിലെ ആന്തരിക ചോദന അടിസ്ഥാനപരമായി ലൈംഗികമാണെന്ന് കണ്ടത്താൻ കഴിയും. ആസക്തിയും കുറ്റബോധവുമാണ് രവിയുടെ അസ്തിത്വ

വ്യഥയുടെ മൂലകാരണം. അത് താത്വികമെന്നതിലുപരി ജൈവിക പ്രശ്നമാണ്. ഇത്തരത്തിൽ മനശ്ശാസ്ത്രസിദ്ധാന്തങ്ങളുടെ സഹായത്തോടെ ഭാഷാചിഹ്നങ്ങളെ അപഗ്രഥിച്ചാൽ പ്രമേയപരമായ പല സങ്കീർണ്ണതകളും ലളിതമായി മാറാനിടയുണ്ട്. ഈ അടിസ്ഥാനത്തിൽ മലയാളത്തിലെ ഏതാനും രചനകളെ മാതൃകാപഠനത്തിനു വിധേയമാക്കുകയാണ് തുടർന്നുള്ള അധ്യായങ്ങളിൽ ചെയ്യുന്നത്.

## കുറിപ്പുകൾ

---

[1] വാത്സ്യായനൻ. *കാമസൂത്രം* (ഗായത്രി പബ്ലിക്കേഷൻസ്, കോട്ടയം, 2011) പു.132-134

[2] ആധാർ കാർഡിനുള്ള അപേക്ഷാഫോറത്തിലും മൂന്നു ലിംഗ വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. 2013 ഡിസംബറിൽ, തമിഴനാട്ടിൽ ഒരു ട്രാൻസ്ജൻഡർ കോടതി ഉത്തരവിലൂടെ, ഭിന്നലിംഗ വ്യക്തിത്വം രേഖപ്പെടുത്തിക്കൊണ്ട് സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് അപേക്ഷിക്കുകയുണ്ടായി.

[3] Lesbian, Gay, Bisexual, Transgender (കൂടുതൽ വിശദാംശങ്ങൾക്ക് അനുബന്ധം -3 കാണുക)

[4] അനുബന്ധം -3

[5] ഒരു ഹിജഡയുടെ ആത്മകഥ, ട്രാൻസ്ജൻഡറായ ശ്രീനന്ദുവിന്റെ വിവാഹവും ആത്മകഥയും, നളിനി ജമീലയുടെ ആത്മകഥ തുടങ്ങിയവയെല്ലാം പൊതുമണ്ഡലത്തിൽ കാര്യമായി ചർച്ച ചെയ്യപ്പെട്ടു.

[6] രേഷ്മ ഭരദ്വാജ് (എഡി.) മിഥ്യകൾക്കപ്പുറം, സ്വവർഗ്ഗലൈംഗികത കേരളത്തിൽ (ഡി.സി.ബി, കോട്ടയം, 2009)

[7] തൃശ്ശൂർ സപ്ന തിയ്യറ്ററിൽ *മൈ ഡിയർ കുട്ടിച്ചാത്തൻ* എന്ന സിനിമ റിലീസ് ചെയ്ത ദിവസം മാറ്റിനി പ്രദർശനം കഴിഞ്ഞിറങ്ങിയവരുടെ മുന്നിൽ വെച്ചാണ് ഈ മരണങ്ങൾ സംഭവിച്ചത്.

[8] http://www.befrienders.org/about-sexual-orientation

[9] അനുബന്ധം - 6 കേൾക്കുക

[10] അനുബന്ധം - 5 കാണുക

# അധ്യായം - നാല്

# 4. സി.വി.രാമൻപിള്ളയുടെ രചനയിലെ പ്രച്ഛന്നസ്വവർഗ്ഗലൈംഗികത

## നോവൽത്രയത്തെ ആധാരമാക്കിയുള്ള അന്വേഷണം

ചരിത്രനോവൽ രചനാരീതി മലയാളത്തിന് പരിചയപ്പെടുത്തിയ നോവലിസ്റ്റ് എന്നനിലയ്ക്കാണ് സി.വി.രാമൻപിള്ള സാഹിത്യചരിത്രത്തിൽ പ്രധാനമായും ഇടംനേടിയിട്ടുള്ളത്. പതിനെട്ടാം നൂറ്റാണ്ടിലെ തിരുവിതാംകൂർ രാജ്യചരിത്രമാണ് ചരിത്രാഖ്യായികകളുടെ പശ്ചാത്തലമായി സി.വി.രാമൻപിള്ള സ്വീകരിച്ചിട്ടുള്ളത്. മലയാളത്തിൽ നോവൽ എന്ന സാഹിത്യരൂപം ഉയിർകൊണ്ട കാലഘട്ടത്തിൽത്തന്നെയാണ് സി.വി.രാമൻപിള്ളയുടെ ആദ്യനോവലായ *മാർത്താണ്ഡവർമ്മ* രചിക്കപ്പെട്ടത്. മാർത്താണ്ഡവർമ്മ മഹാരാജാവിനെ കേന്ദ്രകഥാപാത്രമാക്കി രചിച്ച പ്രസ്തുത നോവൽ, രാജശക്തിയെ മുഖ്യ പ്രമേയമാക്കുന്നു. തമ്പിമാരും മാർത്താണ്ഡവർമ്മയുമായുണ്ടായിരുന്ന കുടിപ്പകയുടെ അന്ത്യമാണ് നോവലിന്റെ നിർവ്വഹണത്തിൽ ചിത്രീകരിച്ചിരിക്കുന്നത്.

ചരിത്രനോവൽത്രയത്തിലെ മധ്യമസ്ഥാനം വഹിക്കുന്ന *ധർമ്മരാജാ,* മാർത്താണ്ഡവർമ്മയുടെ അനന്തരവനായ കാർത്തിക

തിരുനാൾ രാമവർമ്മയുടെ കാലത്തെ കഥയാണ് പറയുന്നത്. ഇതിൽ രാജ്യഭക്തിയാണ് കേന്ദ്രപ്രമേയം. നാടുകടത്തപ്പെട്ട കഴക്കൂട്ടത്തു കുടുംബക്കാർ തിരുവിതാംകൂറിലേയ്ക്ക് തിരിച്ചെത്തി രാജാവിനെതിരെ ഗൂഢാലോചന നടത്തുകയും, മൈസൂർ ഭരണാധികാരിയായിരുന്ന ഹൈദരലിയുമായിച്ചേർന്ന് തിരുവിതാംകൂർ ആക്രമിക്കാൻ ഒരുങ്ങുകയും ചെയ്തു. ആദ്യനോവലിൽ അനന്തപത്മനാഭനെന്ന പോലെ രണ്ടാമത്തെ കൃതിയിൽ കേശവപിള്ള എന്ന കഥാപാത്രം രാജാവിന്റെ രക്ഷകനാകുന്നു. ഗൂഢപദ്ധതിക്കാരുടെ സർവ്വനാശമാണ് പ്രസ്തുതനോവലിന്റെ നിർവ്വഹണം. അതിനുശേഷം, ഏതാണ്ട് ഇരുപത് വർഷം കഴിഞ്ഞുള്ള കഥയാണ് *രാമരാജാബഹദൂറി*ന് പ്രമേയമാവുന്നത്. മൈസൂർ ചക്രവർത്തിയായ ടിപ്പുസുൽത്താനും ബ്രിട്ടീഷ് സൈന്യവുമെല്ലാം ദേശത്തിന്റെ ഭദ്രതയ്ക്ക് വെല്ലുവിളിയാവുന്നു. രണ്ടാമത്തെ നോവലിൽ രാജാവിന്റെ രക്ഷകനാകുന്ന കേശവപിള്ള മൂന്നാം നോവലിൽ കേന്ദ്രസ്ഥാനത്തെത്തുന്നു. മൂന്നാം നോവലിൽ കേശവപിള്ള ദിവാൻപദവിയിലാണ്. *ധർമ്മരാജാ*യിലെ ഉപപ്രതിനായക സ്ഥാനത്തുനിന്നിരുന്ന ചന്ത്രക്കാരൻ *രാമരാജാബഹദൂറിൽ* പ്രതിനായകരെയെല്ലാം കൂട്ടിയിണക്കുന്ന തന്ത്രപ്രധാനിയായ വില്ലനായി മാറുന്നു. അത്ഭുതകരമായ ചില നീക്കങ്ങളിലൂടെ ദേശദ്രോഹപ്രവർത്തനങ്ങളെ അമർച്ചചെയ്യുന്നതും ടിപ്പു പരാജയപ്പെട്ട് പിന്മാറുന്നതും ഈ കൃതിയുടെ അന്ത്യത്തിൽ കാണാം.

## 4.1. ചരിത്രഘട്ടവും രചനാകാലവും

1913-ൽ, അറുപത് വയസ്സിനുശേഷമാണ് സി.വി.രാമൻപിള്ള മൂന്നാമത്തെ നോവൽ പൂർത്തിയാക്കിയത്. ചരിത്രനോവലുകളുടെ പേരിലാണ് സി.വി.അറിയപ്പെടുന്നതെങ്കിലും ആത്മകഥാപരമായ ഒരു നോവലും ഒരു സാമൂഹ്യനോവലും ഒട്ടേറെ പ്രഹസനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി കൃതികൾ രചിച്ച സി.വി, ഒരു നൂറ്റാണ്ട് മുമ്പുള്ള ചരിത്രവസ്തുതകളെയാണ് നോവൽ രചനയ്ക്കുള്ള അസംസ്കൃത വിഭവങ്ങളാക്കിയത്. ഭാഷകൊണ്ടും പ്രസ്തുത കൃതികൾ ഗതകാലസ്മൃതി കളുണർത്തുന്നവയാണ്. സി.വി.രാമൻപിള്ളയുടെ കൃതികൾ ലളിത വായനയ്ക്ക് വഴങ്ങുന്നതല്ലെന്ന നിരീക്ഷണം അദ്ദേഹം തന്നെ അംഗീകരിച്ചിട്ടുള്ളതാണ്. തന്റെ കൃതികൾ സാമാന്യാസ്വാദകർക്ക് അതിവേഗം ദഹിക്കാൻ കഴിയുന്നത് ആകരുതെന്ന നിർബന്ധമുള്ളതു പോലെയാണ് സി.വി. ചരിത്രനോവലുകളിലെ ഭാഷയെ വിന്യസിച്ചിട്ടു ള്ളത്. *മാർത്താണ്ഡവർമ്മ*യിൽ നിന്ന് ക്രമാനുഗതമായി നോവലുകളി ലെ ഭാഷാപരമായ സങ്കീർണ്ണത വർദ്ധിക്കുന്നതുകാണാം. സി.വി. ഇത്തരം ചില ശാഠ്യങ്ങൾ വെച്ചു പുലർത്തിയിരുന്നത് ഏതെങ്കിലും

വസ്തുതകളെ ബോധപൂർവ്വം മറയ്ക്കാനായിരുന്നോ എന്ന അന്വേഷണം പ്രസക്തമാണ്.

> സി.വിയുടെ കൃതികളിലെ ഭാഷയെ സങ്കീർണ്ണമാക്കുന്നത് അവയിലെ പഴമ മാത്രമല്ല. ഭാഷാപരവും വ്യാകരണപരവുമായി തെറ്റുകളും വിലക്ഷണതകളുമുള്ള ആഖ്യാനരീതിയാണ് അദ്ദേഹം അനുവർത്തിച്ചത്. ഇവ അറിഞ്ഞുകൊണ്ടുതന്നെ ചെയ്തവയായിരുന്നു. തെറ്റുകളെല്ലാം തിരുത്തി നൽകിയിട്ടും അവയൊന്നും പരിഗണിക്കാതെ വീണ്ടും അതേ തെറ്റുകൾ പുനഃസ്ഥാപിച്ച കൃതി പ്രസിദ്ധീകരിക്കുകയായിരുന്നു സി.വി.[1]

തത്ത്വചിന്തകളും ഭാഷാപരമായ സങ്കീർണ്ണതകളും വൈകാരിക അരക്ഷിതത്വത്തെ മൂടിവെയ്ക്കാനുപയോഗിക്കുന്ന ആത്മരക്ഷോപായങ്ങളാവാമെന്ന് മനശ്ശാസ്ത്രം പറയുന്നു. സി.വിയുടെ ജീവചരിത്രത്തെ ഉപജീവിച്ചാൽ മാത്രമേ ഇക്കാര്യത്തിലെ വസ്തുതകൾ വെളിവാവുകയുള്ളൂ.

### 4.2. സി.വി.യുടെ ജീവിതം ഒരു സങ്കീർണ്ണാഖ്യായിക

1858 മെയ്മാസം 19ന് നീലകണ്ഠപ്പിള്ളയുടെയും പാർവ്വതിപ്പിള്ളയുടെയും എട്ടാമത്തെ കുട്ടിയായി ജനിച്ച സി.വി.രാമൻപിള്ളയുടെ ശൈശവബാല്യകാലങ്ങൾ, ഫ്രോയ്ഡിന്റെ ഭാഷയിൽ പറഞ്ഞാൽ വദനമൂലജനനേന്ദ്രിയഘട്ടങ്ങൾ, കുടുംബമിത്രമായ നങ്കക്കോയിക്കൽ കേശവൻതമ്പിയുടെ സംരക്ഷണയിലായിരുന്നു. സി.വി.യുടെ പിതാവ്

കേശവൻതമ്പിയുടെ ഗ്രന്ഥങ്ങളുടെ പകർപ്പെഴുത്തുകാരനും ആശ്രിതനു മായിരുന്നു.[2] 1867-ൽ അതായത് സി.വി.ക്ക് ഒമ്പതു വയസ്സുള്ളപ്പോൾ പിതാവ് മരിച്ചു. ഇതേ തുടർന്ന്, ബാലനായിരുന്ന സി.വിയുടെ മുഴുവൻ ചുമതലയും കേശവൻതമ്പി ഏറ്റെടുത്തു. പന്ത്രണ്ടാമത്തെ വയസ്സിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനയച്ചതും കേശവൻതമ്പിയായിരുന്നു.

> സി.വി.യുടെ ജ്യേഷ്ഠന്മാർ രണ്ടുപേരും സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചതിനുശേഷവും ബലിഷ്ഠമായ ഈ ഹസ്തം ബാലനെ സംരക്ഷിച്ചു വന്നു.[3]

കോളേജിൽ സി.വി. തന്റെ പ്രൊസഫർമാരുടെ കണ്ണിലുണ്ണിയായി. കോളേജിലെ ഏറ്റവും നല്ല നടൻ എന്ന പേരും സി.വി.യ്ക്ക് ലഭിച്ചു. കോളേജ് പഠനത്തിന്റെ അവസാനകാലത്താണ് ആയില്യംതിരുനാൾ നാടുനീങ്ങി വിശാഖം തിരുനാൾ സ്ഥാനമേറ്റത്. രാജ്യഭരണത്തിൽ ഏറെ സ്വാധീനമുണ്ടായിരുന്ന കേശവൻതമ്പിയുടെ പ്രതാപകാലം അതോടെ അസ്തമിക്കുകയും ചെയ്തു. സ്വാഭാവികമായും സി.വിയ്ക്ക് ലഭിച്ചിരുന്ന ധനസഹായത്തിൽ കുറവു വന്നു. പണത്തിന്റെ ആവശ്യം വന്നപ്പോൾ ജ്യേഷ്ഠന്മാരെയോ കേശവൻതമ്പിയേയോ ബുദ്ധിമുട്ടിക്കാൻ സി.വി. ആഗ്രഹിച്ചില്ല. അവരോടൊക്കെ ഒരകൽച്ചതന്നെ ഉണ്ടായി. പഠനത്തിനുശേഷം സി.വി.യ്ക്ക് ഒരുദ്യോഗം സമ്പാദിച്ചുകൊടുക്കാൻ കേശവൻതമ്പി ശ്രമിച്ചെങ്കിലും നടന്നില്ല. അതിനിടയ്ക്ക് ജ്യേഷ്ഠന്മാർ വിവാഹം ചെയ്യാൻ നിർബന്ധിച്ചു. സി.വി. ആദ്യം വിസമ്മതിച്ചെങ്കിലും ജ്യേഷ്ഠന്മാരെ അനുസരിക്കുന്നതിനായി സമ്മതം മൂളി. ഭാര്യയുമായി

പൊരുത്തമില്ലാതെ വന്നതിനെ തുടർന്ന്, ഒരിക്കൽ സി.വി എവിടെ യോ യാത്ര കഴിഞ്ഞുവന്നപ്പോൾ അവരെ കാണാതായി. സ്വഗൃഹത്തി ലേയ്ക്ക് മടങ്ങിപ്പോയ അവരെ സി.വി. പിന്നെ അന്വേഷിച്ചതേയില്ല. തിരികെ വിളിച്ചുകൊണ്ടുവരാൻ ജ്യേഷ്ഠന്മാർ ഉപദേശിച്ചപ്പോൾ സി.വി. അതികഠിനമായി ദേഷ്യപ്പെട്ടുകയാണ് ചെയ്തത്.

### 4.2.1. പ്രവാസകാലം

വിച്ഛിന്നദാമ്പത്യത്തെ തുടർന്ന് മൂന്നു മാസക്കാലത്തേയ്ക്ക് സി.വി. നാട്ടുവിട്ടു പോവുകയുണ്ടായി. ഈ വേർപാട് കേശവൻതമ്പിക്ക് കാര്യ മായ സങ്കടമുണ്ടാക്കി. എങ്കിലും സി.വി. തിരിച്ചു വന്നെന്നറിഞ്ഞപ്പോൾ അദ്ദേഹം ആളെ വിട്ടുവിളിപ്പിക്കുകയുണ്ടായി. 'രാമു അണ്ണനോട് അച്ഛൻ ഒരിക്കലും ദേഷ്യപ്പെട്ട് കണ്ടിട്ടില്ല. അത്രയ്ക്ക് വാത്സല്യമായിരുന്നു' എന്ന് കേശവൻതമ്പിയുടെ മകൻ രാമൻതമ്പി പറയുന്നു.[4] പ്രവാസകാലത്ത് സി.വി. മുസ്ലീം പ്രമാണിമാരൊത്താണ് കഴിഞ്ഞിരുന്നതെന്ന് ജീവചരിത്രം വ്യക്തമാക്കുന്നു. വേഷംകൊണ്ട് അക്കാലത്ത് മുസൽമാ നായി തോന്നുമായിരുന്ന സി.വി., മേൽമീശയില്ലാതെ കുറെപേരുടെ ഇടയിലിരിക്കുന്ന ഒരു ഫോട്ടോയെക്കുറിച്ചും ജീവചരിത്രത്തിൽ പരാമർ ശമുണ്ട്. ഫോട്ടോയിൽ കണ്ട പ്രമാണിമാർക്ക് സി.വി.യെ വലിയകാര്യ മായിരുന്നത്രേ. ഇസ്ലാംമതം സ്വീകരിച്ച് ഹൈദരാബാദിൽത്തന്നെ കൂട്ടുവാൻ അവർ സി.വി.യെ നിർബന്ധിച്ചിരുന്നു. സി.വി.യും അതിനനു

ക്കുലമായിരുന്നു. എന്നാൽ തിരുവനന്തപുരത്തുനിന്നു ചെന്ന ഒരു സേട്ടു, യുവാവായിരുന്ന സി.വി.യെ കണ്ടുമുട്ടുകയും നിർബന്ധിച്ച് നാട്ടിലേക്ക് കൊണ്ടുവരികയും ചെയ്തു. അവിടെനിന്ന് അന്ന് പോന്നത് നന്നായി എന്ന അർത്ഥത്തിൽ സി.വി. പിന്നീടതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ് : *It was a miraculous escape from an otherwise disastrous perversion.*[5]

കോളേജിൽ പഠിക്കുന്ന കാലത്തും പിന്നീട് ഹൈക്കോടതിയിൽ ഉദ്യോഗസ്ഥനായിരുന്ന കാലത്തുമെല്ലാം അധികാര വ്യവസ്ഥയെ ചോദ്യം ചെയ്യുന്ന ലേഖനങ്ങൾ സി.വി. നിരന്തരം എഴുതിയിട്ടുണ്ട്. പല പ്പോഴും ഇത് വേണ്ടപ്പെട്ടവർക്കും അധികാരികൾക്കും അപ്രിയമുണ്ടാക്കു കയും ചെയ്തിട്ടുണ്ട്. പ്രവാസകാലഘട്ടത്തിൽ സി.വി.യ്ക്ക് ചിത്തരോഗ സമാനമായ ഒരവസ്ഥാവിശേഷമുണ്ടായിരുന്നു എന്ന് സദുദ്ദേശ്യ ജീവ ചരിത്രത്തിൽ പോലും പരാമർശമുണ്ട്.

സിഗ്മണ്ട് ഫ്രോയ്ഡിന്റെ പഠനങ്ങൾ പരിശോധിക്കുമ്പോൾ, മനോലൈംഗികവളർച്ചയുടെ (Psychosexual development) ഘട്ടങ്ങളിൽ വിഘാതങ്ങളുണ്ടാകുന്നവരിൽ സാമൂഹ്യാവബോധ രൂപീകരണത്തിൽ വ്യതിയാനങ്ങൾ സംഭവിക്കാറുണ്ടെന്നും ഇത് അവരെ പ്രത്യേക രീതിയിൽ വിപ്ലവാഭിമുഖ്യമുള്ളവരായി മാറ്റുമെന്നും കാണുന്നുണ്ട്.[6]

### 4.2.2. ഊഷ്മളത - സൌഹൃദത്തിലും ദാമ്പത്യത്തിലും

സി.വിയുടെ ജീവചരിത്രങ്ങൾ മുഖ്യമായും ആശ്രയിച്ചു കാണുന്നത് അദ്ദേഹത്തിന് പലരും അയച്ച കത്തുകളെയാണ്. സി.വി. അവർക്കയച്ച കത്തുകൾ നിർഭാഗ്യവശാൽ ലഭ്യവുമല്ല. സി.വി.യെക്കാൾ നാലു വയസ്സു മൂപ്പുണ്ടായിരുന്ന പി.നാണുപിള്ളയുമായി അദ്ദഹത്തിനുണ്ടായിരുന്ന സൗഹൃദം ഒരധ്യായമായിത്തന്നെ പി.കെ.പരമേശരൻനായർ ജീവചരിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.[7] നാണുപിള്ള സി.വി.യ്ക്കയച്ച ഒരു കത്തിൽ ഇങ്ങനെ കാണുന്നു.

> നിങ്ങൾ എന്റെ കൂടെ താമസിക്കുന്ന കാര്യം നടക്കില്ലെന്ന് വിചാരിക്കാനുള്ള കാരണം എനിക്ക് മനസ്സിലാകുന്നില്ല എന്റെ വീടിന്റെ ഒരു ഭാഗം സുഹൃത്തുക്കൾക്ക് പ്രവേശനമില്ലാതായിട്ടുണ്ടെന്നുള്ളത് ശരിതന്നെ . എങ്കിലും അത് കഴിഞ്ഞ് വേണ്ടുവോളം സ്ഥലസൗകര്യം ഉണ്ട് എന്നാണ് എന്റെ വിശ്വാസം. പോരെങ്കിൽ എന്റെ ഹൃദയത്തിൽ നിങ്ങൾ വഹിക്കുന്ന സ്ഥാനം ഇപ്പോഴും, വേറെ മേലൊരിക്കലും തന്നെ, മറ്റാരാലും, അവർ എത്രതന്നെ ഇഷ്ടപ്പെടുന്നവരും അടുപ്പം കൂടിയവരുമാവട്ടെ, അപഹരിക്കപ്പെടുകയില്ലെന്ന് ഉറപ്പുപറഞ്ഞുകൊള്ളുന്നു.

മറ്റൊരു കത്തിൽ നാണുപിള്ള ഇങ്ങനെ പറയുന്നു.

> അയച്ച കത്തുകിട്ടി എന്തിനാണ് ഇതുപോലെ ആവശ്യമില്ലാത്ത വികാരാവേശങ്ങളും അർഹിക്കാത്ത കുറ്റാരോപണങ്ങളും ഒക്കെ? എന്നെ വന്നു കാണുന്നതിനു മാത്രമല്ല എന്നോടൊന്നിച്ച് സ്ഥിരമായി താമസിക്കുന്നതിന് തന്നെ നിങ്ങളെ തടയുവാൻ ആരാണിന്നുള്ളത്? ലോകം എന്തുതന്നെ വിചാരിച്ചാലും എനിക്ക് നിങ്ങളെ അറിയാം

സി.വി. ബന്ധങ്ങളിൽ പലപ്പോഴും ആവശ്യമില്ലാത്ത ഔപചാരികത പുലർത്തുന്നതായി നാണുപിള്ളയ്ക്ക് പരാതിയുണ്ടായിരുന്നതായി മറ്റൊരു കത്തു സൂചിപ്പിക്കുന്നു.

> താങ്കളുടെ കത്ത് ഇപ്പോൾത്തന്നെ കിട്ടി. സൗഹൃദത്തിന്റെ അതിരുലംഘിക്കുന്നുണ്ടോ എന്നും മറ്റുമുള്ള ഈ വൃഥാ സംശയങ്ങൾ എന്തിനാണെന്ന് മനസ്സിലാകുന്നില്ല. എന്റെ പേർക്ക് എന്തുതന്നെ എഴുതുന്നതിനും നിങ്ങൾക്ക് ലോകത്തിൽ എന്തു പ്രതിബന്ധമാണുള്ളത്? നിങ്ങൾ എനിക്ക് ബുദ്ധിയുണ്ടെന്ന് വകവെച്ചുതരുന്നതുപോലെ ഒരു ഹൃദയം ഉണ്ടെന്നുള്ള ബഹുമതി കൂടി എന്തുകൊണ്ട് സമ്മതിച്ചു തരുന്നില്ല?

1883-ൽ, സി.വി.യ്ക്ക് 25 വയസ്സുള്ളപ്പോൾ കൊല്ലത്ത് നാണുപിള്ളയുമൊന്നിച്ച് താമസിച്ചു തിരിച്ചുവന്നതിനുശേഷം സി.വി.അയച്ച കത്തിനുള്ള മറുപടി കൊണ്ടുതന്നെ അയച്ചകാര്യങ്ങൾ വ്യക്തമാണ്. നാണുപിള്ള ഇങ്ങനെ എഴുതിയിരിക്കുന്നു

> ... എന്നെ വിട്ടുപിരിയുന്നതിനുള്ള വൈഷമ്യം കൊള്ളാം, ശരിതന്നെ. എന്നാൽ നമ്മുടെ ഇഷ്ടാനുസരണം പ്രവർത്തിക്കുക എന്നുള്ളത് എപ്പോഴും വിധിച്ചിട്ടുള്ളതല്ല. ഇപ്പോഴത്തേക്കാൾ കൂടുതൽ സാധാരണയായി തമ്മിൽകാണാൻ സാധ്യമാകത്തക്കവിധം ജീവിതവൃത്തികൾ

> സൗകര്യപ്പെട്ടിരിക്കുന്നുവെങ്കിൽ അതേറ്റവും സന്തോഷപ്രദമായിരുന്നേനേ. എന്നാൽ ദൈവനിശ്ചയം നടക്കട്ടെ. സ്ഥലകാലങ്ങൾക്കതീതമായ മനുഷ്യന്റെ ആത്മാംശം സ്വയം ആത്മാർത്ഥതയുള്ളതായിരുന്നാൽ അതുതന്നെ ധാരാളം മതിയാകും.

1887-ൽ സി.വിയുടെ രണ്ടാമത്തെ വിവാഹം ഭാഗീരഥിയമ്മയുമായി നടന്നു. ഇവരിലൂടെ ആയിരുന്നത്രേ സി.വി *മാർത്താണ്ഡവർമ്മ*യിലെ സുഭദ്രയെ ഭാവന ചെയ്തത്. *മാർത്താണ്ഡവർമ്മ*യിലെ പ്രൂഫുവായനയും തിരുത്തും നടത്തിയ എൻ.രാമൻപിള്ള സി.വി.യ്ക്കയച്ച കത്തിൽ സുഭദ്രയെക്കുറിച്ചിങ്ങനെ പറയുന്നു.

> നിങ്ങൾ അവളെ ഒരു ഭാര്യയും അതേ സമയം തന്നെ വ്യഭിചാരിണിയും കൂടി ആക്കിയിരിക്കുന്നു... എത്ര ആദർശയോഗ്യവും പരിപാവനവുമായ ഒരു ചിത്രമാണ് നിങ്ങൾ അവളെ പറ്റി ആദ്യം രചിച്ചത്. നിഷ്കളങ്കമായ സൗന്ദര്യം, സംശുദ്ധി, പുരുഷോചിതമായ ധൈര്യം, മികച്ച ബുദ്ധിശക്തി, അചഞ്ചലമായ രാജഭക്തി എന്നിവയുടെ വിളനിലമായി വീരവനിതയെപ്പോലെ മരിച്ച ആ നായികയേയും അപവാദപാത്രമായ ഒരുദുർഭഗസന്താനത്തിന്റെ മാതാവായും കാമുകസഹസ്രത്തിന്റെ കാമസമ്പൂർത്തി വരുത്തുന്ന അപരാധിനിയായ ഒരു ഭാര്യയായും രൂപാന്തരപ്പെടുത്തപ്പെട്ടിട്ടുള്ള ഈ കുടിലസ്ത്രീയേയും ഒന്നു താരതമ്യം ചെയ്തു നോക്കു.[8]

സ്വന്തം ഭാര്യയിലൂടെയാണത്രേ മേല്പറഞ്ഞ സുഭദ്രയെ സി.വി. ഭാവന ചെയ്തത്.

1890-ൽ *മാർത്താണ്ഡവർമ്മ* പ്രസിദ്ധീകരിക്കപ്പെട്ടതോടെ പൊതുവെ തിരക്കേറിയിരുന്ന സി.വി.യുടെ സമൂഹജീവിതം കൂടുതൽ തിരക്കുള്ളതായി.

ഭാഗീരഥിയമ്മ ആദ്യകാലത്ത് അരോഗദൃഢഗാത്രയായിരുന്നെങ്കിലും മൂന്നു നാലു പ്രസവങ്ങൾ കഴിഞ്ഞതോടെ അവരുടെ ആരോഗ്യം ക്ഷയിച്ചു. സാമാന്യമായ സുഖസൗഭാഗ്യങ്ങളല്ലാതെ ഭൗതികമായ മേന്മകളൊന്നും അനുഭവിക്കാനവർക്ക് സംഗതിയായില്ല. അങ്ങനെയുള്ളവയിൽ അവർ ഭ്രമിച്ചുമില്ല. വാസ്തവത്തിൽ അവരുടെ ജീവിതം ശോകമയമായിരുന്നു. സി.വിയുമായുള്ള ദാമ്പത്യജീവിതം ആവിധം വരാനേ ഇടയുള്ളൂ... ഇടയ്ക്കിടയ്ക്ക് ഗാർഹിക കാര്യങ്ങളിലേയ്ക്ക് സി.വി. ഒന്ന് തിരിഞ്ഞുനോക്കിയെന്ന് വരാം. എന്നാൽ അങ്ങിനെയുള്ള സന്ദർഭങ്ങൾ കേവലം ക്ഷണികങ്ങളായിരുന്നു.[9]

1905-ൽ അനാരോഗ്യത്തെ തുടർന്ന് ഭാഗീരഥിയമ്മ മരിച്ചു. തുടർന്ന് പാശ്ചാത്താപമയമായ ഒരു വ്യസനത്തിന് സി.വി. അധീനനായി. ഭാഗീരഥിയമ്മയെപ്പറ്റി വിചാരിക്കുമ്പോഴൊക്കെ ഒരപരാധബോധം അദ്ദേഹത്തെ പീഡിപ്പിച്ചു. ദാമ്പത്യജീവിതത്തിൽ അവർ സ്വധർമ്മം തികച്ചും നിർവ്വഹിച്ചു. അങ്ങോട്ടുള്ള കടമ താൻ വേണ്ടപോലെ നിർവ്വഹിച്ചോ? ഈ ചോദ്യം അദ്ദേഹത്തിലവശേഷിച്ചു. ഇല്ലെന്നാണ് മനഃസാക്ഷി പറഞ്ഞത്. ഭാഗീരഥിയമ്മയുടെ മരണത്തെത്തുടർന്ന്, ചെറുപ്രായത്തിലുള്ള മക്കളെ പരിചരിക്കാൻ ഭാഗീരഥിയമ്മയുടെ ജ്യേഷ്ഠസഹോദരിയും അക്കാലത്ത് 35 വയസ്സുണ്ടായിരുന്ന പ്രൌഢവനിതയുമായിരുന്ന ജാനകിയമ്മ വീട്ടിൽ വന്ന് താമസിക്കുവാൻ തുടങ്ങി. സി.വി.യ്ക്ക് അവരിൽ പ്രത്യേക പ്രതിപത്തി ഉണ്ടായിരുന്നില്ലെങ്കിലും, വെറുമൊരു വാല്യക്കാരിയായി അവിടെ താമസിക്കാൻ അവർ വൈമനസ്യം പ്രകടിപ്പിച്ചതിനെ തുടർന്ന് ബന്ധുജനങ്ങളുടെ താല്പര്യവും

മക്കളുടെ പരിചരണവും കണക്കിലെടുത്ത് അന്ന് 47 വയസ്സുണ്ടായിരുന്ന സി.വി. ജാനകിയമ്മയെ ഭാര്യയായി സ്വീകരിച്ചു.

സി.വിയുടെ സുഹൃദ്മണ്ഡലം അതിവിപുലമായിരുന്നെന്ന് ജീവചരിത്രങ്ങളിൽ നിന്ന് വ്യക്തമാണ്. സമശീർഷരെക്കൂടാതെ തന്നെക്കാൾ പ്രായം കുറഞ്ഞ ചെറുപ്പക്കാരോടും  ഈ സൗഹൃദം നിലനിർത്തുന്നതിൽ സി.വി. വിജയിച്ചിട്ടുണ്ട്. വാർദ്ധക്യകാലത്തുവരെ ഇവർ നൽകിയ പ്രേരണയെപ്പറ്റി സി.വി. തന്റെ ഗ്രന്ഥാമുഖങ്ങളിൽ എടുത്തുപറഞ്ഞിട്ടുണ്ട്. സി.എസ്.സുബ്രഹ്മണ്യംപോറ്റി സി.വിയുടെ സംഘത്തിൽ നിന്ന് പിരിഞ്ഞതിനുശേഷം, 1919-ൽ അദ്ദേഹത്തിനെഴുതിയ കത്തിൽ കഴിഞ്ഞകാലങ്ങളെപ്പറ്റിയുള്ള ചില സൂചനകൾ അടങ്ങിയിരിക്കുന്നു.

> ...തിരുവനന്തപുരത്ത് വഴുതയ്ക്കാട്ടെ താമസവും, അവിടത്തെ സാഹചര്യവും, സദാ നിർമ്മലമായ മനസ്സുഖവും അനുഭവിക്കാനുള്ള ഭാഗ്യം ദുർവിധി എന്നിൽ നിന്ന് എടുത്ത് കളഞ്ഞല്ലോ. അവിടേക്ക് എന്നെപ്പോലെയുള്ളവരും അതിനു കെങ്കേമന്മാരും ആയ ശിഷ്യഗണങ്ങൾ അടിക്കടി ലഭിക്കുന്നുണ്ട്. ആ കൊച്ചു കള്ളന്മാരോട് എനിക്ക് അസൂയയുണ്ട്. ...*രാമരാജാബഹദൂറി*ന്റെ ശേഷം വായിക്കാനുള്ള മോഹം പറഞ്ഞറിയിക്കാൻ വയ്യ. അത് തീരാനുള്ള അമാന്തമെന്താണാവോ? അവിടെയുള്ള ആ കൊച്ചു കള്ളൻമാർക്ക് വൃദ്ധർഷിയുടെ മനസ്സിനെ വിനോദിപ്പിച്ച് പ്രസാദിപ്പിച്ച് മനോധർമ്മപ്രചോദനം ചെയ്തുവിടാൻ സമയമില്ലയോ? ശക്തിയില്ലയോ? ഈയുള്ളവന്റെ ഭാഗ്യദോഷം! [10]

അക്കാലത്ത് ബി.എ. വിദ്യാർത്ഥിയായിരുന്ന ഈ.വി.കൃഷ്ണപിള്ളയുടെ സാഹിത്യവാസന മാത്രമല്ല, ഈ.വി.യ്ക്ക് സി.വിയോടുണ്ടായിരുന്ന ആദ രാധിക്യവും പെരുമാറ്റത്തിന്റെ ആകർഷകത്വവും ആ വൃദ്ധഹൃദയത്തെ സ്വാധീനിച്ചുവെന്ന് സി.വി.യുടെ ജീവചരിത്രകാരൻ പറയുന്നു.

> ഈ.വി.യോടുകൂടി വേറെ ചില യുവാക്കന്മാരും സി.വി.യുടെ ഭവനത്തിലെ നിരന്തരസന്ദർശകരായി. ഈ.വി.യ്ക്ക് ചില പ്രത്യേക സുഹൃത്തുക്കൾ ഉണ്ടായിരുന്നവരെല്ലാം ഒരോ സന്ദർഭത്തിലായി റോസ്കോട്ടെത്തി സന്ദർശനഭാഗ്യം അനുഭവിച്ചു. പരഹൃദയജ്ഞനായ വൃദ്ധന് അവരിൽ ചിലരോട് പ്രത്യേക വാത്സല്യം തോന്നി.[11]

ഈ.വി.കൃഷ്ണപിള്ളയുടെ ആത്മകഥയിൽ സി.വി.യോടൊത്തുള്ള നാളു കളെക്കുറിച്ച് പരാമർശങ്ങളുണ്ട്. ഈ.വി. ആയിരുന്നു *രാമരാജാബഹദൂ റി*ന്റെ പകർപ്പെഴുത്തുകാരൻ. ഭാഗീരഥിയമ്മയുമായുള്ള സി.വി.യുടെ ദാമ്പത്യജീവിതം നല്ലതായി തോന്നിയിരുന്നുവെങ്കിലും അവരെ സി.വി. ധാരാളമായി പ്രഹരിക്കാറുണ്ടായിരുന്നതായി ഈ.വി. രേഖപ്പെടുത്തിയി ട്ടുണ്ട്.[12]

> ആഫീസ് കഴിഞ്ഞ് റോസ്കോട്ടിൽ തിരിച്ചെത്തിയാൽ എനിക്ക് ഒട്ടും വിശ്രമം കിട്ടിയിരുന്നില്ല. സി.വി, അദ്ദേഹത്തിന് എന്റെ സാന്നിധ്യം അത്ര പ്രമോദകരമായിരുന്നതുകൊണ്ട് ഞാൻ എല്ലായ്പോഴും അവിടെ ചെന്നിരിക്കുന്നതിന് നിർബന്ധിതനായി. എന്റെ സാന്നിധ്യത്തിൽ അദ്ദേ ഹം ശാന്തനും തുഷ്ടനും ആയിരുന്നുകൊള്ളുമെന്നുകണ്ട് അമ്മച്ചി എന്നെ അവിടെയിരുത്തി അകത്തേയ്ക്കു പോകുന്നതിന് കൂടുതൽ സൌകര്യം കണ്ടു. കൂട്ടുകാരുമായി രസിക്കുന്നതിനോ വല്ലതും സ്വന്തമായി എഴുതുന്ന തിനോ ലാ ബുക്കുകൾ വായിക്കുന്നതിനോ ഒന്നും സമയം ലഭിക്കാതിരു ന്നതു കൊണ്ട് ഞാൻ ഈ ബന്ധം വെറുത്തു. ഇങ്ങനെ എഴുതുകയും

മറ്റും ചെയ്യുന്ന ഉപദ്രവത്തിൽ നിന്നൊഴിയണം എന്നായിരുന്നു എന്റെ ആഗ്രഹം. അതുകൊണ്ട് അസിസ്റ്റന്റ് തഹശീൽദാർ ആകുന്നതിനുള്ള സർവ്വേ പരിശീലനത്തിന് ഞാൻ പേർ കൊടുത്തു. ഇത് സി.വിക്ക് തീരെ രസിച്ചില്ല. ഞാൻ അദ്ദേഹത്തെ ഉപേക്ഷിക്കുന്നതിനാണല്ലോ തുടങ്ങുന്നത് എന്നു കണ്ടു. ഒരു പക്ഷേ, ഇന്നും അപ്രകാരം ഒരു കൃത്യം ഞാൻ ചെയ്യുമെങ്കിലും, ഞാൻ അങ്ങനെ ചെയ്യേണ്ടതില്ലായിരുന്നു. എന്തുചെയ്യാം ...[13]

*ജീവിതസ്മരണകളിൽ* ഈ.വി.കൃഷ്ണപിള്ള സ്വവർഗ്ഗാനുരാഗത്തെ സംബന്ധിച്ച് ഒരധ്യായം രചിച്ചിട്ടുണ്ട്. പ്രായമായവർക്ക് ചെറുപ്പക്കാരോട്ട തോന്നുന്ന അനുരാഗങ്ങളിൽ ഏറെനാൾ ഒതുങ്ങിനില്ക്കാൻ സ്വതന്ത്രേച്ഛുക്കളായ ചെറുപ്പക്കാർക്ക് കഴിയുകയില്ല എന്ന് ഈ.വി. അവിടെ അഭിപ്രായപ്പെട്ടിട്ടുണ്ട്.[14]

**4.3. കൃതി-കർതൃബന്ധം**

*മാർത്താണ്ഡവർമ്മ* പ്രസിദ്ധീകരിച്ച് 25 വർഷങ്ങൾക്കു ശേഷമാണ് നോവൽത്രയത്തിലെ രണ്ടാമത്തേതായ *ധർമ്മരാജാ* പ്രസിദ്ധീകരിച്ചത്. ഇതിനിടയിൽത്തന്നെ *ചന്ദ്രമുഖീവിലാസം*, *മത്തവിലാസം, കുറുപ്പില്ലാക്കളരി* തുടങ്ങിയ പ്രഹസനങ്ങൾ എഴുതി രംഗത്തവതരിപ്പിച്ചിരുന്നു. സ്ത്രീസ്വാതന്ത്ര്യവാദത്തോട് സി.വി.യ്ക്കുണ്ടായിരുന്ന വെറുപ്പിന് ദൃഷ്ടാന്തമായി *കുറുപ്പില്ലാക്കളരി*യെ പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സി.വി.യുടെ മുഖ്യകൃതികളിലെ പുരുഷകേസരികളെ കുറിച്ചുള്ള ദീർഘവർണ്ണന

കളും എണ്ണത്തിൽ കുറവല്ലാത്ത സ്ത്രൈണപ്രകൃതികളായ പുരുഷകഥാപാത്രങ്ങളുടെ സാന്നിധ്യവും പരിശോധിക്കപ്പെടേണ്ടതാണ്. പൗരുഷഭാവങ്ങളോട് അത്യധികം ആദരം നിലനിർത്തിയിരുന്ന സി.വി. തന്റെ രൂപത്തിൽത്തന്നെ അസാധാരണമായ മേൽമീശ ധരിച്ചിരുന്നു. *ചന്ദ്രമുഖീവിലാസ*മെന്ന പ്രഹസനത്തിൽ സ്ത്രൈണ ഭാവഹാവങ്ങളുള്ള നൃത്താശാന്മാരെ സി.വി. കണക്കറ്റ പരിഹസിക്കുന്നുണ്ട്. തിരുവാതിരക്കളിയാശാന്മാരുടെ വംശനാശത്തിനുപോലും ഇത് ഇടയാക്കിയെന്ന് പറയപ്പെടുന്നു. *ചന്ദ്രമുഖീവിലാസ*ത്തിലെ പരിഹാസത്തെ, സിഗ്മണ്ട് ഫ്രോയ്ഡ് പറയുന്ന പ്രതിക്രിയാപ്രവർത്തനമെന്ന (Reaction formation) ആത്മപ്രതിരോധതന്ത്രത്തിന്റെ (Self defense mechanism) അടിസ്ഥാനത്തിൽ വിലയിരുത്താവുന്നതാണ്. ഒരു വ്യക്തി തന്റെയുള്ളിൽത്തന്നെ കണ്ടെത്തുന്ന അനഭിലഷണീയമെന്ന് സ്വയം ബോധ്യമുള്ള സ്വഭാവവിശേഷത്തിൽ നിന്ന് ഓടിയൊളിക്കാൻ ശ്രമിക്കുകയും, അതിനു വിപരീതമായ മാതൃകകളെ അനുകരിക്കാൻ ശ്രമിക്കുകയും ചെയ്യും. തന്റെ തന്നെ ചില പ്രത്യേകതകളെ ഇതര വ്യക്തികളിലാരോപിച്ച് പ്രത്യക്ഷമായി അവയെ വിമർശിക്കുന്നവരെയും കാണാൻ കഴിയും. ഇതിലൂടെ ഇക്കൂട്ടർ മനസ്സുഖവും പ്രച്ഛന്നവ്യക്തിത്വത്തിൽ സുരക്ഷയും അനുഭവിക്കുന്നു. ഇവർ നടത്തുന്ന പരവിമർശനം മറ്റൊരു പ്രകാരത്തിൽ ആത്മവിമർശനം തന്നെയാകുന്നു.

*മത്തവിലാസ*പ്രഹസനവും *കുറുപ്പില്ലാക്കളരി*യും സാമൂഹ്യരംഗത്ത് ചലനങ്ങളുണ്ടാക്കിയ പ്രഹസനങ്ങളാണ്. *ധർമ്മരാജാ*യിൽ സംഭവ ഗതികളേക്കാൾ പ്രാധാന്യം കഥാപാത്രസ്വഭാവങ്ങൾക്കാണ്. പാത്ര വൈചിത്ര്യമാണ് പ്രസ്തുത നോവലിന്റെ സവിശേഷത. *ധർമ്മരാജാ*യെ തുടർന്ന് 1915-ൽത്തന്നെ മൂന്നാമത്തെ ചരിത്രാഖ്യായികയുടെ രചന തുടങ്ങിവെച്ചെങ്കിലും അത് പൂർത്തിയാകും മുൻപ് *പ്രേമാമൃതം* എന്ന സാമൂഹ്യനോവൽ എഴുതിത്തീർക്കുകയാണ് ഉണ്ടായത്. ചരിത്രനോവലു കളോളം ശ്രദ്ധേയമായ ഒരു കൃതിയായിരുന്നില്ല *പ്രേമാമൃതം*. *രാമരാ ജാബഹദൂറി*ന്റെ പ്രകാശനത്തിനു ശേഷം ഏതാനും പ്രഹസനങ്ങളും, *ദിഷ്ടദംഷ്ട്രം, പ്രേമാരിഷ്ടം* എന്നീ അപൂർണ്ണകൃതികളും രചിച്ചിട്ടുണ്ടെങ്കിലും ചരിത്രാഖ്യായികയോളം അവയൊന്നും ശ്രദ്ധേയമായില്ല. സി.വി.യെ യും സി.വി. സാഹിത്യത്തെയും കുറിച്ച് പഠിക്കാൻ ഏറ്റവും ഉപയുക്തമാ വുക ചരിത്രനോവൽത്രയം തന്നെയാണ്.

## 4.4. ചരിത്രനോവൽ എന്ന കവചം

ചരിത്രനോവലുകളിൽ നിന്ന് രാഷ്ട്രീയ ചരിത്രവും സാംസ്കാരിക ചരിത്രവും വേർതിരിച്ചെടുക്കുക താരതമ്യേന പ്രയാസമുള്ള കാര്യമല്ല. എന്നാൽ, സർഗസൃഷ്ടി എന്ന നിലയ്ക്ക് ചരിത്രനോവലുകളെ വിലയിരു ത്താനും എഴുത്തുകാരന്റെ അന്തർസംഘർഷങ്ങളിലേക്കും രചനാ വ്യക്തിത്വത്തിലേയ്ക്കും എത്തിച്ചേരാനും ദുലോം പ്രയാസമാണ്. സി.വി.

യെക്കുറിച്ച് മലയാളത്തിലുണ്ടായിട്ടുള്ള പഠനങ്ങളിലേറെയും ചരിത്ര നോവലുകളുടെ സാഹിത്യാംശങ്ങളെ സ്പർശിക്കുന്നവയാണ്. കഥാപാത്രസ്വഭാവത്തെയും സംഭാഷണവൈചിത്ര്യത്തെയും കുറിച്ച് നിരീക്ഷണങ്ങളുണ്ടായിട്ടുണ്ട്. ഒരു നൂറ്റാണ്ടിനുശേഷം സി.വി കൃതികളുടെ സ്ഥായിഭാവത്തെക്കുറിച്ചും ചില അന്വേഷണങ്ങൾ നടക്കുകയുണ്ടായി.[15] എന്നാൽ പ്രസ്തുത കൃതികളുടെ അകക്കാമ്പ് തേടിയുള്ള അന്വേഷണങ്ങൾ ഇനിയും കാര്യമായി നടന്നിട്ടുണ്ടെന്ന് പറയാനാവില്ല. ഏതാഖ്യാനരൂപവും ചിലതിനെകുറിച്ച് പറയുന്നതു പോലെ ചിലതിനെക്കുറിച്ച് പറയാതിരിക്കുന്നുമുണ്ട്. പറയുന്നതെന്ത് എന്നതും പറയാതിരിക്കുന്നത് എന്ത് എന്നതും പില്ക്കാലവായനയെ സംബന്ധിച്ചിടത്തോളം ഒരുപോലെ പ്രധാനമാണ്.

> ഒന്നാം വായനയിൽ വാതിൽ കൊട്ടിയടയ്ക്കേണ്ട ഒരു നോവലിസ്റ്റല്ല സി.വി. രണ്ടും മൂന്നും വായന, നിരൂപകന്റെ ചിന്ത എന്നിവയിൽക്കൂടി കൂടുതൽ അർത്ഥമാനങ്ങൾ തെളിഞ്ഞു വരുന്ന ഒരു നോവലിസ്റ്റാണ് അദ്ദേഹം എന്നത് ഏറെ വെളിവാക്കേണ്ടിയിരിക്കുന്നു.[16]

സി.വി. പറയാതിരിക്കാൻ കഠിനമായി ശ്രമിച്ച ചില വസ്തുതകൾ അവ മറയ്ക്കാനുള്ള ശ്രമബലം കൊണ്ട് ശ്രദ്ധേയമാണ്. ആവർത്തിച്ചുള്ള പാരായണത്തിലൂടെ സി.വി.കൃതികളുടെ വ്യത്യസ്തമാനങ്ങൾ കണ്ടെത്താൻ കഴിയും.

1891-ലാണ് ചരിത്രാഖ്യായികകളിൽ ഒന്നാമത്തേതായ *മാർത്താണ്ഡവർമ്മ* പ്രസിദ്ധീകരിച്ചത്. 22 വർഷങ്ങൾക്കു ശേഷം 1913-ൽ *ധർമ്മരാജാ*യും 6 വർഷങ്ങൾക്ക് ശേഷം 1919-ൽ *രാമരാജാ ബഹദൂറും* പ്രസിദ്ധീകൃതമായി.

> അനുസ്യൂതമായ വളർച്ചയുടെ കഥയാണ് ഈ സംബന്ധനോവലുകൾ. കഥാവസ്തുവിന്റെ സങ്കീർണ്ണത, ക്രിയാംശങ്ങളുടെ വൈവിധ്യം, വന്നും പോയുമിരിക്കുന്ന കഥാപാത്രങ്ങളുടെ എണ്ണം,വർഷങ്ങളായി കുടിപ്പകയും ദുരയും ക്ഷാത്രവും വൈരവും കരങ്ങളിൽ കുടിവെച്ചു നടക്കുന്ന മാനംമുട്ടി ക്കഥാപാത്രങ്ങളുടെ ഗംഭീരകൃത്യങ്ങൾ ഈ ക്ഷാത്രത്തിന്റെ ഗതിയിൽ പ്പെട്ട് അനുക്രമം നാശത്തിലേക്കു നീങ്ങുന്ന മനുഷ്യാത്മാക്കളുടെ ദുരന്തം, പുരുഷന്മാരുടെ ഈ ഗൂഢാലോചനകളുടെയും കലുഷപ്രവൃത്തികളുടെയും ഇടയ്ക്ക് ചിലപ്പോൾ ദുഃഖിനികളായും മറ്റുചിലപ്പോൾ ഊർജ്ജസ്വലകളായും പ്രത്യക്ഷപ്പെടുന്ന സ്ത്രീകഥാപാത്രങ്ങൾ, തിളച്ചുമറിയുന്ന ഈ സംഭവങ്ങ ളുടെ ഇടയ്ക്ക് അവയുടെ ബലമുള്ള അടിത്തട്ടായി ശാന്തമായ കരുത്ത് കാണിച്ചുകൊണ്ടിരിക്കുന്ന ധർമ്മരാജാവ് എന്ന രാജസ്ഥാനം, മഞ്ഞുമൂടി കൊണ്ടിരിക്കുന്ന ഒരന്തരീക്ഷത്തിൽ ഉള്ളിലെ വിളക്ക് അണയാതെ തെളിച്ചുകൊണ്ട് പടക്കപ്പലിനെ നിയന്ത്രിച്ചുകൊണ്ടിരുന്ന കേശവദാസ് എന്ന ഭരണാധിപൻ - ഇവയുടെ എല്ലാം സമ്പന്നതയിൽ ഒരു മഹാ പ്രതിഭയുടെ സൃഷ്ടികളായി *ധർമ്മരാജാ*യും *രാമാരാജാബഹദൂറും* ശോഭി യ്ക്കുന്നു.[17]

ഇപ്രകാരമാണ് കെ.രാഘവൻപിള്ള സമ്പൂർണ്ണ ചരിത്രാഖ്യായികയ്ക്ക് മുഖക്കുറിപ്പെഴുതിയിരിക്കുന്നത്.

സി.വി. യുവാവായിരിക്കുമ്പോൾ രചിച്ച കൃതിയാണ് *മാർത്താണ്ഡവർമ്മ*. എങ്കിലും സമ്പൂർണ്ണ വസ്തുലോകത്തെയും സങ്കീർണ്ണമായ ക്രിയാലോകത്തെയും നാടകീയമായി സങ്കല്പിക്കുവാൻ കരുത്തുള്ള ഭാവനാശക്തി സി.വി.യ്ക്കുണ്ടായിരുന്നു. ഇത്തരം ഭാവനാശക്തിയുള്ള ഒരാൾ തന്റെ മനോമുകുരത്തിൽ നിഴലിക്കുന്ന അരങ്ങിലെ ആളുകളെയും വസ്തുക്കളെയും ക്രിയകളെയും ക്രിയാലക്ഷ്യങ്ങളെയും ഒരുപോലുള്ള മാനങ്ങളും വിശദാംശങ്ങളും ഒത്തു ചേർത്തുകാണും. നിശിതമായ ഭാവനാശക്തിയുള്ള സി.വി.യുടെ ജീവിതാനുഭവങ്ങൾകൂടി ഇതിനു കാരണമായിട്ടുണ്ടെന്ന് കരുതേണ്ടതാണ്. സി.വി. തന്റെ കഥാപാത്രങ്ങളെ ഭാവനചെയ്തത് - അവർ ചരിത്രകഥാപാത്രങ്ങളായിട്ടുപോലും - നേരിട്ട് പരിചയിച്ചവരിൽ കൂടിയായിരുന്നു. *മാർത്താണ്ഡവർമ്മ*യിലെ സുഭദ്രയെ തന്റെ പത്നിയിലൂടെയും തിരുമുഖത്തുപിള്ളയെ കുറെക്കാലം രക്ഷാകർത്താവായിരുന്ന കേശവൻതമ്പിയിലൂടെയുമാണ് ഭാവനചെയ്തിരുന്നതെന്ന് സി.വി. വെളിപ്പെടുത്തിയിട്ടുണ്ട്. *ധർമ്മരാജാ*യിലെ ഉഗ്ര,ശാന്തഹരിപഞ്ചാനനന്മാർക്ക് സി.വി.യുടെ ജ്യേഷ്ഠന്മാരുടെ പ്രതിച്ഛായയുണ്ട്. ഈ സഹോദരങ്ങൾ വേർതിരിച്ചറിയാൻ പറ്റാത്ത വിധം രൂപസാദൃശ്യമുള്ളവരും, ഉറ്റവർപോലും തെറ്റിദ്ധരിക്കത്തക്കവിധം അവർ അന്യോന്യം ആൾമാറാട്ടം നടത്താറുള്ളവരും ആയിരുന്നു. സി.വി.തന്നെ ജീവിതത്തിൽ പലഘട്ടങ്ങളിലും പ്രച്ഛന്നവേഷങ്ങളണിഞ്ഞ് പലരെയും കബളിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.[18] *മാർത്താണ്ഡവർമ്മ*യിലെ പഠാണി ജീവിതം പ്രവാസകാലത്ത് സി.വി. സ്വയം അനുഭവിച്ചറിഞ്ഞ ജീവിതത്തിന്റെ നേർച്ചിത്രമാണ്. കഥാപാത്ര

സൃഷ്ടിയിലും അവരുടെ സ്വഭാവചിത്രീകരണത്തിലും സ്വാനുഭവമണ്ഡല ങ്ങളെ ആശ്രയിച്ച സി.വി. കാലഘടനയിലും പ്രമേയത്തിലും മാത്രം ചരിത്രത്തെ അവലംബമാക്കുന്നു എന്ന് വിലയിരുത്തുന്നത് യുക്തിസഹ മല്ല. ചരിത്രത്തെ സി.വി., കൃതികളുടെ ബാഹ്യാവരണം എന്നതിൽ കവിഞ്ഞ് പരിഗണിച്ചിട്ടുണ്ടോ എന്നതും പുനരാലോചിക്കേണ്ടതാണ്.

> നിയതമായ അർത്ഥത്തിൽ സി.വി.യുടെ നോവലുകൾ ചരിത്രനോവലു കളേ അല്ല, ആ പേരിലാണ് അദ്ദേഹത്തിന്റെ പ്രശസ്തമായ നോവൽത്ര യം അറിയപ്പെടുന്നതെങ്കിലും. ഒരർത്ഥത്തിൽ ചരിത്രനോവലെന്ന സംജ്ഞയിൽത്തന്നെ സങ്കല്പനപരമായി നോവൽ എന്ന ഗണത്തിന ന്യമായ ചില വിവക്ഷ കളുണ്ടെന്നു പറയാം.
>
> ...നോവലിന്റെ വലിയ കാൻവാസിൽ ചരിത്രവും സമൂഹവും ദർശനവും വ്യക്തി മനസ്സുമെല്ലാം സംയോജിക്കുന്നു എന്നാണ് സങ്കല്പം.
>
> ...അതീതകാല ചരിത്രത്തിന്റെ പുനരാഖ്യാനം എന്നതിനേക്കാൾ സ്വന്തം വർത്തമാനത്തിലെ ആശങ്കകളുടെയും ആകുലകതകളുടെയും ദുരന്ത ബോധത്തിന്റെയും സ്വപ്നസഞ്ചാരത്തിന്റെയും നോവലീകരണങ്ങളെന്ന നിലയ്ക്കാണ് സി.വി.കൃതികൾ പ്രസക്തമാവുന്നത്.[19]

സി.വി.കൃതികളിലെ ചരിത്രപരമാർശങ്ങൾ യഥാർത്ഥചരിത്രവുമായി ഒത്തുപോവുന്നതല്ലെന്ന് പിൽക്കാല ചരിത്രകാരന്മാർ അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം വ്യക്തമാക്കിയിട്ടുണ്ട്.[20] അതായത് ഒരു നിശ്ചിത ചരിത്രപശ്ചാത്തലത്തിൽ ഏതാനും ചരിത്ര വസ്തുതകളെ മുൻനിർത്തി, ചരിത്രപുരുഷന്മാരുടെ നാമധേയത്തെ നിലനിർത്തി, നാടകീയവും

ഭാവനാസമൃദ്ധവുമായ കാൽപനിക രചന നിർവ്വഹിക്കുകയായിരുന്നു നോവലിസ്റ്റ്. ഈ ധാരണയ്ക്ക് ഉപോൽബലകമായ മറ്റു തെളിവുകളും ഉണ്ട്. നിഗൂഢമായ രാജ്യകാര്യങ്ങളിൽ സി.വി. പുലർത്തിവന്ന താല്പര്യം ഇതിലൊന്നാണ്. രാജ്യഭരണം നിലനിന്നിരുന്ന കാലഘട്ടത്തിൽത്തന്നെ ജീവിച്ച സി.വി., നിശ്ചയമായും ബാല്യകാലത്ത് നിറം പിടിപ്പിച്ച കഥകൾ ഇതുമായി ബന്ധപ്പെട്ട് കേട്ടിട്ടുണ്ട്.[21] കഥകളിലും പുരാണങ്ങളിലുമെല്ലാം താല്പര്യമുണ്ടായിരുന്ന സി.വി.യ്ക്ക് നിർവ്വഹണത്തിൽ അത്ഭുതരസവും നായകന്റെ വിജയവുമുള്ള കഥകളിൽ താല്പര്യം വരിക സ്വാഭാവികമാണ്. സി.വി.യുടെ കഥാപാത്രങ്ങളുടെ വാർപ്പുമാതൃകകൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാവുന്നതാണ്. പ്രതിനായകസ്ഥാനത്ത് നിൽക്കുന്ന കുടിലബുദ്ധികളും ചപലന്മാരുമായ ഒരുവിഭാഗം, പ്രതിനായകന്മാരിൽത്തന്നെ കൗശലക്കാരും വീരന്മാരും സമർത്ഥരുമായ മറ്റൊരുവിഭാഗം, തികഞ്ഞ യജമാനഭക്തന്മാരായ നായകന്മാർ, ഇവരോട് ചേർന്നുനില്ക്കുന്ന നിഷ്കളങ്കരും പരിപൂർണ്ണ ആത്മാർത്ഥതയുള്ളവരുമായ സേവകപക്ഷം, പ്രാകൃതം സംസാരിക്കുന്ന ഒരുകൂട്ടർ, സ്വജ്ജനങ്ങളുടെ നന്മമാത്രം കാംക്ഷിച്ച് വേദനിക്കുന്ന രാജാക്കന്മാർ, അതിസുന്ദരികളും കാര്യപ്രാപ്തിയിൽ പുരുഷപ്രകൃതികളുമായ നായികമാർ, ഇവർക്കിടയിൽ പ്രച്ഛന്നവേഷക്കാർ ഒരുക്കുന്ന നാടകീയരംഗങ്ങൾ... ഇങ്ങനെ വാർപ്പുമാതൃകകളുടെ നൈരന്തര്യം സി.വി. കൃതികളിൽ ഏറെ പ്രകടമാണ്. ഇവയെല്ലാം രചയിതാവിന്റെ ലോകത്തിലെ ഒഴിയാബാധകളാണ്. *മാർത്താണ്ഡവർമ്മ*യിലെ സുന്ദരയ്യനും *ധർമ്മരാജാ*യിലെ ഉമ്മിണിപ്പിള്ളയും *രാമരാജാബഹദൂറി*ലെ

കൊടന്തയാശാനും ഏറെ വ്യത്യസ്തമല്ലാത്ത പാത്രധർമ്മം പുലർത്തുന്ന വരാണ്. ശങ്കുവാശാൻ, മാമാവെങ്കിടൻ, അഴകൻപിള്ള എന്നിവരിലും സമാനധർമ്മം ദർശിക്കാൻ പ്രയാസമില്ല. മാർത്താണ്ഡവർമ്മയും രാമ വർമ്മയും പ്രജാക്ഷേമതാല്പര്യത്തിൽ ഒന്നുതന്നെ. പാറുക്കുട്ടി, മീനാക്ഷി, സാവിത്രി എന്നിവരും അവരവരുടെ യൗവനങ്ങളിൽ സമാനഭാഷ സംസാരിക്കുന്നവരാണ്. പവതിയും കുഞ്ഞിപ്പെണ്ണും മാത്രമല്ല ഭൈരവ നും ഭംഗാരാമനും വരെ സമാനധർമ്മങ്ങൾ അനുഷ്ഠിക്കുന്നവരാണ്.[22] ഷംസുഡീനും, ചാന്നാനും, കാശിവാസിയും, ഭിക്ഷുവും ഒരാൾ തന്നെയാ കുന്നതുപോലെ പക്കീർസായും, വൃദ്ധസിദ്ധനും, വേലുത്തമ്പിയും ഒന്നു തന്നെയാവുന്നു. ഒന്നെന്നെണ്ണിയ ഹരിപഞ്ചാനനന്മാർ രണ്ടാവുന്നു. രണ്ടായി നിനച്ച പെരിഞ്ചക്കോടനും പറപ്പാണ്ടയും ഒടുവിൽ ഒന്നാവുന്നു. അജിതസിംഹനും ബീറാൻഖാനും  ഇങ്ങനെ വേഷംകെട്ടുനടത്തിയവർ തന്നെ. വ്യക്തികൾ മാത്രമല്ല വസ്തുക്കളും വെച്ചുമാറ്റപ്പെടുന്നുണ്ട്. പാറു ക്കുട്ടിയുടെ അപഹരിക്കപ്പെട്ട ആഭരണങ്ങൾ, അനന്തപത്മനാഭന്റെ തലപ്പാവ്, കഴക്കൂട്ടത്തെ മുദ്രമോതിരം, കേശവൻകുഞ്ഞിന് ചന്ത്രക്കാ രൻ കൊടുത്ത കർണ്ണകുണ്ഡലങ്ങൾ, മീനാക്ഷിക്കും കേശവപിള്ളയ്ക്കും ചന്ത്രക്കാരൻ നൽകിയ  മോതിരങ്ങൾ എന്നിവയെല്ലാം നോവലുക ളിൽ ആവർത്തിക്കുന്ന വാർപ്പുമാതൃകകളുടെ ഉദാഹരണങ്ങളാണ്. വ്യാജലിഖിതങ്ങൾ മൂന്നുനോവലുകളിലും സമാനരീതിയിൽ ആവർത്തി ക്കപ്പെടുന്നു. ഇവയെല്ലാം ചരിത്രമുഹൂർത്തങ്ങളുമായി സ്വഭാവികമെന്ന് തോന്നും വിധം കോർത്തിണക്കിയിരിക്കുകയാണ് നോവലിസ്റ്റ്. ഇപ്രകാ രം തന്റെയുള്ളിൽ  നിഗൂഢ കാര്യങ്ങളോടുണ്ടായിരുന്ന അഭിനിവേശ

ത്തേയും വീരാരാധനയെയും വിധേയഭാവത്തെയുമെല്ലാം ആവിഷ്കരിക്കാൻ ചരിത്ര പശ്ചാത്തലം ഉപയോഗപ്പെടുത്തുകയായിരുന്നു സി.വി. എന്ന് സൂക്ഷ്മപാരായണത്താൽ വ്യക്തമാവുന്നതാണ്. സി.വി.യുടെ പ്രഹസനങ്ങളിലും ചരിത്രേതര നോവലുകളിലും അവതരിപ്പിക്കപ്പെട്ട കഥാപാത്രങ്ങളുടെ ശരിയായ മാതൃകകൾ സമൂഹത്തിന് വളരെ പെട്ടെന്ന് കണ്ടുപിടിക്കാനായിട്ടുണ്ട്. ഇതുമൂലം പല കോണിൽ നിന്നും എതിർപ്പുകളും ഉണ്ടായിട്ടുണ്ട്. ഒരിക്കൽ, ഈ എതിർപ്പ് ശക്തമായപ്പോൾ, സി.വി. പറഞ്ഞ മറുപടി ഇപ്രകാരമാണ്.

> ഞാൻ കുറെ തൊപ്പികളുണ്ടാക്കി അലക്ഷ്യമായി മേൽപ്പോട്ടേക്കെറിഞ്ഞു. വന്നു വീണപ്പോൾ തലകാണിച്ചു കൊടുത്ത പലർക്കും അത് വളരെ പാകമായി തോന്നി. 'ഇത് എന്നെ ഉദ്ദേശിച്ച് എറിഞ്ഞതാണ്, ഇത് എന്നെ ഉദ്ദേശിച്ച് എറിഞ്ഞതാണ്' എന്നിങ്ങനെ ഓരോരുത്തരും മുറവിളി കൂട്ടുന്നു.[23]

ഇങ്ങനെ സമാധാനം പറഞ്ഞെങ്കിലും തന്റെ സൃഷ്ടിക്ക് പുറകിലുള്ള യഥാർത്ഥ്യങ്ങളെ സാമൂഹ്യ നോവലുകളിലും പ്രഹസനങ്ങളിലും വേഗത്തിൽ തിരിച്ചറിയപ്പെടുന്നു എന്ന് സി.വി. മനസ്സിലാക്കിയിട്ടുണ്ട്. അദ്ദേഹം പഠനകാലങ്ങളിൽ ഭരണകേന്ദ്രങ്ങളെ വിമർശിച്ചെഴുതിയ ലേഖനങ്ങളിൽ പേരുമാറ്റി എഴുതിയിട്ടും, മിക്കതും സി.വി.തന്നെ എഴുതിയതാണെന്ന് വേണ്ടപ്പെട്ടവരെല്ലാം തിരിച്ചറിഞ്ഞിരുന്നു.[24] ഭാവനയിൽ ചാലിച്ചെഴുതുമ്പോഴും സ്വയംപ്രകാശിതമാവുന്ന എന്തോ ചിലത് സി.വി.യുടെ രചനകളുടെ യഥാർത്ഥ്യത്തെ അനുവാചകരോട് വിളിച്ചോതിയി

രിക്കണം. ഈ വെളിപ്പെടലിനെ പ്രതിരോധിക്കാൻ സി.വി.യുടെ ചരിത്ര നോവലുകൾക്ക് കഴിഞ്ഞിട്ടുണ്ട്. അതിനുള്ള പ്രധാന കാരണം, അവ ഭാവനാസൃഷ്ടികളല്ല എന്ന പ്രതീതി ഉണ്ടാക്കിയതാണ്. യാഥാർത്ഥ്യത്തെയും ചരിത്രത്തെയും വസ്തുതകളെയും എഴുതിയിരിക്കുന്നു എന്ന് മുൻകൂട്ടിപ്പറയുന്ന കൃതികളിൽ നിന്ന് കഥാപാത്രങ്ങളുടെ യാഥാർത്ഥ്യം തേടിപ്പോകേണ്ട കാര്യമില്ല. മുമ്പ് ജീവിച്ചിരുന്നവരും കൃത്യമായ ജീവചരിത്രമുള്ളവരുമാണ് അവർ. ഒരു നൂറ്റാണ്ട് മുമ്പ് നടന്ന കഥയായതിനാൽ ഭാവനയെ യഥാർത്ഥ്യമെന്ന പോലെ ചിത്രീകരിക്കാനും തടസ്സമില്ല. ഈ പ്രച്ഛന്ന രചനാതന്ത്രമാണ് സി.വി.യ്ക്ക് ഏറ്റവും ഇണങ്ങുന്നതായി ഭവിച്ചത്. പ്രച്ഛന്നത ജീവിതത്തിലും ഇഷ്ടപ്പെടുന്ന[25] അദ്ദേഹത്തിന് ചരിത്ര പശ്ചാത്തലം ഒരു കവചമായിത്തീർന്നു.

## 4.5. സി.വി.യുടെ രചനയിലെ പ്രച്ഛന്നതന്ത്രങ്ങൾ

ഒരേ ജൈവഘടനയിലുള്ള മൂന്നു നോവലുകളിലും സി.വി. ആവിഷ്കരിക്കാൻ ശ്രമിച്ചിട്ടുള്ളത് വീരരസത്തിന്റെ വിജയമാണ്. അനന്തപത്മനാഭനിലൂടെയും, മാങ്കോയിൽ കുറുപ്പിലൂടെയും, കേശവപിള്ളയിലൂടെയും, ത്രിവിക്രമനിലൂടെയും, കുഞ്ചൈക്കുട്ടിപ്പിള്ളയിലൂടെയും, ഹരിപഞ്ചാനനന്മാരിലൂടെയും, ചന്ത്രക്കാരനിലൂടെയും, പെരിഞ്ചക്കോടനിലൂടെയും നിർവ്വഹിക്കപ്പെട്ടത് വീരരസസ്ഫൂർത്തിതന്നെ. ആഖ്യാതാവെന്ന നിലയ്ക്ക് പ്രതിനായകന്മാരെ താഴ്ത്തിക്കെട്ടാൻ സി.വി. ആവത് ശ്രമി

ച്ചെങ്കിലും വീരരസത്തോടുള്ള അദ്ദേഹത്തിന്റെ അഭിനിവേശം ഇക്കഥാപാത്രങ്ങളെ ആഖ്യാതാവിന്റെ വരുതിയിൽനിന്ന് മോചിതരാക്കിത്തീർത്തു. നോവലിസ്റ്റ് പ്രതിനായകരെ അവതരിപ്പിക്കുമ്പോൾ ആദ്യമേ പറഞ്ഞുവെയ്ക്കുന്ന ദുഷിപ്പും വികൃതവർണ്ണനകളും ഒന്നുംതന്നെ ഇവരുടെ കർമ്മവേളയിൽ വായനക്കാർ ഓർക്കുകയില്ല. നോവലിസ്റ്റ് തന്നെ അവയെല്ലാം മറന്നതുപോലെയാണ് ഇവരുടെ വീരഭാവങ്ങളും പ്രവൃത്തികളും വർണ്ണിക്കുന്നത്. അത്തരം സംഭവങ്ങളിൽ വീരരസത്തോടും പൌരുഷത്തോടും നോവലിസ്റ്റിനുള്ള വിധേയത്വം മറനീക്കി പുറത്തുവരുന്നതു കാണാം. സി.വി.യുടെ നായകന്മാർ സ്വന്തം യജമാനരോട് അതിയായ വിധേയത്വം പുലർത്തുന്നവരാണ്. ഈ വിധേയത്വം രാജഭക്തിയായി വ്യാഖ്യാനിക്കപ്പെടാവുന്നതാകയാൽ നോവലിസ്റ്റിന്റെ ആന്തരം മറയ്ക്കപ്പെടുകയും ചെയ്യുന്നു.

എന്തുകൊണ്ടാണ് സി.വി.യിൽ വീരാരാധന ഇത്ര കഠിനമായിരിക്കുന്നതെന്ന് പരിശോധിക്കാം. തന്നിലുള്ള അനഭിലഷണീയമെന്നും മറയ്ക്കപ്പെടേണ്ടതെന്നും സ്വയം തോന്നുന്ന സ്വഭാവവിശേഷങ്ങളെ ഒരു വ്യക്തി മറ്റൊരു വ്യക്തിയിലാരോപിക്കുകയും അതിനെ പരസ്യമായി വിമർശിക്കുകയും പ്രസ്തുത സ്വഭാവവിശേഷത്തിന് എതിരായ മാതൃക തനിക്കുള്ളതായി പ്രദർശിപ്പിക്കുകയും ചെയ്യും എന്ന് ഫ്രോയ്ഡ് ആത്മരക്ഷാപ്രതിരോധതന്ത്രങ്ങളെക്കുറിച്ചുള്ള പഠനത്തിൽ പറയുന്നുണ്ട്.[26] ഇപ്രകാരം നടത്തുന്ന പരവിമർശനം ആത്മവിമർശനം തന്നെയാണെ

ന്നും അങ്ങനെ പ്രതികരിക്കുമ്പോൾ വ്യക്തിയുടെ സാമൂഹ്യാവബോധ മനസ്സ് (സൂപ്പർഈഗോ) സംരക്ഷിക്കപ്പെടുന്നു എന്നും ഫ്രോയ്ഡ് കണ്ടെത്തി. സി.വി.യുടെ വീരരസാഭിമുഖ്യം ഫ്രോയ്ഡിന്റെ നിരീക്ഷണങ്ങളനുസരിച്ച് വിലയിരുത്താൻ സാധിക്കും. തന്നിൽ ന്യൂനമെന്നു കരുതുന്ന ഒരു ഭാവത്തെ പിന്തുടരുകയും ന്യൂനത നീചകഥാപാത്രങ്ങളിൽ ആരോപിച്ച് അവരെ വിമർശിക്കുകയും ആണ് സി.വി. ചെയ്യുന്നതെന്ന് കാണാം. സുന്ദരയ്യനും കൊടന്തയാശാനും ഈ ശകാരങ്ങൾക്ക് കാര്യമായി പാത്രീഭവിച്ചിട്ടുള്ളവരാണ്.

> കൊച്ചാശാൻ അക്കാലത്തെ ഉദ്ദണ്ഡകായന്മാർക്കു ചെപ്പിലടച്ചു കൊണ്ടുനടക്കാവുന്ന ഹ്രസ്വനും കൃശഗാത്രനുമായുള്ള ഒരോമനക്കുഴമ്പൻ ആയിരുന്നു. എല്ലായ്പ്പോഴും ഇഴിഞ്ഞുപോകുമാറ് മുല ചുറ്റി വസ്ത്രം ധരിക്കുന്നതും ചതുഷ്കോണ മുഖത്തിലെ പൂരികങ്ങൾ ക്ഷൗരത്താൽ രേഖാമാത്രങ്ങളാക്കപ്പെട്ടിട്ടുള്ളതും അതിലോലങ്ങളായ അധരങ്ങൾകൊണ്ടു സർവ്വാപഹാസം നടിക്കുന്നതും ...[27]

ഇവയെല്ലാം കൊടന്തയാശാന്റെ പ്രത്യേകതകളായി വർണ്ണിക്കുന്നു. സ്ത്രീസഹജമായ ചാപല്യങ്ങൾ ഇയാൾക്ക് വേറെയും ഉള്ളതായി നോവലിൽ അന്യത്ര കാണാം. സ്ത്രൈണതയുള്ള പുരുഷന്മാരെ നോവലിൽ മാത്രമല്ല, പ്രഹസനങ്ങളിലും സി.വി. കടന്നാക്രമിച്ചിട്ടുണ്ട്. തിരുവാതിരക്കളിയാശാന്മാരെ കണക്കറ്റു പരിഹസിക്കുന്ന *ചന്ദ്രമുഖീ വിലാസം* പ്രഹസനം ഇതിനുത്തമോദാഹരണമാണ്. ഇതുപോലെ ധീരോദാത്തന്മാരായ നായകന്മാരെ സി.വി. വർണ്ണിക്കുന്നതും

ശ്രദ്ധേയമാണ്. അവരുടെ കായവർണ്ണന വായനക്കാരിൽ പോലും അസൂയ ജനിപ്പിക്കണമെന്ന് ഉദ്ദേശിച്ചുള്ളതാണോ എന്ന് സംശയം തോന്നും. ഇക്കാര്യം ബോധ്യമാവാൻ അനന്തപത്മനാഭൻ, കേശവപിള്ള, കുഞ്ചെകുട്ടിപ്പിള്ള, ത്രിവിക്രമൻ തുടങ്ങിയ നായക കഥാപാത്രങ്ങളെ വർണ്ണിക്കുന്നത് പരിശോധിച്ചാൽ മതിയാകും. നായികാകഥാപാത്രങ്ങളിലും ഉത്തമസ്ത്രീ മാതൃകകളിലും വീരരസ സന്നിവേശം കാണാൻ കഴിയും. പാറുക്കുട്ടി, സുഭദ്ര, ത്രിപുരസുന്ദരി, മീനാക്ഷി, സാവിത്രി തുടങ്ങിയവരെ ഇപ്രകാരമാണ് വർണ്ണിച്ചിരിക്കുന്നത്. പുരുഷകഥാപാത്രങ്ങളുടെ മേനിവർണ്ണന പലപ്പോഴും സ്ത്രീകഥാപാത്രങ്ങളുടേതിനേക്കാൾ ഏറിയിരിക്കുന്നുമുണ്ട്. ചരിത്രനോവലിന്റെ പ്രച്ഛന്നരൂപം ധരിപ്പിച്ചിട്ടുപോലും പാത്രകല്പനയിൽ സി.വി.യുടെ അന്തർസന്നിവേശം പ്രകടമാണെന്നർത്ഥം.

ക്ലിഷ്ടഭാഷ കൊണ്ട് കഥയുടെ മർമ്മത്തെ മറ്റൊന്നാക്കിത്തീർക്കാനുള്ള ശ്രമവും സി.വി. നടത്തിയിട്ടുണ്ട്. ഇതിനെ പാണ്ഡിത്യമായി വിലയിരുത്തുന്നവരാണ് അധികവും.

> സി.വി.യുടെ ഭാഷാഭിമുഖ്യം ഭാരതീയപാണ്ഡിത്യപാരമ്പര്യത്തോട് ഇണങ്ങിപ്പോയിരുന്നു. എന്നാൽ ഈ പാണ്ഡിത്യത്തിനാകട്ടെ, ഒരു നവീന കർത്തവ്യമായിരുന്നു സിദ്ധിച്ചിരുന്നത്. ഒരാധുനിക ചരിത്രഘട്ടത്തിലെ പ്രക്ഷുബ്ധ സംഭവങ്ങളെയും മനസ്സിന്റെ അഗാധതയിൽനിന്ന് പൊട്ടിപ്പുറപ്പെടുന്ന വികാരവിക്ഷോഭങ്ങളെയും പ്രകാശിപ്പിക്കുക എന്നതായിരുന്നു അത്. രണ്ടും കൂടി അദ്ദേഹം യോജിപ്പിച്ചുകൊണ്ട് പോയി. എന്നാൽ ഭാഷാകാഠിന്യത്തിന്റെ കനത്ത വാതിൽപ്പാളികൾക്കു പിന്നിൽ അർത്ഥം

ചിലപ്പോൾ, പഴയ നായർത്തറവാട്ടിലെ അനന്തരവളെപ്പോലെ അർദ്ധ ദ്രുഷ്ടമുഖിയായിനിൽക്കേണ്ടി വരുന്നു എന്നതും സത്യമാണ്.[28]

നോവൽ എഴുതിയ കാലഘട്ടത്തിൽ പോലും പ്രയാസമുള്ളതായി അനുഭവപ്പെട്ട ഇത്തരം ഭാഷ സി.വി. തെരെഞ്ഞെടുത്തതെന്തിന് എന്ന അന്വേഷണം പ്രസക്തമാണ്.

ഭാഷകൊണ്ട് വൈകാരിക പ്രകാശനം സാധ്യമാണെന്നതു പോലെ വികാരഗോപനവും സാധ്യമാണ്. സാമാന്യമായ കാര്യത്തെ പണ്ഡിതവല്ക്കരിക്കൽ (intellectualization) മനശ്ശാസ്ത്രപാഠമനുസരിച്ച് മ റ്റൊരു പ്രതിരോധമാണ്. ചില കാര്യങ്ങൾ അറിയാതെ വെളിപ്പെട്ടു പോകുമോ എന്ന ഭയം ഭാഷാപരമായ കാഠിന്യങ്ങൾക്ക് വഴിവെച്ചേ യ്ക്കാം. അത്തരത്തിൽ മറയ്ക്കപ്പെട്ട മർമ്മങ്ങൾ സി.വി.കൃതികളിൽ ധാരാ ളമുണ്ട് എന്ന്, തുടർന്നുവരുന്ന വിശകലനങ്ങൾ വ്യക്തമാക്കുന്നതാണ്.

ആഖ്യാതാവിന്റെ അഭിപ്രായപ്രകടനങ്ങളും ഇടപെടലുകളും സി.വി.കൃതികളുടെ പ്രച്ഛന്നഭാവങ്ങൾക്ക് മറ്റൊരു തെളിവാണ്. നീച കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോൾ, അവരെ ആരെങ്കിലും നല്ലവ രായി കരുതിയേയ്ക്കുമോ എന്ന ശങ്ക നോവലിസ്റ്റിനുള്ളതായി തോന്നും.

കൃതാന്തവിഗ്രഹൻ, നിശാചരരാക്ഷസൻ, ഭൂതത്താൻ, മഹിഷാകാരം, ഹിരണ്യാക്ഷൻ, മൂർഖൻപാമ്പ്, ഹാലാഹലപ്രഭ, എന്നിത്യാദി നൂറോളം നികൃഷ്ടപദങ്ങളാൽ സി.വി. അഭിഷേകം ചെയ്യുന്ന ചന്ത്രക്കാരനും, കിരാതരാജൻ, ആജന്മതസ്കരൻ, ദശകണ്ഠൻ, മാന്തി, മാംസകൂടം തുടങ്ങിയ സ്തുതികളോടെ അവതരിപ്പിക്കപ്പെടുന്ന പെരിഞ്ചക്കോടനും ധീരപാഷണ്ഡൻ, ബ്രഹ്മരക്ഷസ്, യമഘാതകാന്തകൻ ഇത്യാദി കീർത്തിമുദ്രകളുമായി വരുന്ന ഹരിപഞ്ചാനനനും വായനക്കാരന്റെ വെറുപ്പും നിന്ദയുമല്ല, വിസ്മയാദരങ്ങളും സ്നേഹവുമാണ് നേടുന്നത്. സ്രഷ്ടാവിന്റെ ഭർത്സനം ഏറ്റുവാങ്ങി അവർ മലയാളസാഹിത്യത്തിലെ ഗംഭീരസത്വന്മാരായി.[29]

കഥപറഞ്ഞു പോകുന്നതിനിടയിൽ പക്ഷംപിടിച്ച് പ്രത്യക്ഷപ്പെടുന്ന നോവലിസ്റ്റ് ഉത്തരാധുനിക എഴുത്തുകാരിൽ കാണാറുള്ള ഇടപെടൽ തന്ത്രമല്ല, മറിച്ച് തന്റെ കഥയെ താൻ കരുതുന്നപോലെ വായിക്കണമെന്ന ബലതന്ത്രമാണ് പ്രയോഗിക്കുന്നത്. കഥാപാത്രങ്ങളുടെ സ്വഭാവികമായ ജൈവവികാസത്താൽ അവർ നോവലിസ്റ്റിനെ മറികടക്കുന്നു എന്നു തോന്നുന്ന സന്ദർഭത്തിലെല്ലാം സി.വി. ഇടപെടുന്നതോ സംഗ്രഹിക്കുന്നതോ കാണാം. പ്രച്ഛന്നതയ്ക്കപ്പുറത്തുള്ള മണ്ഡലം അനാവൃതമാകുന്നതിലെ ഭയവും ഇതിനൊരുകാരണമാകാം. വാസ്തവത്തിൽ സി.വി. എന്താണ് മറയ്ക്കാൻ ശ്രമിച്ചതെന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. ആദ്യകാല വായനകളെല്ലാം തന്നെ ചരിത്രം, ഭാഷ, രാജഭക്തി, ദേശസ്നേഹം, തിരുവിതാംകൂർ രാഷ്ട്രീയം, കഥാപാത്രവൈചിത്ര്യം, പ്രതിപാത്രമുള്ള ഭാഷണഭേദങ്ങൾ, ദൈവനീതി എന്നിവയിൽ തട്ടിനിൽക്കുകയാണുണ്ടായത്. രണ്ടായിരാമാണ്ടിനുശേഷം സി.വി.യെ വായിക്കാൻ ശ്രമി

ച്ചിട്ടുള്ള ചില നിരൂപകർ, സി.വി.കൃതികളിൽ ഇനിയും പഠനാർഹമായ മേഖലകൾ ഉണ്ടെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

സുന്ദരയ്യൻ കൊടന്തയാശാൻ തുടങ്ങിയവരെ എന്തിന് സി.വി. സൃഷ്ടിച്ചു?ഒന്നാമത്തെ കാരണം നോവലുകളുടെയും നാടകത്തിന്റെയും പാരമ്പര്യത്തിലെ സ്ഥിരക്കാരാണീക്കൂട്ടർ. ഒരു ഒഥല്ലോ വേണമെങ്കിൽ ഒരു ഇയാഗോ വേണം. നല്ലവനായ മനുഷ്യന്റെ ചീത്ത പ്രവൃത്തികൾക്ക് ഉത്തരവാദിത്വം വഹിക്കാൻ ചീത്ത മനുഷ്യർ ഉണ്ടായേതീരൂ. ചിലപ്പോൾ നായകന്റെ ഉള്ളിലെ വില്ലലിന് ചായം പൂശിയും ഇത്തരം കഥാപാത്രങ്ങളെ സൃഷ്ടിക്കും. ജീവിതമാണ് ഏറ്റവും വലിയ വില്ലൻ എന്നത് നമ്മുടെ കാലത്ത് മാത്രമേ വ്യക്ത സത്യമായിത്തീർന്നിട്ടുള്ളൂ. ചിലപ്പോൾ ശരീരത്തിലെ രസതന്ത്രമായിരിക്കും ഏറ്റവും വലിയ വില്ലൻ. സി.വി. ഏതായാലും ഒരുകാര്യം ചെയ്തിട്ടുണ്ട്. ഇത്തരം കഥാപാത്രങ്ങളുടെ ചെയ്തികളിലേയ്ക്കും അവയ്ക്ക് അവരുടെ യജമാനന്മാരിലുള്ള അസാമാന്യ സ്വാധീനശക്തിയിലേയ്ക്കും വെളിച്ചംവീശുമാറ് ചില മനശ്ശാസ്ത്രസൂചനകൾ നൽകുന്നതിൽ ശ്രദ്ധിച്ചു.പത്മനാഭൻതമ്പിയും സുന്ദരയ്യനുമായും കേശവനുണ്ണിത്താനും കൊടന്തയാശാനുമായുള്ള ബന്ധത്തിന്റെ പഠനം ഇത്തരം മനശ്ശാസ്ത്ര ദീപത്തിന്റെ ഭാസുരപ്രകാശത്തിൽ നടക്കുന്നത് പ്രയോജനപ്രദമാണ്. ഗംഭീരമായി ചിന്തിക്കുകയും ഗംഭീരവാക്കുകൾ ഉപയോഗിക്കുകയും ചെയ്യുന്ന നോവലിസ്റ്റാണ് സി.വി. അതിനാൽ ആ ഗാംഭീര്യത്തിനിടയിൽക്കൂടി വേണം നാം ഈ സൂചനകൾ നോക്കാൻ. 'തിരുവനന്തപുരത്തെ പല വമ്പന്മാർക്കും ചെപ്പിലൊതുക്കിക്കൊണ്ടു നടക്കാവുന്ന ഒരോമനക്കുഴമ്പൻ'എന്നാണല്ലോ സി.വി. കൊടന്തയാശാനെ വർണ്ണിച്ചിരിക്കുന്നത്. ഉണ്ണിത്താൻതന്നെ അയാളെ 'കൊടന്തച്ചെക്കൻ' എന്ന് ഒരിടത്ത് വിളിക്കുന്നു. മറ്റു പല വാക്കുകളുമുണ്ട് അയാളെപ്പറ്റി, അർത്ഥഗർഭങ്ങളായവതന്നെ.തകർന്ന വിവാഹത്തിലെ താളക്കാരാണ് ഇത്തരം കഥാപാത്രങ്ങൾ. വിവാഹത്തകർച്ചയാകട്ടെ, ഇത്തരക്കാരുടെ പ്രേരണകൾ വർദ്ധിപ്പിക്കുകയും ചെയ്യും. കൊടന്തയാശാനും കേശവനുണ്ണിത്താനും തമ്മിലുള്ള ബന്ധത്തിന് അവർ തന്നെ അറിയാത്ത മാനസികമായസ്വവർഗ്ഗരതി പ്രേരണ ചെലുത്തിയിരിക്കാം. ഇതുപോലെ ഏതാണ്ട് സുന്ദരയ്യനും പത്മനാഭൻ തമ്പിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും പറയാം. ഏതായാലും സി.വി.നോവലുകളിലെ ലൈംഗികബന്ധങ്ങളെക്കുറിച്ച് ആഴത്തിൽപഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക്

ഇവിടം ഒരു രംഗമാണ്. മീനാക്ഷിയും കേശവൻകുഞ്ഞും തമ്മിലുള്ള പ്രേമ വിവാഹം ദുസ്സംശയത്തിന്റെ പാറക്കൂട്ടത്തിൽ തട്ടിത്തകരുന്നതിലെ മാന സിക ഘടകങ്ങളെ സി.വി. അപാരമായ ഉൾക്കാഴ്ചയോടുകൂടി വരച്ചുകാട്ടിയിട്ടുണ്ട്.[30]

കൊടന്തയാശാൻ, സുന്ദരയ്യൻ, ഉമ്മിണിപ്പിള്ള തുടങ്ങി ഏതാനും കഥാപാത്രങ്ങൾ മാത്രമാണ് ചരിത്രാഖ്യായികകളിലെ ഏകമുഖ കഥാ പാത്രങ്ങൾ. ഇവർ നീചകഥാപാത്രങ്ങളായി ഉദിച്ചസ്തമിക്കുന്നു. നോവലി സ്റ്റിന്റെ നേരിട്ടുള്ള ശകാരവും ഇവരുടെ മേൽപതിക്കുന്നുണ്ട്. എന്നാൽ ഇതുതന്നെയാണ് സി.വി.യുടെ പ്രച്ഛന്നസ്വഭാവം വ്യക്തമാക്കുന്ന മുഖ്യ ഘടകം. സമർത്ഥരായ കുറ്റവാളികൾ അന്വേഷണ ഉദ്യോഗസ്ഥരെ വഴിതെറ്റിക്കാൻ ബോധപൂർവ്വം സൃഷ്ടിക്കുന്ന തെളിവുകളുടെ പ്രാധാന്യ മേ ഇത്തരം ആവിഷ്ക്കാരങ്ങൾക്കുള്ളൂ അഥവാ, അത്രത്തോളം പ്രാധാ ന്യം അവയ്ക്കുണ്ട് എന്നും പറയാം. വനാന്തർഭാഗത്ത് കഞ്ചാവുകൃഷി നടത്തുന്ന വ്യക്തികൾ ദുർഘടമായ പാതകളുടെ ഓരങ്ങളിൽ ഏതാനു മിടത്ത് കഞ്ചാവ് കൃഷി ചെയ്ത് അന്വേഷകരുടെ ലക്ഷ്യത്തെ വഴിപിഴപ്പി ക്കുന്ന പതിവുണ്ട്. കഷ്ടപ്പെട്ട് തേടിച്ചെല്ലുന്ന വനപാലകർ, തങ്ങൾ തേടി വന്ന കൃഷി അതാണെന്ന് ധരിച്ച്, അവ നശിപ്പിച്ച് തിരിച്ചു പോകും. കാറ്റിലുള്ള കഞ്ചാവുമണം അവയുടേത് മാത്രമാണെന്ന് കരുതും. എ ന്നാൽ ബോധപൂർവ്വം പ്രദർശിപ്പിക്കപ്പെട്ട ആ കൃഷിയിടങ്ങൾക്ക് പുറകി ലായിരിക്കും പലപ്പോഴും വിപുലവും മുഖ്യവുമായ കൃഷിനടത്തുന്നുണ്ടാവുക. സുന്ദരയ്യനും, കൊടന്തയാശാനുമെല്ലാം ഇപ്രകാരം പ്രദർശിപ്പിക്കപ്പെട്ട ചില കഥാപാത്രങ്ങളാണ്. അവരിൽ കണ്ടതും, ശകാരിക്കപ്പെട്ടതുമായ

സ്വഭാവ വിശേഷങ്ങൾ നായക കഥാപാത്രങ്ങളിൽ വിപുലവും ശക്ത വുമാണെന്ന് സൂക്ഷ്മമായ പരിശോധനയിൽ വ്യക്തമാവുന്നതാണ്. പല പ്രകാരത്തിലും മറയ്ക്കാനോ മറ്റൊന്നാക്കാനോ ശ്രമം നടത്തിയിട്ടുണ്ടെ ങ്കിലും പരോക്ഷമായി അവ സ്വയം പ്രകാശിതങ്ങളാണ്. ഈയൊരു വസ്തുത അനാവരണം ചെയ്യപ്പെട്ടുമ്പോൾ മാത്രമേ യഥാർത്ഥത്തിൽ സി.വി. പ്രച്ഛന്നതന്ത്രങ്ങൾ ഉപയോഗിച്ചതെന്തിനാണെന്നും, നോവൽ പേറുന്ന ആന്തരിക സംഘർഷങ്ങളെന്തെല്ലാമെന്നും അവ ബാഹ്യ സംഘട്ടനങ്ങളാവുന്നതെങ്ങനെയെന്നും വെളിപ്പെടുകയുള്ളൂ.

## 4.6. അന്തർലീനമായ സ്വവർഗ്ഗാനുരാഗം -പ്രധാന കഥാപാത്രങ്ങളിൽ

സി.വിയുടെ പ്രധാന കഥാപാത്രങ്ങളെല്ലാം അന്തസ്സംഘർഷ ങ്ങളനുഭവിക്കുന്നവരാണ്. പുറമേയ്ക്ക് കാര്യപ്രാപ്തി കാണിക്കുന്ന പല കഥാപാത്രങ്ങളും ആന്തരികമായി വൈകാരിക ദുർബലത അനുഭവി ക്കുന്നവരാണ്. കേന്ദ്രകഥാപാത്രങ്ങളിലും കഥാകേന്ദ്രവുമായി ബന്ധപ്പെ ട്ട കഥാപാത്രങ്ങളിലും മൂടിവെയ്ക്കപ്പെട്ട സ്വവർഗ്ഗാനുരാഗം പ്രവർത്തിക്കു ന്നുണ്ട്. *മാർത്താണ്ഡവർമ്മ*യിലെ നായകകഥാപാത്രമായ അനന്ത പത്മനാഭന് ഷംസുഡീനെന്ന പേരിൽ പ്രച്ഛന്നവേഷത്തിൽ ജീവിക്കാൻ അവസരമൊരുക്കിയ ഹാക്കിമിന്റെ കാര്യം തന്നെയെടുക്കാം.

മുസ്ലീം കച്ചവടക്കാരനായി തിരുവിതാംകൂറിലെത്തുന്ന വൃദ്ധ ഹാക്കിമും സംഘവും യാദൃച്ഛികമായാണ് തിരുവിതാംകൂർ രാജഭരണവു മായി ഇടപെടുന്നത്. അനന്തപത്മനാഭനെ വീണ്ടെടുത്ത് ഷംസുദ്ധീൻ എന്ന നാമവും ചാർത്തി കൂടെക്കൂട്ടിയതിനു പിന്നിൽ ഹാക്കിമിന്റെ നിഗൂഢമായ ചില താല്പര്യങ്ങളുണ്ടായിരുന്നു.

> ഷംസുദ്ധീനുമായുള്ള സംസ്സർഗം തുടങ്ങിയ അന്ന് മുതൽക്ക് വൃദ്ധന്റെ സ്വഭാവത്തിന് ഒരു പകർച്ചയുണ്ടായി. ഷംസുദ്ധീനെ കാണാതിരിക്കു മ്പോൾ വൃദ്ധൻ തനിക്ക് സഹജമായുള്ള കോപാദി ദുശ്ശീലങ്ങളെ ധാരാ ളമായി പ്രദർശിപ്പിക്കുമെങ്കിലും ആയുവാവിന്റെ ദർശനമാത്രേണ വൃദ്ധന്റെ മനഃകാഠിന്യങ്ങൾ ദ്രവിച്ചു പോകുമാറുണ്ടായിരുന്നു. സുലേഖയ്ക്ക് ഷംസുദ്ധീനിൽ ഉള്ള പ്രേമം ഒന്നുമാത്രമാണ് തനിക്ക് ആ യുവാവിനെ ക്കുറിച്ചുള്ള സ്നേഹത്തിനു കാരണമെന്ന് വൃദ്ധൻ ഗർവ്വു പറയാറുണ്ടാ യിരുന്നത് അദ്ദേഹത്തിന്റെ മനഃപരിചയത്തിനു വിപരീതമായുള്ള ഒരു വ്യാജമായിരുന്നു.[31]

ഷംസുദ്ധീൻ തന്റെ സഹോദരപുത്രിയെ ചതിച്ച് പോയ്ക്കളഞ്ഞേയ്ക്കുമോ എന്ന ഭയത്തിലുപരി അവനെ തനിക്ക് നഷ്ടപ്പെട്ടേയ്ക്കുമോ എന്നതായി രുന്നു അവിവാഹിതനായ വൃദ്ധന്റെ വേവലാതി.

> തന്റെ കോപത്തിനു കാരണം ഷംസുദ്ധീന്റെ വഞ്ചനയല്ലെന്നും സൂക്ഷ്മത്തിൽ ആ യുവാവിന്റെ വേർപാടാണെന്നും വൃദ്ധനു മനസ്സിലായി ദൃഷ്ടിയിരിക്കുമ്പോൾ അതുകൊണ്ടുള്ള ഉപയോഗങ്ങളെ അറിയില്ലെന്ന പഴമൊഴി പോലെ ഷംസുദ്ധീൻ തന്റെ കൂടെ ഉണ്ടായിരുന്നപ്പോൾ ആ യുവാവിന്റെ സമ്പർക്കംമൂലം തന്റെ ആത്മാവിനുണ്ടായിരുന്ന ആനന്ദ ത്തെ വൃദ്ധന് അറിയാൻ പാടില്ലായിരുന്നു.[32]

ഷംസുഡീൻ വേർപിരിഞ്ഞത് വമ്പിച്ച നഷ്ടമാണെന്ന് ഹാക്കിം സ്വയം മനസ്സിലാക്കുന്നുണ്ട്. അദ്ദേഹത്തിന്റെ മനസ്സിൽ വലുതായ ഒരു വ്രണം സംഭവിച്ചതുപോലെ ആയിരുന്നു. ധനത്തേക്കാൾ വലുതായ പ്രതിപത്തി ഷംസുഡീനെക്കുറിച്ചുണ്ടെന്നുള്ള വാസ്തവം അപ്പോഴത്തെ വൃദ്ധന്റെ മനോവികാരങ്ങൾ അനുഭവസിദ്ധമാക്കി. ഹാക്കിമിന്റെ ഈ ചപല പ്രകൃതിയെക്കുറിച്ച് ഷംസുഡീനും അറിവുണ്ടായിരുന്നു. എങ്കിലും, വൃദ്ധന്റെ വലിയ സ്വാധീനത്തെ തന്റെ ലക്ഷ്യപ്രാപ്തിക്കായി വിനിയോഗിക്കാമെന്നാണ് അയാൾ കരുതിയത്. എന്നാൽ സംഘത്തെ വിട്ടുപോകരുതെന്ന് ഹാക്കിം അയാളെക്കൊണ്ട് സത്യം ചെയ്യിക്കുന്നുണ്ട്. ഈ സത്യം സുലൈഖയോട് ഷംസുഡീനെ ബന്ധിക്കാമെന്ന അതിമോഹത്തേക്കാൾ തനിക്കുതന്നെ ആന്തരികമായി തോന്നിതുടങ്ങിയ സ്നേഹംമൂലമാണ്. ഇതുകൊണ്ടുതന്നെയാണ് ഹാക്കിം ഷംസുഡീനെ പല ഗുരുക്കന്മാരെക്കൊണ്ടും പല വിദ്യകളും അഭ്യസിപ്പിച്ചത്. ഇത്തരം ഒരു സ്നേഹത്തിന് പാത്രീഭവിക്കാൻ ഷംസുഡീന്റെ മുഖമാതൃകയും വർണ്ണശോഭയും കായഭംഗിയും കാരണമാകുന്നുണ്ട്.

> വൃദ്ധനോട്ടു കൂടിയുള്ള യുവാക്കൾ നാലുപേരും അതികോമളഗാത്രന്മാരായിരുന്നു. കോതി മിനുസമാക്കിയിട്ടുള്ള മീശകേശങ്ങൾ അവരുടെ മനോഹരതരമായുള്ള വർണ്ണത്തോട്ടുകൂടിയ ആനനങ്ങളെ വർണ്ണവിപരീതത കൊണ്ട് വിശിഷ്യ ശോഭിക്കുന്നു. ... ഈ യുവാക്കളുടെ ഗാത്രങ്ങൾക്ക് വിശേഷിച്ചൊരു കാന്തിയും മുഴപ്പുമുണ്ടായിരുന്നു. നാലുപേരിലും അതികോമളൻ ഷംസുഡീനായിരുന്നു. തെളിവുള്ള

> മേചകവർണ്ണത്തോടുകൂടി ചുരുണ്ടുള്ള കേശവും ഉയർന്ന് അല്പം ഉരുണ്ട് വിസ്താരമുള്ളതായ നെറ്റിയും അനല്പതേജസ്സോടും ദൃഢവീക്ഷണങ്ങളോടും കൂടിയതായ വിശാലനേത്രങ്ങളും അധികം നീണ്ടിട്ടില്ലാത്ത ശ്മശ്രു പോതങ്ങളുടെ അടിയിൽ കാണപ്പെടുന്ന അധരവും ധാവല്യമേറുന്ന ദന്തങ്ങളും വിധി പ്രസാദത്താൽ ഈ യുവാവിന് നൽകപ്പെട്ടിട്ടുള്ള വിശിഷ്ട സമ്പത്തുകളാണ് ഷംസുദ്ധീൻ ധരിച്ചിരുന്ന മിനുത്ത കുപ്പായങ്ങളുടെ ഉള്ളിൽ ബന്ധിക്കപ്പെട്ടിരുന്ന മാറിടത്തിന്റെയും മറ്റും ബഹിർച്ഛായകളാൽ പ്രത്യക്ഷപ്പെടുന്ന അംഗദാർഢ്യം ലോഹനിർമ്മാണ പടുക്കളായവരുടെ സൃഷ്ടികളെ നാണിപ്പിക്കുമെന്നു തന്നെ നിസ്സംശയമായി പറയാവുന്നതാണ്.[33]

ഇത്തരത്തിലുള്ള പത്മനാഭവിഗ്രഹത്തോട് ഹാക്കിമിന് താല്പര്യം തോന്നിയത് സ്വഭാവികമാണ്.'നിയമപരമായി കോപിയും ദുശ്ശീലക്കാതലുമായ ഇദ്ദേഹത്തിന് ധനത്തിലുള്ള അത്യാഗ്രഹം അതിരില്ലാത്തതായിരുന്നു' എന്നാണ് നോവലിസ്റ്റ് ഹാക്കിമിനെ പരിചയപ്പെടുത്തുന്നത്. ഇങ്ങനെ ധനാർത്തിയുള്ള ഒരു വ്യക്തിയാണ് ധനമോഹത്തേക്കാൾ ആന്തരികമായ ഒരു ബന്ധം ഷംസുദ്ധീനോട് നിലനിർത്തുന്നത്. ബീറാംഖാനെയും ഹാക്കിം ഇപ്രകാരത്തിലായിരിക്കണം കുടുംബത്തോടടുപ്പിച്ചതെന്ന് കരുതാൻ ന്യായമുണ്ട്. ഹാക്കിമിന് ഉസ്മാൻഖാനോടുള്ള സ്നേഹം ബീറാംഖാനെ രണ്ടാമനാക്കുകയും ഷംസുദ്ധീനോടുള്ള സ്നേഹം മൂന്നാമനാക്കുകയും ചെയ്യുന്നു. നുറുദ്ധീനും ഹാക്കിമും സംസാരിക്കുമ്പോൾ ബീറാംഖാൻ പറയുന്ന ഒരു അഭിപ്രായത്തോട് ഹാക്കിമിന്റെ പ്രതികരണം ഇങ്ങനെയാണ് :

> ഞങ്ങളുടെ കുടുംബ സംഗതിയിൽ നിനക്കെന്തുകാര്യം? ശ്ശീ! അരമനയിൽ കൊതുവാട്ടി ഇരിക്കാൻ മാത്രം കൊള്ളുന്ന നംപുസകൻ! നീ ഞങ്ങളെ ഹീനന്മാരാക്കി. കുഷ്ഠരോഗികൾ എന്നവണ്ണം ലോകരെ ക്കൊണ്ടു വെറുപ്പിച്ചു.

ഇപ്രകാരം ബീറാംഖാനെ നപുംസകനെന്ന് വിശേഷിപ്പിക്കുന്ന ഹാക്കിം, ഷംസുദ്ധീനെ തന്റെ ഭാവനയിലെ പുരുഷലക്ഷണങ്ങളൊത്തവനായാണ് ദർശിക്കുന്നത്.

വൃദ്ധഹാക്കിമിന് കഥാഘടനയിൽ അപ്രധാനമല്ലാത്ത ഒരു സ്ഥാനമാണുള്ളത്. ഈ കഥാപാത്രം *മാർത്താണ്ഡവർമ്മ*യിൽ അനുഷ്ഠിക്കുന്ന ധർമ്മങ്ങളിൽ ചിലത് *ധർമ്മരാജാ*യിലെ പോക്കുമൂസാ മുതലാളിയിലും അയാളുടെ അനുചരനായി പ്രവൃത്തിക്കുന്ന പക്കീർസായിലും കാണാവുന്നതാണ്. *രാമരാജാബഹദൂറി*ലെ ചൊക്രാഡ്യൂണ്ഡിയായും പെരിഞ്ചക്കോടനും ഹാക്കിമിന്റെ ചിലരീതികൾ പിന്തുടരുന്നവരാണ്.

ഹാക്കിമിനാൽ കുറച്ചുകാലം സ്വാധീനിക്കപ്പെട്ടവനാണ് അനന്തപത്മനാഭൻ. *മാർത്താണ്ഡവർമ്മ*യിൽ ആദിമധ്യാന്തവും *ധർമ്മരാജാ*യിൽ അന്ത്യത്തിലും കഥാഗതിയെ നിയന്ത്രിക്കുന്നത് അനന്തപത്മനാഭനാണ്. വൃദ്ധഹാക്കിമിന് അനുരാഗം തോന്നിയ ഈ പത്മനാഭ വിഗ്രഹത്തെക്കുറിച്ച് ഇരു നോവലുകളിലും വർണ്ണനകൾ അനവധി

യുണ്ട്. രൂപ സൌകുമാര്യത്തെക്കുറിച്ച് ധാരാളമായി പറയുമ്പോൾ തന്നെ നോവലിസ്റ്റ് അനന്തപത്മനാഭന്റെ വീര്യത്തെയും വർണ്ണിക്കുന്നുണ്ട്. സ്ത്രീപുരുഷഭേദമെന്യേ ആർക്കും അഭിലാഷം ജനിപ്പിക്കുന്ന വ്യക്തിത്വമാണ് അയാളുടേത്. പരദേശവാസത്തിനിടയിൽ നോവലിസ്റ്റ് അനുഭവിച്ചതുതന്നെയാണ് അനന്തപത്മനാഭനും അനുഭവിച്ചത്. ഒരുവേള അയാൾ അറിഞ്ഞുകൊണ്ടുതന്നെ ഹാക്കിമിന് കീഴ്പ്പെട്ട് കൊടുക്കുന്നുമുണ്ട്. വൃദ്ധന്റെ പ്രധാന ആവശ്യം അയാൾ തന്റെ സമീപത്തുനിന്ന് വേർപെട്ടു പോകരുതെന്നായിരുന്നു. അതിനയാൾ അനന്തപത്മനാഭനെക്കൊണ്ട് സത്യം ചെയ്യിക്കുന്നുമുണ്ട്.

നോവലിലുടനീളം വീരരസം പ്രകടമാക്കുന്ന അനന്തപത്മനാഭന് ലോലവികാരങ്ങളോട് സ്ഥായിയായ മമതയുള്ളതായി നോവലിസ്റ്റ് പറയുന്നില്ല. അയാളുടെ മരണവൃത്താന്തമറിഞ്ഞ് പാറുക്കുട്ടി ശയ്യാവലംബിയാവുന്നു. അനന്തനാകട്ടെ അവളോട് പ്രകടിപ്പിക്കുന്നത് ഒരുതരം സംരക്ഷകഭാവമാണ്. സാഹസികമായി ചെമ്പകശ്ശേരിയിൽ അയാൾ ചെല്ലുന്നതുപോലും അനുരാഗപരവശനായിട്ടല്ല, മറിച്ച് രാജ്യകാര്യങ്ങളുമായി ബന്ധപ്പെട്ടാണ്. ആ സന്ദർശനസമയത്ത് ചെമ്പകശ്ശേരിയിലുണ്ടായിരുന്ന അവിവാഹിതവൃദ്ധനായ ശങ്കുമ്മാവൻ അനന്തനെ ബന്ധനത്തിലാക്കാൻ ശ്രമിക്കുന്നുണ്ട്. ഈ കഥാപാത്രത്തിന് അനന്തനോടുണ്ടായിരുന്ന ആഭിമുഖ്യം *ധർമ്മരാജാ*യിൽ മാമാവെങ്കിടന് കേശവപിള്ളയോടുണ്ടായിരുന്ന ആഭിമുഖ്യത്തിനു സമമാണ്.[34] ഇത്തര

ത്തിൽ ഒട്ടേറെ കഥാപാത്രങ്ങൾ തങ്ങളുടെ രതിയെ അടിച്ചമർത്തി വാത്സല്യമോ സൌഹൃദമോ ആയി അവയെ രൂപാന്തരപ്പെടുത്തുന്നുണ്ട്. മാനസികഭാവങ്ങളുടെ ഈ വിപരിണാമം മനഃശാസ്ത്രത്തിൽ പറയുന്ന ഉദാത്തീകരണ പ്രക്രിയയുമായി ബന്ധപ്പെട്ടിരിക്കുന്നു. അനഭിലഷണീയങ്ങളായ വികാരങ്ങളെ ബോധതലത്തിൽ നിന്ന് മായ്ച്ചുകളയുന്നതും അതിനെ മറ്റൊന്നാക്കി പ്രത്യക്ഷപ്പെടുത്തുന്നതും വ്യക്തിബോധത്തിന്റെ സുസ്ഥിരതയ്ക്കാവശ്യമായ പ്രതിരോധ പ്രവർത്തനങ്ങളാണ്.

രാമനാമഠത്തിന്റെയും സുന്ദരയ്യന്റെയും തമ്പിയുടെയും അനന്തപത്മനാഭന്റെയും കൊടന്തയുടെയും കേശവപിള്ളയുടെയും പെരിഞ്ചക്കോടന്റെയും കുഞ്ചൈക്കുട്ടിപ്പിള്ളയുടെയുമെല്ലാം വ്യക്തിത്വത്തിലന്തർലീനമായ സ്വവർഗ്ഗരത്യാഭിമുഖ്യത്തെ പക്ഷപാതപരമായാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. സുന്ദരയ്യനെയും കൊടന്തയെയും പോലുള്ള താണതരം കഥാപാത്രങ്ങളുടെ സ്വഭാവത്തിൽ ഇത്തരം ചില 'മ്ലേച്ഛത' കളുള്ളതായി സമ്മതിക്കുമ്പോൾത്തന്നെ പ്രധാനകഥാപാത്രങ്ങളുടെ ഈ വിധമുള്ള ആഭിമുഖ്യങ്ങളെ വീരത്വം കൊണ്ട് മറയ്ക്കുകയാണ് സി.വി ചെയ്യുന്നത്. വീരയോദ്ധാക്കളുടെ ആൺസൌഹൃദങ്ങൾക്ക് സ്വവർഗ്ഗ ലൈംഗികതലമുണ്ടെന്ന് ഗ്രീക്ക് ഇതിഹാസങ്ങൾ തെളിവേകുന്നുണ്ട്. എന്നാൽ കേരളീയ പശ്ചാത്തലത്തിൽ അതൊരു കുറവായിത്തന്നെ നോവലിസ്റ്റ് പരിഗണിക്കുന്നു. അതുകൊണ്ടാണ് രാമനാമഠംപിള്ളയിലും

സുന്ദരയ്യനിലും കൊടന്തയിലുമെല്ലാം സ്വവർഗ്ഗാനുരാഗസമാനമായ ശീലങ്ങൾ വർണ്ണിച്ചതോടൊപ്പം അവരെ സ്ത്രീലമ്പടന്മാരായി ചിത്രീക രിക്കുകയും ചെയ്തത്. പ്രത്യക്ഷത്തിൽ തന്നെ അപരലിംഗവ്യക്തിത്വമുള്ള വരെന്ന് തോന്നിക്കുംവിധം വിധേയത്വവും സ്ത്രൈണഭാവവും വഹിക്കുന്ന ഇക്കൂട്ടർ സ്ത്രീകളുടെ പുറകേ അനുരാഗപരവശരായി നടക്കുന്നതും ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ഇവർക്കും ഒരുപടി മേലെയാണ് ശങ്കുമ്മാവൻ, മാമാവെങ്കിടൻ, കുപ്പശ്ശാർ, പെരിഞ്ചക്കോടൻ മുതലായവർ. ഇവർ ഉഭയലിംഗ വ്യക്തിത്വവിശേഷങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. ഇവർ തങ്ങളു ടെ പ്രേമഭാജനങ്ങളുടെ ഉന്നമനത്തിനായി കൈമെയ് മറന്ന് പ്രവർത്തിക്കുന്നവരാണ്. ബാഹ്യവ്യാപാരങ്ങൾ കൊണ്ട് ഇവരിലെ സ്വവർഗ്ഗാനുരാഗം വെളിപ്പെടുകയില്ല. മധ്യവയസ്കരും വൃദ്ധരുമായ ഇവർ സ്വാഭാവികമായും അവരുടെ രതിഭാവങ്ങളെ വാത്സല്യ മായാണ് രൂപാന്തരപ്പെടുത്തിയിരിക്കുന്നത്. ആൺകഥാപാത്രങ്ങളിൽ ചിലരോടുള്ള ഇവരുടെ പെരുമാറ്റത്തിലും സഹകരണത്തിലും ഉദാത്തീ കരിക്കപ്പെട്ട സ്വവർഗ്ഗാനുരാഗം സ്പഷ്ടമാണ്. അനന്തപത്മനാഭനോട് ശങ്കുമ്മാവൻ പുലർത്തുന്ന ആദരവും സുന്ദരയ്യനോട് അയാൾക്കുള്ള അതിരുകവിഞ്ഞ വെറുപ്പും വിലയിരുത്തപ്പെടേണ്ടതാണ്. സ്ത്രൈണപ്രകൃ തിയായ സുന്ദരയ്യനോടുള്ള എതിർപ്പ് തന്റെ ആന്തരികതയോടുള്ള പ്രതിക്രിയാ പ്രവർത്തനമാണ്. അനന്തനെ പ്രണയിക്കുന്ന പാറുക്കുട്ടി യോടുള്ള ബന്ധം ഒരു തരത്തിലുള്ള തന്മയീഭാവമായും കണക്കാക്കാ നാവും. വാത്സല്യമായി പരിവർത്തനം ചെയ്യപ്പെട്ട ഇത്തരം അനുരാ

ഗാങ്കുരങ്ങൾ മാമാവെങ്കിടനിലും കുപ്പശ്ശാരിലും കാണാം. പെരിഞ്ചക്കോടനിലും ഹാക്കിമിലും ഈ വികാരം ഫലപ്രാപ്തിയെത്തേടുന്നതും കാണാം. സുലൈഖയുടെ പേരിൽ അനന്തപത്മനാഭനും ദേവകിയുടെ പേരിൽ ത്രിവിക്രമനും വേട്ടയാടപ്പെടുന്നത് അതുകൊണ്ടാണ്.

ഏതൊരു വ്യക്തിയുടെയും സ്വഭാവരൂപീകരണത്തിനുള്ള കാരണങ്ങൾ അയാളുടെ ശൈശവം തൊട്ട് തിരയണമെന്ന ഫ്രോയ്ഡിന്റെ കാഴ്ചപ്പാട് സി.വി.യുടെ കഥാപാത്രങ്ങളെ വിശകലനം ചെയ്യുമ്പോൾ ഉപയോഗിക്കേണ്ടതുണ്ട്. രണ്ട് നോവലുകളിൽ നായകസ്ഥാനത്തുവരുന്ന കേശവപിള്ള തികച്ചും അരക്ഷിതമായ ബാല്യം അനുഭവിച്ചവനാണ്. പ്രതിനായകസ്ഥാനത്തു വരുന്ന പെരിഞ്ചക്കോടന്റെ കുടുംബത്താൽ സകലതും നഷ്ടപ്പെട്ട് കളപ്രാംകോട്ടതമ്പിയുടെ ഭൃത്യനായി പണിയെടുത്തിരുന്ന കേശവന്റെ അപകർഷതയാണ് ആത്മാഭിമാനരൂപത്തിൽ പുറത്തുവന്നത്. അതു തന്നെയാണ് ശിരസ്സിൽ പ്രഹരമേറ്റുവാങ്ങി തെരുവിലേയ്ക്കിറങ്ങാൻ കാരണമായിത്തീരുന്നതും. അംഗലാവണ്യങ്ങളൊത്ത ഈ ബാലന് തന്റെ യജമാനനായ കളപ്രാംകോട്ടതമ്പിയോടുണ്ടായിരുന്ന വിധേയത്വം *ധർമ്മരാജാ*യുടെ ആദ്യ അധ്യായത്തിൽ പരാമർശിക്കുന്നുണ്ട്. വീട്ടുവിട്ടിറങ്ങി നടക്കുമ്പോൾ തമ്പിയുടെ കായസൌന്ദര്യം അനുസ്മരിക്കുന്ന ബാലൻ, ആശ്രമപരിസരത്തു വെച്ചുകാണുന്ന ഹരിപഞ്ചാനന യോഗിയുടെ രൂപത്തെ ആശ്ചര്യപൂർവ്വമാണ് ദർശിക്കുന്നത്. വഴിയിൽ വെച്ച്

പടത്തലവനെ കാണുമ്പോഴും ബാലൻ തൊട്ടുമുമ്പ് കണ്ട യോഗിയുടെ രൂപവുമായി താരതമ്യംചെയ്ത്, 'ഇദ്ദേഹം തന്നെ കൂടുതൽ യോഗ്യ'നെന്ന് തീർച്ചപ്പെടുത്തുന്നുണ്ട്. പിതൃബിംബങ്ങളോടുള്ള ഈ ആരാധന കേശവപിള്ളയുടെ ജീവിതാന്ത്യം വരെ നിലനിൽക്കുന്നുണ്ട്. അരക്ഷിതമായ ബാല്യവും ഏകാന്തതയും സൃഷ്ടിക്കുന്ന അന്തർമുഖത്വം വളർച്ചയുടെ ഘട്ടങ്ങളിൽ ആത്മരതിയിലേയ്ക്കും തദ്വാരാ സ്വവർഗ്ഗ രതിയിലേയ്ക്കും നയിക്കുമെന്ന് മനഃശാസ്ത്രം പറയുന്നു. കേശവപിള്ളയുടെ രക്ഷാകർത്തൃസ്ഥാനത്ത് നിലകൊണ്ടത് പോക്കുമൂസാ മുതലാളിയായി രുന്നു. ഹാക്കിമിന്റെ മറ്റൊരു പതിപ്പാണോ ഇദ്ദേഹമെന്ന് നിർണ്ണയി ക്കാൻ തക്ക തെളിവുകൾ നോവലിൽ ലഭ്യമല്ല. ഭാര്യയാൽ പരിഹസി ക്കപ്പെട്ടതിന്റെ പേരിൽ വീടുവിട്ട വേലുത്തമ്പിക്ക് താവളമൊരുക്കിയതും ഇതേ വർത്തകസംഘമാണ്. ഏതായാലും മഹമ്മദീയകുലവുമായി കൂടിക്കഴിഞ്ഞ പലരെയും മൂന്നു നോവലുകളിലും കാണാം. സി.വി.യുടെ പ്രവാസകാല ജീവിതാനുഭവങ്ങൾ ഇത്തരം സംഘങ്ങളുടെ സൃഷ്ടിക്കു പ്രേരണയായിട്ടുണ്ടാവാം.

യൌവ്വനാരംഭത്തോടെ നീട്ടെഴുത്തുദ്യോഗം നേടുന്ന കേശവപിള്ള, മേനിമിനുക്കു കാരണമാണ് തനിക്കു കിട്ടേണ്ടിയിരുന്ന ഉദ്യോഗം തട്ടിയെടുത്തതെന്ന് ഉമ്മിണിപ്പിള്ള ചന്ത്രക്കാരനോട് പരാതിപ്പെടുന്നു ണ്ട്. ഇരുപത്തിനാലുകാരനായിരുന്ന കേശവപിള്ളയോട് രാജാവിനു ണ്ടായിരുന്ന പ്രീതിക്ക് അയാളുടെ അംഗലാവണ്യവും കാരണമായി

രുന്നതായി *ധർമ്മരാജ*യിൽ പറയുന്നുണ്ട്. രാജകാര്യങ്ങൾക്കായി കേശവപിള്ള പ്രയോജനപ്പെടുത്തുന്ന പാചകക്കാരൻ മാമാവെങ്കിടനും കേശവപിള്ളയോടു പ്രകടിപ്പിക്കുന്ന വാത്സല്യം നിസ്സീമമാണ്. കേശവപിള്ളയെ ഊട്ടുന്നതിലും അയാളോട് സംസാരിക്കുന്നതിലും നിസ്സാര കാര്യങ്ങൾ പറഞ്ഞ് ശുണ്ഠിപിടിപ്പിക്കുന്നതിലും മാമൻ എല്ലായ്പോഴും ആനന്ദം കണ്ടെത്തുന്നുണ്ട്. കേശവൻ പറയുന്ന എന്തുകാര്യം ചെയ്യാനും അയാൾ ഒരുക്കമായിരുന്നു.

> നീട്ടെഴുത്ത് കേശവപിള്ള ഈ ബ്രാഹ്മണന്റെ നിത്യപൂജാമൂർത്തികളിൽ ഒന്നായിരുന്നു.ആ യുവാവിന്റെ ആകൃതി ഗുണങ്ങളെയും ബുദ്ധിവിശേഷങ്ങളെയും സ്തുതിക്കുന്നത് സർവലോകബന്ധുവായ ആ ബ്രാഹ്മണന്റെ മധ്യാഹ്നികാനുഷ്ഠാനമായിരുന്നു. തന്റെ ഉദ്യോഗശാലയുടെ ഗോപുരപാലകനായി നില്ക്കുന്ന കേശവപിള്ളയെ മാമൻ കണ്ടയുടനെ,'ലീലാ ഗോപകുമാരഹരേ' എന്നും, പിന്നീട് അടുത്തുചെന്ന് ആ യുവാവിന്റെ തലയിലും തോളിലും തലോടിക്കൊണ്ട്, 'വദനസുധാകരകലിതാമൃത രസ' എന്നും ഗാനം ചെയ്തു.

മാമാവെങ്കിടൻ ചിലമ്പിനിയത്തേയ്ക്ക് പോവുന്നത് കേശവപിള്ളയുടെ നിർദ്ദേശപ്രകാരമാണെങ്കിലും മീനാക്ഷി 'കേശവ'ശബ്ദം കേട്ട് നമ്രമുഖിയാവുന്നത് മാമന് പഥ്യമായിട്ടില്ല. കേശവപിള്ളയാവട്ടെ, അനുരാഗവിഷയത്തിൽ അനാഘ്രാതകുസുമമായിരുന്നു. മാമനും പവതിയും കെട്ടിയുണ്ടാക്കിയ കഥയിൽ കേവല കൌതുകം മാത്രമേ അയാൾക്കു തോന്നിയുള്ളൂ. എന്നാൽ ആ അയോഗശൃംഗാരത്തെ പർവ്വതീകരിച്ച്

കേശവപിള്ളയുടെ അവിവാഹിതത്വത്തിന് കാരണമാക്കുകയാണ് നോവലിസ്റ്റ് ചെയ്യുന്നത്. സ്വഗൃഹത്തിൽ വെച്ച് അപ്രതീക്ഷിതമായ ഒരു ദർശനവും, പിന്നീട് പടത്തലവന്റെ സാമീപ്യത്തിൽ മറ്റൊരു കാഴ്ചയും, ഉണ്ടായിട്ടുണ്ടെങ്കിലും പ്രണയത്തിനു വേണ്ടതായ വിഭാവാനുഭാവങ്ങളൊന്നും നോവലിസ്റ്റ് ഒരുക്കിയിട്ടില്ല. മീനാക്ഷിക്ക് കേശവപിള്ളയോട് അനുരാഗലേശമില്ലെന്ന് പടത്തലവൻ തൊട്ടറിയുന്നുമുണ്ട്. എന്നാൽ തെറ്റിദ്ധാരണ നിമിത്തമുണ്ടായ സമാഗമത്തെ തുടർന്ന് കേശവപിള്ള ദുഃഖിതനാവുകയും തന്റേത് ചിരകാല പ്രണയനഷ്ടമാണെന്ന നിലയ്ക്ക് പെരുമാറുകയും ജീവിതാന്ത്യം വരെ വിഭാര്യനായിരിക്കാൻ തീരുമാനിക്കുകയും ചെയ്യുന്നു. മീനാക്ഷിയുടെയും കേശവൻകുഞ്ഞിന്റെയും പില്ക്കാലജീവിതത്തെ അപ്പാടെ കലുഷിതമാക്കിയ ഈ തീരുമാനം കേശവപിള്ള ഏകമാത്രഹേതുവായി വരിച്ചതാവാൻ സാധ്യതയില്ല. സ്ത്രീപുരുഷബന്ധത്തെ വിമുഖമാക്കിയ സ്വഭാവവിശേഷത്തിന് നാലുപേർ കേട്ടാൽ ന്യായമെന്ന് തോന്നും വിധമുള്ള ഒരു കാരണം കണ്ടെത്തിയതാവാൻ തരമുണ്ട്. മറ്റു പല കഥാപാത്രങ്ങളുടെയും സ്വവർഗ്ഗസൌഹൃദങ്ങളിലെ അനുരാഗാംശത്തെ സ്ത്രീലമ്പടത്വം കൊണ്ട് മറച്ചുപിടിച്ച തന്ത്രം കേശവപിള്ളയുടെ കാര്യത്തിൽ സി.വി.യ്ക്ക് കഴിയാതെ പോയി. കേശവപിള്ളയിൽ അടിച്ചമർത്തപ്പെട്ട രതി അധികാരരൂപത്തിലാണ് പ്രധാനമായും ഉദാത്തീകരിക്കപ്പെട്ടത്. രാജ്യകാര്യങ്ങളിൽ അയാൾ മുഴുകുന്നത് സ്വകർത്തവ്യമെന്നതിലുപരി വൈകാരികമായിട്ടാണ്. ഏതോ ജീവൽശക്തിയുടെ ആവേഗങ്ങളാണ് അയാളെ കർമനിരതനാക്കുന്നത്. അതുകൊണ്ടുതന്നെ ചില ഘട്ടങ്ങ

ളിൽ രാജ്യകാര്യങ്ങളെ പ്രതി അയാൾ വ്യക്തിപരമായി അസ്വസ്ഥനാകുന്നുണ്ട്. മഹാരാജാവ്, തന്നെ സംശയിക്കുന്നു എന്നു തോന്നിയ ഒരു ഘട്ടത്തിൽ കേശവപിള്ള അതീവ ദുഃഖിതനായി സകലകുറ്റങ്ങളും ഏറ്റെടുക്കാൻ തയ്യാറാവുന്നതും ഇതേ വൈകാരികത മൂലമാണ്. *ധർമ്മരാജാ*യിൽ പടത്തലവൻ രംഗപ്രവേശം ചെയ്യുന്നതോടെ കടിഞ്ഞാണുകളെല്ലാം അദ്ദേഹത്തിന്റെ കൈകളിലാവുകയും കേശവപിള്ളയുടെ സ്വഭാവത്തിലെ വിധേയഭാവം കുറെക്കൂടി പ്രത്യക്ഷമാവുകയും ചെയ്യുന്നു. *രാമരാജാബഹദൂറി*ലെത്തുമ്പോൾ അമ്പത്തഞ്ചു വയസ്സു കഴിഞ്ഞ് വാർദ്ധക്യത്തിലേയ്ക്ക് കാലൂന്നിയ കേശവപിള്ളയെയാണ് കാണുന്നത്. അദ്ദേഹത്തിന്റെ അവിവാഹിതജീവിതം മുപ്പതുവർഷം കൊണ്ട് മീനാക്ഷിയുടെ ജീവിതത്തെ കലുഷമാക്കിക്കഴിഞ്ഞിരുന്നു. സമപ്രായക്കാരനായിരുന്ന കേശവനുണ്ണിത്താനെ പ്രതിനായകസ്ഥാനത്തെത്തിക്കുന്നതും കേശവപിള്ളയുടെ സാന്നിധ്യമാണ്. അവിവാഹിതനായി കഴിയുന്ന കേശവപിള്ള, കേശവനുണ്ണിത്താനെയും ഫലത്തിൽ വിഭാര്യനാക്കി മാറ്റിയിരുന്നു. കേശവനുണ്ണിത്താന്റെ അനുചരനായി രംഗപ്രവേശം ചെയ്യുന്ന കൊടന്തയാശാനിൽ സ്വവർഗ്ഗാനുരാഗിയുടെ ഭാവങ്ങൾ നോവലിസ്റ്റ് നിക്ഷേപിച്ചിട്ടുണ്ട്. വർണ്ണനകൊണ്ടു യാൾ സ്ത്രൈണപ്രകൃതിയുമാണ്. നോവലിൽ അന്തർലീനമായിരിക്കുന്ന സ്വവർഗ്ഗാനുരാഗത്തിലേയ്ക്ക് വായനക്കാർ നോക്കാതിരിക്കാനുള്ള നോക്കുകുത്തിപോലെയാണ് കൊടന്തയുടെ നില്പ്. സ്വവർഗ്ഗാനുരാഗത്തിന്റെ സാധ്യതകൾ അയാളിൽ ആരോപിക്കപ്പെടുമ്പോൾ യഥാർത്ഥ സ്വവർഗ്ഗാനുരാഗികൾ സ്വതന്ത്രരാവുന്നു.

*രാമരാജാബഹദൂറിൽ* പുതുതായി രംഗപ്രവേശം ചെയ്യുന്ന അഴകൻപിള്ള, കുഞ്ചൈക്കുട്ടിപ്പിള്ളക്കാര്യക്കാർ എന്നിവരോടുള്ള കേശവപിള്ളയുടെ പെരുമാറ്റങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചാൽ അദ്ദേഹത്തിന്റെ അഭിനിവേശങ്ങളുടെ ഏതാണ്ടൊരു ചിത്രം ലഭിക്കും. മാമാവെങ്കിടന് കേശവപിള്ളയോടുണ്ടായിരുന്ന ഭ്രമം ഇക്കാലമാവുമ്പോഴേയ്ക്കും ദരിദ്രമാവുകയും, അത് ത്രിവിക്രമകുമാരനോടുള്ള അഭിനിവേശമായി മാറുകയും ചെയ്യുന്നു. കുമാരന്മാരോട് മാത്രമായി തോന്നുന്ന ഒരു തരം സ്വവർഗ്ഗരത്യാഭിമുഖ്യമായിരിക്കാം മാമാവെങ്കിടനിൽ ഉണ്ടായിരുന്നത്. യുവജനങ്ങളാൽ പരിചരണം ചെയ്യപ്പെട്ട വാർദ്ധക്യകാലത്തായിരുന്നു സി.വി. *രാമരാജാബഹദൂർ* എഴുതിയത്.

പരദേശിയായ മല്ലനെ തോല്പിക്കാൻ കടന്നുവരുന്ന അഴകൻപിള്ളയെ നിഷ്കളങ്കനായ ഒരു ഗ്രാമീണനായാണ് സി.വി. ചിത്രീകരിച്ചിരിക്കുന്നത്. രാജാവിനോടും ചില വേളകളിൽ അയാൾ തർക്കിക്കുന്നുണ്ട്. അഴകൻപിള്ളയോട് കേശവപിള്ള വാത്സല്യസ്നേഹാദരങ്ങളുടെ സമ്മിശ്രഭാവത്തിലാണ് ഇടപെടുന്നത്. എന്നാൽ പ്രച്ഛന്നവേഷധാരിയും അമാനുഷിക കായികശേഷിക്കുടമയുമായ കുഞ്ചൈക്കുട്ടിപ്പിള്ളയോട് കേശവപിള്ള ആദരവിനൊപ്പം അഭിനിവേശവും പുലർത്തുന്നതുകാണാം.

*രാമരാജാബഹദൂറി*ന്റെ എട്ടാം അധ്യായത്തിലാണ് കുഞ്ചെക്കുട്ടി പ്പിള്ള രംഗപ്രവേശം ചെയ്യുന്നത്. കേശവപിള്ളയുടെ പ്രത്യേക വിശ്വസ്ത നും മഹാമാന്ത്രികനും ബഹുഭാഷാഭിജ്ഞനും വിവിധ വേഷങ്ങളുടെ ധാരണത്തിൽ വിദഗ്ധനും കണ്ഠീരവനോട് കിടനില്ക്കുമായിരുന്ന കായികാഭ്യാസിയുമായിരുന്ന ഇദ്ദേഹം ആഗമിക്കുമ്പോൾ കേശവപിള്ള സല്ക്കാരശാലയുടെ വാതിൽക്കലേയ്ക്കു ചെല്ലുന്നു.

> ഒരു യോഗീവേഷത്തിന്റെ പുറപ്പാടു സല്ക്കാരശാലയുടെ വാതില്ക്കലേയ്ക്കു നീങ്ങി ദിവാൻ ആ കാഷായ വസ്ത്രകവചിതനെ സഹർഷം പുണരുന്നു. സൌഹൃദത്തിന്റെ സമുൽകൃഷ്ടതയാലുള്ള ആലിംഗനം കൊണ്ടുതന്നെ ചാരപ്രധാനനായ കുഞ്ചെക്കുട്ടിപ്പിള്ള സൽകൃതനായി. എങ്കിലും മന്ത്രശാലയ്ക്കകത്തോട്ട് രണ്ടുപേരും കടന്നപ്പോൾ സേനാനിയമത്താൽ ബദ്ധന്മാരെന്നപോലെ രണ്ടുപേരും പിരിഞ്ഞു, നായകന്റെ നിലയിൽ ദിവാൻജിയും ഭടന്റെ നിലയിൽ മുഖത്തു നോക്കാതെ കാര്യക്കാരും നിലകൊണ്ടു.[35]

കുഞ്ചെക്കുട്ടിയുടെ ശരീരത്തെ സി.വി. വിശദമായി വർണ്ണിച്ചിട്ടുണ്ട്.

> കാര്യക്കാർ ജയദ്രഥകായനോ ഉന്നതഗ്രീവനോ ആയിരുന്നില്ല. എന്നാൽ സ്കന്ധങ്ങളുടെ കുംഭിമസ്തകതയും വക്ഷസ്സിന്റെ വിസ്തൃതിയും ഊരുജംഘാപ്രഥുലതയും കരങ്ങളുടെയമദണ്ഡതയും ലങ്കാപുരഗോപുര മതിലുകൾ തകർപ്പാൻ പോരുന്നവ തന്നെയായിരുന്നു. ബാല്യംമുതൽ ക്കുള്ള വ്യായാമവിവിധത്വത്താൽ പരിപുഷ്ടമായിട്ടുള്ള കായലാഘവവും സമരചാതുര്യവും യോധസമിതികളെക്കൊണ്ട് അദ്ദേഹം ദ്രോണാചാര്യ രുടെ കലിയുഗാവതാരം ആണെന്നുപോലും കീർത്തിപ്പിച്ചു. ... ഗളച്ഛേദനവും അശരണത്രാണവും ശിശുപരിലാളനവും സമഭാവത്തോ

ടെ അനുഷ്ഠിച്ചുവന്ന ഈ ലോകാതീതന്റെ ഹൃദ്വേദിയിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ദേഹിയുടെ രൂപഗ്രഹണം ദിവാൻജിക്കുപോലും ദുസ്സാധമായിരുന്നു.[36]

ഈ ശിശുപരിലാളനം കുഞ്ചെക്കുട്ടി ത്രിവിക്രമനോട് ചെയ്യുന്നുണ്ട്.

സ്വപ്നസംഭ്രമത്താൽ എന്ന പോലെ കൈകാലുകൾകൊണ്ട് ഓരോ താളങ്ങൾ അറഞ്ഞു മലർന്നു കിടന്നിരുന്ന കുഞ്ചെക്കുട്ടിപ്പിള്ളയെ പള്ളിയുറക്കത്തിനു ഭംഗം വരാത്ത മൃദുസ്വരത്തിൽ ഏകദേശം അരനാഴികയോളം 'അമ്മാവാ' എന്നുള്ള സങ്കീർത്തനത്താൽ ഉണർത്താൻ ശ്രമിച്ചു. ആ യോഗശയനത്തിനോ സ്വപ്നവികാരങ്ങൾക്കോ ഭംഗം ഉണ്ടായില്ല. ത്രിവിക്രമന്റെ ക്ഷമ അസ്തമിക്കുകയാൽ ആ കുമാരൻ കുഞ്ചെക്കുട്ടിപ്പിള്ളയുടെ ശരീരത്തെക്കൊണ്ട് ഒരു കൈലാസോദ്ധാരണം നിർവഹിപ്പാൻ തന്നെ മുതിർന്നു. കാൽമുട്ടുകൾ കുത്തി വിരലുകൾ പത്തും ഉള്ളങ്കയ്യും മുഴങ്കയ്യുടെ അഗ്രഭാഗവും അടിയിലോട്ടു കടത്താൻ അനുവദിച്ച ശരീരം, ത്രിവിക്രമന്റെ പാടവത്തെ ഒന്നു പരീക്ഷിപ്പാൻ തുടങ്ങി. ആ ലോഹശരീരം രോമമാത്രമെങ്കിലും ഉയരുകയോ അടിയിലോട്ടു കടത്തിയ ഹസ്തങ്ങളെ ഉപസംഹരിക്കുവാൻ സമ്മതിക്കുകയോ ചെയ്തില്ല. കാര്യക്കാരായ യോഗസിദ്ധനോട്ടു ബലപരീക്ഷണത്തിനോ, സാമവേദഗാനത്താൽ അദ്ദേഹത്തെ പ്രസാദിപ്പിപ്പാനോ നോക്കാതെ കേവലം ബാലകൗശലമായി ത്രിവിക്രമൻ അദ്ദേഹത്തിന്റെ കായകുട്ടിമത്തിന്മേൽ കംബളസ്ഥിതിയിൽ നിപാതം ചെയ്തു. നമ്മുടെ യുവമല്ലവിദഗ്ധൻ കാര്യക്കാരായ ഭാർഗ്ഗവാചാര്യരാൽ സകൃപം ആശ്ലേഷിതനായി. അതിമൃദുസ്വരത്തിൽ കാര്യക്കാർ ഇങ്ങനെ സംഭാഷണം ആരംഭിച്ചു: 'ഉറക്കെ സംസാരിക്കരുത്. തിരുമേനി പ്രജാകാര്യക്ലേശങ്ങളാൽ പ്രജാഗരത്തെ വരിച്ചിരിക്കുന്നു. അതുകൊണ്ട് എന്തെങ്കിലും ശബ്ദം കേട്ടാൽ ഇങ്ങോട്ടെഴുന്നെള്ളും. അതുപോകട്ടെ, മർമ്മവിദ്യകൊണ്ട് കുട്ടന് കുഞ്ചെക്കുട്ടിയെ ഉണർത്തിക്കൂടായിരുന്നോ?' ത്രിവിക്രമൻ തന്റെ ശിരസ്സുകൊണ്ട് കുഞ്ചെക്കുട്ടിപ്പിള്ളയുടെ വക്ഷസ്സിൽ ചില സ്നേഹതാഡനങ്ങൾ ഏല്പിച്ചു.

> ... കാര്യക്കാർ ത്രിവിക്രമനെ ഗാഢമായി ആശ്ലേഷവും ഗണ്ഡങ്ങളിലും ശിരസ്സിലും ചുംബനവും ചെയ്തു സ്വഹസ്തങ്ങൾക്കിടയിൽനിന്നു മുക്തനാക്കി. ത്രസിക്കുന്ന അധരങ്ങളാൽ പലതും പുലമ്പിക്കൊണ്ട് നമ്മുടെ യുവാവ് ആ ഗുരുവര്യന്റെ പാദങ്ങൾ തൊട്ടുകണ്ണിൽ സമർപ്പണം ചെയ്തിട്ട് പുറപ്പെട്ടു.[37]

അവിവാഹിതനായ കുഞ്ചൈക്കുട്ടിപ്പിള്ള തന്റെ ജീവൽശക്തിയെ പ്രവൃത്തിമണ്ഡലത്തിൽ കേന്ദ്രീകരിച്ചവനായിരുന്നു. അദ്ദേഹത്തിന്റെ പൂർവ്വകാലചരിത്രം സി.വി. സംഗ്രഹിക്കുന്നത് ഇപ്രകാരമാണ് :

> ബാല്യത്തിൽ തന്നെ സിദ്ധാർത്ഥ പരമാത്മാവെപ്പോലെ വിശ്വരഹസ്യങ്ങളെക്കുറിച്ചു ചിന്താവിവശനായ കുഞ്ചൈക്കുട്ടിപ്പിള്ള പരാശ്രയം കൂടാതെ തീർത്ഥയാത്ര ചെയ്‌വാൻ എന്നുദ്ദേശിച്ച് ബഹുഭാഷകളും അവസാനത്തിൽ വല്ല അശ്വത്ഥമൂലത്തിലും യോഗപീഠത്തെ സ്ഥാപിപ്പാൻ രാജയോഗരഹസ്യങ്ങളും അഭ്യസിച്ചതിനിടയിൽ വാസനാപ്ലവംഗതയാൽ മാന്ത്രികപ്രയോഗങ്ങളുടെയും സമരകലയുടെയും ജീവബിന്ദുക്കളെക്കൊണ്ടുകൂടി തന്റെ പ്രജ്ഞാകർണ്ണികയെ സംസിക്തമാക്കുകയും ചെയ്തു.[38]

കാര്യക്കാർ ശിലാശരീരൻ മാത്രമല്ല, ശിലാഹൃദയൻ കൂടിയാണെന്ന് മഹാരാജാവ് തിരിച്ചറിയുന്നുണ്ട്. കണ്ഠീരവരായരെ കാര്യക്കാർ കൊലചെയ്തപ്പോൾ ബ്രഹ്മഹത്യ എന്ന അപരാധത്തെ മനസ്സിൽ വഹിച്ചുകൊണ്ട് മഹാരാജാവ് സ്വമഞ്ചത്തിൽ പതിച്ചു. മന്ത്രാഭ്യസനം കൊണ്ടും ബൌദ്ധരാജ്യങ്ങളിലെ സഞ്ചാരങ്ങൾ നിമിത്തവും രൂക്ഷമാനസനായിത്തീർന്നിട്ടുള്ള കുഞ്ചൈക്കുട്ടിപ്പിള്ളയെ വീട്ടിൽ നിറുത്തിക്ക

ളയാനും ആ തിരുവുള്ളം ചിന്തിച്ചു. എങ്കിലും കാര്യക്കാരുടെ അത്ഭുത സിദ്ധികളെക്കുറിച്ച് രാജാവിന് ആദരമുണ്ടായിരുന്നു. സാവിത്രിയെ കാണാതായപ്പോൾ കാര്യക്കാർ തന്നെയാണ് ഒരു നിമിഷം ഏകാഗ്ര ചിത്തനായി നിന്ന് അവൾ ചെന്നെത്തിയിരിക്കുന്ന സ്ഥലത്തെ രാജാവിനോട്ടുണർത്തിച്ചത്. കാര്യക്കാരുടെ ഏക ദൌർബല്യം കേശവപിള്ളയോടുള്ള സ്നേഹമാണെന്ന് രാജാവിനറിയാമായിരുന്നു.

> ആ തരുചർമ്മന്റെ മർമ്മാംശം ദിവാൻജിയോടുള്ള സ്നേഹപുടം ആണെന്ന് ഗ്രഹിച്ചിരുന്ന മഹാരാജാവ് സ്വമന്ത്രിയുടെ അപ്രാഗത്ഭ്യം കൊണ്ട് സകലപരാജയവും ഉണ്ടായി എന്ന് ഭർത്സിച്ചുതുടങ്ങി.[39]

കുഞ്ചൈക്കുട്ടിപ്പിള്ളയെ പ്രകോപിപ്പിക്കാൻ കേശവപ്പിള്ളയെ ഭർത്സിക്കുകയാണു വേണ്ടതെന്ന് രാജാവിനറിയാമായിരുന്നു.

> മഹാരാജാവ് : അവൻ തൊട്ടതുകൊണ്ടാണ് ഈ അപകടമെല്ലാം വന്നത്
>
> കാര്യക്കാർ : പരമ്പ് കോട്ട തകർത്ത് അങ്ങ് ചാടിക്കടക്കാനുള്ള പണിയല്ല ഇപ്പോഴത്തേത്. ശത്രു ദേവനാരായണൻ തിരുമേനിയുമല്ല.
>
> മഹാരാജാവ് : ജാലം പ്രയോഗിച്ചും ജയം നേടണം. തിരിഞ്ഞോടിയത് ആരുടെ വീഴ്ച?
>
> കാര്യക്കാർ : കരളറുത്തുവെയ്ക്കുന്നവരുടെ ഗതി ഇങ്ങനെത്തന്നെ
>
> മഹാരാജാവ് : അതു കളവാൻ ഒരുമ്പെട്ടാൽ ടിപ്പു ഒരടി മുന്നോട്ടു നീങ്ങുകയില്ലായിരുന്നു. ചെലവുകൊണ്ടു രാജ്യം മുടിഞ്ഞു. സാധുക്കൾ ചത്തൊടുങ്ങി. തിരിയുന്ന വഴിയെല്ലാം നാശം

കാര്യക്കാർ : ഇങ്ങനെ കല്പിക്കരുത്. ഊട്ടിവളർത്തിപ്പഠിപ്പിച്ച ശിഷ്യനെ ശപിക്കരുത്. അദ്ദേഹത്തിന്റെ നെഞ്ചുതകരുന്നത് ആരറിയുന്നു!

മഹാരാജാവ് : അതേയതെ! നെഞ്ചുതകരുന്നത് ആരുടേത്? ഒന്നും പറയണ്ടാ, കരുത്തില്ലാഞ്ഞ് കരയേണ്ടി വരുന്നു. ദ്രോഷി പടനടത്തിയാൽ ---

കാര്യക്കാരുടെ മനക്ഷാന്തി നഷ്ടമായി. 'കൊടുത്തത് ഒരൊടിയുന്ന വാളാണ്; വൈഷ്ണവധനുസ്സല്ല. ധരിപ്പിച്ചത് ഒരു വെള്ളപ്പഞ്ഞിക്കവണി; ബ്രഹ്മകൂർപ്പാസമല്ല' ഇങ്ങനെ പറഞ്ഞുംകൊണ്ട് ആ മാന്ത്രികൻ നിവർന്നു നിന്ന് ആ രാജമന്ദിരത്തെ അനുഗ്രഹിച്ച് എന്തോ മന്ത്രിച്ച് നെഞ്ചത്തുചേർത്തുള്ള ബദ്ധാഞ്ജലിയോടെ നടകൊണ്ടു.[40]

ഈ നടപ്പ് കുഞ്ചെക്കുട്ടിപ്പിള്ളയുടെ അവസാനരംഗത്തേയ്ക്കുള്ള സഞ്ചാരമാണ്. സ്വമിത്രശ്രമങ്ങളെ വിജയകരമാക്കാൻ ആ സിദ്ധൻ ധൃതവല്ക്കലനായി സമീപസ്ഥങ്ങളായ ചിത്രകൂടങ്ങളെ അതിക്രമിച്ചു. ഈ സഞ്ചാരം ദിവസങ്ങളോളം നീണ്ടുനിന്നു. കാനനമാർഗ്ഗേയുള്ള ഈ യാത്ര ജീവൽശക്തിയുടെ ഏകലക്ഷ്യപ്രാപ്തിയെ പ്രകടമാക്കുന്ന ഒന്നാണ്. തന്റെ ലൈംഗികോർജ്ജത്തെ അപ്പാടെ തുറന്നുവിടുന്ന കുഞ്ചെക്കുട്ടിപ്പിള്ള കെട്ടിനിറുത്തിയിരുന്ന ഒരു പ്രവാഹത്തെ നശീകരണശക്തിയാക്കി മാറ്റുന്നു. ഈ ഘട്ടത്തിൽ സി.വി. നടത്തുന്ന വർണ്ണനകൾ ലൈംഗികക്രിയകളെ അനുസ്മരിപ്പിക്കും വിധം പ്രതീകാത്മകങ്ങളാണ്.

സരസ്സിലെ ജലം അല്പാല്പമായി വാർന്നൊഴുകി. സേതുഭൂമിയെ വിദ്രവിപ്പിച്ചു കീഴ്പോട്ടിഴിയിച്ചു തുടങ്ങി. അനന്തശയ്യ എന്നപോലെ പടുക്കുന്ന ആ ശിവലിംഗത്തിന്റെ അടിയിലോട്ട് അദ്ദേഹത്തിന്റെ

ഇരുമ്പുപാരയെ കടത്തി. രാവണഹസ്തങ്ങളെ കൈലാസത്തിന്റെ അധോഭാഗത്തിലെന്നവണ്ണം ആ ലോഹഖണ്ഡത്തിന്റെ അഗ്രഭാഗം മുഴുവനെയും താഴ്ത്തി, ആ ശിലാകുട്ടിമത്തെ സരസ്സിലോട്ട് ആവേശിപ്പാൻ താൻ അഭ്യസിച്ചിട്ടുള്ള യോഗസിദ്ധിയെ കാര്യക്കാർ പ്രയോഗിച്ചു. മുസലത്തിന്റെ ബഹിരന്തത്തെ മുഷ്ടികൾ ഗ്രഹിച്ചു. കാര്യക്കാരുടെ വക്ഷസ്സും സ്കന്ധങ്ങളും ജാനുക്കളും ജൃംഭിച്ചു. നാസാദലങ്ങളും ഇമകളും വികസിച്ചു കളായദ്യുതിയോടെ പ്രകാശിച്ചു. മുഷ്ടികൾ മുസലാന്തസഹിതം കീഴ്പോട്ടു രേഖാമാത്രക്രമത്തിൽ താണു തുടങ്ങി. ശ്വാസസംയമനം ആയമി സമഗ്രന്റെ കായകുട്ടിമത്തെ പുഷ്കലീകരിച്ചു. ശിലാലിംഗത്തിന് ആസേതുഭൂമിയോടുള്ളബന്ധം വിച്ഛിന്നമായിത്തുടങ്ങി. കാര്യക്കാരുടെ ജംഘകളിലെയും ഹസ്തദണ്ഡങ്ങളിലെയും ജൃംഭിതങ്ങളായ പേശിബന്ധങ്ങൾ ഭ്രൂഭ്രമണോർജ്ജിതത്തോടെ പുളഞ്ഞുതുടങ്ങി. മുസലവും മുഷ്ടിയും അംഗുലമാത്രം താണു. ശിലാപ്രതിബന്ധം സ്വസ്ഥാനത്തു സൂക്ഷ്മതരചലനം തുടങ്ങി. കാര്യക്കാരുടെ കണ്ഠം ശിരസ്പരിമിതിയോളം വീർത്തു. ലലാടാസ്ഥികൾ ഭേദിക്കും വണ്ണം കപാലബന്ധങ്ങൾ ത്രസിച്ചു. ഊരുജംഘകൾ സംയോജിക്കുമാറ് ആകുഞ്ചിതങ്ങളായി. വക്ഷസ്തടം കോദണ്ഡാകൃതിയിൽ വക്രിച്ചു. മുഖകണ്ഠങ്ങൾ പൃഷ്ഠഭാഗത്തോട്ടു നമ്രങ്ങളായി...[41]

പത്തിൽ താഴെ രംഗങ്ങളിൽ മാത്രമാണ് കുഞ്ചെക്കുട്ടിപ്പിള്ള രാമരാജാബഹദൂറിൽ പ്രത്യക്ഷപ്പെടുന്നത്. എന്നിരിക്കിലും കഥാഗതിയെ നിർണ്ണായകമായി സ്വാധീനിക്കുന്ന ഒരു കഥാപാത്രമാണ് കാര്യക്കാർ. വഴിതിരിച്ചുവിട്ട ജീവൽശക്തിയുടെ ആക്രമണോത്സുകത അയാൾ വേണ്ടത്ര പ്രകടിപ്പിക്കുന്നുണ്ട്. ചാരത്വം തന്റെ വർഗ്ഗസ്വഭാവമാണെന്ന് കുഞ്ചെക്കുട്ടിപ്പിള്ള സ്വയം സമ്മതിക്കുന്നു. ഉദ്യോഗസംബന്ധിയായി സ്വീകരിക്കുന്ന പ്രച്ഛന്നവേഷങ്ങളിൽ അയാൾ അഭിരമിക്കുക തന്നെയാണ് ചെയ്യുന്നത്. ഗൂഢമായ വാർത്തകളും സംബന്ധങ്ങളും തിരിച്ചറിയാനും അവയിൽ വ്യാപരിക്കാനുമുള്ള അയാളുടെ സിദ്ധി അപാരമാണ്. ത്രിവിക്രമനോടും അഴകൻപിള്ളയോടും, ഒരിക്കൽ മാത്രം

ഭംഗാരാമനോട്ടം ലോലഹൃദയത്വം പ്രദർശിപ്പിക്കുന്ന കാര്യക്കാർ എല്ലായ്പ്പോഴും മൃദുഭാവം പ്രകടിപ്പിക്കുന്നത് കേശവപിള്ളയോടു മാത്രമാണ്. കാര്യക്കാർ രംഗപ്രവേശം ചെയ്യുന്ന എട്ടാം അധ്യായത്തിന്റെ ശീർഷകശ്ലോകം പ്രത്യേകം ശ്രദ്ധിക്കേണ്ട ഒന്നാണ്. സി.വി. നോവലധ്യായങ്ങൾക്കു തലക്കുറിയായി കൊടുക്കുന്ന ശ്ലോകങ്ങൾ കേവലം കഥാസന്ദർഭം പറയാൻ മാത്രമല്ല ഉപയോഗിക്കാറുള്ളത്. പരാമർശ്യത്തിന്റെ മർമ്മം തന്നെ വെളിവാക്കാനാണ് സി.വി. ഇത്തരം ശ്ലോകങ്ങൾ ഉപയോഗിക്കുക. *ധർമ്മരാജാ*യിലെ രണ്ടാമധ്യായത്തിൽ ചന്ത്രക്കാരനെ അവതരിപ്പിക്കാൻ *അതിഭുജവിക്രമധിക്കൃതശക്രപരാക്രമി* യായ രാവണനെക്കുറിക്കുന്ന ശ്ലോകമാണ് സി.വി. എടുത്തു ചേർത്തിട്ടുള്ളത്. കാര്യക്കാരെ അവതരിപ്പിക്കുന്ന അധ്യായത്തിന്റെ പ്രാരംഭ ശ്ലോകം ഇങ്ങനെയാണ് :

എന്നെ നീ മറന്നുവെന്നു
ഖിന്നനായി ഞാനിരുന്നു
ധന്യചരിത! വന്നിതിന്നു
നന്നു നന്നഹോ

ഇവിടെ കാത്തിരിക്കുന്നത് കേശവപിള്ളയും വന്നത് കാര്യക്കാരുമാണ്. കാര്യക്കാർ തന്നെ മറന്നുവെന്നു കരുതി ദിവാൻ ഖിന്നനായി ഇരിക്കുന്നത് മനോഘടനയിലെ സവിശേഷമായ ചില വ്യതിയാനങ്ങൾ നിമിത്തമാവാൻ സംഗതിയുണ്ട്.

മരണം സ്വയംവരിക്കാനായി കുഞ്ചെക്കുട്ടിപ്പിള്ള ഇറങ്ങിത്തിരിക്കുന്നത് രാജ്യരക്ഷയ്ക്കുവേണ്ടിയാണെന്ന് സി.വി. പറയുന്നില്ല. എന്നാൽ കേശവപിള്ളയ്ക്ക് അപമാനം വരുന്നത് പരിഹരിക്കാനും യുദ്ധത്തിൽ അയാളെ നഷ്ടപ്പെടാതിരിക്കാനുമാണ് കാര്യക്കാർ സാഹസത്തിനൊരുമ്പെടുന്നത്. കേശവനെ പ്രതി കുഞ്ചെക്കുട്ടി ഏതു സാഹസത്തിനും തയ്യാറാവുമെന്ന് മഹാരാജാവിന് അറിയാമായിരുന്നു. അതുകൊണ്ടാണ് ഗത്യന്തരമില്ലാത്ത ഒരു ഘട്ടത്തിൽ ദിവാൻജിയെ തള്ളിപ്പറഞ്ഞ് രാജാവ് കാര്യക്കാരെ പ്രകോപിപ്പിച്ചത്. അതു ഫലം കാണുകയും ചെയ്തു. ആയതിന്റെ പരോക്ഷഫലം രാജ്യരക്ഷയായി ഭവിച്ചു എന്നു മാത്രം.

വ്യക്തിത്വത്തിലെ ഇത്തരം സൂക്ഷ്മവ്യതിയാനം തന്നെയാണ് കേശവനുണ്ണിത്താന്റെ ജീവിതത്തെയും നരകമാക്കിയത്. താൻ മീനാക്ഷിക്ക് അനർഹനാണെന്ന തോന്നലും അതിലൂടെ ഉണ്ടായ അപകർഷതാബോധവുമാണ് അയാളെ സംശയരോഗത്തിലേയ്ക്കു നയിച്ചത്. പ്രതിസ്ഥാനത്ത് കേശവപിള്ളയെ പ്രതിഷ്ഠിക്കുന്നതും അപകർഷത നിമിത്തം തന്നെ. മീനാക്ഷി അപഥ സഞ്ചാരിണിയാണെന്ന് സ്ഥാപിക്കാൻ അയാൾ നിരന്തരം ശ്രമിക്കുന്നുണ്ട്. സാവിത്രി തന്റെ മകളാണെന്ന് അംഗീകരിക്കാൻ പോലും സ്വപൌരുഷത്തിൽ സംശയമുണ്ടായിരുന്ന അയാൾക്ക് കഴിയുന്നില്ല. ത്രിവിക്രമകുമാരന്റെ

സാന്നിധ്യം വരെ അയാൾക്ക് അസഹ്യമായിരുന്നു. സാവിത്രിയെ ത്രിവിക്രമനുകൊടുക്കേണ്ടി വരുന്നതിലുപരിയായ ഒരെതിർപ്പ് ത്രിവിക്ര മൻ സ്വഗൃഹം സന്ദർശിക്കുന്നതിൽ അയാൾക്കുണ്ടായിരുന്നു. പുരുഷലക്ഷണങ്ങളൊത്ത ആ കുമാരൻ മീനാക്ഷിയെ വന്നു കാണുന്ന തിലും അയാൾക്ക് എതിർപ്പുണ്ടായിരുന്നു. സ്ത്രൈണപ്രകൃതിയായ കൊടന്തയാശാൻ സ്വന്തം വീട്ടിൽ വരുന്നതിലും ഭാര്യയോടും മകളോടും അടുത്തുപെരുമാറുന്നതിലും ഉണ്ണിത്താന് എതിർപ്പുണ്ടായിരു ന്നില്ല. ഈ മാനസികാവസ്ഥയെക്കുറിച്ച് സി.വി. തന്നെ പറയുന്ന തിങ്ങനെയാണ്.

> പുരുഷലോകത്തിന്റെ ഖരപ്രകൃതം സഹ്യമായിത്തീരുന്നത് മാതൃസ്വഭാവ ത്തിന്റെ മൃദുലാംശം ഏറെക്കുറെ സങ്കലനം ചെയ്യുന്നതുകൊണ്ടാണ്. അവശ്യ സന്ദർഭങ്ങളിലെ പൌരുഷപ്രകടനം കൊണ്ട് സ്ത്രീത്വം ആരാധ നീയമാകുന്നു. പുരുഷത്വത്തിലെ മൃദുലാംശം ശുദ്ധഗതിത്വമായിത്തീരു ന്ന അവസ്ഥ അനുകമ്പാർഹമാകുന്നു.[42]

കേശവനുണ്ണിത്താൻ കേശവൻകുഞ്ഞായിരുന്ന കാലത്ത് അയാളുടെ സ്ത്രൈണസൌന്ദര്യം പടത്തലവനെയും കേശവപിള്ളയെയും മഹാരാ ജാവിനെയും യോഗീശ്വരനെയുമെല്ലാം വിവിധ സന്ദർഭങ്ങളിൽ സ്തബ്ധരാക്കുന്നുണ്ട്. *രാമരാജാബഹദൂറി*ന്റെ അവസാനഭാഗത്ത് കേശവപിള്ള ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

> ദിവാൻജി കണ്ഠമിടറിക്കൊണ്ട് : 'ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ, നാം പരസ്പരം കണ്ട അന്നു മുതൽ ഒരു സവിശേഷ ബന്ധത്തിലായി. എന്റെ സ്ഥാനത്തിന് ഞാൻ നയം പ്രയോഗിക്കേണ്ടവൻ തന്നെ. എങ്കിലും അങ്ങയെപ്പോലുള്ള ദിവ്യന്മാരോട്---'[43]

കേശവൻകുഞ്ഞിനെ ആദ്യമായി കണ്ട പടത്തലവനും ഇതേ അവസ്ഥയിലായിരുന്നു.

> തന്റെ മുന്നിൽ അശ്രുവർഷം പെയ്തുനിൽക്കുന്ന സമ്മോഹനാകാരനായ കോമളകുമാരനെക്കണ്ട് പടത്തലവൻ ആനന്ദക്ഷീണനായി എങ്കിലും എഴുന്നേറ്റ് യുവാവിന്റെ അടുത്തുചെന്ന് മുഖത്തെ നല്ലവണ്ണം സൂക്ഷിച്ച് നോക്കിയിട്ട്, സ്നേഹവിവശനായി അയാളെ തലോടി വിജയലബ്ധിയാൽ സമ്പ്രഹൃഷ്ടനായി, 'കഴക്കൂട്ടത്തുനിന്നു വരികയാണോ?'എന്നു ചോദ്യം ചെയ്തു. ആഗതനായ കേശവൻകുഞ്ഞ് 'അല്ലാ, എനിക്ക് ഒരു ജന്മം കഴിഞ്ഞുപോയി. രണ്ടാം ജനിക്ക് അച്ഛൻ അവിടന്നാണ്. അതുകൊണ്ട് ആദ്യമായി ഇവിടെ കണ്ട് തൊഴാൻ പോന്നു.' ശബാദാകർഷണം പടത്തലവരെ പനിനീർക്കുളത്തിൽ മുക്കി.[44]

സ്ത്രീസൌന്ദര്യം കൊണ്ടും ചപലതകൾകൊണ്ടും അനുഗ്രഹീതനായ കേശവൻകുഞ്ഞിന് അതിസുന്ദരിയായ ഭാര്യയുടെ സ്വഭാവശുദ്ധിയിൽ സംശയം തോന്നിയതും വിഭാര്യനായി കഴിഞ്ഞുകൂടിയതും സ്വാഭാവികമാണ്. പൌരുഷത്തെ സംബന്ധിച്ച അപകർഷതയാണ് ഇദ്ദേഹത്തെ കൊടന്തയാശാനുമായുള്ള സ്വവർഗ്ഗാനുരാഗസമമായ സൌഹൃദത്തിലേയ്ക്ക് നയിച്ചത്. ഇതിനെ നോവലിസ്റ്റിന്റെ ജീവചരിത്രവുമായി ബന്ധിപ്പിക്കാവുന്നതാണ്. വീരമാതൃകകളെ സൃഷ്ടിച്ച് വീരത്വം

ആഘോഷിക്കുന്നത് അപകർഷതയെ മൂടിവെയ്ക്കാനുള്ള ആന്തരികവും ലളിതവുമായ ഒരു മാർഗ്ഗമാണ്. ഇത് അബോധപൂർവ്വമായും സംഭവിക്കാവുന്നതാണ്. *രാമരാജാബഹദൂറി*ന്റെ ഭരതവാക്യം തന്നെ പൌരുഷത്തെ വിളംബരം ചെയ്യുന്ന ഒന്നാണ്. ഇത് നിർവ്വഹിക്കുന്നത് കേശവനുണ്ണിത്താനുമാണ്.

> ത്രിവിക്രമാ, കേട്ടോ സാവിത്രീ, തെറ്റിദ്ധരിക്കരുത്. ഞാൻ ജന്മനാതന്നെ നിരുന്മേഷപ്രകൃതമാണ്. എങ്കിലും ഒന്ന് അനുഭവം കൊണ്ട് അറിഞ്ഞിട്ടുണ്ട്. അതീവ സന്തോഷത്തെ സാമാന്യേന ഒരു അല്പസന്താപമെങ്കിലും പിന്തുടരുന്നു. അത് ഭഗവൽഗതി. എങ്കിലും നാം സൂക്ഷിക്കേണ്ടതൊന്നുണ്ട്. ശൈശവത്തിൽ വിഹാരം, കൌമാരത്തിലും യൌവനത്തിലും അഭ്യാസം, ബുദ്ധിസംസ്കരണം; അതു കടന്ന് അല്ലെങ്കിൽ, ഇങ്ങനത്തെ കെട്ടിൽ അകപ്പെട്ടു തീർന്നാൽ ഒരു നില -- മനസ്സിലായോ?-- ഘനം, ഗൌരവം, കാര്യസ്ഥത -- അതു വിടരുത്. ഇതെല്ലാം ഊർജ്ജസ്വലതയോടെ പരിപാലിക്കണം. നിങ്ങളുടെ വമ്പിച്ച കുലം,സമ്പത്ത്, പ്രതാപം ഇവയെ ലോകം എന്നും കണക്കാക്കുല്ല. വില പൌരുഷം ഒന്നിനാണ്. അതിന്റെ ദൃഢത എന്ത് അമൂല്യ സമ്പത്തെന്നോ! ശുദ്ധചര്യ എന്നു മറ്റുമുണ്ടല്ലോ, അതെല്ലാം പൌരുഷബോധത്തെ സ്വയം പിന്തുടരും.[45]

പൌരുഷത്തോടുള്ള അമിതാവേശം സി.വി.യുടെ ഒട്ടേറെ കഥാപാത്രങ്ങൾ പലസന്ദർഭങ്ങളിലും പ്രകടിപ്പിക്കുന്നുണ്ട്. പൌരുഷമില്ലായ്മ അങ്ങേയറ്റം അപഹാസ്യമാണെന്ന് നോവലുകളിൽ മാത്രമല്ല പ്രഹസനങ്ങളിലും സി.വി. ആവർത്തിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ നോവലിസ്റ്റിന്റെ മനോഘടനയിലെ ഒഴിയാബാധയാണ് പൌരുഷത്തോടുള്ള വിധേയത്വമെന്ന് കരുതേണ്ടിയിരിക്കുന്നു.

## 4.7. ആഖ്യാനത്തിലെ സ്വവർഗ്ഗകാമനകൾ

സി.വി. തന്റെ കഥാപാത്രങ്ങളെ വർണ്ണിക്കുമ്പോൾ സ്ത്രീ കഥാപാത്രങ്ങളെ വർണ്ണിക്കുന്നതിലുപരിയായി പുരുഷശരീരം വർണ്ണിക്കുന്നതിൽ അഭിരമിക്കുന്നതായി കാണാം. അനന്തപത്മനാഭൻ മരണാസന്നനായി വനത്തിൽ കിടക്കുമ്പോൾ വൃദ്ധഹാക്കിമും സംഘവും അയാളെ കാണുന്ന രംഗം ഇതിനൊരുദാഹരണമാണ്.

> മരണാവസ്ഥയിൽ കിടക്കുന്ന ഈ യുവാവിന് ഇരുപതിലധികം വയസ്സ് കാണുകയില്ല. തല വളർത്തി ഭുജത്തോളം നീട്ടി കണ്ടിച്ചിരിക്കുന്നു. വിശാലമായ നെറ്റിയും മഷിയണിഞ്ഞിരിക്കുന്നുവോ എന്നു തോന്നിക്കുന്നതുമായ കറുപ്പോടുകൂടിയ പുരികങ്ങളുംദന്തത്തിൽ പണിചെയ്തിട്ടുള്ള ചില വിശേഷ വിഗ്രഹങ്ങളിൽ കാണപ്പെടുന്നതുപോലെയുള്ള നാസികയും കരിമസ്തകം പോലെ വിരിഞ്ഞ മാറും ഒതുങ്ങിയ അരയും നീണ്ടുരുണ്ട് ഘനം പൂണ്ടുള്ള ബാഹുക്കളും അതിമനോഹരമായ വർണ്ണവും കണ്ടാൽ ആൾ അസാരനല്ലെന്ന് പ്രഥമദൃഷ്ടിയിൽത്തന്നെ ഏവനും ബോധ്യപ്പെടും.[46]

*ധർമ്മരാജാ*യിലെ നായകനായ കേശവപിള്ളയെ വർണ്ണിക്കുന്നതും ദേഹകാന്തിയെ മുൻനിർത്തിയാണ്. ആ യുവാവിന്റെ കായചൈതന്യം തന്നിൽ ഉളവാക്കിയ സവിശേഷ പ്രസാദത്തെക്കുറിച്ച് മഹാരാജാവു തന്നെ പറഞ്ഞിട്ടുണ്ട്. മാമാവെങ്കിടനും ആ സുഭഗശരീരനെ കഥകളി

പ്പദം ചേർത്ത് വർണ്ണിക്കുന്നതുകാണാം. എന്നാൽ കേശവൻകുഞ്ഞിനെ വർണ്ണിക്കുന്നിടത്താണ് സി.വി. സകല നിയന്ത്രണവും അതിലംഘിച്ചിട്ടുള്ളത്. അമ്മാവനായ ചന്ത്രക്കാരൻ പോലും ആ യുവാവിന്റെ ദർശനത്താൽ പുളകിതനാവുന്നു.

> തന്റെ മുന്നിൽ പ്രവേശിച്ച പല്ലവകോമളവും വല്ലീകൃശവുമായ ആ ശരീരത്തിന്റെ ചേതോഹാരിത്വം ഉഗ്രനായ ചന്ത്രക്കാരന്റെയും ഹൃദയത്തെ സ്വല്പമൊന്നു ദ്രവിപ്പിച്ചു. ശിരസ്സിന്റെ പൂർവ്വഭാഗം മുഴുവൻ വളർത്തുനീട്ടി, നേന്ത്രക്കായപോലെ കെട്ടി മുമ്പറ്റംവികസിപ്പിച്ച് പുറകോട്ട് വാലിട്ടിരിക്കുന്ന കുടുമയും, ക്ഷൌരകർമ്മം കൊണ്ട് നീലിമയോടെ ശോഭിക്കുന്ന ശേഷം ശിരസ്പ്രദേശവും, ആ വർണ്ണത്തോടു തന്നെ അതിമിനുസ്സമായി വിളങ്ങുന്ന ഗണ്ഡങ്ങൾക്കും താടിക്കും മേൽച്ചുണ്ടിനും ഇടയ്ക്ക് രക്തവർണ്ണമായി ശോഭിക്കുന്ന അധരവും ശാന്തമായ പ്രകൃതി ഗൌരവത്തെയും അഗാധമായ വിജ്ഞാനത്തെയും സ്ഫുടീകരിക്കുന്ന നേത്രങ്ങളും പൌരുഷസൂചകമായ വിസ്തീർണ്ണ ലലാടവും പ്രഭുക്കളിടയിലും വിശുദ്ധവൃത്തന്മാരിൽ മാത്രം കാണപ്പെടുന്ന വർണ്ണകോമളിമാവും കൂടിയ ഈ യുവാവ് ചന്ത്രക്കാരന്റെ സന്നിധിയിൽ ആ പ്രഭുവിനെ സൃഷ്ടിച്ച കൈപ്പിഴയ്ക്ക് ബ്രഹ്മാവ് പിഴ മൂളിയ ഒരു വിശിഷ്ട നിർമ്മാണമായി വിപര്യയപ്പെട്ടു.[47]

ഈ യുവാവുതന്നെ അനന്തപത്മനാഭനെയും കേശവപിള്ളയെയും സൌന്ദര്യത്താൽ സ്വാധീനിച്ചതായി മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ഹരിപഞ്ചാനനനും ധർമ്മരാജാവുതന്നെയും ഈ യുവാവിന്റെ കാന്തിയിൽ ആകൃഷ്ടരായിട്ടുണ്ട്. കുപ്പശ്ശാർ ഇയാളുടെ സാന്നിധ്യത്തിൽ ആനന്ദനൃത്തം തന്നെ ചെയ്യുന്നുണ്ട്. *രാമരാജാബഹദൂറി*ലെത്തിയപ്പോഴും ആ കാന്തിക്ക് കോട്ടമൊന്നും സംഭവിച്ചില്ല.

*രാമരാജാബഹദൂറിൽ* യുവകോമളനായി അവതരിക്കുന്നത് ത്രിവിക്രമകുമാരനാണ്.

> സൌഷ്ഠവപരിപുഷ്ടി ചേർന്നുള്ള ആ കനകശരീരത്തിന്റെ കാന്തിധാടിയും മുഖത്തിന്റെ സുസ്മേരസങ്കലിതമായുള്ള വീര്യതേജസ്സും വക്ഷസ്സിന്റെ പൌരുഷസ്ഫുരണം ചെയ്യുന്ന വിസ്തൃതിയും ഭുജങ്ങളുടെ സംഹാര ദണ്ഡകത്വവും സഞ്ചാരത്തിലെ രമണീയതരമായുള്ള ലാഘവവിലാസവും മുഖേന്ദുബിംബത്തിന്റെ ശിരോഭാഗത്തെ ആവരണം ചെയ്യുന്ന കേശത്തിന്റെ സമൃദ്ധിയും അതിനെ ഗോപകുമാരസങ്കല്പത്തിനു ചേർന്ന വിധിയാൽ കണ്ഠത്തോളം വളർത്തി ഖണ്ഡിച്ചിരിക്കുന്നതു കൊണ്ടുള്ള രാജരസികതയും തന്റെ പ്രാർത്ഥനാമൂർത്തിയായുള്ള ഭഗവാൻ പരമശിവൻ പ്രത്യക്ഷദർശനം നല്കുന്നുവോ എന്നുള്ള ഭ്രമത്തെ ദേവകീഹൃദയത്തിൽ സംജാതമാക്കി.[48]

പ്രഥമദർശനത്താൽ തന്നെ ദേവകിയെ അനുരാഗപരവശയും മരണാസന്നയുമാക്കാൻ തക്ക സുന്ദരവിഗ്രഹനായിരുന്നു ത്രിവിക്രമൻ. ഈ കുമാരനോട് മറ്റു പുരുഷകഥാപാത്രങ്ങൾ പ്രദർശിപ്പിക്കുന്ന വാത്സല്യം സ്വവർഗ്ഗകാമനകളുടെ ഉദാത്തീകൃത ഭാവമാണെന്ന് കണ്ടെത്താൻ പ്രയാസമില്ല.

ദീർഘമായ പുരുഷവർണ്ണനകളെ കൂടാതെ ഒന്നോ രണ്ടോ വരികളിലെ പരാമർശങ്ങളായി ഒട്ടേറെ വർണ്ണനകൾ നോവൽത്രയത്തിൽ ചിതറിക്കിടക്കുന്നുണ്ട്. സ്ത്രീവർണ്ണനകളിലാകട്ടെ ഇത്തരം ധാരാ

ളിത്തം കാണാൻ കഴിയുന്നതുമല്ല. പുരുഷപ്രകൃതികളായ സ്ത്രീകളാണ് സി.വി.യുടെ ഉത്തമ നായികമാർ. സുഭദ്രയും, ത്രിപുരസുന്ദരിയും, മീനാക്ഷിയും, സാവിത്രിയുമെല്ലാം പുരുഷോചിതമായ ധൈര്യവും സ്ഥൈര്യവും പ്രദർശിപ്പിച്ചിട്ടുള്ളവരാണ്. കഥാപാത്രവർണ്ണനകളിൽ മാത്രമല്ല പ്രകൃതിവർണ്ണനകളിൽ പോലും പുല്ലിംഗപ്രതീകങ്ങളുടെ സാന്നിധ്യം പ്രകടമായി കാണാം. ആവർത്തിച്ചുവരുന്ന ഭൈരവലിംഗം ഇതിനൊരുദാഹരണമാണ്.

> മഹാതരുക്കളെ അവലംബിച്ചു നിൽക്കുന്ന ചെറുചെടികൾ ശോണകഞ്ചുകങ്ങളായി. ഞെരുങ്ങി നില്ക്കുന്ന ഒരു ഭൈരവലിംഗത്തിന്റെ പ്രതിഷ്ഠയും ക്ഷണത്തിൽ നിവർത്തിക്കപ്പെട്ടു. ഗിരിയുടെ ഉന്നത തടത്തിൽ നിന്ന് ജനനിബിഡമായ താഴ്‌വരയിലോട്ട് നീട്ടപ്പെട്ട തോക്കുകളുടെ വക്ത്രവൃത്തങ്ങൾ യമകിങ്കരരാക്ഷികൾ പോലെ പ്രകാശിച്ചുതുടങ്ങി.[49]

കുഞ്ചൈക്കുട്ടിപ്പിള്ള കാര്യക്കാർ കാനനസഞ്ചാരം ചെയ്യുമ്പോൾ സി.വി. നടത്തുന്ന പ്രകൃതി വർണ്ണനയിലെ ചിഹ്നങ്ങൾക്കും ലൈംഗികമായ മാനങ്ങളുണ്ട്.

> ചെമ്പരുത്തിപ്രഭയെ പ്രദ്യോതിപ്പിക്കുന്ന മകുടങ്ങളോടുകൂടിയ പെരുമ്പാമ്പുകൾ മൃതതരുശിഷ്ടങ്ങളെ വലയംചെയ്ത് ആഹാരഗ്രസനാർത്ഥം അഫണശിരസ്സുകളെ നീട്ടിചലിപ്പിക്കുന്ന ഭീഷണതയും, ലോകസഹജമായുള്ള സുഖാസുഖസമ്മിശ്രതയെ ആ വിജന സങ്കേതത്തിലും ദൃശ്യമാക്കുന്നു.[50]

ഇതേ തുടർന്ന് കാര്യക്കാർ നടത്തുന്ന സകല പ്രവർത്തനങ്ങളിലും ലിംഗപ്രതീകങ്ങളുടെ ധാരാളിത്തം ദൃശ്യമാണ്. കെട്ടിനിർത്തിയിരുന്ന പ്രവാഹത്തെ തകർത്ത് മഹാപ്രളയമാക്കുന്ന വിദ്യ മനശ്ശാസ്ത്രപരമായി ലൈംഗികോർജ്ജത്തിന്റെ ആക്രമണോത്സുകത തന്നെയാണ് വെളിവാക്കുന്നത്.

യുദ്ധവർണ്ണനകളെപ്പോലും ചില സന്ദർഭങ്ങളിൽ ലൈംഗികക്രിയയ്ക്കു സമാനമായാണ് സി.വി. വർണ്ണിച്ചിരിക്കുന്നത്. ത്രിവിക്രമകുമാരനും കണ്ഠീരവനും തമ്മിൽ നടക്കുന്ന മല്ലയുദ്ധത്തിന്റെ വർണ്ണന കാണുക :

> രണ്ടുപേരും മാറോടു മാറു ചേർന്ന് പരിരംഭണം ചെയ്യുന്നു; കൈയോടു കൈപിണച്ച് വട്ടം ചുറ്റുന്നു, മുതുകോടു മുതുകു ചേർന്ന് ചക്രഭ്രമണം ചെയ്ത് കാണികളെ നടുങ്ങിക്കുന്നു. തല രണ്ടും കൈകൾ നാലും പിണഞ്ഞ്, നാലുകാലിന്മേൽ ചരിക്കുന്ന ഒരു ജന്തു കരണം കുത്തി വിഹരിക്കുന്നതു പോലെയുള്ള ഒരു മത്സരസാഹസം ദൃശ്യമാകുന്നു. പാദ ദ്വന്ദ്വങ്ങൾ മാറി മാറി മേല്പോട്ടു കാണുമാറാകുന്നു. ശരീരങ്ങൾ രണ്ടും വീണ്ടും പിരിഞ്ഞ് മപ്പുകൾ തകർത്ത് കാണികളുടെ ശ്രവണപുടങ്ങളെ ഭേദിക്കുന്നു. പൂർവ്വപരീക്ഷകൾ ആവർത്തിച്ച്, ശരീരങ്ങൾ പിന്നെയും പിണയുന്നു. ഇങ്ങനെ രണ്ടുമൂന്നു കളം കഴിഞ്ഞപ്പോൾ രണ്ടു ശരീരങ്ങളും മുമ്പിലത്തെപ്പോലെ പരസ്പരം സംഘടിച്ച് ഭൂമിയിൽ വീണ് പരിവർത്തനം തുടങ്ങുന്നു.[51]

വർണ്ണനകളിലെ ലൈംഗികഭാവങ്ങൾ നോവൽത്രയത്തിന്റെ ആരംഭം മുതൽത്തന്നെ കാണാൻ കഴിയും. *മാർത്താണ്ഡവർമ്മ*യിലെ ഭ്രാന്തൻ ചാന്നാന്റെ ഒരു പ്രവൃത്തി കാണുക :

> ... കുറച്ചുനേരം പാടിയതിന്റെ ശേഷം അരക്കെട്ടിനിടയിൽ നിന്ന് ഒരു പദാർത്ഥമെടുത്ത് ഭ്രാന്തൻ തിന്നുന്നതിനെക്കണ്ട് കൊതിയന്മാരായ സദസ്യന്മാർ 'എന്തോന്നാണെടാ അത്? ഉണ്ടപ്പാരം അടിക്കണോ?' എന്ന കാര്യം കേട്ടു തുടങ്ങി. ഭ്രാന്തൻ ഭയം അഭിനയിച്ചുകൊണ്ട് അരക്കെട്ടിനിടയിൽ പിന്നെയും കയ്യിട്ട് കൃഷ്ണവർണ്ണമായ രണ്ടുണ്ടകൾ എടുത്ത് കാര്യക്കാരന്മാരായ സദസ്യർക്ക് ആദരപൂർവ്വം നീട്ടിക്കൊടുത്തു. ...മിനുമിനെ തിളങ്ങുന്ന ഗോളദ്വയം കണ്ടപ്പോൾ നാവ് അലിഞ്ഞു തുടങ്ങി.[52]

ഇപ്രകാരം രചയിതാവിന്റെ മനോഘടനയിലെ അബോധപ്രവർത്തന ഫലമായി സംഭവിച്ചിട്ടുള്ള വർണ്ണനകൾക്ക് ധാരാളം ഉദാഹരണങ്ങൾ ഇനിയും കണ്ടെത്താനാവും. ചിലഘട്ടങ്ങളിൽ ചെയ്തിട്ടുള്ള പുരുഷ വർണ്ണനകൾ മറ്റുപ്രകാരത്തിൽ വായിച്ചാൽ ലിംഗവർണ്ണനകൾ തന്നെയാണെന്നുകാണാം. ചന്ത്രക്കാരൻ കുപ്പശ്ശാരെ കാണുന്നവിധം നോക്കുക :

> തന്റെ ഒരു കൈയ്യുപിടിച്ചമർത്തി നില്ക്കുന്ന വിരൂപനായ ദീർഘകായൻ കറുത്ത കമ്പാവടങ്ങൾ കൊണ്ട് മാത്രം ഉണ്ടാക്കപ്പെട്ട ഒരു സത്വം പോലിരുന്നു. വളഞ്ഞുപിരിഞ്ഞ് അവിടവിടെ വട്ടുകെട്ടിയ കൃശദീർഘ ദണ്ഡശരീരം. ഏകനേത്രം, അതിൽ ശുക്ലച്ഛായ. മുരടിച്ച ജടകെട്ടി തിമർത്തു നില്ക്കുന്ന കേശമീശകൾ, നീണ്ടുകറുത്ത് ആടുന്ന ഏതാനും ദന്ത

ങ്ങൾ, പെരുമ്പാമ്പുകൾ പോലുള്ള കൈകാലുകൾ, തലയിൽ കച്ചകൊണ്ടുള്ള വലിയ റെട്ടിക്കെട്ട്, അരയിൽ മുഷിഞ്ഞ കാങ്കിക്കുത്തിയുടുപ്പ്.[53]

ആഖ്യാനത്തിൽ ഒളിഞ്ഞും തെളിഞ്ഞും വരുന്ന സ്വവർഗ്ഗകാമനകളുടെ ഇത്തരം ചിഹ്നങ്ങൾ രചനയുടെ അടിയൊഴുക്കുകളെ സൂചിപ്പിക്കുന്നു. രചയിതാവിന്റെ ബോധപൂർവ്വമായ ഇടപെടലുകളായി ഇവയെ കാണാനാവില്ല. പ്രമേയപരമോ ആഖ്യാനപരമോ ആയ നൈരന്തര്യം ഇവയ്ക്കില്ലാതെ പോവുന്നതും അബോധതലത്തിലെ പ്രവർത്തനങ്ങളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഇത്തരം ആന്തരികകാമനകളെ അഭിലഷണീയ മാതൃകകളാക്കാൻ സി.വി. നടത്തിയിട്ടുള്ള ശ്രമം ശ്രദ്ധേയമാണ്. യുവകോമളന്മാരോടുള്ള മുതിർന്നവരുടെ സ്വവർഗ്ഗകാമനകൾ വാത്സല്യമായി രൂപാന്തരപ്പെടുക സ്വാഭാവികമാണ്. വാത്സല്യവും ഭക്തിയും സമൂഹത്തിൽ ശൃംഗാരത്തിന്റെ അംഗീകൃത ഭാവങ്ങളാണ്. ഇതിൽ സി.വി. പ്രധാനമായി സ്വീകരിച്ചത് വാത്സല്യത്തെ ആയിരുന്നു.

### 4.8. വാത്സല്യരസം - സി.വി.യുടെ ആഖ്യാനത്തിൽ

സി.വി.യുടെ ആഖ്യാനത്തിലെ വാത്സല്യരസത്തെ അധികരിച്ച് എസ്.വി.വേണുഗോപൻ നായർ രചിച്ച *വാത്സല്യരസം-സി.വി.യുടെ ആഖ്യായികകളിൽ* എന്ന ഗ്രന്ഥം വാത്സല്യഭാവത്തെ സി.വി. കൈ

കാര്യം ചെയ്തിട്ടുള്ള രംഗങ്ങൾ അക്കമിട്ടു നിരത്തുന്നുണ്ട്.[54] എന്നാൽ അവയെല്ലാം തന്നെ കേവലവാത്സല്യം എന്ന നിലയ്ക്കാണ് പ്രസ്തുത പഠനത്തിൽ വിശകലനം ചെയ്തിരിക്കുന്നത്. സൂക്ഷ്മമായ പാരായണ ത്തിൽ സി.വി.യുടെ വാത്സല്യഭാവത്തിനു പുറകിലെ ശൃംഗാരരസം വെളിപ്പെടുന്നതാണ്. ഈ വസ്തുത വ്യക്തമാകുന്നതിനായി ഏതാനും ഉദാഹരണങ്ങൾ പരിശോധിക്കാം.

ഹരിപഞ്ചാനനയോഗീശ്വരൻ കേശവൻകുഞ്ഞിന്റെ സൌന്ദര്യം കണ്ട് പ്രസാദിച്ചതിനുശേഷം, 'പോരിക, നാം നിനക്ക് പിതാവായും അതിലധികമായും ഭവിക്കും' എന്നു പറയുന്നു. മാമാവെങ്കിടൻ കേശവപിള്ളയെക്കാണുമ്പോൾ കെട്ടിപ്പിടിച്ച് ആകാശത്തേയ്ക്കുയർത്തി, മഞ്ജുതരപാടി ചുംബനവർഷം ചെയ്യുന്നു. ഇപ്രകാരം തന്നെ *രാമരാജാ ബഹദൂറിൽ* ദിവാൻജി അഴകൻപിള്ളയെ സഹർഷം ആലിംഗനം ചെയ്യുന്നു. കേശവപിള്ളയ്ക്ക് വീരന്മാരോടുള്ള അഭിനിവേശം വാത്സല്യ ത്തെയും കടന്ന് ആരാധനയായി മാറുന്നുണ്ട്. ഇതറിയാവുന്ന ധർമ്മ രാജാവ് കാര്യക്കാരെ കുറിച്ച് കേശവപിള്ളയോട് അന്വേഷിക്കുമ്പോൾ 'നിനക്ക് ഒരു ദ്രുപവുമില്ലേ ആ കാര്യക്കാർ എങ്ങോട്ടുപോയി എന്ന്? നിങ്ങൾ ഒന്നല്ലേ' എന്ന് പറയുന്നുണ്ട്.

വാത്സല്യമെന്തെന്ന് അനുഭവിച്ചറിയാത്ത ഒരു ബാല്യവുമായി ട്ടാണ് കേശവപിള്ള വളർന്നത്. പിന്നീട്,

> 'അപ്പനേ'എന്ന് വിളിച്ച് കയ്യേറ്റ പടത്തലവൻ സ്നേഹവാരിധിയായ കാരണവരായി ഭവിച്ചു. പോക്കുമൂസാ എന്നും രക്ഷകർത്താവിന്റെ വാത്സല്യാർദ്രനേത്രങ്ങളുമായി നിന്നു. മഹാരാജാവിന്റെ വാത്സല്യം നിറകതിർ വീശി അയാളുടെ ഭാഗ്യങ്ങളെ തെളിച്ചു. ബാല്യത്തിൽ തനിക്ക് ലഭിക്കാതെപോയ വാത്സല്യം പില്ക്കാലത്ത് തന്റെ അനന്തര സ്ഥാനീയരായി വന്നവരുടെ മേൽ നിർല്ലോഭം ചൊരിഞ്ഞ് നിർവൃതി കൊള്ളുന്ന കേശവപിള്ളയെ രാമരാജാബഹദൂറിൽ ഉടനീളം കാണാം. *ധർമ്മരാജാ*യിൽ അദ്ദേഹം വാത്സല്യത്തിന് ആർത്തിപ്പെടുന്നു. *രാമരാജാബഹദൂറിൽ* സ്വപ്രിയരുടെമേൽ വാത്സല്യംചൊരിഞ്ഞ് ആ ആർത്തി തീർക്കുന്നു.[55]

കേശവപിള്ള അനുഭവിച്ച അനാഥത്വവും അരക്ഷിതാവസ്ഥയും എടുത്തുപറയുന്ന ഇത്തരം പഠനങ്ങളിൽ പോലും അരക്ഷിതബാല്യം വ്യക്തിത്വത്തിൽ ചെലുത്തുന്ന സ്വാധീനങ്ങളെക്കുറിച്ച് യാതൊന്നും പറയുന്നില്ല. അയാളുടെ അവിവാഹിതത്വത്തിന്റെ കാരണമായിപ്പറയുന്ന അയോഗശൃംഗാരത്തിന്, ജീവിതാന്ത്യം വരെ അയാളെ വിഭാര്യനായി നിർത്താൻ പോന്ന ശക്തിയുണ്ടായിരുന്നതായി സാമാന്യവായനയിൽ ബോധ്യപ്പെടുകയില്ല. അത്തരമൊരു സംഭവം, വ്യക്തിത്വത്തിലെ വ്യതിയാനങ്ങളെ മറച്ചുപിടിക്കാൻ അയാൾക്ക് പ്രയോജനപ്പെട്ടിരിക്കാം. തന്റെ ജീവൽശക്തിയെ ഭരണനിപുണതയും കാര്യപ്രാപ്തിയുമായി പരിവർത്തനപ്പെടുത്താൻ കേശവപിള്ളയ്ക്ക് സാധിച്ചു. ഈ കഥാപാത്രം

ഇതര കഥാപാത്രങ്ങളോട് ഇടപെടുന്ന രീതി സൂക്ഷ്മമായി വിശകലനം ചെയ്താൽ വാത്സല്യസമന്വിതമായ സ്വവർഗ്ഗാനുരാഗത്തിന്റെ പൊടിപ്പുകൾ അവയിൽ ധാരാളമായി കണ്ടെത്താനാവും. സാവിത്രിയുടെ തിരോധാനം അറിഞ്ഞുകൊണ്ട് ത്രിവിക്രമൻ മുന്നിലെത്തുമ്പോൾ,

> ദിവാൻജി വാത്സല്യാശിസ്സുകളോടെ അയാളുടെ ശിരസ്കന്ധങ്ങൾ പലവുരു തലോടുന്നു. 'പട്ടാണിക്കുട്ടൻ'എന്ന് ദിവാൻജി സ്നേഹമധുരമായി വിശേഷിപ്പിക്കുന്ന ത്രിവിക്രമൻ അദ്ദേഹത്തിന്റെ അംഗരക്ഷകനല്ല; സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും എന്നും ആർത്തിപ്പെട്ടിരുന്ന ആത്മാവിന്റെ രക്ഷകനത്രേ. അഴകൻപിള്ളയോട് തെല്ല് വാത്സല്യമിയന്നതും കുഞ്ചൈക്കുട്ടിപ്പിള്ളയോട് ആദരസമന്വിതവുമായ സോദരവാത്സല്യം പുലർത്തുന്നു കേശവപിള്ള. അദ്ദേഹത്തെ വലിയ ദിവാൻജിയാക്കുന്നത് ആ ഹൃദയത്തിൽ നിന്നൊഴുകുന്ന അക്ഷയമായ സ്നേഹവാത്സല്യാമൃതം തന്നെ. കേശവപിള്ളയോടുള്ള വാത്സല്യം തന്റെ ആധാരശ്രുതിയാക്കിയ സ്നേഹസ്വരൂപനാണ് മാമാവെങ്കിടൻ. ഗാനനിർഘോഷത്തിനിടയിൽ കേശവപിള്ളയുടെ ഗണ്ഡസ്ഥലങ്ങളിൽ രണ്ടുകൈകളും അണച്ച് കുലുക്കലും നിയമപ്രകാരം അനുഗ്രഹിക്കലും കുട്ടിക്കേശവന്റെ വിനോദത്തുക്ക് 'ലീലാഗോപകുമാരഹരേ' പാടിയാടലും അയാളുടെ അംഗരക്ഷകനായി 'അങ്ങൊടടൻ പുനരിങ്ങോടടൻ' ഗൂഢമായി പിന്തുടരലും പരിഭവംചൊല്ലലും കൊണ്ട് ആ വാത്സല്യാർദ്രത സഹസ്രദലപത്മമായി വിടർന്ന് തന്റെ വത്സനെ അതിനുള്ളിൽ ബന്ധിക്കുന്നു. പി.കെ.പരമേശ്വരൻ നായർ എഴുതുന്നു: 'ശിശു ഹൃദയത്തെ ആസ്വദിക്കാനും ശിശുഹൃദയത്തോട് സഹാനുഭൂതി കൊള്ളാനും സി.വി.രാമൻപിള്ളയ്ക്കുള്ള പാടവം അപാരമാണ്.' മാമൻ കുപ്പനെ അണ്ണനെന്നാണ് സംബോധനചെയ്യുന്നതെങ്കിലും അയാളോടും അളവറ്റ വാത്സല്യം തന്നെ. കുപ്പനെ കണ്ടാലുടൻ ചാടി എണീറ്റ് ആ പ്രാകൃത രൂപത്തിന്റെ ചുറ്റും നൃത്തം ചവിട്ടുകയായി. കുപ്പശ്ശാർ തന്റെ കുട്ടിപ്പട്ടരായ മാമനെ വാത്സല്ലിക്കുന്ന രംഗം സി.വി. വർണ്ണിക്കുന്നതിങ്ങനെയാണ് : 'ആ ശളുവാസ്വാമിയെ കണ്ടപ്പോൾ ആ ഏകനേത്രം വർഷിച്ച അശ്രുപ്രവാഹം മാമനെ ഒരു സന്ധ്യാസ്നാനം കഴിച്ചു. ബീഭത്സമായ കുപ്പശ്ശാരുടെ മുഖകബളം അനവധി കൃഷ്ണജളുകങ്ങൾ ഒന്നായിച്ചേർന്ന് പിണഞ്ഞടിഞ്ഞു പുളയുംവണ്ണം സന്തോഷം കൊണ്ട് ചലിച്ചു തുടങ്ങി. തനിക്ക്

ശേഷിച്ചിട്ടുള്ള പല്ലുകളുടെ ഒരു കനേഷുമാരി എടുക്കത്തക്കവണ്ണം അയാൾ വാപൊളിച്ച് അവയെ മുഴുവൻ പുറത്തുകാട്ടി. വക്രിതമുഖ ത്തിന്റെ ഏകപാർശ്വം കൊണ്ട് ആനന്ദരസബിന്ദുക്കളെ വർഷിച്ചു.'[56]

ഉഗ്രശാന്തന്മാരുടെ നിർവ്വാണരംഗത്തെ ഭയാനകാനുപ്രാണിതമായ വാത്സല്യപ്രകടമാക്കിയാണ് സി.വി. വർണ്ണിച്ചിരിക്കുന്നത്.

.. ഇങ്ങനെ കരുണാനിദാന കേന്ദ്രഭേദിയായുള്ള മൃദുമഞ്ജുള യാചന കേട്ട് അസ്സൽ ഛായ പിന്നെയും കരണങ്ങളെ വിടർത്തി. പ്രതിഛായ, സ്നേഹശാഠ്യം കൊണ്ട് കലഹിച്ചിരുന്ന ബാലൻ മാതൃവക്ഷസ്സോട് ചേരും വണ്ണം ആ കരങ്ങൾക്കിടയിൽ പാഞ്ഞുപതിച്ചു.[57]

മാർത്താണ്ഡവർമ്മയിൽ ഹാക്കിം ഷംസുഡീനോടുകാട്ടുന്ന അതി വാത്സല്യത്തിന്റെ കാരണത്തെ കണ്ടെത്താൻ എളുപ്പമാണ്. ഷംസുഡീ നെ കാണാതിരിക്കുമ്പോൾ 'ഈ നഗരത്തിന് തീ വെയ്ക്കുകയോ? നമ്മു ടെ ആളുകളെക്കൊണ്ട് കൊള്ളയടിക്കയോ?' എന്നൊക്കെ തനിക്ക് സഹജമായ കോപാദിദുശ്ശീലങ്ങളെ ധാരാളമായി പ്രദർശിപ്പിക്കുന്ന ഹാക്കിമിന്റെ ആത്മാവിൽ ഷംസുഡീന്റെ ദർശനം അജ്ഞാതമായൊ രാനന്ദം നിറയ്ക്കുന്നു. നൂറുഡീന് ഷംസുഡീനോട് ആരാധനാസമന്വിത മായ വാത്സല്യമാണ്. കാശിവാസിയോട് 'ദശാവ് ' തോന്നിയ ശങ്കു വാശാന് ആ ദ്വിഭാഷിയുടെ എള്ളുംപ്പൂ മൂക്ക് കാണ്മവാൻ എപ്പോഴും കൊതിയാണ്. *ധർമ്മരാജാ*യിൽ പോക്കുമൂസായുടെ വാത്സല്യമാണ് തൽക്കാലാപത്തുകളിൽ ജീവഭയം നേരിടാതെ കേശവപിള്ളയെ

രക്ഷിക്കുന്നത്. അതിനുവേണ്ടിയാണ് പക്കീർസാ എന്ന വിശ്വസ്തനെ പോക്കുമൂസാ മുതലാളി കേശവപിള്ളയുടെ സമീപത്തേക്കയയ്ക്കുന്നത്. *മാർത്താണ്ഡവർമ്മ*യിൽ പരമേശ്വരൻപിള്ളയ്ക്ക് ഭ്രാന്തനോട്ടു തോന്നുന്ന വാത്സല്യത്തെ സി.വി. വാത്സല്യഭക്തിയായി മാറ്റിയിരിക്കുന്നു.[58]

ഇപ്രകാരം കഥാപാത്രങ്ങളുടെ പരസ്പരബന്ധങ്ങളിൽ പ്രവർത്തിക്കുന്ന വീരാരാധനയും അഭിനിവേശവും സ്വവർഗ്ഗാനുരാഗവുമെല്ലാം സാമൂഹികാനുമതിയുള്ള വാത്സല്യത്തിലേയ്ക്ക് പരിവർത്തനപ്പെടുത്തുകയാണ് സി.വി. ചെയ്തിട്ടുള്ളത്. സി.വി.യുടെ ജീവചരിത്രസംബന്ധിയായ വസ്തുതകളും ഈ.വി.കൃഷ്ണപിള്ളയുടെ ആത്മകഥയായ *ജീവിതസ്മരണകളും* ചേർത്തുവായിക്കുമ്പോൾ സി.വി.യുടെ രചനകളിൽ കാണുന്ന പരിപുഷ്ടമായ വാത്സല്യഭാവത്തിന്റെ അടിവേരുകൾ സ്വവർഗ്ഗാനുരാഗത്തിന്റേതു തന്നെയാണെന്ന് വ്യക്തമാവുന്നതാണ്.

### 4.9. അവലോകനം

സി.വി.രാമൻപിള്ളയുടെ സർഗസംഭാവനകളിൽ കേന്ദ്രസ്ഥാനത്തു നിൽക്കുന്ന ചരിത്രാഖ്യായികകൾ വാർപ്പുമാതൃകകൾ കൊണ്ട് സമ്പന്നമാണ്. ഇതിവൃത്തത്തിലും കഥാപാത്രസൃഷ്ടിയിലും ആഖ്യാനത്തിലും ഇത് പ്രകടമാണ്. ചുരുക്കത്തിൽ പ്രജനക സ്വഭാവത്തോടുകൂടിയ

ഒരു കഥാതന്തുവിനെ വ്യത്യസ്ത ആഖ്യാനങ്ങൾക്കുവേണ്ടി അദ്ദേഹം പ്രയോജനപ്പെടുത്തുകയായിരുന്നു എന്നു പറയാം. വീരത്വത്തോടുള്ള പക്ഷപാതം ഇതിവൃത്തത്തിൽ പ്രകടമാണ്. എന്നാൽ ആന്തരികമായ ദൌർബല്യങ്ങളെ അതിജീവിക്കാനുള്ള ശ്രമം ഇത്തരം പൌരുഷ പ്രകടനങ്ങളിൽ കണ്ടെത്താനാവും. മനശ്ശാസ്ത്രഭാഷയിൽ പറഞ്ഞാൽ, ആത്മപ്രതിരോധതന്ത്രങ്ങളായ മിഥ്യാരോപം (Projection), യുക്തീകരണം (Rationalization), പ്രതിക്രിയാപ്രതിരോധം (Reaction formation), താത്ത്വികത (Intellectualization), ആഖ്യാനസങ്കീർണ്ണത (Complicated narration), പരപീഡയിലൂന്നിയ ആത്മപീഡനം (Sadism/Masochism), ഉദാത്തീകരണം (sublimation) മുതലായവയെല്ലാം സ്വാഭാവികവും സമർത്ഥവുമായ രീതിയിൽ സി.വി.യുടെ രചനകളിൽ പ്രവർത്തിച്ചിരിക്കുന്നു. ചിഹ്നവിശകലനത്തിൽ വെളിവാകുന്ന പുല്ലിംഗകാമനകളും ശ്രദ്ധേയമാണ്. സി.വി.യുടെ ജീവചരിത്രവുമായി ചേർത്തുവായിക്കുമ്പോൾ ചരിത്രാഖ്യായികകളിലെ സ്വവർഗ്ഗകാമനൾക്ക് സാധൂകരണം ലഭിക്കാനുള്ള സാഹചര്യവുമുണ്ട്. ഈ അടിസ്ഥാനത്തിൽ സി.വി. കൃതികളുടെ പുനർവായനകൾക്ക് ഇനിയും സാധ്യതകളുണ്ട്.

## കുറിപ്പുകൾ

---

[1] രവീന്ദ്രൻ.പി.പി. 'സി.വി.രാമൻപിള്ള-വർത്തമാനത്തിന്റെ ചരിത്രം' *വീണ്ടെടുപ്പുകൾ* (ഡി.സി.ബി, 2006) പു.19

[2] ജീവചരിത്രപരമായ വസ്തുതകൾക്ക് പ്രധാനമായും ആശ്രയിച്ചിരിക്കുന്നത് പി.കെ.പരമേശ്വൻപിള്ള രചിച്ച ജീവചരിത്രത്തെയാണ്

[3] പരമേശ്വരൻ നായർ.പി.കെ. *സി.വി.രാമൻപിള്ള* (കോട്ടയം, എസ്.പി.സി.എസ്, 1982) പു.50

[4] അതിൽത്തന്നെ. പു.69

[5] അവിടെത്തന്നെ. പു.70

[6] *Freud - Complete works*, p.1895

[7] പരമേശ്വരൻ നായർ.പി.കെ. *സി.വി.രാമൻപിള്ള* (കോട്ടയം, എസ്.പി.സി.എസ്, 1982) പു.81 - 91

[8] അതിൽത്തന്നെ. പു.118

[9] അതിൽത്തന്നെ. പു.179

[10] അതിൽത്തന്നെ. പു.215

[11] അതിൽത്തന്നെ. പു.287

[12] കൃഷ്ണപിള്ള.ഈ.വി. *ജീവിതസ്മരണകൾ - മൂന്നാംഭാഗം* (ഡി.സി.ബി. 1978) പു.129

[13] അതിൽത്തന്നെ. പു. 156 - 157

[14] അതിൽത്തന്നെ. പു. 178

[15] *പ്രതിപാത്രം ഭാഷണഭേദം, ദൈവനീതിക്കു ദാക്ഷണ്യമില്ല, വാത്സല്യരസം - സി.വി.യുടെ ആഖ്യയികകളിൽ, സി.വി - മറ്റൊരു മുഖം* (ഗവേഷണപ്രബന്ധം) തുടങ്ങിയവ

[16] രാഘവൻപിള്ള.കെ. 'സി.വി.യുടെ ചരിത്രാഖായികകൾക്കൊരാമുഖം', *സി.വി.രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ-സമ്പൂർണ്ണം* (ഡി.സി.ബി, 2010) പു.13

[17] അതിൽത്തന്നെ. പു.23-24

[18] പരമേശ്വരൻ നായർ.പി.കെ. *സി.വി.രാമൻപിള്ള* (കോട്ടയം, എസ്.പി.സി.എസ്, 1982) പു.65-71

[19] രവീന്ദ്രൻ.പി.പി. 'സി.വി.രാമൻപിള്ള-വർത്തമാനത്തിന്റെ ചരിത്രം' *വീണ്ടെടുപ്പുകൾ* (ഡി.സി.ബി, 2006) പു.14, 18

[20] ശിവശങ്കരൻ നായർ.കെ. വേണാടിന്റെ പരിണാമം (കേരളസർക്കാർ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, 1993) പു. 148-158

[21] പരമേശ്വരൻ നായർ.പി.കെ. *സി.വി.രാമൻപിള്ള* (എസ്.പി.സി.എസ്, 1982) പു.42-44

[22] മൂന്നുനോവലുകളിലും സമാനധർമ്മങ്ങൾ നിർവ്വഹിക്കുന്ന വാർപ്പുമാതൃകകളുടെ പട്ടിക ദീർഘമാണ്. ഇപ്രകാരം കഥാപാത്രങ്ങൾക്ക് സമാനസ്വഭാവം ആരോപിക്കുക വഴി അവർ ചരിത്രത്തോടല്ല, ഭാവനയോടാണ് ചേർന്നു നില്ക്കുന്നതെന്നനുമാനിക്കാം.

[23] പരമേശ്വരൻ നായർ.പി.കെ. *സി.വി.രാമൻപിള്ള* (എസ്.പി.സി.എസ്, 1982) പു.223 -224

[24] അതിൽത്തന്നെ. പു.60

[25] അതിൽത്തന്നെ. പു.59

[26] Projection and Reaction formation - കൂടുതൽ വിവരങ്ങൾക്ക് അനുബന്ധം - 4 കാണുക

[27] 'രാമരാജാബഹദൂർ', *സി.വി.രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ-സമ്പൂർണ്ണം* (ഡി.സി.ബി 2010) പു.785

[28] രാഘവൻപിള്ള.കെ. 'സി.വി.യുടെ ചരിത്രാഖ്യായികകൾക്കൊരാമുഖം', *സി.വി.രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ-സമ്പൂർണ്ണം* (ഡി.സി.ബി, 2010) പു.14

[29] വേണുഗോപൻ നായർ.എസ്.വി. *വാത്സല്യരസം സി.വി.യുടെ ആഖ്യായികകളിൽ* (കേ.സാ.അക്കാദമി, 2010) പു.46

[30] രാഘവൻപിള്ള.കെ. 'സി.വി.യുടെ ചരിത്രാഖ്യായികകൾക്കൊരാമുഖം', *സി.വി.രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ-സമ്പൂർണ്ണം* (ഡി.സി.ബി, 2010) പു.27 -28

[31] 'മാർത്താണ്ഡവർമ്മ', *സി.വി.രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ-സമ്പൂർണ്ണം* (ഡി.സി.ബി 2010) പു.265

[32] അതിൽത്തന്നെ. പു.269

[33] അതിൽത്തന്നെ. പു.202 -203

[34] ഇത്തരം കഥാപാത്രങ്ങൾക്ക് നായകകഥാപാത്രങ്ങളോടുള്ള വാത്സല്യഭാവത്തെ സൂക്ഷ്മമായി അപഗ്രഥിച്ചാൽ സ്വവർഗ്ഗാനുരാഗത്തിന്റെ ഉദാത്തഭാവങ്ങളാണവർ വഹിക്കുന്നതെന്നു മനസ്സിലാവും. കുപ്പശ്ശാർ, മീനാക്ഷിയുടെ ആഗ്രഹപൂർത്തീകരണത്തിനുവേണ്ടിയെന്നഭാവത്തിൽ കേശവൻകുഞ്ഞിന്റെ സാമീപ്യത്തിൽ നടത്തുന്ന ചേഷ്ടകൾ ശ്രദ്ധിക്കേണ്ടവയാണ്. ഈ കുപ്പശ്ശാരായിരുന്നു കുട്ടിക്കോന്തിയശ്ശന്റെ സന്തതസഹചാരി. അയാളോടാണ് കോന്തിയശ്ശൻ നിധിരഹസ്യം വെളിപ്പെടുത്തിയിട്ടുള്ളത്. കോന്തിയശ്ശനാകട്ടെ, ആണിനും പെണ്ണിനും ചേരാത്ത സ്വഭാവമുള്ള ആളായിരുന്നുവെന്ന് ഭാര്യയായിരുന്ന തൂപുരസുന്ദരിതന്നെ പറഞ്ഞിട്ടുണ്ട്. കേശവപ്പിള്ളയ്ക്ക് മീനാക്ഷിയെ ലഭിക്കാൻ വേണ്ടി പാടുപെടുന്ന പവതിയിലും മാമാവെങ്കിടനിലും പ്രവർത്തിക്കുന്ന വാത്സല്യം കേശവപ്പിള്ളയോടുള്ള അനുരാഗം തന്നെ. ഇത്തരം അനുരാഗം ത്രിവിക്രമനോട് കലശലായ പെരിഞ്ചക്കോടൻ, ആ കുമാരനെ കിട്ടാൻ വേണ്ടിക്കാണിക്കുന്ന പരാക്രമങ്ങൾ *രാമരാജാബഹദൂറി*ന്റെ കഥാഗതിയെപ്പോലും സ്പർശിക്കുന്നുണ്ട്. ത്രിവിക്രമനെ കാണുകപോലും ചെയ്തിട്ടില്ലാത്ത ദേവകിക്ക് ത്രിവിക്രമനെ നേടിക്കൊടുക്കാൻ അയാൾ പാടുപെടുന്നത്, സുലൈഖയ്ക്കുവേണ്ടിയെന്ന വ്യാജേന ഷംസുഡീനെ തേടുന്ന ഹാക്കിമിനെപ്പോലെയാണ്.

ഇതുപോലെത്തന്നെ സുഭദ്രയ്ക്ക് പാറുക്കുട്ടിയോടുണ്ടായിരുന്ന അടുപ്പത്തിലും കുഞ്ഞിപ്പെണ്ണിന് സാവിത്രിയോടുണ്ടായിരുന്ന അടുപ്പത്തിലും കറതീർത്തെടുത്ത സ്വവർഗ്ഗാനുരാഗം പ്രവർത്തിക്കുന്നുണ്ട്. പവതിയ്ക്ക് കേശവപ്പിള്ളയോടുണ്ടായിരുന്ന ഗൂഢാനുരാഗത്തെ മാത്രമേ സി.വി. വെളിവാക്കുന്നുള്ളൂ എന്നും മറ്റെല്ലാം ഉദാത്തീകൃതരൂപങ്ങളിൽ ആവിഷ്കരിക്കുക മാത്രമാണ് ചെയ്യുന്നതെന്നും ശ്രദ്ധിക്കേണ്ടതാണ്. കേശവപിള്ളയുടെ വിവാഹക്കാര്യം സംസാരിക്കുമ്പോൾ പവതിയ്ക്കുള്ള നീരസത്തിന്റെ കാരണം പ്രാണപ്രിയനോടുള്ള അനുരാഗംമൂലമാണെന്ന് സി.വി. തുറന്നുപറയുന്നുണ്ട്. പ്രായവ്യത്യാസമുണ്ടെങ്കിലും സ്ത്രീപുരുഷപ്രണയമാകയാലാവണം പവതിയുടെ കാര്യത്തിൽ അനുരാഗമെന്ന വാക്ക് സി.വി. അനുവദിച്ചത്. എന്നാൽ ഇതേ സാധ്യതകൾ പുരുഷന്മാർ തമ്മിലുള്ളതാവുമ്പോൾ ശക്തമായ പ്രതിരോധമാർഗ്ഗങ്ങൾ നോവലിസ്റ്റ് കൈക്കൊള്ളുന്നു. ജനതാമതവിരുദ്ധമെന്ന ബോധം സ്വവർഗ്ഗാനുരാഗങ്ങളെ നേരിട്ടു ചിത്രീകരിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ വിലക്കയിരിക്കണം. മേല്പറഞ്ഞ കഥാപാത്രങ്ങൾ സ്വവർഗ്ഗാനുരാഗികളാണെന്നോ അവർ ഉടനീളം സ്വവർഗ്ഗരത്യാഭിമുഖ്യം പുലർത്തുന്നു എന്നോ ഈ പ്രബന്ധത്തിൽ പറയാൻ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ കഥാപാത്രഘടനയിലും അവർ തമ്മിലുള്ള ബന്ധങ്ങളിലും അവർപോലും തിരിച്ചറിയാത്ത സ്വവർഗ്ഗാനുരാഗം പ്രവർത്തിച്ചിട്ടുണ്ട് എന്നും, സി.വി.യുടെ പാത്രസൃഷ്ടികളിൽ പലയിടത്തും ഈയൊരു പ്രവണത ഒളിഞ്ഞും തെളിഞ്ഞും കാണുന്നുണ്ടെന്നുമാണ് വിവക്ഷിക്കുന്നത്.

[35] അതിൽത്തന്നെ. പു.854-855

[36] അതിൽത്തന്നെ. പു.997

[37] അതിൽത്തന്നെ. പു.1006

[38] അതിൽത്തന്നെ. പു.997

[39] അതിൽത്തന്നെ. പു.1140

[40] അതിൽത്തന്നെ. പു.1140

[41] അതിൽത്തന്നെ. പു.1145 -1146

[42] അതിൽത്തന്നെ. പു.1018

[43] അതിൽത്തന്നെ. പു.1166

[44] അതിൽത്തന്നെ. പു.700

[45] അതിൽത്തന്നെ. പു.1180

[46] അതിൽത്തന്നെ. പു.61

[47] അതിൽത്തന്നെ. പു.465

[48] അതിൽത്തന്നെ. പു.994

[49] അതിൽത്തന്നെ. പു.1104 -1105

[50] അതിൽത്തന്നെ. പു.1144

[51] അതിൽത്തന്നെ. പു.819

[52] അതിൽത്തന്നെ. പു.251

[53] അതിൽത്തന്നെ. പു.391

[54] വേണുഗോപൻ നായർ. എസ്.വി. വാത്സല്യരസം - സി.വി.യുടെ ആഖ്യായികകളിൽ (കേരളസാഹിത്യ അക്കാദമി, 2010)

[55] അതിൽത്തന്നെ.പു.26

[56] അതിൽത്തന്നെ. പു.27 -28

[57] അതിൽത്തന്നെ. പു.29 , ധർമ്മരാജായിലെ അധ്യായം 27നെ സംബന്ധിച്ച്

[58] അതിൽത്തന്നെയുള്ള നിരീക്ഷണങ്ങൾ. പു.32 -33

## അദ്ധ്യായം അഞ്ച്

# 5. സ്വവർഗ്ഗാനുരാഗത്തിന്റെ പ്രച്ഛന്നാവിഷ്ക്കാരം - കുഞ്ഞുണ്ണിക്കൃതികളിൽ.

കുറുങ്കഥകളുടെയും കുറുങ്കവിതകളുടെയും മലയാളത്തിലെ മുഖ്യ പ്രയോക്താവായി അറിയപ്പെടുന്നത് കുഞ്ഞുണ്ണിയാണ്. നർമവും സാരോപദേശവും അദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്രകളായി പറയപ്പെടുന്നു. എന്നാൽ അവയ്ക്കപ്പുറം കുഞ്ഞുണ്ണിക്കൃതികൾക്കുള്ള വ്യതിരിക്ത ഭാവതലം നിരൂപണങ്ങളിൽ അടയാളപ്പെടുത്തപ്പെടാതെ പോയിട്ടുണ്ട്. കുഞ്ഞുണ്ണിയുടെ രചനകളിലെ ലൈംഗികചോദനയെ അടിസ്ഥാനപ്പെടുത്തി പ്രസ്തുത കൃതികളെ വായിച്ചാൽ അവയ്ക്ക് ഇതുവരെ പറയപ്പെടാതിരുന്ന മാനങ്ങൾ കൈവരുന്നതായി കാണാം. അത്തരമൊരന്വേഷണമാണ് ഈ അധ്യായത്തിൽ നടക്കുന്നത്.

വലിയൊരു ശതമാനം വായനക്കാർ കുഞ്ഞുണ്ണിയുടെ രചനകളെ ബാലസാഹിത്യമായി മാത്രമാണ് പരിഗണിക്കുന്നത്. മലയാളത്തിൽ ആധുനികതയുടെ ഒരു ചിനപ്പുപൊട്ടുന്നത് കുഞ്ഞുണ്ണിക്കവിതയിലാണെന്ന് പലരും ശ്രദ്ധിച്ചില്ല.[1] ആദ്യകാലത്ത് ബാലപംക്തിക്ക് പുറത്ത് കുഞ്ഞുണ്ണിയുടെ കവിതകളൊന്നും പ്രസിദ്ധീകരിക്കുകയുണ്ടായില്ല. സാഹിത്യരംഗത്ത് അംഗീകാരം കിട്ടണമെങ്കിൽ മാതൃഭൂമി

ആഴ്ചപ്പതിപ്പിൽ വല്ലതും അച്ചടിച്ചുവരണമെന്ന അവസ്ഥയിൽ തനിക്കു നേരിട്ട അനുഭവം കുഞ്ഞുണ്ണി പറയുന്നുണ്ട് .

> ഞാൻ മാതൃഭൂമിക്ക് കവിതകൊടുത്താൽ എൻ.വി, ശ്രദ്ധിച്ചുവായിച്ച് നോക്കും. അവിടവിടെ ചില്ലറ തിരുത്ത് വരുത്തും. ഒന്നും പ്രസിദ്ധീകരിക്കില്ല എല്ലാം കൃത്യമായി മടക്കിത്തരും.[2]

മാതൃഭൂമി ബാലപംക്തിയിലെ കുട്ടേട്ടനായി കുഞ്ഞുണ്ണി ചുമതലയേറ്റത് പുതിയ എഴുത്തുകാർക്ക് ഗുണകരമായി എങ്കിലും മലയാളകവിതയ്ക്ക് ദോഷമായി എന്ന് എം.എൻ.കാരശ്ശേരി നിരീക്ഷിക്കുന്നുണ്ട്.[3] യഥാർത്ഥത്തിൽ കവിതയുടെ ആദിമപ്രഭവങ്ങളായ പഴഞ്ചൊല്ല്, നാടൻപാട്ട്, കടങ്കഥ, ശൈലി, ഫലിതം മുതലായവയുടെ രൂപത്തിൽ പുതിയ കാലത്തിന്റെ കവിതയെഴുതുകയായിരുന്നു കുഞ്ഞുണ്ണി.[4]

മേല്പറഞ്ഞരീതിയിൽ കുഞ്ഞുണ്ണിക്കവിതയിൽ ആധുനികതയുടെ സ്പർശം തിരിച്ചറിഞ്ഞവർ വേറെയുമുണ്ട്. എന്നാൽ അതിനപ്പുറത്തേയ്ക്ക് പ്രസ്തുത രചനകളെ വിശകലനം ചെയ്യാനുള്ള ശ്രമം ഉണ്ടായിട്ടില്ല. കുഞ്ഞുണ്ണിയുടെ രചനകൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ പുതിയ തലങ്ങൾ പലതും കണ്ടെത്താൻ കഴിയും. അദ്ദേഹത്തിന്റെ കവിതകൾ സ്വന്തം കയ്യിനെയും കാലിനെയും കുറിച്ച് മാത്രമുള്ളതാണെന്നും സമൂഹത്തിന്റെ കയ്യിനെയും കാലിനെയും കുറിച്ച് കാര്യമായൊന്നും പറയുന്നില്ലെന്നും ചെറുകാട് വിമർശിച്ചിട്ടുള്ളതിനെപ്പറ്റി കുഞ്ഞുണ്ണി തന്റെ ഓർമക്കുറിപ്പുകളിൽ പറഞ്ഞിട്ടുണ്ട്.[5] എന്നാൽ വൈയക്തികത

യെ അപ്പാടെ ഒഴിവാക്കിക്കൊണ്ട് ദാർശനികപശ്ചാത്തലത്തിൽ മാത്രം കുഞ്ഞുണ്ണിക്കവിതകളെ വിലയിരുത്തുന്ന രീതിയാണ് പൊതുവിൽ കാണാൻ കഴിയുന്നത്.

> ഉത്തമപുരുഷ ഏകവചനത്തിൽ മാത്രം സംസാരിക്കുന്ന ഈ കവി ഒരു വേദാന്തിയുമാണ്. നിന്നെ കണ്ടാൽ എന്നെ കണ്ടു എന്നെ കണ്ടാൽ എല്ലാം കണ്ടു എന്നു പറഞ്ഞപ്പോൾ ഇന്ത്യയുടെ തത്ത്വാന്വേഷണം അദ്ദേഹം അവിശ്വസനീയമാംവണ്ണം ലളിതമായി ആവിഷ്ക്കരിക്കയാണ്.[6]

ഇപ്രകാരം കുഞ്ഞുണ്ണിയുടെ വൈയക്തികതയെ അപ്പാടെ വിശാലമായി വ്യാഖ്യാനിക്കുമ്പോൾ കവിയിലുള്ള കാല്പനികഭാവങ്ങളും ആധുനിക ചിന്തകളും അവഗണിക്കപ്പെടുകയും കവി അനുഭവിച്ച അന്തസ്സംഘർഷങ്ങളെല്ലാം ഇത്തരം വിശേഷണങ്ങളിലൂടെ അപ്രസക്തമാവുകയും ചെയ്യുന്നു.

> ശരിയല്ലെൻ കാലം ശരിയല്ലെൻ ലോകം
> ശരിയല്ലെന്നുടെ ശരീരം പോലുമേ[7]

എന്നിങ്ങനെ ആത്മനിന്ദാപരമായ വരികൾ ധാരാളമായി കുഞ്ഞുണ്ണി എഴുതിയിട്ടുണ്ട്. ലോകത്തിലും കാലത്തിലും സ്വന്തം ശരീരത്തിലും (അത് കാമനകളുമായും ബന്ധപ്പെട്ടിരിക്കുന്നു) അസംതൃപ്തനായിരിക്കുന്ന കവി അനുഭവിക്കുന്ന ആന്തരികസംഘർഷങ്ങളെ കുട്ടിക്കവിതകളുടെ പശ്ചാത്തലത്തിൽ മാത്രം വെച്ചുകൊണ്ട് വിശകലനം ചെയ്യാവുന്നതല്ല.

കുട്ടിക്കവിതകൾക്ക് അനുരൂപമല്ലാത്ത വേറെയും എത്രയോ വരികൾ കവിയുടേതായിക്കാണാം.

പത്രോസ്സ് പാറ

പത്രാസ്സ് പീറ

പത്രമാപ്പീസോ ?![8]

എന്നെഴുതുന്ന കവി, തന്നെക്കുറിച്ചുള്ള പൊതുധാരണകളെ വെല്ലുവിളിക്കുക തന്നെയാണ്.

തെറ്റെന്നോതാൻ

അരുതെന്നോതാൻ

വേണ്ടെന്നോതാൻ

എന്തുണ്ടെന്നില്ലുമുലകില്ലം?[9]

എന്നാണ് കവിയുടെ ചോദ്യം. ലോകത്ത് ഉള്ളതെല്ലാം സാധ്യങ്ങളായ കാര്യങ്ങളാണെന്നും, തെറ്റെന്നോതുന്നതെല്ലാം കാഴ്ചപ്പാടുകളാണെന്നും കാലം ശരിയല്ലാത്തതുകൊണ്ടാണ് ചിലതെല്ലാം തെറ്റായിത്തോന്നുന്നതെന്നുമുള്ള ചിന്ത കുഞ്ഞുണ്ണിയുടെ വരികൾ ചേർത്തുവായിക്കുമ്പോൾ ലഭിക്കും. കുട്ടിക്കവിതകളെന്നു മാത്രം പരിഗണിച്ചു നടത്തുന്ന ശകലിത പാരായണം കവിദർശനങ്ങളുടെ നൈരന്തര്യം നഷ്ടപ്പെടുത്തിക്കളയും. അതുകൊണ്ടാണ് കുഞ്ഞുണ്ണിക്കൃതികൾ സമഗ്രമായി പറയാൻ ശ്രമിച്ചതെന്താണെന്ന് ഒരു പഠനത്തിലും വെളിപ്പെടാതെ പോയത്.

ഇരുളിന്നൊളിക്കുവാൻ വെളിച്ചമൊന്നാന്തരം[10]

എന്നു പറയുമ്പോൾ വെളിച്ചത്തിൽ ഇരുളുണ്ടെന്നും അത് അറിയാതെ പോവരുതെന്നുമുള്ള ഓർമപ്പെടുത്തലുമുണ്ട്. ഏത് ഇരുട്ടും എത്ര ഒളിച്ചു വെച്ചാലും,

നോക്കേണ്ടവർ നോക്കിയാൽ
കാണേണ്ടതു കാണും [11]

എന്ന് കവിക്കറിയാം. അവർക്ക് മനസ്സിലാകാനുള്ള സൂചനകൾ കവിതയിലെമ്പാടും കവി ചിതറിയിട്ടിട്ടുണ്ട്. വൈലോപ്പിള്ളിയെക്കുറിച്ചുള്ള ഓർമക്കുറിപ്പിൽ കുഞ്ഞുണ്ണി ഇങ്ങനെ എഴുതിയിരിക്കുന്നു :

ഏതു മഹാനും കവിയാകട്ടെ, ചിത്രകാരനാകട്ടെ, ശില്പിയാകട്ടെ, ശാസ്ത്രജ്ഞനാകട്ടെ, എതെങ്കിലുമൊരു കുരിശുചുമക്കുന്നവനായിരിക്കും. മഹത്വം എത്ര വലുതോ കുരിശും അത്ര വലുതായിരിക്കും.[12]

സൃഷ്ടിപ്രക്രിയയിലെ ഉദാത്തീകരണത്തെക്കുറിച്ചുള്ള ഈ പ്രസ്താവന കവിക്കും ചേരും. കാരണം,

ഞാനാകും കുരിശിന്മേൽ തറഞ്ഞുകിടക്കുകയാണ് ഞാൻ
എന്നിട്ടും, ഹാ ക്രിസ്തുവായ്ത്തീരുന്നില്ല.[13]

എന്നും കുഞ്ഞുണ്ണി എഴുതിയിട്ടുണ്ട്. ജീവിതാന്ത്യം വരെയുള്ള ഈ കുരിശുചുമക്കൽ ഒരു പ്രതിരോധക്രിയയാണ്. ഉദാത്തീകരിക്കപ്പെട്ട

ഒളിച്ചുകളിയാണത്. എല്ലാ യാതനകളും സ്വയം ഏറ്റെടുക്കുന്നതും (atonement) ഏറ്റെടുത്ത ദുരിതങ്ങളിലെ നായകനാകുന്നതും (suffering hero) ഈ പ്രതിരോധപ്രക്രിയയുടെ ഭാഗമാണ്. ഇത്തരം ഒളിച്ചു കളിയുടെ സൂചനകൾ വേറെയും കവിതയിൽ കടന്നുവരുന്നുണ്ട്.

എനിക്ക് ഒളിച്ചുകളിക്കാനുള്ള വിരുത് കുറവാണ്
ഒളിച്ചിരിക്കുന്നവരെ കണ്ടുപിടിക്കാനുള്ള
വിരുത് അതിലും കുറവാണ്
എന്നാലും ഞാനും ഒളിച്ച് കളിക്കുന്നു.[14]

സൃഷ്ടിയുടെ നിമിഷങ്ങളിൽ സ്വയംപ്രകാശിതമാവുന്ന സത്യം ഏറ്റു പറച്ചിലുകളായി കുഞ്ഞുണ്ണിക്കൃതികളിലെമ്പാടും കാണാം.

ഉണർന്നെഴുന്നേറ്റ് നോക്കുമ്പോഴുണ്ടെൻ
മനമയ്യോ പുറത്ത്.
ഞാനിനി എങ്ങനെ ചീത്തത്തം ചിന്തിക്കും
രഹസ്യം സൂക്ഷിക്കും?
നല്ലോനെന്ന് നടിക്കും?
വലഞ്ഞല്ലോ ഭഗവാനെ!
ഇല്ല വലഞ്ഞിട്ടില്ല
ഭഗവാനേ ഭഗവാനേ എന്നുവിളിച്ച്
ജപിച്ചുനടക്കാ,മിരിക്കാം കിടക്കാമുറങ്ങാം[15]

ഈ നാമജപം സാമൂഹികമായി അഭിമതമായ ഒരു സ്വഭാവത്തിലേയ്ക്ക് ചിത്തത്തെ വഴിതിരിച്ചു വിടുന്നതാണ്. ഭക്തിയേക്കാൾ അതൊരു പ്രതിരോധതന്ത്രം കൂടിയാണ് (intellectualization). എങ്കിലും ഇതൊരു കള്ളത്തരമാണെന്ന് കവിക്കറിയാം.

> കട്ടു കുടിക്കുമ്പോൾ കണ്ണടയുമെന്നതുകൊണ്ടാണ്
>
> ഞാൻ പൂച്ചയായി പിറക്കാൻ കൊതിക്കുന്നത്

ഈ കട്ടുകുടിക്കലും

> കപടലോകത്തിലെന്നുടെ കാപട്യം
>
> സകലരും കാണ്മതാണെൻ പരാജയം[16]

എന്ന പാരഡിയും ചേർത്ത് വായിക്കാവുന്നതാണ്. ആത്മവിമർശനത്തിന്റെ പാരമ്യതയിലുള്ള വരികൾ ധാരാളമായി കുഞ്ഞുണ്ണിയിൽ കാണാം. അവയെയെല്ലാം ആത്മസത്യത്തെ തിരയുന്ന വിശുദ്ധമായ സത്യാന്വേഷണപരീക്ഷണങ്ങളായി മാത്രം പരിഗണിച്ചപ്പോൾ, കുഞ്ഞുണ്ണിക്കൃതികളുടെ ആന്തരികസംഘർഷങ്ങളുടെ താക്കോൽ ഉപയോഗിച്ച് അതിന്റെ യഥാർത്ഥ ഭാവമണ്ഡലങ്ങളിലേയ്ക്ക് പ്രവേശിക്കാനുള്ള സാധ്യത ഇല്ലാതാക്കുകയാണ് നിരൂപകരെല്ലാം ചെയ്തിരിക്കുന്നത്.

## 5.1. വിശപ്പും കാമവും

വിശപ്പും കാമവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഫ്രോയ്ഡിന്റെ മനശ്ശാസ്ത്രപഠനങ്ങൾ കാര്യമായി ചർച്ചചെയ്തിട്ടുള്ളതാണ്. കുഞ്ഞുണ്ണിയിലാവട്ടെ, വിശപ്പും ഭക്ഷണവും തീവ്രമായ വൈകാരിക പ്രശ്നങ്ങളാണ്. തത്ത്വചിന്താഭരിതനായ കവി, ഉത്തമപുരുഷഏകവചനത്തിൽ സ്വന്തം രചനാരഹസ്യം വെളിപ്പെടുത്തുന്നതിങ്ങനെയാണ് :

എനിക്കു വിശക്കുമ്പോളുണ്ണും ഞാൻ
ദാഹിക്കുമ്പോൾ കുടിക്കും
ക്ഷീണിക്കുമ്പോളുറങ്ങും
ഉറങ്ങുമ്പോളെഴുതും കവിതകൾ [17]

ജാഗ്രത് അവസ്ഥയിലല്ല തന്റെ രചന നടക്കുന്നതെന്ന സൂചന ഇവിടെയുണ്ട്. സ്വപ്നതുല്യമായ പ്രതീകാത്മകത അതിനുണ്ടെങ്കിലും നോക്കേണ്ടവർ നോക്കിയാൽ കാണേണ്ടതുകാണുമെന്ന് കവിക്കറിയാം. വിശക്കുമ്പോളുണ്ണും, ദാഹിക്കുമ്പോൾ കുടിക്കും, ക്ഷീണിക്കുമ്പോൾ ഉറങ്ങും എന്ന പറച്ചിൽ, എനിക്ക് തോന്നുന്നതെല്ലാം ഞാൻ ചെയ്യുമെന്ന സ്രഷ്ടാവിന്റെ സ്വാതന്ത്ര്യപ്രഖ്യാപനമാണ്. വിശക്കുമ്പോളുണ്ണുമെന്ന പ്രഖ്യാപനം, വിശപ്പ് എന്ന പ്രതീകത്തിന്റെ വിവിധ അർത്ഥസാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു. വിശപ്പും വയറും വായയും മാത്രം പ്രമേയമാകുന്ന നൂറുകണക്കിന് ഹ്രസ്വരചനകൾ കുഞ്ഞുണ്ണിയുടേതായുണ്ട്. അന്വേഷകരെ അത്ഭുതപ്പെടുത്തുമാറ് വിപുലമാണവ.

'വിശപ്പില്ലാത്തവൻ ശപ്പൻ'

'വിശപ്പോ മർത്ത്യജീവിതം'

'ഒരുപാടില്ലായയും, ഒരു വായയും - ഞാനായല്ലോ'

'എനിക്കായുണ്ണുന്നു ഞാൻ, അന്യർക്കായുടുപ്പ ഞാൻ'

'എവിടെപ്പോയെൻ തലമുടി,
എവിടെപ്പോയെൻ കാലടി
പോകട്ടെ, പോയ് തുലയട്ടെ
ഇവിടെ ചോറുണ്ട് കൂട്ടാനുണ്ട്
ചുക്കുവെള്ളവുമുണ്ടല്ലോ
പോരെങ്കിൽ വായുണ്ടേ, വയറുണ്ടേ
വാരിത്തിന്നാൻ വെറിയുണ്ടേ'

'വായിലേയ്ക്കുള്ള വഴി കയ്യിനു കാണാപ്പാഠം'

'ജീവിതമൊരു നല്ലസദ്യയാണിലവെച്ചു ഞാനതുണ്ണുന്നു നന്നായ്
എന്നിട്ടുമെന്താണോവോ തേട്ടുന്നില്ലൊരിക്കലും'

'ഇത്തിരി കുടിക്കണമിത്തിരി തിണ്ടാടണ-

മൊത്തെന്നാൽ സത്യത്തിനെക്കൊഞ്ഞനം കാണിക്കണം

എന്തെന്നാൽ

നല്ലോനായാൽ കേവലമൊരു രസം

തെല്ലു ചീത്തയായാലോ

വിവിധ രസമുണ്ണാം'

വിവിധ രസമുണ്ണണമെങ്കിൽ നല്ലവനായല്ല, തെല്ലു ചീത്തയായി അറിയപ്പെടേണ്ടി വരുമെന്ന് കവിക്കറിയാം. നിലനില്ക്കുന്ന സത്യത്തിനെ

കൊഞ്ഞനം കാണിക്കാനും ചീത്തയാവാനും തയ്യാറുള്ളവനേ ജീവിതത്തിൽ രുചിവൈവിധ്യങ്ങൾ ലഭ്യമാകു എന്നറിയുന്ന കവി വിരുദ്ധഭക്ഷണം കഴിക്കുന്നതിലുള്ള ആനന്ദത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. സാധാരണ ഒരുമിച്ച് കഴിക്കാത്ത വിഭവങ്ങളെ തന്റെ ഇഷ്ടാനുസരണം ചേർത്തുകഴിക്കുന്ന ശീലം കുഞ്ഞുണ്ണിക്കുണ്ടായിരുന്നു. സ്വാദറിഞ്ഞ് ഭക്ഷണം കഴിക്കാൻ ഭാഗ്യം ചെയ്യണമെന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. എന്നാൽ താൻ നിരന്തരം കാണുന്ന ഒരു സ്വപ്നം ഉണ്ടുതീരാത്ത, ഇഷ്ടവിഭവം ലഭിക്കാത്ത, ഇലയിൽ കാക്കകാഷ്ഠം കാണുന്ന, മറ്റുള്ളവരുടെ മുന്നിൽ അപഹാസ്യനാവുന്ന ഒരു സദ്യയെക്കുറിച്ചാണെന്നും അദ്ദേഹം എഴുതിയിട്ടുണ്ട്.[18] പ്രാകൃതകാലം മുതൽക്കുതന്നെ വിശപ്പും കാമവും ഭക്തിയും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നതായി കാണാം.[19] ലൈംഗിക ചോദനയെ വിശദീകരിക്കുമ്പോൾ ഫ്രോയ്ഡ് വിശപ്പുമായാണ് അതിനെ ഉപമിക്കുന്നത്.[20] തന്റെ തീരാത്ത വിശപ്പിനെക്കുറിച്ചും അടങ്ങാത്ത കാമത്തെക്കുറിച്ചും കുഞ്ഞുണ്ണി ധാരാളമായി എഴുതിയിട്ടുണ്ട്.

> കോണകവാലൊന്ന്
>
> കാലു രണ്ട്
>
> വയറൊന്നല്ലൊരുപാട്
>
> കണ്ണൊരു വയറ്
>
> കാതൊരു വയറ്
>
> വയറിനുതാഴെയൊരു വയറുണ്ട്
>
> എപ്പോഴും വിശക്കുന്ന വയറ്[21]

ഈ വിശപ്പ് ശമിപ്പിക്കാനുള്ള മോഹം ഭക്ഷണപ്രിയമാകുന്നു. അങ്ങനെ യെങ്കിൽ രണ്ടാമത്തെ വിശപ്പ് എപ്രകാരമായിരിക്കും ശമിപ്പിക്കുക? അതിന്റെ നേർവഴികളെല്ലാം അടച്ചുകളഞ്ഞതിന്റെ സൂചനകൾ എഴുത്തിൽ ധാരാളമായി കാണാം.

> ഇന്നേവരെ ഒരു പെണ്ണിനോടും എനിക്ക് പ്രേമം തോന്നിയിട്ടില്ല. ഒരു കാരണം കൂടിയുണ്ട്, ഒരു പെണ്ണും എന്നെ പ്രേമത്തോടു കൂടിയോ കാമത്തോടുകൂടിയോ നോക്കിയിട്ടില്ല.പരിചയമുള്ള പെണ്ണുങ്ങൾക്കെല്ലാം എന്നെ കാണുമ്പോൾ ഒരു ഭക്തി, ഒരു ബഹുമാനം. പരിചയമില്ലാത്ത പെണ്ണുങ്ങൾക്കെല്ലാം ഒരയ്യോ പാവവും.[22]

തന്നിൽ കാമമില്ലെന്ന് കവി ഒരിടത്തും പറഞ്ഞിട്ടില്ല, മറിച്ച് കാമം ഏറിയിരിക്കുന്നതുകൊണ്ടാണ് താൻ ബുദ്ധിമുട്ടുന്നതെന്ന് തുറന്നു പറഞ്ഞിട്ടുമുണ്ട്. കാമാധിക്യം മൂലമാണ് താൻ കല്യാണം കഴിക്കാത്തതെന്നും കവിതയെഴുതുന്നതെന്നും കുഞ്ഞുണ്ണി പറയുന്നു. താൻ നടത്തുന്ന സൃഷ്ടിക്കു പിന്നിലെ യഥാർത്ഥ ഊർജ്ജത്തെ കവി തിരിച്ചറിഞ്ഞിട്ടുണ്ടെന്നു സാരം.

> കവി കുഞ്ഞുണ്ണി കുഞ്ഞുണ്ണി
> മാഷ് കുഞ്ഞുണ്ണിയും തഥാ
> കള്ളൻ കുഞ്ഞുണ്ണിയാണല്ലോ
> സാക്ഷാൽ കുഞ്ഞുണ്ണി ശാശ്വതൻ

> കുരുമുളകിനു കാരം കുറയും. കുള്ളനു കാമം കൂട്ടും. കാമം കൂടിയവൻ കല്യാണം കഴിക്കരുത്. ഒന്നുകിൽ കാവിയുടുക്കണം. അല്ലെങ്കിൽ കവിയാകണം. കാവിയുടുക്കാനുള്ള കരുത്തെനിക്കില്ല. കവിതയെഴുതാനുള്ള വാസന കുറച്ചുണ്ടുതാനും. അതിനാൽ ഞാനൊരു കവിയായി.[23]

കുഞ്ഞുണ്ണിയെ പഠിക്കാൻ തുനിഞ്ഞവരിൽ ഏറെപ്പേരും ആ വരികളിലെ ദാർശിനികതയാണ് അന്വേഷിച്ചിട്ടുള്ളത്. എന്നാൽ ആ ദർശനങ്ങളുടെ പിന്നാമ്പുറമന്വേഷിക്കാൻ ചുരുക്കം ശ്രമങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ.

> ബ്രഹ്മസാക്ഷാത്കാരത്തിനുള്ള വഴിതേടുന്ന ഒരു വിരക്തന്റെ വേദാന്ത ചിന്തയാണ് കുഞ്ഞുണ്ണിക്കവിതയുടെ ദർശനത്തിനടിസ്ഥാനം എന്ന് ചിലരെങ്കിലും കരുതുന്നുണ്ടാകും. ശ്രീരാമകൃഷ്ണാശ്രമത്തിൽ ദശാബ്ദങ്ങളോളം പാർത്തതുകൊണ്ടൊന്നും കുഞ്ഞുണ്ണി നിരുപാധികമായി ബ്രഹ്മതത്ത്വമുൾക്കൊണ്ട ഒരു സന്യാസിവര്യനായിട്ടില്ല. അദ്ദേഹത്തിന്റെ ആസ്തിക്യബോധവും അചഞ്ചലമാണെന്ന് തോന്നുന്നില്ല. ലൗകികനായ ഒരു പച്ച മനുഷ്യന്റെ പൊറുതികേടുകളും അതിന്റെ അനിവാര്യമായ പരിണിതികളുമാണ് അദ്ദേഹത്തിന്റെ കാവ്യദർശനത്തെ രൂപപ്പെടുത്തിയിട്ടുള്ളത് ആത്മബോധവും ബോധ്യവുമുള്ളവരെല്ലാം വേദാന്തികളല്ല. ആസ്തികൻ പോലുമാവണമെന്നില്ല[24]

ഇത്തരത്തിൽ പരിശോധിക്കുമ്പോൾ കുഞ്ഞുണ്ണിക്കവിതകൾക്ക് നിരൂപകർ ചാർത്തിക്കൊടുത്ത പല വിശേഷണങ്ങളും കവിയുടെയും കവിതയുടെയും ആന്തരികതയിലേയ്ക്കു പ്രവേശിക്കുന്നതിനു പ്രതിബന്ധമാവുകയാണ് ചെയ്യുന്നതെന്ന് ബോധ്യപ്പെടും. സാമൂഹികമായി വിലക്കപ്പെട്ട അഭിലാഷങ്ങളോട് അകന്നു നില്ക്കാൻ ശ്രമിക്കുകവഴി നേരിടേണ്ടി വന്ന അന്തസ്സംഘർഷത്തെ ഒരു കൂട്ടം പ്രതിരോധതന്ത്രങ്ങളുപയോ

ഗിച്ച് കീഴ്പ്പെടുത്താനുള്ള ശ്രമം ആ കൃതികളുടെ സൂക്ഷ്മപാരായണത്തിൽ കണ്ടെത്താനാവും. തത്ത്വചിന്ത, സാരോപദേശം, സദാചാരം, ഹാസ്യം, ആത്മവിമർശനം, വേദാന്തം തുടങ്ങിയവയിലൂടെ ആത്മരതി, ആസക്തി, ഒറ്റപ്പെടൽ, നിരാശ, ആത്മനിന്ദ മുതലായവയെ മറികടക്കാൻ നടത്തുന്ന ശ്രമം സൂക്ഷ്മവായനയിൽ വ്യക്തമാവുന്നതാണ്. മനഃപൂർവം മറ്റൊന്നാക്കി മാറ്റാൻ ശ്രമിച്ചിട്ടും സ്വയം പ്രകാശിതമാവുന്ന ചില ചിഹ്നങ്ങൾ കവിവ്യക്തിത്വത്തിലേയ്ക്കുള്ള ചൂണ്ടുപലകകളാവുന്നുണ്ട്. അതിൽ പ്രധാനമാണ് കുഞ്ഞുണ്ണിക്കൃതികളിലെ സ്ത്രീവിരുദ്ധത.[25]

### 5.2. സ്ത്രീവിരുദ്ധത

ഒരേ പ്രമേയം ആവർത്തിക്കുമ്പോൾ വന്നുപോവുന്ന ചില പതിവുരീതികളുണ്ട് കുഞ്ഞുണ്ണിയിൽ. ഊരുമായി ബന്ധപ്പെട്ട് അമ്പതിൽ കുറയാത്ത കവിതകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അവയിലൊന്നും തന്നെ ഊരിലുള്ള *ഒരുത്തനെ* കുറിച്ചല്ലാതെ *ഒരുത്തിയെക്കു*റിച്ച് പരാമർശമില്ല.

തുത്തല്ലരുണ്ടായിരുന്നു
തുത്തല്ലകൊണ്ടു വളർന്നൊരുത്തൻ ...

മാവൂരൊരുത്തനുണ്ടായിരുന്നു
മാവുവെട്ടുന്നവനായിരുന്നു ...

കൊല്ലത്തൊരുത്തനുണ്ടായിരുന്നു
കൊല്ലുകൊല്ലെന്നു പറഞ്ഞൊരുത്തൻ ...

വലപ്പാട്ടൊരുത്തനുണ്ടായിരുന്നു
പാടാണീ വലയെന്നുരച്ചിട്ടുന്നോൻ ...

മണ്ണൂരൊരുത്തനുണ്ടായിരുന്നു
മണ്ണല്ലെന്നൂരെന്നുരപ്പൊരുത്തൻ ...
...

ഈ ഒരുത്തൻ ഒരുത്തിയാവാത്തതുപോലെ സ്ത്രീവിരുദ്ധ പരാമർശങ്ങൾക്കും കുഞ്ഞുണ്ണിക്കവിതകളിൽ പഞ്ഞമില്ല.

ആണുങ്ങൾക്കായിരം ദോഷം
രണ്ടേ പെണ്ണിനു കണ്ടിട്ടു
അവർ നല്ലതുചൊല്ലീടി-
ല്ലവർ നല്ലതു ചെയ്തിടാ[26]

പെണ്ണിന്റെ ഭാഗ്യം കൊണ്ടല്ലോ
ദൈവം സൃഷ്ടിച്ചതാണിനെ
ആണിന്റെ യോഗം കൊണ്ടല്ലോ
പടച്ചു പെണ്ണിനേയുമേ

കറുത്തവെളിച്ചവും വെളുത്തൊരിരുട്ടുമു

ണ്ടല്ലെങ്കിലെമ്മട്ടിലിപ്പെണ്ണുങ്ങളുണ്ടാവുന്നു

നരൻ നന്നായാൽ നരി നന്നാവും. നാട്ടിലുള്ള നരൻ നന്നായാൽ കാട്ടിലുള്ള നരിപോലും നന്നാവും. എന്നാലും നാട്ടിലുള്ള നാരി നന്നാവില്ലെന്നോ!

നടിക്കാതെ നടന്നീടാൻ കുട്ടകില്ലൊരുപെണ്ണിനും

തലയുള്ളോർക്കില്ല മുല

മുലയുള്ളോർക്കില്ല തല

ഇപ്രകാരം സ്ത്രീയെ നിർവചിക്കുന്ന രചനകൾ ധാരാളമായി കാണാം. അമ്മ എന്ന സ്ത്രീ മാത്രമാണ് കുഞ്ഞുണ്ണിക്കവിതകളിൽ നല്ലവളാകുന്നത്. ഈ പ്രപഞ്ചത്തിൽ ആണിനത്രേ അധികം അഴക്. പൂവൻ കോഴികളും ആൺമയിലും കാളയുമെല്ലാം ഇതു തെളിയിക്കുന്നതായി കുഞ്ഞുണ്ണി പറയുന്നു. ഇതാണ് സത്യമെന്നിരിക്കെ ആണിനെങ്ങനെ പെണ്ണിന്റെ രൂപത്തിൽ ഇഷ്ടം തോന്നുന്നു എന്ന് കവി അത്ഭുതപ്പെടുന്നു. അത് മായയെന്നാണ് കവിപക്ഷം.[27]

### 5.3. ഏകാന്തതയും സ്വയംഭോഗവും

ജീവിതം മറ്റൊരാൾക്കും പകുക്കാൻ തികയാഞ്ഞു
ഞാനെന്നെത്തന്നെ വേളികഴിച്ചുകൂടീടുന്നു[28]

ഇതിന്റെ തുടർച്ചയാണ് 'എല്ലാം എന്നിലുണ്ടെന്നും', 'ഞാനെന്നിൽ സ്വസ്ഥമായിരിക്കുകയാണെ'ന്നും, 'ഞാനെന്നെത്തന്നെ ഭുജിക്കുന്നു' എന്നുമുള്ള വെളിപ്പെടുത്തലുകൾ.[29] സ്വയം ഭുജിക്കുന്ന ഈ രീതി ആത്മ രതിയുടേതാണ്.

തള്ളയ്ക്കില്ലാ മുലയെങ്കിൽ, പിള്ളയ്ക്കില്ലേ തള്ളവിരൽ[30]

ലൈംഗിക വികാസത്തിന്റെ ഒന്നാം ഘട്ടത്തിൽ സ്വയം അഭിര മിക്കുന്ന പ്രവണതയെക്കുറിച്ച് ഫ്രോയ്ഡ് പറയുന്നുണ്ട്.[31] ഇക്കാല ഘട്ടത്തിൽ അനുഭവിക്കുന്ന ഏകാന്തത, തന്നിലേക്കുതന്നെ ശ്രദ്ധതിരി യാനുള്ള കാരണമായിത്തീരുന്നു.

ഏകാന്തതയോളം നല്ല കാന്തയില്ലുലകത്തിൽ.[32]

ഏകാന്തതയിൽ നിന്നുള്ള സുഖാനുഭൂതി, സ്ഥിരീകരിക്കപ്പെട്ട സ്വഭാവ വിശേഷമായി മാറുക സ്വാഭാവികമാണ്. ബാല്യത്തിലെ ഏകാന്തത പില്ക്കാല ലൈംഗികവ്യതിയാനങ്ങൾക്ക്, പ്രത്യേകിച്ചും ആത്മരതിക്കും

സ്വവർഗരതിക്കും, കാരണമാകുന്നുവെന്ന് പഠനങ്ങൾ തെളിയിക്കുന്നു.[33] ആകാത്ത കാലത്ത് കുട്ടികളെപ്പോലെ ഗോട്ടികളിക്കാനാഗ്രഹിക്കുന്ന ഏകാന്തനായ ഈശ്വരനെക്കുറിച്ച് കുഞ്ഞുണ്ണി എഴുതിയിട്ടുണ്ട്. ഈശ്വരഹിതം മനസ്സിലാക്കി ജ്യോത്സ്യന്മാർ കുട്ടികളെ അതിന് നിയുക്തരാക്കുകയും കുട്ടികൾ അമ്പലമുറ്റത്ത് ഈശ്വരസന്നിധിയിൽ ഗോട്ടികളിക്കുകയും ചെയ്യുന്നു.

> ഈശ്വരൻ ഗോട്ടികളികണ്ട് രസിച്ചു. പക്ഷേ ഗോട്ടികളി കണ്ടുരസിക്കണമെന്നായിരുന്നില്ലല്ലോ ആശിച്ചത്. ഗോട്ടികളിച്ച് രസിക്കണമെന്നല്ലേ? ഈശ്വരനായ തനിക്ക് ഗോട്ടികളിച്ച് രസിക്കാനുള്ള ഭാഗ്യമില്ല. ഒറ്റയ്ക്ക് കളിക്കാവുന്ന കളിയല്ലല്ലോ ഗോട്ടികളി. താനാണെങ്കിൽ ഒരിക്കലും തന്നെപ്പോലെ മറ്റൊരാളുണ്ടാകാത്ത വിധം ഒറ്റയാനും. ഈ ഏകാന്തത എങ്ങനെ സഹിക്കും? ശപിക്കപ്പെട്ട ഏകാന്തത തീർക്കാൻ ഒരിക്കലും സാധിക്കില്ലെന്ന ദുഃഖസത്യത്തിനു മുന്നിൽ ഈശ്വരൻ നടുങ്ങി നിന്നു.[34]

ഇത്തരം ഏകാന്തതയിൽ തന്നോടുതന്നെ കളിക്കാവുന്ന കളികളേ കരണീയമാകുന്നുള്ളൂ. ഗോട്ടികളിയെന്ന ബിംബകല്പനയും സവിശേഷ ശ്രദ്ധ ആകർഷിക്കുന്നതാണ്. തനിക്കു താനേയുള്ളൂ എന്ന തിരിച്ചറിവ് വേറെ സന്ദർഭങ്ങളിലും കവി ആവർത്തിക്കുന്നുണ്ട്.

> ഞാനെനിക്കൊരു ഞാണോ
> ആണെങ്കിൽ അമ്പേതാണ്?[35]

എന്ന ചോദ്യത്തിലെ അമ്പ് ലിംഗപ്രതീകമാണ്. ലംബ ബിംബങ്ങളുടെ സ്വാധീനം വേറെയും കാണാം

ഒരു കുന്തം

ഒരന്തവും കുന്തവും ഇല്ലാത്ത കുന്തം

ഇതെന്തൊരു കുന്തം?[36]

ലംബബിംബങ്ങളുടെ സജീവസാന്നിധ്യത്തെ ഫ്രോയ്ഡിന്റെ സ്വപ്നവ്യാഖ്യാനപദ്ധതിയെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്താൽ, അത് പുല്ലിംഗവർണ്ണന തന്നെയാണ്.[37] അബോധ മനസ്സിന്റെ സ്വാധീനഫലത്താൽ പ്രത്യക്ഷപ്പെടുന്ന ഇത്തരം പ്രതീക ങ്ങളെ കുഞ്ഞുണ്ണിക്കവിതയുടെ സവിശേഷമണ്ഡലത്തിൽ സ്വവർഗ്ഗ ലിംഗ പ്രതിപത്തിയായി വായിച്ചെടുക്കാൻ കഴിയും.

### 5.4. നല്ല മകനും കുട്ടനും

അപകർഷതാബോധവും ആത്മനിന്ദയും ധാരാളമായി പ്രകടിപ്പി ച്ചിട്ടുള്ള കുഞ്ഞുണ്ണിതന്നെയാണ് *മാതൃഭൂമി*, *മലർവാടി* മുതലായ പ്രസിദ്ധീകരണങ്ങളിൽ സാരോപദേശകഥകൾ രചിച്ചിട്ടുള്ളത്. ഇതിനെ ആത്മവിമർശനത്തിന്റെ ഭാഗമായും കാണാവുന്നതാണ്. ചീത്തത്തങ്ങൾ അടക്കിവെച്ച് നല്ല മകനായിരിക്കാൻ നടത്തുന്ന ശ്രമങ്ങൾ അദ്ദേഹത്തിന്റെ പല രചനകളിലും പ്രകടമാണ്. *നല്ലമകൻ* എന്ന പേരിൽ എഴുതിയ കഥയിൽ ഇങ്ങനെ പറയുന്നു.

വടക്ക് ഗോകർണ്ണം മുതൽ തെക്ക് കന്യാകുമാരി വരെ നീണ്ടുകിടക്കുന്ന സാക്ഷാൽ കേരളം - കുട്ടിക്കാലത്തു പഠിച്ചറിഞ്ഞ ഈ രണ്ടതിരുകളോടു കൂടിയ എന്റെ കേരളം!

... ഗോവിന്റെ കർണ്ണത്തിൽ ലിംഗമാഴ്ത്തി രമിക്കുന്ന ശിവന്റെ മുന്നിൽ നിൽക്കുമ്പോൾ ഈ ലിംഗം കാമിച്ച് കാത്തുനിൽക്കുന്ന കന്യാകുമാരി ദേവിയെ ഞാനോർത്തു പോകുന്നു. ഇങ്ങനെ രണ്ടുപേരാണല്ലോ എന്റെ കേരളത്തിന്റെ വടക്കും തെക്കുമെന്നതെന്നെ അത്ഭുതപ്പെടുത്തുന്നു. ഭക്തിയുടെ ഭാഷയിൽ, ചരിത്രത്തിന്റെ ഭാഷയിൽ, ഐതിഹ്യത്തിന്റെ ഭാഷയിൽ തെല്ലും ശരിയാകാത്ത എന്റെ ഈ അത്ഭുതം! എന്റെ നാടിന്റെ ഒരതിരിൽ ഒരു സുഖസത്യം! മറ്റേ അതിരിൽ ഒരു ദു:ഖസത്യം! ഒരതിരിൽ സദാ രതി! മറ്റേ അതിരിൽ നിത്യാരതി!

... എന്റെ പിതാവ് സദാരതനായി നിൽക്കുന്നു എന്നത് എന്നെ സന്തോഷിപ്പിക്കുന്നു. മാതാവ് നിത്യകന്യകയായി കരഞ്ഞു കഴിയുന്നു എന്നത് എന്നെ ദു:ഖിപ്പിക്കുകയും ചെയ്യുന്നു. ഈ സന്തോഷവും ഈ സന്താപവും എന്നെ നല്ല മകനാക്കുകയും ചെയ്യുന്നു.[38]

വിരുദ്ധങ്ങളുടെ സമന്വയത്തിൽ കിടന്നു ഞെരുങ്ങുന്ന തന്നെക്കുറിച്ച് കുഞ്ഞുണ്ണി വേറെയും എഴുതിയിട്ടുണ്ട്. *നല്ല മകന്റെ* തുടർച്ചയായി *കുറ്റിപ്പെൻസിൽ* എന്ന സമാഹാരത്തിൽ *കുട്ടന്റെകഥ*യുമുണ്ട്. സ്രഷ്ടാവിന്റെ ആത്മാംശം ഇക്കഥയിലും സ്പഷ്ടമാണ്.

കുട്ടനെ ആദ്യം കണ്ടപ്പോൾ കുട്ടനു തോന്നി കഷ്ടേ കഷ്ടം! ഒട്ടും പൊക്കമില്ലാത്ത, ഒരു പുഷ്ടിയുമില്ലാത്ത, കഴിവും കഷ്ടിയായൊരു കുട്ടി, പാവം കുട്ടി! ഇവനിവനെക്കൊണ്ടെടുത്തു കാട്ടാൻ. എന്നും എല്ലാത്തിനും വല്ലോരും വേണ്ടി വരും.

... ആദ്യമായി കുപ്പായമിട്ടപ്പോൾ കുട്ടനു തോന്നി - താനിപ്പോൾ ഇത്തിരി വലുതായിരിക്കുന്നു. നന്നായിരിക്കുന്നു!

... കുറച്ചു കഴിഞ്ഞു നോക്കുമ്പോൾ ഇതെന്ത് കുട്ടന്റെ കുപ്പായം വളർന്നിരിക്കുന്നല്ലോ.കുട്ടൻ വളരുന്നില്ലല്ലോ. ഇത്തിരി കഴിഞ്ഞു നോക്കുമ്പോഴുണ്ട്

കുപ്പായവും വളരുന്നില്ല. മറ്റുള്ളവരുടെയെല്ലാം കുപ്പായം വളരുന്നുണ്ട്. അതെല്ലാം തന്റെ കുപ്പായത്തേക്കാൾ നല്ലത്. അതിനാൽ കുട്ടന് തന്റെ കുപ്പായമൊന്ന് മാറണം.പക്ഷേ സാധിക്കുന്നില്ല. ഇതൊന്ന് ഊരി കളഞ്ഞിട്ട് വേണമല്ലോ വേറൊരു കുപ്പായമിടാൻ. എന്തു ചെയ്യും? ആ ദുഃഖത്തിലായിരുന്നു കുട്ടൻ കുറച്ചുകാലം. പിന്നെ ആ ദുഃഖം കുട്ടനറിയാതെ സുഖമായി മാറി. ആ സുഖത്തിലാണ് കുട്ടനിപ്പോഴും.[39]

ഇവിടെ കുപ്പായം ശരീരത്തിന്റെ പ്രതീകമാണ്. അബോധത്തിൽ അത് ലിംഗപ്രതീകവുമാവാം. കുപ്പായത്തെ ശരീരമായി കല്പിക്കുന്ന രീതി പണ്ടേ ഉള്ളതാണ്. മറ്റുള്ളവരുടെ വലുതാകുന്ന, തന്റെ വലുതാകാത്ത കുപ്പായത്തിൽ ദുഃഖിക്കുകയും ആ ദുഃഖഹേതുവിൽ പിന്നീടഭിരമിക്കുകയും ചെയ്യുന്ന കുട്ടി ആത്മരതിയാണ് അനുഭവിക്കുന്നതെന്ന കാര്യം സ്പഷ്ടമാണ്.

തോട്ടുവക്കത്തെ കൈതക്കുട്ടിലേയ്ക്ക് കാലും നീട്ടിയിരിക്കുമ്പോൾ
കുട്ടനൊരു പാട്ടുകിട്ടി.

കുട്ടനെപ്പോലെയിരിക്കുന്നു കുട്ടനെ
ന്നുണ്ടൊരു കെട്ടുകഥയിന്നാട്ടിൽ

ഉടൻ വേറൊരു പാട്ടും വന്നു

കുട്ടനെപ്പോലെയിരിക്കുന്നതെല്ലാരു
മെന്നൊരു സത്യവുമുണ്ടിപ്പാരിൽ

കുഴപ്പമായല്ലോ ഭഗവാനേ! അല്ലല്ല, സന്തോഷം ഭഗവാനേ. എല്ലാ കുഴപ്പവും തീർന്നെന്ന സന്തോഷം കൈതക്കുടേ, നിനക്കു നന്ദി! നിന്നിൽ കാലും നീട്ടിയിരുന്നതുകൊണ്ടാണല്ലോ എനിക്കീ സത്യം മനസ്സിലായത്. നിന്നിലേയ്ക്ക് തലപൂഴ്ത്തിക്കിടക്കാനാണെനിക്കു തോന്നിയിരുന്നതെങ്കിലോ?

> കഷ്ടായി. ഞാനതുചെയ്യില്ലല്ലോ - കുട്ടനിടയ്ക്കിടയ്ക്കിങ്ങനെ പറഞ്ഞു. അതു ചെയ്യാർന്നു, നല്ല സൌകര്യാർന്നു. അടുത്തുവന്നു നിന്നതാ, അടുത്തൊന്നും വേറാരുണ്ടാർന്നൂല്യ. നല്ല മോഹമുണ്ടാർന്നു. കാണു മ്പൊ കാണുമ്പൊക്കെ തോന്നാറ്ള്ളതാ ഒന്നു തോണ്ടണംന്ന്. അവന്റെ തലേടെ പിന്നിലൊന്നു തോണ്ടണംന്ന്! [40]

ശാരീരികവും ലൈംഗികവുമായ താരതമ്യങ്ങൾ അപകർഷതാ ബോധത്തിന്റെ അടിസ്ഥാനകാരണങ്ങളിൽ ഒന്നാണ്. പൊക്കമില്ലാ യ്മയും വലിപ്പമില്ലായ്മയുമെല്ലാം ഉൾവലിയലുകൾക്കു കാരണമാകും. ഇതിനെ മറികടക്കാൻ ചില കാവ്യപരിഹാരങ്ങൾക്ക് ശ്രമിക്കാതെയു മിരുന്നിട്ടില്ല.

> വലിയൊരാനയുടെ ചെറിയൊരുവാലും വാല്
> ചെറിയൊരെലിയുടെ വലിയൊരുവാലും വാല്
> പാലുതരുന്നൊരു പയ്യിൻ ചേലേറുന്നൊരു
> വാലും വാല്, എല്ലാ വാലും വാല്[41]

അപകർഷതാ ബോധത്തെ യുക്തികൊണ്ട് സമാശ്വസിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ കുഞ്ഞുണ്ണിക്കൃതികളിൽ വേറെയും കാണാം. ഏറ്റു പറച്ചിൽ, (Atonement) സ്വയം പരിഹസിക്കൽ (Self-deprecation) മുത ലായ ആത്മരക്ഷോപായങ്ങൾ കവി ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ അവസാനകാല കൃതികളിൽ പോലും താരതമ്യവും ആത്മ നിന്ദയും വെളിപ്പെടുന്നുണ്ട്. ആത്മകഥാകുറിപ്പുകളിൽ ഇത് ഏറെ പ്രകടമാണ്.

### 5.5. അപകർഷത

ശാരീരികമായ അപകർഷതാബോധം കുഞ്ഞുണ്ണിക്കൃതികളിൽ ഉൾവലിയലായും ആത്മരതിയായും പരിണമിക്കുന്നുണ്ട്. ഏകാന്തത യിൽ തന്നെത്തന്നെ ഭുജിക്കുന്നതിലെ സുഖാനുഭൂതിയെക്കുറിച്ച് കവി എഴുതിയിട്ടുണ്ട്. 'ഇരുളിൽ തനിക്കെന്തും ചെയ്യാം ആരായും ഭാവിക്കാം' എന്നും പറഞ്ഞിട്ടുണ്ട്. അടങ്ങാത്ത കാമമുള്ള താൻ സമൂഹത്തിന് യോജിച്ച വിധം നല്ലവനാകാൻ നടത്തുന്ന ശ്രമങ്ങളാണ് ഒരു വിഭാഗം കൃതികളിൽ കാണാനാവുക. ഇത് ഫ്രോയ്ഡ് പറയുന്ന വികാരദമനം (suppression) തന്നെയാണ്. ഇത്തരത്തിൽ മറച്ചു വെയ്ക്കുന്ന ഭാരം ഏതു മഹാനും താങ്ങേണ്ട കുരിശാണെന്ന്, വൈലോപ്പിള്ളിയെ സംബന്ധിച്ച് കുഞ്ഞുണ്ണി പറഞ്ഞിട്ടുള്ളതാണ്. അടിസ്ഥാനമില്ലാത്ത ഭാരം ചുമക്കുന്ന, ആ ഭാരം എന്തു ചെയ്യണമെന്നറിയാത്ത ഒരാളെക്കുറിച്ച് *അറിഞ്ഞു കൂടാ* എന്ന കഥയിലും പറയുന്നുണ്ട്.[42] ഈ യാതനകളെ അതി ജീവിക്കാൻ കവി നടത്തുന്ന ശ്രമങ്ങളാണ് കുഞ്ഞുണ്ണിക്കവിതയുടെ ദാർശനികപശ്ചാത്തലം.

എന്റെ കൊട്ടുങ്ങല്ലൂരമ്മേ
എനിക്ക് പച്ചത്തെറിപറയാനിത്തിരി
കരുത്തുനൽകണമേ
നീയതു നൽകിയില്ലെങ്കിൽ
ഞാനൊരു കോഴിച്ചാത്തനായി
ഗൗതമശാപം നേടി
സഹസ്രഭഗനാകുമേ, പറഞ്ഞേയ്ക്കാം.[43]

ആണായിരിക്കാൻ നടത്തുന്ന ശ്രമങ്ങൾ മറ്റു കവിതകളിലും കാണാനാകും. സ്വന്തം മനസ്സിന്റെ സ്ത്രൈണഭാവത്തെ ആദ്യകാലകൃതികളിൽ താത്ത്വികമായി ന്യായീകരിക്കാൻ കവി ശ്രദ്ധിക്കുന്നുണ്ട്.

> പെണ്ണല്ലാത്താണുങ്ങളുണ്ടോ-ലോകത്തിൽ
> പെണ്ണായ പെണ്ണുങ്ങളുണ്ടോ[44]

എന്നാൽ അവസാനകാലകൃതികളിൽ ചില തുറന്നെഴുത്ത് കവി നടത്തിയിട്ടുണ്ട്.

> ഞാനും ഒരു തരത്തിലൊരു നാരായണീയമാണ് നാരായണിയുടെ മകൻ. അപ്പോൾ നാരായണീയൻ അല്ലേ ആവൂ എന്ന് ചോദിക്കാം. അല്ല, ഞാൻ സ്വയം വരിച്ച നപുംസകത്വം ഉണ്ടെനിക്ക്. ആ നിലയ്ക്ക് നാരായണീയം തന്നെയാണ് ശരി.[45]

മറ്റൊരിടത്ത് കവി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു :

> ഉപായത്തിലാണെങ്കിലും ഞാനും ഒരാണാണ്
>
> ...പെണ്ണല്ലാത്ത ആണുങ്ങളുണ്ടോ ലോകത്തിൽ പെണ്ണായ പെണ്ണുങ്ങളുണ്ടോ എന്നൊരന്വേഷണത്തിന്റെ വഴിയിലായിരുന്നു ഞാൻകുറെക്കാലം
>
> ... ഞാനാര് എന്നന്വേഷിച്ച് നടക്കുകയാണ് ഇന്നും ഞാൻ. ഈ അന്വേഷണം എനിക്ക്, ഞാനും ഒരു പെണ്ണാണ് എന്ന നിഗമനത്തിലാണ് ഇപ്പോൾ എത്തിയിരിക്കുന്നത്.[46]

ഇത് കവിയുടെ എഴുപത്തഞ്ചാമത്തെ വയസ്സിൽ എഴുതിയതാണ്. ഈ വെളിപ്പെടുത്തലിലേയ്ക്ക് എത്താൻ അത്രയും കാലമെടുത്തു എന്നതു തന്നെ അദ്ദേഹത്തിൽ രൂഢമൂലമായിരുന്ന അപകർഷതയുടെ തെളിവാണ്. കവിതയിലൂടെയും കഥകളിലൂടെയും അതിനെ അതിജീവിക്കാൻ ശ്രമിച്ചെങ്കിലും പൂർണ്ണമായും അതിനു കഴിഞ്ഞിട്ടില്ല എന്ന് അവസാന കാലകൃതികൾ തെളിയിക്കുന്നു. സ്വന്തം പരിമിതികളെ ക്കുറിച്ച് നല്ല ബോധമുള്ള ഈ കവി ആ ബോധം കൊണ്ടുതന്നെ സ്വയം രചിക്കുന്നു[47]

ദീർഘരചനകൾ തന്റെ ആന്തരികതയെ കുറെക്കൂടി പ്രത്യക്ഷമാക്കിയേക്കാമെന്ന ബോധവും കവിക്കുണ്ടായിരുന്നിരിക്കാം. അതാവണം കുറുങ്കവിതകളുടെയും കഥകളുടെയും ലോകത്തേയ്ക്ക് ഒതുങ്ങാൻ കുഞ്ഞുണ്ണിയെ പ്രേരിപ്പിച്ചിട്ടുണ്ടാവുക.

## 5.6. സ്വവഗ്ഗാനുരാഗത്തിന്റെ വേരുകൾ

സ്വവർഗ്ഗാനുരാഗത്തിന്റെ ആദ്യഘട്ടം ശൈശവത്തിലാണ് തേടേണ്ടതെന്ന് ഫ്രോയ്ഡ് പറയുന്നു. വദന,മൂലഘട്ടങ്ങൾക്കുശേഷം ജനനേന്ദ്രിയഘട്ടത്തിൽ സംഭവിക്കുന്ന വൈകാരിക സ്ഥിരീകരണം സ്വവർഗ്ഗരത്യാഭിമുഖ്യത്തിന് കാരണമാവുന്നു. ജനനേന്ദ്രിയപൂർവ്വഘട്ടങ്ങളിൽ സംഭവിക്കുന്ന വ്യതിയാനങ്ങളും ലൈംഗികോർജത്തിന്റെ

വിന്യാസത്തെ പ്രതികൂലമായി ബാധിച്ച് ജനനേന്ദ്രിയഘട്ടത്തിലെ സ്ഥിരീകരണത്തിന് കാരണമായിത്തീരാം. *കുട്ടന്റെ കഥയി*ലെ അനുഭവം പരിശോധിക്കാം.

> കുപ്പായമിട്ട് പുത്തുവന്നപ്പോഴാണ് കുട്ടനാദ്യമായി വിശപ്പ് തോന്നിയത്. തിന്നാലേ തീരൂ വിശപ്പ്. തിന്നുന്നതിനു മുമ്പ് കുടിക്കണം. എന്തു കുടിക്കണം? അമ്മിഞ്ഞ കുടിക്കണം. അമ്മയ്ക്കല്ലേ അമ്മിഞ്ഞയുള്ളൂ, അമ്മയെവിടെ? നോക്കിയപ്പോൾ അരികിൽ തന്നെ കിടക്കുന്നു അമ്മയുടെ മുല, വലിയ മുല, വളരെ വലിയ മുല, അമ്മയോളമുള്ള മുല, അമ്മ തന്നെയായ മുല. ഈ വലിയ മുല ഈ ചെറിയ ഞാനെങ്ങനെ ഈ ചെറിയ വായ കൊണ്ട് കുടിക്കും? കുട്ടൻ കരഞ്ഞു. കരഞ്ഞു കൊണ്ട് തപ്പി അതാ കൊച്ചു മുലക്കണ്ണ് പിന്നെ താമസമുണ്ടായില്ല കുട്ടൻ കണ്ണടച്ചു കുടിക്കാൻ തുടങ്ങി.[48]

വിശപ്പിന് കാമവുമായുള്ള ബന്ധം മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. തിന്നുന്നതിനു മുമ്പ് കുടിക്കണം എന്ന് ഇക്കഥയിൽ പറയുന്ന ആശയം '*മൂത്രമൊഴിച്ചുണ്ണണം*' എന്നവരിയിലൂടെയും കവി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് പുരീഷ താല്പര്യം തന്നെ. *'അമ്മിയെന്നാൽ അരകല്ല്, അമ്മയെന്നാൽ അമ്മിഞ്ഞക്കല്ല്'* എന്ന് എഴുതിയിട്ടുള്ള കവിയുടെ ലിബിഡോ, വദനഘട്ടത്തിൽ സ്ഥിരീകരിക്കപ്പെട്ടതിന്റെ സൂചനകൾ കവിതയിലെമ്പാടും കാണാം. അമ്മയോടുള്ള ആശ്രിതത്വഭാവം അവസാനകാല രചനകളിൽ പോലും പ്രകടമാണ്. *'അമ്മയ്ക്കല്ലേ അമ്മിഞ്ഞയുള്ളൂ'* എന്ന ചിന്ത ശ്രദ്ധേയമാണ്. തൊട്ടടുത്ത വരികളിൽ, വലിയ മുല കാണുന്ന കുട്ടൻ എന്തുചെയ്യണമെന്നറിയാതെ കരഞ്ഞുപോകുന്നു. അപ്പോഴാണ് വലിയ

മുലയിൽ ഉള്ളതായ ചെറിയ മുലഞെട്ട് കുട്ടന് കിട്ടിയത്. തന്റെ വായയ്ക്ക ചേർന്നത്. പിന്നെയൊന്നും നോക്കാതെ കണ്ണടച്ചുകുടിക്കാൻ തുടങ്ങി. *'കട്ടുകുടിക്കുമ്പോൾ കണ്ണടയുമെന്നതുകൊണ്ടാണ് /ഞാൻ പൂച്ചയായി പിറക്കാൻ കൊതിക്കുന്നത്.'* എന്ന വരികളും ഇവിടെ ചേർത്തുവായിക്കാവുന്നതാണ്. *'അമ്മയുടെ മുന്നിൽ വെച്ചും കുട്ടൻ കട്ടു തിന്നും. കട്ടേ തിന്നൂ. കട്ടുതിന്നുന്നതിനേ രസമുള്ളൂ എന്നാണ് കുട്ടന്റെ കണ്ടുപിടിത്തം'.*[49]

ഈ കഥയിൽ ഫ്രോയ്ഡ് പറയുന്ന വദനഘട്ടത്തിന്റെയും ഈഡിപ്പൽ അവസ്ഥയുടെയും ആത്മരതിയുടെയും അംശങ്ങൾ പ്രകടമാണ്. പൊക്കമില്ലാതെ, പുഷ്ടിയില്ലാതെ, തന്നിൽത്തന്നെ ഒതുങ്ങുന്ന കുട്ടി, തന്റെ ഊരിക്കളയാൻ ആഗ്രഹിക്കുന്ന ശരീരത്തിൽ പിന്നീട് താല്പര്യം കണ്ടെത്തുണ്ട്. ഈഡിപ്പൽ അവസ്ഥയിലൂടെ സഞ്ചരിച്ച് തന്നിൽത്തന്നെ അവൻ തിരിച്ചെത്തുന്നുണ്ട്. ഇത് വദനഘട്ടത്തിൽ നിന്നാരംഭിച്ച് മൂലഘട്ടത്തിലെ സങ്കീർണ്ണതകളിലൂടെ സഞ്ചരിച്ച് ജനനേന്ദ്രിയഘട്ടത്തിൽ സംഭവിക്കുന്ന ഒരു സ്ഥിരപ്പെടലാണ് (phallic fixation). അത് സ്വയം പര്യാപ്തമായ ആത്മരതിയുടെ ഘട്ടമാണ്.

ആണിനു പേണ്ണ പോരേ
പെണ്ണെന്തിന് ?[50]

*ആണിന്* പ്രാസമൊപ്പിക്കാൻ മാത്രമായി ഒരു *പേണ്* ഇവിടെ പ്രയോഗിച്ചു എന്നുകരുതാൻ ന്യായമില്ല. വാക്കുകൾ മുറിക്കുമ്പോഴും കൂട്ടിച്ചേർക്കുമ്പോഴും സംഭവിക്കുന്ന അർത്ഥവ്യത്യാസങ്ങളെയെല്ലാം കൈക്കലാക്കുന്ന കവിയാണ് കുഞ്ഞുണ്ണി. അങ്ങനെ വരുമ്പോൾ *പേണ്* എന്ന പദത്തിന്റെ അർത്ഥം പരിഗണിക്കേണ്ടിയിരിക്കുന്നു. പേണെന്നാൽ *ആപ്പ്* എന്നും ആപ്പെന്നാൽ *വിടവിലേയ്ക്ക് അടിച്ചുകയറ്റുന്ന ചെറുകുറ്റി*യെന്നുമാണ് ശ്രീകണ്ഠേശ്വരത്തിന്റെ *ശബ്ദതാരാവലി*യിലെ അർത്ഥം. ആണിനു പെണ്ണെന്തിന്, പേണുപോരേ എന്ന ചോദ്യത്തിലൂടെ കവി സ്വയം പര്യാപ്തമായ ആത്മരതിയെയും മറികടന്ന് സ്വവർഗ്ഗരതിയോളം ചെന്നെത്തുന്നു.

ആണിന് പെണ്ണിലേക്കെത്താൻ എത്ര ദൂരം നടക്കണം

എന്നിങ്ങനെ ജൈവരൂപങ്ങളുടെ വ്യത്യാസത്തെക്കുറിച്ച് കവി വേറെയും അന്വേഷിച്ചിട്ടുണ്ട്. ചിലയിടത്തെല്ലാം സമർത്ഥമായി ഇവ യെ തിരിച്ചിടാനും ശ്രമം നടത്തിയിട്ടുണ്ട്.

> കാലത്ത് വൈകിയുണർന്ന് പുറത്തുവന്നുനോക്കുമ്പോൾ സൂര്യനുണ്ട് മുറ്റത്തുകിടക്കുന്നു.കാച്ചിയ പപ്പടം പൊട്ടിത്തകർന്ന് കിടക്കുന്നതുപോലെ. ഏത് വികൃതിച്ചെക്കനാണ് ഇത് ചെയ്തതെന്ന് ചോദിച്ചപ്പോൾ അമ്മ പറഞ്ഞു,
>
> വികൃതിച്ചെക്കനല്ല പ്രകൃതിച്ചെക്കൻ.
>
> എന്നേ പ്രകൃതി പുരുഷനായത് ?
>
> എന്നും പെണ്ണായിരുന്നും പെറ്റുകൊണ്ടിരുന്നും എനിക്ക് മുഷിഞ്ഞു. ഇനി കുറച്ചുകാലം ആണാകട്ടെ എന്ന് പറഞ്ഞ് അവളിന്ന് വെളുപ്പാൻ കാലത്തു തന്നെ എണീറ്റ് പുറത്തേയ്ക്ക് ഇറങ്ങിപ്പോകുന്നതു കണ്ടു.[51]

അപരലിംഗപദവിയെക്കുറിച്ചുള്ള ഈ കൌതുകം കേവലം യാദൃച്ഛികമല്ല. ആൺ,പെൺ അവസ്ഥാന്തരങ്ങളെക്കുറിച്ച് ഒട്ടേറെ കവിതകൾ കുഞ്ഞുണ്ണിയുടേതായിട്ടുണ്ട്.

ആണാവാൻ കൊതിക്കാത്ത
പെണ്ണുങ്ങളില്ലുലകത്തിൽ
പെണ്ണാവാൻ കൊതിക്കുന്നൊ
രാണുങ്ങളുണ്ടോ ആവോ?[52]

ലിംഗാവസ്ഥകളെ സംബന്ധിച്ച് ആവർത്തിക്കുന്ന ഈ സന്ദേഹം കുഞ്ഞുണ്ണിക്കൃതികളുടെ മുഖമുദ്രയാണ്. മനോമണ്ഡലത്തിലെ ചില ഒഴിയാബാധകളാണ് സർഗ്ഗാത്മകമാവുന്ന നിമിഷങ്ങളിൽ ഇപ്രകാരം ആവർത്തിക്കുക. സൃഷ്ടിയുടെ നിമിഷങ്ങളിൽ സാമൂഹിക സങ്കോചങ്ങൾ ദുർബലപ്പെടുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്. അതുകൊണ്ട് ഏതെങ്കിലുമൊരു രൂപമോ ഭാവമോ കൃതികളിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടുമ്പോൾ മനോവിശകലന സിദ്ധാന്ത പ്രകാരം സ്രഷ്ടാവിന്റെ മാനസിക ഭാവങ്ങളുമായി അതിനെ ബന്ധിപ്പിക്കേണ്ടതുണ്ട്.

ആവർത്തിച്ചു കണ്ടിരുന്ന ഒരു സ്വപ്നത്തെക്കുറിച്ച് രണ്ടുമൂന്ന് രചനകളിൽ കുഞ്ഞുണ്ണി പറഞ്ഞിട്ടുണ്ട്. സദ്യയ്ക്കുപോയി ഊണു നേരെയാകാതെ വരിക എന്നതാണ് സ്വപ്നം. ഉണ്ണാറായാൽ കവിക്ക് മൂത്രമൊഴിക്കണം. സദ്യയായതുകൊണ്ട് മുറ്റത്തും പറമ്പിലും നിറച്ചാളു

കളായിരിക്കും. കവിക്കാണെങ്കിൽ ആരെങ്കിലും അടുത്തുണ്ടെങ്കിൽ വല്ലാതെ മുട്ടുന്ന സമയത്താണെങ്കിലും ഒരൊറ്റതുള്ളി മൂത്രം പുറത്തു വരികയില്ല. അങ്ങനെ ഏകാന്തമായ സ്ഥലം അന്വേഷിച്ചന്വേഷിച്ച് ദൂരെ പോകും. തിരിച്ചെത്തുമ്പോഴേയ്ക്കും രണ്ടോ മൂന്നോ പന്തി സദ്യ കഴിഞ്ഞിരിക്കും. കീറിയ, ചെളിപുരണ്ട, കാക്കക്കാഷ്ഠം ഉണങ്ങിപ്പിടിച്ച ഇലയിൽ, കിട്ടിയ ചോറിനൊപ്പം ഇഷ്ടവിഭവങ്ങൾ പലതും ഉണ്ടായിരിക്കില്ല. തൊട്ടപ്പുറത്തിരിക്കുന്നവരുടെ ഇലയിൽ അതെല്ലാം ഉണ്ടായിരിക്കുകയും ചെയ്യും. വിളമ്പുന്നവരെ വിളിച്ചാൽ അവർ കേൾക്കാത്തതു പോലെ പോവും. ഒടുവിൽ ഉണ്ണാൻ തുടങ്ങും. എത്ര ഉണ്ടാലും തീരില്ല. അങ്ങനെ തിന്നുകൊണ്ടിരിക്കുമ്പോൾ ഉണരും. ഒരു സ്വപ്നസദ്യയും പൂർണമായിട്ടില്ലെന്ന് കവി പറയുന്നു.

> ഈ സ്വപ്നം അല്പസ്വല്പം വ്യത്യാസങ്ങളോടുകൂടി അമ്പത്തെട്ടാം കാലത്തും ഉണ്ടാകാറുണ്ട്. പിന്നൊരു സ്വപ്നം, പല്ലു തേക്കാത്ത വായ്കൊണ്ടുണ്ണുന്നു എന്ന സ്വപ്നം. ആദ്യ സ്വപ്നത്തെക്കുറിച്ച് ഞാനൊരു ചങ്ങാതിയെ പറഞ്ഞു കേൾപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു, നിറവേറാത്ത കാമമാണ്, അടങ്ങാത്ത കാമമാണ് ഈ ഉണ്ടു തീരായ്ക എന്ന്. ശരിയായിരിക്കാം, എന്റെ കാമം അത്ര കനത്തതാണ്. കാമം കൂടിയവൻ കല്യാണം കഴിക്കരുത്. ഒന്നുകിൽ കാവിയുടുക്കണം അല്ലെങ്കിൽ കവിയാകണം. കാവിയെടുക്കാനുള്ള കരുത്തെനിക്കില്ല. കവിതയെഴുതാനുള്ള വാസന കുറച്ചുണ്ടുതാനും. അതിനാൽ ഞാനൊരു കവിയായി.[53]

സ്വപ്നത്തെക്കുറിച്ചു പറഞ്ഞുതുടങ്ങിയിട്ട്, അത് കാമത്തിലവസാനിക്കുകയും പിന്നീട് തന്റെ തീവ്രകാമത്തെക്കുറിച്ച് മുമ്പെഴുതിയ വരികൾ

ആവർത്തിക്കുകയുമാണ് കവി ഇവിടെ ചെയ്യുന്നത്. കുള്ളനു കാമം കൂടുമെന്ന് പറയുന്ന കവി, ആണത്തമില്ലാത്തവന് മോഹം കൂടുമെന്നും പറയുന്നു. ആണത്തമില്ലായ്മയെ ശകാരിക്കുന്നതിലൂടെ സ്വയം ശിക്ഷിച്ചു സംതൃപ്തമാകുന്ന ആത്മരക്ഷോപായമാണ് പ്രാവർത്തികമാവുന്നത്. .

അഴകുള്ള പെണ്ണുങ്ങൾക്കഞ്ഞൂറു മോഹം
അഴകില്ലാപ്പെണ്ണുങ്ങൾക്കായിരം മോഹം
ആണത്തമില്ലാത്തൊരാണുങ്ങൾക്കയ്യോ
അറുപതിനായിരം മോഹം [54]

കുഞ്ഞുണ്ണി ആവർത്തിച്ചുകാണുന്ന സ്വപ്നത്തിൽ, സമൂഹമധ്യത്തിൽ താൻ അപഹാസ്യനാവുന്ന ഒരു തലമുണ്ട്. ഇത് സാമൂഹികമായി ഒരു വ്യക്തി അനുഭവിക്കുന്ന അപകർഷത്തിന്റെ സ്വപ്നപരിഹാരമാണ്. മറ്റുള്ളവരുടെ മുന്നിൽ നഗ്നനാവാനുള്ള സങ്കോചം, തീരാത്ത മൂത്രശങ്കയായി പ്രത്യക്ഷപ്പെടുന്നു. മൂത്രമൊഴിച്ചേ ഉണ്ണാവൂ എന്ന് കവി മറ്റൊരിടത്ത് പറഞ്ഞു വെച്ചിട്ടുണ്ട്.

മൂത്രമൊഴിക്കൽ പലപ്പോഴും എനിക്ക് പ്രശ്നമായിത്തീരാറുണ്ട്. ഒട്ടും മറവില്ലാത്ത ദിക്കിൽ മൂത്രമൊഴിക്കേണ്ടി വരിക, തൊട്ടരികിൽ ആൾ നിൽക്കുമ്പോൾ മൂത്രമൊഴിക്കേണ്ടി വരിക, സംസാരിച്ചുകൊണ്ട് മൂത്രമൊഴിക്കേണ്ടി വരിക, റോഡ് സൈഡിൽ മൂത്രമൊഴിക്കേണ്ടി വരിക, സദ്യയ്ക്കുപോയി ഉണ്ണാനിരിക്കുന്നതിനു മുമ്പ് മൂത്രമൊഴിക്കേണ്ടി വരിക, സമയം നന്നേ കഷ്ടിയായിരിക്കേ മൂത്രമൊഴിക്കേണ്ടി വരിക-ഇതെല്ലാം എനിക്ക് വിഷമമാണിപ്പോഴും. സ്കൂളിൽ പഠിക്കുമ്പോൾ കുട്ടികളെല്ലാം മൂത്രമൊഴിച്ചു കഴിഞ്ഞിട്ടായിരിക്കും ഞാൻ മൂത്രമൊഴിക്കാനിരിക്കുക.

ജീവിതത്തെയും മരണത്തെയും കുറിച്ച് തുടങ്ങിയിട്ട് മൂത്രക്കാര്യത്തിൽ അവസാനിച്ചത് വൃത്തികേടായോ?[55]

ഈ പ്രയാസം പുരീഷതാല്പര്യത്തെ മാത്രമല്ല വ്യക്തിയിൽ രൂഢമൂലമായ അപകർഷതയെയും വെളിവാക്കുന്നു. ഇത് ലൈംഗികാ പകർഷത്തിലേയ്ക്ക് നീളുന്നതുമാണ്. ഈ അപകർഷത്തെ മറി കടക്കാനുള്ള ഒരു മാർഗ്ഗം ഉൾവലിയലിന്റേതാണ്. അത് അവനവനെ ഭുജിക്കുന്നതിലേക്കും[56] എതിർവർഗ്ഗത്തോടുള്ള ഭയപ്പാടിലേയ്ക്കും നയിക്കാം. ഈ ഭയം വെറുപ്പായോ അകൽച്ചയായോ രൂപപ്പെടുന്നതോടെ, സ്വവർഗ്ഗ കാമനകളിലേയ്ക്ക് ലൈംഗികോർജ്ജം പ്രവഹിക്കുന്നത് സ്വാഭാവികമാണ്. ഭക്ഷണം കഴിക്കൽ ലൈംഗികതയുമായി നേരിട്ട് ബന്ധമുള്ള ഒരു ക്രിയയാണ്. ഈ ഭോഗേച്ഛ തന്നോട് തന്നെയാവുമ്പോൾ അത് സ്വവർഗ്ഗ താൽപ്പര്യത്തിലേക്കുള്ള ആദ്യ പടിയാകുന്നു. താൻ മുഴുവനാക്കും മുമ്പ് തീരുന്ന സദ്യ, വിശിഷ്ടമാ യവയിൽ കാണുന്ന വിസർജ്ജ്യം എന്നിവയെല്ലാം വ്യതിരിക്ത ലൈംഗികതയെ ബോധമനസ്സിന് അംഗീകരിക്കാനാവാത്തതിന്റെ സൂചനകളാണ്. സ്വപ്നാവസ്ഥയിലെ ക്ലേശങ്ങൾ സ്വയം വിധിക്കുന്ന ശിക്ഷകളാണെന്നും അതിലൂടെ പരിമിതമായ തോതിൽ വ്യക്തി കുറ്റബോധങ്ങളിൽ നിന്ന് മുക്തനാവുന്നു എന്നും *സ്വപ്നവ്യാഖ്യാന സിദ്ധാന്തം* പറയുന്നു.[57]

## 5.7. സ്വവർഗ്ഗാനുരാഗത്തിന്റെ പരോക്ഷചിഹ്നങ്ങൾ

പ്രാചീന കാവ്യബിംബങ്ങളിലൊന്നായ വണ്ടിന് സ്വവർഗ്ഗാനുരാഗത്തിന്റെ സംജ്ഞാവലിയിൽ സുപ്രധാന സ്ഥാനമുണ്ട്.[58] വ്യഭിചാരിയായ ഈ വണ്ടിനെ കുഞ്ഞുണ്ണിക്കവിതകളിൽ ധാരാളമായിക്കാണാം.

ഞാനാം പൂവിലെ
ഞാനാം തേനും തേടി നടക്കും
ഞാനാം വണ്ടിനെ മാടിവിളിച്ചീടുന്ന
വിളക്കായ് കത്തുകയാകുന്നു ഞാൻ [59]

പൂവും തേനും വണ്ടും വിളക്കും ഒരാൾ തന്നെയാകുമ്പോൾ അദ്വൈതദർശനം മാത്രമല്ല തലകീഴായ ഭോഗേച്ഛയും അനിവാര്യമായ നാശവും സൂചനകളാകുന്നുണ്ട്. വിളക്കിലേക്ക് പാറിയടുക്കുന്ന വണ്ട് ആസക്തിയുടെയും ആത്മനാശത്തിന്റെയും പ്രതീകം കൂടിയാണ്.

പൂവിന്റെ മുന്നിലെത്തുമ്പോൾ
വണ്ടായി തീർന്നീടൊല്ല ഞാൻ
വണ്ടെന്റെ മുന്നിലെത്തുമ്പോൾ
പൂവായ് ഞാൻ വിരിയേണമേ [60]

ഇവിടെ ഒരു പടികൂടി കടന്ന് വണ്ടിന് സമർപ്പിതമാകുന്ന പൂവിന്റെ അവസ്ഥയിലേക്ക് വിരിയണമെന്ന് കവി ആഗ്രഹിക്കുന്നു.

വരി വരണം
വിരിഞ്ഞു വരണം
വിരഞ്ഞു വരുമെന്നാൽ വരി വണ്ട്[61]

ഈ വിരഞ്ഞുവരൽ കാമിച്ച വരൽ തന്നെയാണ്. വരി, വണ്ട് എന്നീ പദങ്ങളുടെ നാനാർത്ഥസാധ്യതയും കണക്കിലെടുക്കേണ്ടതുണ്ട്.

ഞാൻ ഒരു പൂവിലിരിക്കുന്നു
മറ്റൊരു പൂവിൻ തേനുണ്ടീടാൻ വെമ്പുന്നു[62]

എന്ന വരികളിൽ

മറ്റു പൂച്ചെടി ചെന്നുതിന്നാനെൻ
കൊറ്റനാടിനുണ്ടിപ്പൊഴേ മോഹം[63]

എന്ന വൈലോപ്പിള്ളിക്കവിതയിലെ ഏറ്റുപറച്ചിൽ തന്നെയാണ് പ്രകടമാവുന്നത്.

അടുത്ത ജന്മം താനൊരു പൂവാകണോ പൂമ്പാറ്റയാകണോ എന്ന സന്ദേഹം കവി പ്രകടിപ്പിക്കുന്നുണ്ട്. ഇത് ഭോഗിയാകണോ ഭോഗവസ്തുവാകണോ എന്ന സന്ദേഹം തന്നെയാണ്.

ഒരു സമാന്തര വര വ-
ന്നിതൊരിരട്ട വരയായാൽ
പിന്നെ വെറും കോപ്പിയെഴുത്തു തന്നെ-
യെന്റെയും ഗതി.[64]

എന്ന് ഭംഗ്യന്തരേണ കവി തന്നിലെ സ്വവർഗ്ഗാനുരാഗത്തെ സൂചിപ്പിച്ചിട്ടുണ്ട്. ഈ സമാന്തരരേഖ തുല്യമായ അകലത്തിൽ നിൽക്കുന്നതും ഒന്ന് മറ്റൊന്നിന് സമാനവുമാണ്. സമാനതകളുടെ സംഗമം എന്നാൽ സ്വവർഗ്ഗസംഗമം തന്നെ. ഇവിടെ പ്രത്യുല്പാദനം ഇല്ല. കോപ്പിയെഴുത്ത് മാത്രമാണ് ഗതി. ഈ വരകൾ കൂട്ടിമുട്ടുകയോ കൂടിച്ചേരുകയോ ചെയ്യില്ലെന്ന് കവിക്കുമറിയാം. ഈ പാശ്ചാത്തലത്തിൽ,

എനിക്കുണ്ടൊരു ലോകം
നിനക്കുണ്ടൊരു ലോകം
നമുക്കില്ലൊരു ലോകം.[65]

എന്നീ വരികൾക്ക് ദാർശനികതയ്ക്കപ്പുറത്തുള്ള നിസ്സഹായതയുടെ - നിരാശയുടെയും - പുതിയൊരു മാനംകൂടി ലഭിക്കുന്നു.

ഒരു കാമം സാധിക്കാനുണ്ടെനിക്ക്
കാമമുണ്ടാകരുതെന്ന കാമം[66]

തന്നിലെ കാമത്തെ കവി ക്രമാതീതമായി ഭയക്കുന്നുണ്ടെന്നർത്ഥം. എന്തോ പന്തികേടായാണ് കവി കാമത്തെ കാണുന്നത്.

പന്തിയിലിട്ടു മെരുക്കീ പാപ്പാൻ
പന്തികേടുള്ളൊരു കാട്ടാനേ
പന്തിയിലിട്ടു മെരുക്കിവന്നപ്പൊ
ഇത്തിരിപ്പോന്നൊരു കാരക്കോലിന്മേ-
ലത്തറപ്പോന്നോരാന നടന്നു
കുന്തക്കോലിന്റെ കുത്തുപേടിച്ച്
കാടത്തമൊക്കെയടക്കിയാന
കാട്ടാന നല്ലൊരു നാട്ടാന
എന്നാലും പാപ്പാന്റെ കണ്ണുതെറ്റുമ്പൊ
നാട്ടാന നല്ലൊരു കാട്ടാന.[67]

ഇവിടെ പാപ്പാൻ നാട്ടാചാരത്തിന്റെ പ്രതിനിധിയാണ്. അയാളുടെ കാരക്കോൽ സദാചാരവും. ആ വടികൊണ്ട് തന്നെത്തന്നെ അടിച്ച് കവി സ്വയം പരുവപ്പെടുത്തുന്നുണ്ട്. എങ്കിലും ചില നേരങ്ങളിൽ നാട്ടാന കാട്ടാനയായി മാറും.

ശരീരമാണ് സകല കാമനകളുടെയും കാരണമെന്ന് കവി പറയുന്നു. ശരീരസംബന്ധിയായ കാമനകളാണ് തന്നെ ഇമ്മട്ടാക്കിയതെന്ന് കവി പറഞ്ഞിട്ടുണ്ട്.

> ഇനിയും എനിക്ക് ജന്മമുണ്ടെങ്കിൽ
> മനസ്സും ശരീരവും ഇല്ലാതെ
> വേണമെന്നാണെന്റെ പ്രാർത്ഥന
> എന്തുകൊണ്ടെന്നാൽ ഇതുരണ്ടുമാണ്
> എന്നെ ഈ ജന്മത്തിൽ വല്ലാതെ
> ബുദ്ധിമുട്ടിച്ചത്, ബുദ്ധിമുട്ടിക്കുന്നത് [68]

ഈ ശരീരം വേണ്ടെന്നു വെയ്ക്കാമെങ്കിൽ നാട്ടാചാരമനുസരിച്ച് പ്രേമിക്കാനും കവി തയ്യാറാണ്.

> പെണ്ണേ, നിനക്ക് എന്റെ ശരീരം വേണ്ടെങ്കിൽ ഞാൻ നിന്നെ പ്രേമിക്കാം. പെണ്ണേ, എനിക്കും നിനക്കും ശരീരമില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ പ്രേമിക്കുമായിരുന്നു. പെണ്ണേ, എനിക്കും നിനക്കും ശരീരമില്ലായിരുന്നുവെങ്കിൽ നമുക്കൊന്നാകാമായിരുന്നു. [69]

ഇതേ ഭാവം മറ്റൊരിടത്ത് ആവർത്തിക്കുന്നത് കാണുക

> ... അശോകപ്പൂങ്കുല! അതൊരു കൗതുകം തന്നെയാണ്. ഒരു വലിയ നാളികേരത്തിന്റെ ചിരട്ടയോളം വലിപ്പം, യൗവനം തികഞ്ഞ പെണ്ണിന്റെ മുലയുടെ വടിവും മുഴുപ്പും. (പെണ്ണിന്റെ ആ രൂപത്തിലുള്ള മുല ഞാൻ നഗ്നമായി കണ്ടാസ്വദിച്ചിട്ടില്ല. അതിനുവേണ്ടി മാത്രമായി ഒരു ചെറുപ്പക്കാരിയെ സമീപിക്കുന്നത് ശരിയല്ലല്ലോ) [70]

അങ്ങനെ സ്ത്രീയെ സമീപിച്ചാൽ അവൾക്കുണ്ടാകുന്ന നിരാശയെ ക്കുറിച്ച് കവി ബോധവാനാണ്. *അവൾ* എന്ന ചെറുകുറിപ്പിൽ പറയുന്ന തു കാണുക.

> എല്ലാവരും എന്നിൽ രമിച്ചെഴുന്നേറ്റുപോകുന്നു. ആരും എന്നെ രമിപ്പിക്കാൻ പോന്നവരാകുന്നില്ല. എല്ലാവരും എന്റെ മാറത്തൊതുങ്ങുന്ന കുഞ്ഞുങ്ങൾ!അവൾ പരാതിപ്പെട്ടു. അവസാനമവൾ പർവ്വതത്തിന്മേൽ കയറി അതിന്റെ കൊടുമുടിത്തുമ്പത്ത് കമിഴ്ന്നുകിടന്നു. ഫലമില്ലെന്നു കണ്ട് ആകാശത്തിനു കീഴേ കാലു രണ്ടും കവച്ച് മലർന്നു കിടന്നു.[71]

ഈ പശ്ചാത്തലത്തിൽ,

> കാക്ക പാറി വന്നു
>
> പാറമേലിരുന്നു
>
> കാക്ക പാറിപ്പോയി
>
> പാറ ബാക്കിയായി

എന്ന കുട്ടിക്കവിതയ്ക്കുപോലും മറ്റൊരുമാനം കണ്ടെത്താൻ കഴിയും.

സ്ത്രീയെ സമീപിക്കാൻ ആത്മവിശ്വാസമില്ലാത്ത, അതേസമയം ശക്തമായ കാമമനുഭവിക്കുന്ന പുരുഷൻ സ്വാഭാവികമായും ചെന്നെ ത്തുന്ന പാതയിലേക്കു തന്നെയാണ് കുഞ്ഞുണ്ണിയും ചെന്നെത്തുന്നതെ

ന്ന് രചനകൾ സൂചിപ്പിക്കുന്നു. ഒരു കഥയിൽ കൊതുകും മൂട്ടയും പ്രേമി ക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. ഇരു വർഗത്തിലുള്ള അവരുടെ പ്രേമം വിഫലമാകാതിരിക്കാൻ അവർ കണ്ടെത്തുന്ന പോംവഴി ഇപ്രകാ രമാണ് :

> ഇതാ ഇന്നു മുതൽ നമുക്ക് നമ്മുടെ ഈ സ്വഭാവം കളയാം. നാം ഇനി സ്വവർഗ്ഗത്തിന്റെ ചോര കുടിക്കുകയും പരവർഗ്ഗത്തിലൊന്നിനെ പ്രണയിക്കുകയും ചെയ്യാം. സ്ഥിരമായൊന്നിനെ വേണ്ട, മാറി മാറി ഒരോന്നിനെ.[72]

ഇങ്ങനെ വർഗ്ഗസ്വഭാവത്തെ തലകീഴ്മറിക്കലും വേറിട്ടുകാണലും കവി വേറെയും ചെയ്തിട്ടുണ്ട്.

> നദി കടലിന്റെ കാമുകി
> കടൽ സൂര്യന്റെ കാമുകി
> സൂര്യൻ സ്വവർഗ്ഗകാമുകൻ[73]

സൂര്യനെ സ്വവർഗ്ഗകാമുകനാക്കുന്നതിൽ കവി ഒരാനന്ദം അനുഭവി ക്കുന്നതു പോലെയാണ് ഇവിടെ ബിംബങ്ങൾ ചേർത്തു വെച്ചിരിക്കുന്ന ത്.[74] *കുട്ടന്റെകഥ*യിൽ കുട്ടനും ബിംബങ്ങളെ അത്യാനന്ദത്തോടെയാ ണ് നിരീക്ഷിക്കുന്നത്.

> നോക്കുകുത്തി നോക്കിനിൽക്കുക എന്നതാണ് കുട്ടന് ഏറ്റവും ഇഷ്ടപ്പെട്ട വിനോദം. കള്ളിൻകുടത്തല, പടവലങ്ങക്കൈ, ആണായാലും കലം കമഴ്ത്തി ഗർഭം, ചുള്ളിക്കമ്പ് ലിംഗവും, മച്ചിങ്ങ വൃഷണവും, ഇത് രണ്ടും പുറത്താക്കിക്കൊണ്ടുള്ള പാന്റ്, പാകമല്ലാത്ത ഷർട്ട്! കണ്ടാലും കണ്ടാലും മതിവരില്ല. ഒരു തോന്നലു വന്നാൽ കുട്ടൻ നോക്കികുത്തിയുടെ കീഴിൽ ചെന്ന് യേശു കുരിശിലെന്നപോലെയങ്ങ് നിൽക്കും.
>
> ... പ്രസംഗമണ്ഡപത്തിൽ കയറിയാലും കുട്ടൻ നോക്കുകുത്തിയായാണ് നിൽക്കുക. ഒരുമിച്ചുള്ള മഹാപ്രസംഗകർക്ക് സദ്യസരുടെ കണ്ണുതട്ടാതിരിക്കാൻ. മനുഷ്യമത്തങ്ങാപാടത്തെ നോക്കുകുത്തിയാണു ഞാൻ.
>
> ... മത്തങ്ങമോറും കുമ്പളങ്ങത്തലയും മച്ചിങ്ങമൂക്കും, പടവലങ്ങക്കൈയും വഴുതനങ്ങലിംഗവും വാഴത്തടിക്കാലുമുള്ളൊരു നോക്കുക്കുത്തി കണ്ടിട്ടു വേണം മരിക്കാനെന്ന് പ്രാർത്ഥിച്ചാലോ എന്ന് കുട്ടൻ ഒരു ദിവസം വിചാരിച്ചു.[75]

മേല്പറഞ്ഞ രചനയിൽ ശക്തമായ അപകർഷതാബോധവും പുരുഷ ശരീരത്തോടുള്ള കാമനയും പ്രകടമാണ്. കഥയായി പറഞ്ഞു തുടങ്ങിയത് ആത്മകഥയായി പര്യവസാനിക്കുന്ന രീതി കുഞ്ഞുണ്ണിയിൽ ധാരാളമായി കാണാം. ശക്തമായ ആത്മപരതയാണ് കുഞ്ഞുണ്ണി ക്കൃതികളുടെ കാതൽ എന്ന് ഇതിലൂടെ വ്യക്തമാവുന്നു.

ഭാഷാവിഷ്ക്കാരങ്ങളിൽ മാത്രമല്ല, രേഖാചിത്രങ്ങളിലും പുല്ലിംഗ കാമനകൾ പ്രകടമാണ്. കിളിയുടെ കൊക്കും ശരീരവും കാലുകളും പുരുഷനഗ്നതയെ ഓർമിപ്പിക്കുന്നുണ്ട്. തന്റെ വരകളിൽ സംഭവിക്കുന്ന ഈ പ്രത്യേകതയെക്കുറിച്ച് കവി ബോധവാനായിരുന്നു. അതദ്ദേഹം തുറന്നു സമ്മതിച്ചിട്ടുമുണ്ട്.



എനിക്ക് ഇതുവരെയും പെണ്ണിന്റെ മുഖം വരയ്ക്കാൻ കഴിഞ്ഞിട്ടില്ല. പെണ്ണിന്റെ മുഖമാണെന്ന് വെച്ച് വരച്ചാലും അത് ഒരാണിന്റെ മുഖമാകും. ഞാനൊരു ചിത്രകാരനല്ല എന്നതു മാത്രമാണോ കാരണം!അതോ...[76]

അവസാനകാല രചനകളിൽ കവി തന്നെ തന്റെ ലിംഗ വ്യക്തിത്വത്തെയും അക്കാര്യത്തിലുള്ള സന്ദേഹങ്ങളെയും സംബന്ധിച്ച് ഏറ്റുപറച്ചിലുകൾക്കു സമാനമായ പരാമർശങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അവയ്ക്കൊന്നിനും കവിവ്യക്തിത്വത്തിൽ അടിഞ്ഞുകൂടിയ അപകർഷതാ ബോധത്തേയോ ആത്മനിന്ദയേയോ അതിജീവിക്കാൻ സാധിച്ചില്ല.

വേരുകളാകാശത്തിൽ
തളിരുകളിരുളിൽ
പൂവുകളേതോ ചെളിയിൽ
കായകളപ്പിടി പുഴുവും!
മാമക മാനസ മാമരമിമ്മട്ടായത്
മണ്ണിൻ കേടോ, മഴയുടെ കേടോ?[77]

### 5.8. പാരായണ സാധ്യതകൾ

വ്യതിരിക്ത ലൈംഗികതാല്പര്യങ്ങൾ സാമൂഹികമായി അനഭില ഷണീയമാകുമ്പോൾ അവയെ മായ്ച്ചുകളയാനോ അടിച്ചമർത്താനോ സമൂഹമനസ്സ് വ്യക്തിബോധത്തെ പ്രേരിപ്പിച്ചുകൊണ്ടിരിക്കും. ഈ ദമനപ്രക്രിയ സവിശേഷ സ്വഭാവമാതൃകകളായി വ്യക്തിയുടെ സാമൂഹിക ജീവിതത്തിൽ പ്രകടമാവും. അത്തരത്തിലുള്ള ഉദാത്തീകൃത സ്വഭാവവിശേഷമായി കവിത്വവും പ്രത്യക്ഷപ്പെടാം. *അപാരേ കാവ്യ സംസാരേ കവിരേക പ്രജാപതി* എന്നതുകൊണ്ട് അന്നേരങ്ങളിൽ വിലക്കുകൾ ദുർബലമാവുകയും സർഗ്ഗാത്മകതയുടെ ദമനം ചെയ്യപ്പെട്ട തീവ്ര വികാരങ്ങൾ പ്രതീകാത്മക സ്വഭാവത്തോടെ സൃഷ്ടികളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. അവയുടെ നൈരന്തര്യവും നിഗൂഢ സ്വഭാവവും വിശകലനങ്ങളിലൂടെ അനാവരണം ചെയ്താൽ കൃതിക്ക് പുതിയൊരു മാനം ലഭിക്കുന്നതാണ്. കുഞ്ഞുണ്ണിക്കൃതികൾ സൂക്ഷ്മമായി പാരായണം ചെയ്തപ്പോൾ അവയിലെ അടക്കിവെച്ച ലൈംഗിക കാമനകൾ പ്രകടമായി കാണാൻ കഴിഞ്ഞിട്ടുണ്ട്. നിലനിൽക്കുന്ന സമൂഹത്തിന്റെ സദാചാരത്തിന് വിരുദ്ധമായ സ്വവർഗ്ഗകാമനയാണി തെന്ന് ചിഹ്നവിശകലനത്തിലൂടെ വ്യക്തമാകുന്നുണ്ട്. മനശ്ശാസ്ത്രദൃഷ്ട്യാ വിലയിരുത്തുമ്പോൾ ഈ കവിയുടെ സർഗ്ഗശേഷിതന്നെ വ്യതിരിക്ത ലൈംഗികഭാവങ്ങളോടുള്ള ആന്തരിക പ്രതിരോധത്താൽ രൂപപ്പെട്ട താണെന്ന് ബോധ്യമാവും. പ്രസ്തുത രചനകളിൽ സ്വവർഗ്ഗലൈംഗിക പാരായണത്തിനുള്ള (Gay reading)[78] സാധ്യത എത്രത്തോളമുണ്ടെന്ന അന്വേഷണം മാത്രമേ ഇവിടെ നടത്തിയിട്ടുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ

ആത്മപരതയിൽനിന്നു മുക്തമായ ലോകയാഥാർത്ഥ്യങ്ങൾ ആവിഷ്കരിക്കുന്ന കടങ്കഥകളുടെയും പഴഞ്ചൊല്ലുകളുടെയും നാടൻപാട്ടുകളുടെയും കാവ്യപാരമ്പര്യത്തിൽ നിന്നുകൊണ്ട്, വ്യതിരിക്ത ലൈംഗികാനുഭൂതികളുടെ ചിഹ്നങ്ങൾ കൃതികളിൽ സഞ്ചയിക്കുകയാണ് കുഞ്ഞുണ്ണി ചെയ്തിട്ടുള്ളത്. ഈ വെളിച്ചത്തിൽ പ്രസ്തുത രചനകൾ ഇനിയും സമഗ്രമായി വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.

## കുറിപ്പുകൾ

---

[1] കാരശ്ശേരി,എം.എൻ. *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) അവതാരികയിൽ

[2] അതിൽത്തന്നെ

[3] അതിൽത്തന്നെ. പു.4

[4] അതിൽത്തന്നെ. പു.8

[5] 'ചെറുകാടിന്റെ ഊണ്", എന്ന ലേഖനത്തിൽ. *കുഞ്ഞുണ്ണിമാഷും കുട്ട്യോളും* (ഡി.സി.ബി 2011) പു.407

[6] വസന്തൻ,എസ്.കെ.'വാമനനും വിരാട് പുരുഷനും', *കുഞ്ഞുണ്ണിക്കഥകൾ കവിതകൾ* (ഡി.സി.ബി 2011) പു.529-530

[7] *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) പു.37

[8] അതിൽത്തന്നെ. പു.96

[9] അതിൽത്തന്നെ. പു.156

[10] അതിൽത്തന്നെ. പു.40

[11] അതിൽത്തന്നെ. പു.156

[12] 'വൈലോപ്പിള്ളിയിലൂടെ', *കുഞ്ഞുണ്ണിമാഷും കുട്ട്യോളും* (ഡി.സി.ബി 2011) പു.400

[13] *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) പു.33

[14] *കുഞ്ഞുണ്ണിമാഷും കുട്ട്യോളും* (ഡി.സി.ബി 2011) പു.500

[15] *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) പു.160

[16] അതിൽത്തന്നെ. പു.59

[17] അതിൽത്തന്നെ. പു.27

[18] ജയശീലൻ.പി.ആർ. എഡി.,'ഭക്ഷണക്കമ്പം','സ്വപ്നസദ്യ'എന്നീ അധ്യായങ്ങൾ, *കുഞ്ഞുണ്ണിമാഷ് കവിതയും ജീവിതവും* (പാലക്കാട്, ഭാവന ബുക്സ് 2003) പു.55-64

[19] ജോൺസൺ ഐരൂർ. *ഭക്തിയും കാമവും*, (കോട്ടയം, കറന്റ് ബുക്സ് 1981) പു.9-15

[20] Freud, Sigmund. *Three essays On the theory of sexuality*, 2nd Edn. (Vienna 1909)p.6

[21] *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) പു.167

[22] 'എന്നിലൂടെ', *കുഞ്ഞുണ്ണിമാഷും കുട്ട്യോളും* (ഡി.സി.ബി 2011) പു.441

[23] അതിൽതന്നെ. പു.461

[24] ടോണി.കെ.ആർ.'കുഞ്ഞുണ്ണിയെന്ന ഒരൊറ്റവര',പഠനം - *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) പു.488

[25] ഇത് അബോധപൂർവ്വമായി വന്നുചേരുന്ന ഒരു സ്വഭാവമാതൃകയാണ്. ലൈംഗികവ്യതിയാനങ്ങളുടെ പഠനമനുസരിച്ച്, വദനരതിക്കാരായവരിൽ അമ്മ എന്ന ബിംബത്തോട് വിധേയമുണ്ടായിരിക്കെത്തന്നെ അന്യസ്ത്രീകളെ പരാമർശിക്കേണ്ടിവരുമ്പോഴുണ്ടാകുന്ന അവമതിപ്പ് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇവരിൽ ഏറെപ്പേരും നർമബോധമുള്ളവരും ഭക്ഷണപ്രിയരുമായി കാണപ്പെടാറുണ്ട്. കുഞ്ചൻ നമ്പ്യാർ, വി.കെ.എൻ തുടങ്ങിയ എഴുത്തുകാരുടെ സ്ത്രീകഥാപാത്രങ്ങളോടുള്ള സമീപനവും ഈ വെളിച്ചത്തിൽ വിശകലനയോഗ്യമാണ്.

[26] *കുഞ്ഞുണ്ണിമാഷും കുട്ട്യോളും* (ഡി.സി.ബി 2011) പു.108

[27] 'അഴക് ആർക്ക്", *കുഞ്ഞുണ്ണിമാഷും കുട്ട്യോളും* (ഡി.സി.ബി 2011) പു.25

[28] *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) പു.42

[29]
'ശബ്ദത്തിൽ സ്പർശം പോലെ, സ്പർശത്തിൽ രൂപം പോലെ
രൂപത്തിൽ രസം പോലെ, രസത്തിൽ ഗന്ധം പോലെ
ഞാനെന്നിലുറങ്ങുന്നു, ഞാനെന്നിലുണരുന്നു.'

'നിന്നെത്തേടി നടന്നൂ ഞാ,നെന്നെ നേടിയടങ്ങീ ഞാൻ'

'അച്ചിങ്ങ മച്ചിങ്ങ പീച്ചിങ്ങ, പിച്ചുന്നു നുള്ളുന്നു ഞാനെന്നെ
കുഞ്ഞായിരുന്നു കളിക്കുന്നു ഞാനെന്നെയിക്കിളിയാക്കിക്കളിക്കുന്നു'

[30] *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) പു.65

[31] രണ്ടാമധ്യായത്തിലെ 2.4.1 ഖണ്ഡിക കാണുക

[32] *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) പു.112

[33] CHARLES E. JOUBERT. *SOCIAL INTEREST, LONELINESS, AND NARCISSISM*. Psychological Reports: Volume 58, Issue, (1986) pp. 870.

[34] 'ഈശ്വരന്റെ മോഹം', *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) പു.319-320

[35] അതിൽത്തന്നെ. പു.147

[36] അതിൽത്തന്നെ. പു.45

[37] Freud, Sigmund. *The interpretation of dreams* (1900) p.314

[38] 'നല്ലമകൻ',കുറ്റിപ്പെൻസിൽ, *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) പു.320-321

[39] 'ഇത് കുട്ടന്റെ കഥ',കുറ്റിപ്പെൻസിൽ, *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) പു.330-331

[40] 'ഇത് കുട്ടന്റെ കഥ',കുറ്റിപ്പെൻസിൽ, *കുഞ്ഞുണ്ണിക്കവിതകൾ കഥകൾ* (ഡി.സി.ബി 2011) പു.332

[41] അതിൽത്തന്നെ. പു.217

